# കേരള സഭാദീപം



ഡി. മാണിക്കത്താൻ



# കേരള സഭാദീപം

(ലേഖനസമാഹാരം)

ധന്യനായ
ചാവറയച്ചനെപ്പററി ഒരു പഠനം

ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ
എഡിററർ

വിതരണം
കെ. സി എം. പ്രസ്സ്, എറണാകുളം
വില — 10.00

# ആമുഖം

ബഹുമുഖപ്രതിഭനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ ക്തിത്വഭാവങ്ങളിലേക്കു പ്രകാശം വീശുന്ന ഏതാനും ലേഖനങ്ങളുടെ മാഹാരമാണ് ഈ ചെറുകൃതി. നിയതാൎത്ഥത്തിൽ ഇതൊരു ജീവ രിത്രമല്ല. മൗലികഗവേഷണമോ ജീവചരിത്രത്തിൻെറ ഏണും കോ ഒപ്പിച്ചെടുക്കാനുള്ള ശ്രമമോ ഇതിൽ കണ്ടെന്നു വരില്ല. എങ്കിലും, വറയെന്ന വ്യക്തിത്വത്തിൻെറ വിവിധങ്ങളായ സമ്പന്നഭാവങ്ങളി ക്കു് ഊളിയിട്ടിറങ്ങുവാനും അതുകണ്ടാസ്വദിക്കുവാനുമുള്ള ഒരു തീവ്ര മം ഇതിൽക്കാണാം.

ചാവറയച്ചൻെറ ജീവചരിത്രങ്ങൾ പലതുണ്ടായിട്ടുണ്ട്. എങ്കിലും, ദ്ദേഹത്തിൻെറ സാഹിത്യകൃതികൾ സശ്രദ്ധം പഠിക്കാനും അനുവാച ക്കു പരിചയപ്പെടുത്താനുമുള്ള ശ്രമങ്ങൾ അധികം നടന്നിട്ടുണ്ടെന്നു തോ ന്നില്ല. ഒരുപക്ഷേ, കേരളസഭാദീപത്തിൻെറ ഒരു സവിശേഷത തായിരിക്കുമെന്നെനിക്കു തോന്നുന്നു. ഈ കൃതിയുടെ ഉത്തരാൎദ്ധം ചാ റക്കൃതികളുടെ പഠനത്തിലാണ് ശ്രദ്ധയൂന്നുന്നതു്.

ഓരോ ലേഖനത്തിൻെറയും ആശയപരമായ ഉത്തരവാദിത്വം തൽ ത്താക്കൾക്കു തന്നെയാണ് – എഡിററർക്കല്ല. സമാഹാരത്തിൻെറ ൎണ്ണതക്കിണങ്ങുംപടി ആവൎത്തനങ്ങളൊഴിവാക്കി കോൎത്തിണക്കുവാ റാണ് എഡിററർ ശ്രമിച്ചതു്. പ്രസിദ്ധീകരണത്തിനനുവാദം നല്കിയ ലഖകന്മാൎക്കു നന്ദി.

രണ്ടുവൎഷംമുമ്പ് ബാംഗളൂർ ധൎമ്മാരാം കോളെജിൽ നടത്തിയ 'ചാ വറ സിമ്പോസിയ'മാണ് ഇതിൻെറ ആദ്യരൂപം. അതിനു പിന്നിൽ പ്രവൎത്തിച്ചവർ ഫാ. ജെയിംസ് ഏൎത്തയിൽ, ഫാ. ജോസ് ഫ്രാങ്ക് ടങ്ങിയവരാണ്. അവിടെ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളെല്ലാം തിൽപ്പെടുത്തിയിട്ടില്ല. പുതിയതു പലതും ചേൎത്തിട്ടുമുണ്ട്.

(Malayalam)
**KERALA SABHADEEPAM**
— a study on Fr. Chavara

Edited by
**Fr. Domitian Manickathan, cmi**

Published and Distributed by
K.C.M. Press, Karikamuri, Cochin - 11

Rights reserved

Ist Edition March 1984
IInd Edition December 1985
Copies—1000

Printed at
K.C.M. Press, Karikamury

*Cover :* Joy Elamkunnapuzha
*Price :* **10.00**

Declared in conformity with the Decrees of Pope Urban VII, that in the following account the authors are not anticipat ing the decision of the Holy See who is the sole judge i these matters. — Editor.

# ആമുഖം

ബഹുമുഖപ്രതിഭനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ
ക്തിത്വഭാവങ്ങളിലേക്കു പ്രകാശം വീശുന്ന ഏതാനും ലേഖനങ്ങളുടെ
മാഹാരമാണ് ഈ ചെറുകൃതി. നിയതാർത്ഥത്തിൽ ഇതൊരു ജീവ
രിത്രമല്ല. മൗലികഗവേഷണമോ ജീവചരിത്രത്തിന്റെ ഏണും കോ
ഒപ്പിച്ചെടുക്കാനുള്ള ശ്രമമോ ഇതിൽ കണ്ടെന്നു വരില്ല. എങ്കിലും,
വറയെന്ന വ്യക്തിത്വത്തിന്റെ വിവിധങ്ങളായ സമ്പന്നഭാവങ്ങളി
ശ്ലേ് ഊളിയിട്ടിറങ്ങുവാനും അതുകണ്ടാസ്വദിക്കുവാനുമുള്ള ഒരു തീവ്ര
മം ഇതിൽക്കാണാം.

ചാവറയച്ചന്റെ ജീവചരിത്രങ്ങൾ പലതുണ്ടായിട്ടുണ്ട്. എങ്കിലും,
ദ്ദേഹത്തിന്റെ സാഹിത്യകൃതികൾ സശ്രദ്ധം പഠിക്കാനും അനുവാച
ക്കു പരിചയപ്പെടുത്താനുമുള്ള ശ്രമങ്ങൾ അധികം നടന്നിട്ടുണ്ടെന്നു തോ
ന്നില്ല. ഒരുപക്ഷേ, കേരളസഭാദീപത്തിന്റെ ഒരു സവിശേഷത
തായിരിക്കുമെന്നെനിക്കു തോന്നുന്നു. ഈ കൃതിയുടെ ഉത്തരാർദ്ധം ചാ
റക്കൃതികളുടെ പഠനത്തിലാണ് ശ്രദ്ധയൂന്നുന്നത്.

ഓരോ ലേഖനത്തിന്റെയും ആശയപരമായ ഉത്തരവാദിത്വം തൽ
ത്താക്കൾക്കു തന്നെയാണ് – എഡിറ്റർക്കല്ല. സമാഹാരത്തിന്റെ
ർണ്ണതക്കിണങ്ങുംപടി ആവർത്തനങ്ങളൊഴിവാക്കി കോർത്തിണക്കുവാ
റാണ് എഡിറ്റർ ശ്രമിച്ചത്. പ്രസിദ്ധീകരണത്തിനനുവാദം നല്കിയ
ലേഖകന്മാർക്കു നന്ദി.

രണ്ടുവർഷംമുമ്പ് ബാംഗളൂർ ധർമ്മാരാം കോളെജിൽ നടത്തിയ 'ചാ
റ സിമ്പോസിയ'മാണ് ഇതിന്റെ ആദ്യരൂപം. അതിനു പിന്നിൽ
പ്രവർത്തിച്ചവർ ഫാ. ജെയിംസ് ഏർത്തയിൽ, ഫാ. ജോസ് ഫ്രാങ്ക്
ഉടങ്ങിയവരാണ്. അവിടെ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളെല്ലാം
...ടുത്തിയിട്ടില്ല. പുതിയതു പലതും ചേർത്തിട്ടുമുണ്ട്.

കേരളസഭാദീപം പുസ്തകരൂപം കൈക്കൊള്ളുന്നതിനു സഹായി
രോട്ടള്ള കടപ്പാട് വാക്കുകളിലൊതുക്കാനാവില്ല. എങ്കിലും, ഉപ
ത്തെപ്രതി എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ദൈവദാസനായ
വറയച്ചനിലെ സിദ്ധിയും സാധനയും എങ്ങനെ ലോകോപകാരപ്ര
വിധം ഇണങ്ങിച്ചേർന്നിരുന്നു എന്നു ഗ്രഹിക്കുവാൻ ഈ കൃതി അ
ങ്കിലും സഹായിക്കുമെങ്കിൽ ഞങ്ങൾ സമ്മാനിതരായി.

എറണാകുളം
19-3-1984

— എഡി

# അവതാരിക

പത്തൊൻപതാം നൂററാണ്ടിലെ കേരളസഭയുടെ ഒരുജ്വല ദീപമായി ന്നു, ദൈവദാസനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ; ദൈവ രിപാലനയിൽ പരമോന്നതമായ ഒരു പീഠത്തിൽ കൊളുത്തി ഉയർ ിവച്ചൊരു ദീപം. നൂററാണ്ടുകൾ പിന്നിട്ടിട്ടും, ദൈവികവെളിച്ചം ീകരിച്ച് ആ വെളിച്ചത്താൽ ഗ്രസിക്കപ്പെട്ട ആ സുതാര്യസത്യപ്രഭ ന്നും ഒളിവീശി വിലസുകയാണ് കേരളത്തിലും പുറത്തും. ഭാരതസഭ ടെ ''പവർ ഹൗസായ'' കേരളസഭയ്ക്കിന്നുള്ള തേജസ്സും ഓജസ്സും നൽ ിയവരിൽ അഗ്രഗണ്യനാണ് ചാവറയച്ചനെന്നു പറഞ്ഞാൽ അതിൽ തല്പം അതിശയോക്തിയില്ല. ഇന്നിന്റെ സ്ഥാനവലിപ്പങ്ങളിലും ൻനേട്ടങ്ങളിലും അനല്പമായി അഭിമാനിക്കുന്ന, ചരിത്രബോധം കുറവു ള്ളതെന്നു സംശയിക്കാവുന്ന, പുത്തൻതലമുറ, തങ്ങളുടെ പിന്നിൽ കഠി രാദ്ധ്വാനത്തിലൂടെയും നിരന്തര നിഹനത്തിലൂടെയും ജീവിച്ച് കടന്നു പോയ കരുത്തുററ മഹാവ്യക്തികളെ വേഗം വിസ്മരിക്കുക, അഥവാ, അറിയാതെ അവഗണിക്കുക തീരെ ക്ഷന്തവ്യമല്ല. നാം ആരെന്നു മന സ്സിലാക്കുവാൻ, എന്തെന്നു മനസ്സിലാക്കുവാൻ, ഇന്നും ഇന്നലെയും ഒരു പോലെ നമ്മുടെ പഠനവിഷയമാക്കണം. ഇന്നലെയിലൂടെ കേരളസഭ യുടെ ഇന്നിന് വ്യക്തവും ശക്തവുമായ രൂപരേഖ നൽകിയ ചാവറപ്പി താവ് നാമെല്ലാവരുടേയും ഗാഢമായ പഠനത്തിന് വിഷയമാകണം. അതിനുപകരിക്കുന്ന ഒരു ചെറിയ ഗ്രന്ഥമാണീ കേരളസഭാദീപം.

പത്തു് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ദൈവദാസന്റെ വൈവിധ്യമാർന്ന ധന്യവ്യക്തിത്വവും അദ്ദേഹത്തിന്റെ പ്രധാനകൃതികളും പഠനവിഷയമാക്കിയിരിക്കുന്നു. ഭാരതത്തിന്റെ സമൃദ്ധിയുററ സംസ്കാര പശ്ചാത്തലത്തിൽ, കേരളത്തിന്റെ വളക്കൂറുള്ള പൗരസ്ത്യസഭാമണ്ണിൽ, കർമ്മേലയിലെ ദൈവാനുഭൂതിയുൾക്കൊള്ളുന്ന പ്രാർത്ഥനയും ജനത്തിനു വേണ്ടി സ്വയം ചെലവഴിച്ചുകൊണ്ടുള്ള പരസ്നേഹം നിറഞ്ഞ പ്രവർത്ത നങ്ങളും സമന്വയിപ്പിച്ച്, ഒരു സന്ന്യാസജീവിതശൈലിയ്ക്കു് തുടക്കം കുറിച്ച ഈ സഭാസ്ഥാപകന്റെ ഉൾക്കാഴ്ചകൾ ഈ ഗ്രന്ഥത്തിൽ ഉട നീളം കാണുവാൻ കഴിയും. നിത്യസത്യദീപപ്രകാശത്തിന്റെ നിർഭരത ... ചാവറയച്ചന്റെ വ്യക്തിത്വത്തിൽ കാണുന്ന ദീർഘവീ

ക്ഷണത്തിന്റേയും വൈവിധ്യസിദ്ധിസമന്വയത്തിന്റേയും അടിസ്ഥാനം. ധ്യാനവും കർമ്മവും ക്രിസ്തുഭക്തിയിൽ സമഞ്ജസമായി സമന്വയിപ്പിച്ച ആ ദൈവിക മനുഷ്യന്റെ ചരിത്രം കേരളസഭയുടെതന്നെ ഒരു നിർണ്ണായക കാലഘട്ടത്തിന്റെ ചരിത്രമാണ്.

ഈ ഗ്രന്ഥത്തിലെ പഠനങ്ങളെല്ലാം തന്നെ വിലപ്പെട്ടവയാണ്. ലേഖനകർത്താക്കളുടെ വ്യാഖ്യാനവിലയിരുത്തലുകൾ അവരുടെ സ്വന്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ദൈവദാസന്റെ വ്യക്തിത്വത്തെപ്പറ്റിയും കൃതികളെപ്പറ്റിയും സുന്ദരമായി പരാമർശിക്കുന്ന ഈ പഠനം കേരളസഭയ്ക്ക് നല്ലൊരു സംഭാവനയാണ്. ചാവറക്കൃതികൾ പ്രസിദ്ധീകരിക്കുന്നതിനു വളരെ ബുദ്ധിമുട്ടിയിട്ടുള്ള, ഈ ഗ്രന്ഥത്തിന്റെ പ്രസാധകൻ ബ. ഡൊമിഷ്യൻ മാണിക്കത്താനച്ചന് എന്റെ ഹൃദയംഗമമായ അനുമോദനങ്ങൾ; ലേഖനകർത്താക്കൾക്കെന്റെ നന്ദി. ദൈവദാസന്റെ വിശുദ്ധമായ വ്യക്തിത്വപ്രഭ കൂടുതൽ പ്രസരിക്കുവാൻ ''കേരളസഭാദീപം'' ഇടയാക്കട്ടെ എന്ന ആശംസയോടെ, പ്രാർത്ഥനയോടെ ഈ ചെറുകൃതി അനുവാചകസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഫാ. തോമസ് അനിസിറ്റസ് ഐക്കര, സി.എം.ഐ.
പ്രിയോർ ജനറാൾ

പ്രിയോർ ജനറാൾ ഭവനം
എറണാകുളം,
19–3–1984

# ഉള്ളടക്കം


പേജ്

1. കാരിസം അഥവാ സിദ്ധി
— ജോസ് ഫ്രാങ്ക് 9

2. ബഹുമുഖപ്രതിഭനായ ചാവറയച്ചൻ
— ഷെവ. കെ.സി. ചാക്കോ 16

3. ചാവറയെന്ന വ്യക്തി
— ജെ. അരീപ്പാക്കൽ 22

4. സേവനാത്മകമായ ജീവിതാദർശം
— പ്രൊഫ. ഉലകംതറ 33

5. ആധുനികലോകത്തിന് കമ്മലയിൽനിന്നൊരു ദീപം
— ഡോ. കനീസിയൂസ് 42

6. ദൈവാനുഭവത്തിന്റെ ഊഷ്മള ജ്വാലകൾ
— ഫിലിപ്പ് കൊല്ലിത്താനത്ത് 56


7. ആത്മാനുതാപത്തിലെ ജീവിതവീക്ഷണം
— ഡി. മാണിക്കത്താൻ 67

8. രണ്ടു ഖണ്ഡകാവ്യകൃതികൾ
— സെഡ്. എം. മൂഴൂർ 75

9. നാളാഗമങ്ങൾ, കത്തുകൾ
— ബോസ്കോ, സി. എം. ഐ. 87

10. കുടുംബം ചാവറയച്ചന്റെ ദൃഷ്ടിയിൽ
— ജോസഫ് വലിയതാഴത്ത് 97

ഗ്രന്ഥസൂചി 107



ധന്യനായ

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

1805 — 1871

1

# കാരിസം അഥവാ സിദ്ധി

## -ഒരവലോകനം

---

**ഫാദർ ജോസ് ഫ്രാങ്ക്**

ക്രിസ്തുവിൻെറ സഭ ഇന്നു് പരിവർത്തനത്തിൻെറ പാതയിലാണു്. ആഗോളസഭയിൽ അധുനാതനീകരണത്തിൻെറ ഒരു പുതിയ യുഗം ഉദ്ഘാടനം ചെയ്തുകൊണ്ടു് രണ്ടാംവത്തിക്കാൻ സൂനഹദോസ് ഈ നവീകരണത്തിനു്—പരിവത്തന പ്രക്രിയയ്ക്കു് പ്രാരംഭം കുറിച്ചു. സാർവ്വത്രിക സഭയുടെ ഓജസ്സും തേജസ്സുമായ സന്ന്യാസ ജീവിതത്തിലും പരിവർത്തനത്തിൻെറ മാറെറാലി കഴിഞ്ഞ ദശകത്തിൽ സാരമായ വ്യതിയാനങ്ങൾക്കു് ഇടയാക്കി. എന്നും പുരാതനവും എന്നും നവീനവുമായ ക്രിസ്തുസംഭവത്തെ, അനുനിമിഷം പരിവത്തനവിധേയമായ ആധുനിക ലോകത്തിനു് പരിചയപ്പെടുത്തിക്കൊടുക്കുവാൻ പുതിയ ശൈലികളും പുതിയ ഭാവരൂപങ്ങളും ആർജ്ജിക്കുക; അതോടൊപ്പം ഓരോ സമൂഹവും തങ്ങളുടെ സ്വകീയമായ പിതൃസ്വത്തും പാരമ്പര്യവും ചൈതന്യവും കൈവിടാതെ, അവയിൽനിന്നു കർമ്മചൈതന്യം ഉൾക്കൊള്ളുക-ഇതായിരുന്നു സന്ന്യാസ ജീവിത നവീകരണത്തിൻെറ അടിസ്ഥാന തത്ത്വമായി കൗൺസിൽ ചൂണ്ടിക്കാണിച്ചതു്. പക്ഷേ, നവീകരണത്തിൻെറ പുതിയ വെളിച്ചം സന്ന്യാസ സഭകളുടെ ഭാവരൂപങ്ങളിലും പ്രവർത്തനശൈലിയിലും വ്യതിയാനങ്ങൾ വരുത്തിയപ്പോൾ, കാതലായ തത്ത്വങ്ങൾ ചിലപ്പോഴൊക്കെ അവഗണിക്കപ്പെട്ടുപോകാനിടയായി. നവീകരണ പ്രക്രിയയിൽ അവിടവിടെ വന്നുഭവിച്ച ഈ പാളിച്ചകളെപ്പററി സന്ന്യാസസഭകൾ ഇന്നു് ചിന്തിച്ചു തുടങ്ങിയിരിക്കുന്നു.

ഈ നവീകരണ പ്രക്രിയയെ മൂന്നു വിധത്തിൽ നമുക്കു് വ്യവഹരിക്കാം. മൂന്നു തരത്തിലുള്ള സിദ്ധികളെ (കാരിസം) ആഴത്തിൽ അപഗ്രഥിച്ചറിയുകയും, അവയെ വ്യക്തിയുടെയും സമൂഹത്തിൻെറയും ജീവിതത്തിൻെറ ദർശനവും ശൈലിയുമായി ബന്ധപ്പെടുത്തിക്കാണുകയുമാണു്

ഈ ത്രിമാന സമീപനത്തിൻെറ കാതൽ. ഈ മൂന്നു വിധ സിദ്ധികൾ ഇവയാണ്:

1. സന്ന്യാസജീവിതത്തിൻെറ മൗലികമായ സിദ്ധി.

2. വ്യക്തിയുടെ തനതായ സിദ്ധി.

3. സഭാസ്ഥാപകൻെറ സിദ്ധി.

ഈ പ്രബന്ധത്തിൽ സ്ഥാപക സിദ്ധിയെപ്പററി കൂടുതൽ വിശകലനം ചെയ്യാനുള്ള ഒരു ശ്രമമാണ് നടത്തുക. ഏതൊരു സന്ന്യാസസഭയുടെയും ചരിത്രം അതിൻെറ സ്ഥാപകനു ലഭിക്കുന്ന ദിവ്യാഹ്വാനത്തോടെയാണ് സമാരംഭിക്കുന്നതു്. ചരിത്രത്തിലെ ഈ പ്രത്യേക ബിന്ദുവിൽ നിന്നാണ് ഓരോ സഭയുടെയും ജീവിതം പൊട്ടിപ്പുറപ്പെട്ട് ഭാവിയിൽ ശാഖോപശാഖകളായി വളരുന്നതും.

സഭാസ്ഥാപകരുടെ ദൗത്യത്തെപ്പററി സഭയുടെ ഔദ്യോഗിക പഠനങ്ങളിൽനിന്നു ചിലതു് പരിശോധിക്കാം : സ്ഥാപകർ പാരമ്പര്യങ്ങളുടെ ഉറവിടമാണ്. അവർ സഭയിലെ ഹയരാർക്കിക്ക് നിയമങ്ങൾ പ്രദാനം ചെയ്യുന്നു. (LG 45). സന്ന്യാസ സമൂഹത്തിൻെറ ലക്ഷ്യങ്ങളെ അവരാണ് നിർവ്വചിക്കുക (PC 26). ചരിത്രത്തിൻെറ പ്രവാഹത്തിൽ ഇന്നും നാളെയും സഭാംഗങ്ങൾ നയിക്കപ്പെടുകയും ആവേശഭരിതരാക്കപ്പെടുകയും ചെയ്യേണ്ടതു് സ്ഥാപകരാലാണ്. ഇങ്ങനെ സന്ന്യാസജീവിത നവീകരണ പ്രക്രിയയുടെ അടിസ്ഥാനധർമ്മം സ്ഥാപകരിലേക്ക് തിരിച്ചുവരികയെന്നതാണെന്നു് വരുന്നു.

## എന്താണ് 'കാരിസം'?

കൗൺസിൽ 'സ്ഥാപകൻെറ സിദ്ധി' എന്നു് ഉപയോഗിക്കുന്നില്ല. അതേ സമയം മററു വാക്കുകളിൽ അതിനെ വിശദീകരിക്കുന്നു. കൗൺസിലിൻെറ ഭാഷയിൽ അതു് 'നല്ലപ്പെട്ടതു്' (ദോനം) ആണ്. ഈ പദം കൗൺസിൽ വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം. ഒരിടത്തു് അതു് സുവിശേഷ സൗഭാഗ്യങ്ങളെ സൂചിപ്പിക്കുമ്പോൾ (LG 43) മററു രണ്ടു സന്ദർഭങ്ങളിൽ അതു് 'കന്യാത്വം' എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. സുവിശേഷഭാഗ്യങ്ങളെ 'കാരിസം' എന്നു് സംബോധന ചെയ്യുന്നതു് വളരെ അർത്ഥപൂർണ്ണമാണ്. സന്ന്യാസ ജീവിതത്തിൻെറ മൗലികത, സുവിശേഷാദർശങ്ങൾ ജീവിതത്തിൽ പകർത്തുന്നതിലടങ്ങിയിരിക്കേ, സുവിശേഷഭാഗ്യങ്ങളെ സിദ്ധികളെന്നു വിളിക്കുമ്പോൾ സന്ന്യാസജീവിതംതന്നെ പരിശുദ്ധാത്മാവിൽനിന്നുമുളമാ ഒരു നിവേശിതസിദ്ധിയാണെന്നു് സ്പഷ്ടമാകുന്നു.

കൗൺസിൽ സഭയിലുള്ള സന്ന്യാസ സമൂഹങ്ങളുടെ അത്ഭുതാവഹമായ വൈവിദ്ധ്യത്തെപ്പറ്റി സംസാരിക്കുന്നുണ്ട്. ഇവയെല്ലാം ക്രിസ്തുവിൻെറ ഒരേശരീരം പണിതുയർത്തുകയെന്ന ദിവ്യദൗത്യത്തിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ദാനങ്ങളാണെന്ന് പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ സഭ സമർത്ഥിക്കുന്നു; സഭകളിൽ കാണുന്ന വൈവിധ്യവും വ്യതിരിക്തതയും തിരുസ്സഭയിൽ കൂടുതൽ മനോഹാരിതയ്ക്കും ആകർഷകത്വത്തിനും നിദാനമായിത്തീരുകയാണ്. സന്ന്യാസസഭകളുടെ വിവിധ പ്രേഷിത പ്രവർത്തനങ്ങളെപ്പറ്റി കൗൺസിൽ ഇങ്ങനെ പ്രസ്താവിക്കുന്നു :

''തിരുസ്സഭയിൽ, തങ്ങൾക്കു ലഭിച്ചിട്ടുള്ള വരപ്രസാദത്തിനനുസരിച്ചുള്ള ദാനങ്ങളാൽ അലങ്കരിക്കപ്പെട്ടതും, വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ അനവധി വൈദിക-അത്മായ സഭകളുണ്ട്. ദാനങ്ങളിൽ വൈവിദ്ധ്യങ്ങളുണ്ടെങ്കിലും ഇവയെല്ലാം ഒരേ ആത്മാവിൻെറ പ്രകാശനമാണ്.'' (PC. 8) ഇവിടെ 'കാരിസം' (സിദ്ധി) പൊതുവായ അർത്ഥത്തിലല്ല, പ്രത്യുത പോൾ ആറാമൻപാപ്പ നിർവ്വചിച്ച വിധത്തിൽ ഓരോ സഭയുടെയും തനതായ സിദ്ധിയെന്നർത്ഥത്തിലാണ് കൗൺസിൽ വിവക്ഷിച്ചിരിക്കുന്നത്.

വത്തിക്കാൻ കൗൺസിലും മാർപാപ്പയും കാരിസം എന്ന് ഉപയോഗിച്ചിരിക്കുന്നത് പൗലോസ് ശ്ലീഹായുടെ ലേഖനത്തിൻെറ പശ്ചാത്തലത്തിലാണ് (റോമ. 12; 1 കൊറി. 12). വി. പൗലോസിൻെറ വീക്ഷണത്തിൽ 'സിദ്ധി', ചിലയവസരങ്ങളിൽ ചില വ്യക്തികൾക്കും പരിശുദ്ധാത്മാവിൽ നിന്ന് ലഭിക്കുന്ന നൈമിഷികങ്ങളായ നിവേശനങ്ങൾ മാത്രമല്ല, പ്രത്യുത തിരുസ്സഭയിൽ ഒരുവൻെറ സ്ഥാനത്തെ നിർവ്വചിക്കുന്ന ദാനങ്ങളാണ്. അതിനാൽത്തന്നെ ഈ ദാനങ്ങൾക്ക് സത്താപരമായ ഒരു സ്ഥായീഭാവമുണ്ട്. ഈ സ്ഥായീഭാവം ചില സന്ദർഭങ്ങളിൽ വി. ശ്ലീഹായുടെ ചിന്തകളിൽ ബ്രഹ്മചര്യത്തിൻെറയും വിവാഹത്തിൻേറയും സ്ഥാപനാത്മക സ്വഭാവവുമായി താദാത്മ്യം പ്രാപിക്കുന്നതായി കാണാം. (ഉദാഹരണത്തിന് 1 കൊറീന്ത്യർ അദ്ധ്യായം 7, വാക്യം 7.) ഇവിടെ കാരിസം ഒരു വ്യക്തിക്ക് പരിശുദ്ധാത്മാവിൽ നിന്ന് കരഗതമാകുന്ന ആഹ്വാനവും, അതിലടങ്ങിയിരിക്കുന്ന സ്ഥായിയായ ദൈവിക വരവുമാണ്.

പുതിയനിയമത്തിൽ നിഴലിച്ചുകാണുന്ന സിദ്ധിയെപ്പറ്റിയുള്ള ഈ വീക്ഷണം തന്നെയാണ് സഭയുടെ പഠനങ്ങളിലും തെളിഞ്ഞുകാണുക. 'കാരിസം' തിരുസ്സഭയുടെ മുഴുവൻ നന്മയ്ക്കുവേണ്ടി ഒരു വ്യക്തിയ്ക്കു ലഭിക്കുന്ന ഒരു ദൈവികാഹ്വാനമാണ്; ഒരു പുതിയ ജീവിതത്തിലേയ്ക്കുള്ള ആഹ്വാനം (1 കൊ. 7:7); സഭയിൽ ഔദ്യോഗികവും അജപാലനപരവുമായ ശുശ്രൂഷകൾ ഏറ്റെടുത്ത് നടത്തുകയെന്ന ജീവിതശൈലി. ഈ ജീവിത ശൈലിയും സേവനവും (diakonia), സഭാശരീരത്തിൽ ഒരു

ക്രൈസ്തവന്റെ ജീവിതാവസ്ഥയെ നിയതമായി വരച്ചുകാട്ടുന്ന, പരിശുദ്ധാത്മാവിൽനിന്നുള്ള ദാനത്തിന്റെ പ്രതിഫലനങ്ങളാണ്. ഇവ സാർവ്വത്രികസഭ മുഴുവനുവേണ്ടിയും, അതേ സമയം അവ സ്വീകരിച്ചിരിക്കുന്ന വ്യക്തികൾക്കു വേണ്ടിയുമാണ് നിലകൊള്ളുന്നത്.

അങ്ങനെ, ദിവ്യാഹ്വാനം ലഭിച്ചവരാണ് സഭാസ്ഥാപകർ. ഏതൊരു സഭയുടെയും ചരിത്രം ഈ ദിവ്യാഹ്വാനത്തോടെ ആരംഭിക്കുന്നു. ആ ആഹ്വാനം കാലക്രമത്തിൽ ഒരു വ്യക്തിയിൽനിന്ന് ഒരു ഗ്രൂപ്പിലേക്കും, അതിൽനിന്ന് ഒരു സമൂഹത്തിലേക്കും വികസിക്കുകയും വളരുകയും ചെയ്യുന്നു. മറ്റൊരർത്ഥത്തിൽ വ്യക്തിയുടെ സിദ്ധി ഒരു സമൂഹത്തിന്റെ സിദ്ധിയായി വളരുമ്പോഴാണ്, സന്ന്യാസജീവിതം ഇതളിട്ട് തഴച്ചുവളരുവാൻ ആരംഭിക്കുക. ഓരോ സന്ന്യാസസഭയുടെയും ദർശനത്തിലും ജീവിതത്തിലും പ്രവർത്തനശൈലിയിലും തുടിച്ചുനില്ക്കുന്ന ഈ 'സിദ്ധി' ചരിത്രത്തിന്റെ ഒഴുക്കിൽ, താന്താങ്ങളുടെ ദൗത്യനിർവ്വഹണത്തിന്റെ ഊട്ടും പാവുമായി രൂപാന്തരപ്പെടുന്നു.

ഈ അർത്ഥത്തിലാണ്, ജോൺ കരോൾ ഫുട്രെൽ, സ്ഥാപകസിദ്ധിയെന്നത് ''ചലനാത്മകമായ ഒരു മുന്നേറ്റമാണ്'' എന്ന് പ്രസ്താവിക്കുന്നത്. ഓരോ സഭാസ്ഥാപകനും പരിശുദ്ധാത്മാവിനാൽ നിവേശിതനായ സ്വയം ഒരു മുന്നേറ്റമായി പരിണമിക്കുമ്പോൾ, അദ്ദേഹത്തിന്റെ അനുയായികളും പിൽക്കാലത്ത് ആ ചലനത്തിൽ പങ്കുപറ്റുകയും, അത് വർത്തമാന കാലത്തിൽ തുടരുകയും, ഭാവിയിലേക്ക് കൈമാറുകയും ചെയ്യുന്നു. അതിനാൽ സ്ഥാപകന്റെ കാരിസം തേടിയുള്ള അന്വേഷണം സന്ന്യാസ സമൂഹത്തിന്റെ ചലനാത്മകമായ വർത്തമാനകാലത്തിൽനിന്നും ഭൂതകാലത്തിലേയ്ക്കുള്ള ഏകാഗ്രമായൊരു തീർത്ഥാടനമായിത്തീരേണ്ടിയിരിക്കുന്നു.

ഇവിടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുക. എങ്ങനെയാണ് ഒരു സഭ അതിന്റെ സ്രോതസ്സ് കണ്ടുപിടിക്കുക; ജീവിതത്തിൽ പകർത്തുക? സാധ്യമായ മൂന്നു സമീപനങ്ങൾ ഇവിടെ അല്പം വിശദീകരിക്കാം.

## ചരിത്രപരമായ സമീപനം

ചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു ചരിത്രപരമായ യാഥാർത്ഥ്യം എന്ന നിലയിൽ സ്ഥാപകനെ കാണുകയും വിലയിരുത്തുകയും ചെയ്യുന്ന രീതിയാണിവിടെ നാം അവലംബിക്കുക. ഈ മാതൃകാപുരുഷനെ അല്പംപോലും കോട്ടം തട്ടാതെ പരിചയപ്പെടുക; ജീവിതത്തിൽ പകർത്തുക—അതാണ് ഇവിടെ സംഭവിക്കുക. പക്ഷേ ഈ സമീപനം പൂർണ്ണമെന്ന് തോന്നുന്നില്ല. കാലത്തിന്റെ ആവശ്യങ്ങളും പരിദേവനങ്ങളും പരിഗണി

ക്കാതെ ചരിത്രപുരുഷനായ സ്ഥാപകനെ 'കോപ്പി' ചെയ്താൽ, സമകാലീന സാമൂഹ്യ ജീവിതത്തിൽ സന്ന്യാസ സമൂഹത്തിൻെറ സാംഗത്യം തന്നെ ചോദ്യം ചെയ്യപ്പെട്ടേക്കാം.

## അനുഭവപരമായ സമീപനം

ഇവിടെ സിദ്ധിതേടിയുള്ള അന്വേഷണം ആരംഭിക്കുന്നത്, സന്ന്യാസസഭയുടെ സാധാരണ ജീവിതാനുഭവങ്ങളിൽ നിന്നുമാണ്. സമൂഹത്തിൻെറ ഇന്നത്തെ ജീവിതത്തെയും ദർശനധാരകളെയും പ്രവർത്തനങ്ങളെയും ആഴത്തിൽ പഠിക്കുകയും അപഗ്രഥിക്കുകയും അതോടൊപ്പം അവയെ ജീവിക്കുകയും, ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ആധികാരികമായി വിലയിരുത്തുകയുമാണ് ഈ സമീപനത്തിൻെറ കാതൽ. ഇതിൽനിന്നു പരാമർശവിധേയമായ ആ സഭയുടെ ഇപ്പോഴത്തെ മൂല്യങ്ങളും പ്രേരകങ്ങളും എന്താണെന്ന് ഉരുത്തിരിയുന്നു. അങ്ങനെ പൊതുവായ ഒരു ''ചൈതന്യധാര'' സഭാംഗങ്ങൾ കണ്ടെത്തുകയും, അതു് ഭാവിയുടെ മാനദണ്ഡമായി സ്വീകരിക്കുകയും ചെയ്യുന്നു. ഇവിടെ മാനദണ്ഡമായിത്തീരുന്നത് സ്ഥാപകനല്ല, 'കാലത്തിൻെറ ആവശ്യങ്ങൾ' (Zeitgust) ആണ്. ഈ രീതിയുടെ അപകടവും ഇതുതന്നെയാണ്. കാരണം, സന്ന്യാസ സമൂഹത്തിൻെറ സമകാലീനചിന്തകൾക്കും പ്രവർത്തനരീതികൾക്കും ന്യായീകരണം ആവശ്യമായിത്തീരുമ്പോൾ സ്ഥാപകനെ 'ഉപയോഗിക്കുകയും' അല്ലാത്തിടത്തു് 'പുറന്തള്ളുകയും' ചെയ്യുന്ന അപകടം ഇതിൽ പതിയിരിക്കുന്നു.

## വ്യാഖ്യാനപരമായ സമീപനം

വ്യാഖ്യാനപരമായ സമീപനം മേൽ വിവരിച്ച രണ്ടു രീതികളിൽ നിന്നു വിഭിന്നമാണ്. വ്യാഖ്യാനപരമായ പഠനത്തിലൂടെ നാം, സ്ഥാപകൻെറ കാലത്തിലേക്കും സമയത്തിലേക്കും ദർശനത്തിലേക്കും അദ്ദേഹത്തെ സ്വാധീനിച്ച സാമൂഹ്യ സാംസ്കാരിക പരിതോവസ്ഥകളിലേയ്ക്കും കടന്നുചെല്ലുവാനുള്ള ശ്രമമാണ് നടത്തുക. ഇവിടെ അന്വേഷകൻെറ ആത്മവത്തയ്ക്കു് കൂടുതൽ സ്ഥാനമുണ്ട്. ഒരു ഭാഗത്തു് സ്ഥാപകൻ രചിച്ച എല്ലാ രേഖകളുടെയും അവഗാഹമായ പഠനവും വ്യാഖ്യാനവും ആവശ്യമായി വരുമ്പോൾ, മറുഭാഗത്തു്, വായനക്കാരൻെറ ധിഷണാശക്തിയും സാമൂഹ്യ സാംസ്കാരിക പശ്ചാത്തലവും ഗണനീയ ഘടകങ്ങളായി പരിണമിക്കുന്നു.

## വ്യാഖ്യാന പ്രക്രിയയുടെ വിഭിന്നമുഖങ്ങൾ

വ്യാഖ്യാന രീതിയിലൂടെ സഭാസ്ഥാപകൻെറ കാരിസത്തിലേക്ക് നാം എത്തിനോക്കാൻ ശ്രമിക്കുമ്പോൾ, അടിസ്ഥാനപരമായി ചില

വസ്തുതകൾ നാം ഓർക്കേണ്ടതുണ്ട്. സ്ഥാപകൻെറ കൃതികൾ—അവ ഗ്രന്ഥങ്ങളൊ, ലേഖനങ്ങളൊ, കത്തുകളൊ ആയിക്കൊള്ളട്ടെ,—അവ, അദ്ദേഹം എന്തു് പറയുവാൻ ആഗ്രഹിച്ചുവോ അതിൻെറ ആധികാരികമായ രേഖകളാണു് എന്നകാര്യം വിസ്മരിക്കാൻ പാടില്ല. അതിനാൽ, വ്യാഖ്യാന രീതിയിൽ ഈ രചനകൾക്കു് വലിയ പ്രാധാന്യമുണ്ടു്.

രചയിതാവിൻെറ ചരിത്ര പശ്ചാത്തലം ഈ വ്യാഖ്യാന പ്രക്രിയയിൽ അവഗണിക്കാവുന്നതല്ല. എങ്കിൽ മാത്രമേ രേഖപ്പെടുത്തപ്പെട്ട വാക്കുകളുടെ അർത്ഥവ്യാപ്തി പൂർണ്ണമായി ലഭ്യമാകൂ. അതോടൊപ്പംതന്നെ മുൻപു സൂചിപ്പിച്ചതുപോലെ, ആധുനിക കാലത്തിൻെറ പ്രത്യേകതകളെയും സ്വാധീനങ്ങളെയും, അവ നമ്മുടെ ചിന്താമണ്ഡലത്തിൽ രൂപം കൊടുത്തിട്ടുള്ള സങ്കല്പങ്ങളെയും മുൻവിധികളേയുംപററിക്കൂടി നാം ബോധവാന്മാരായിരിക്കണം.

## വ്യാഖ്യാനം - ഒരു സമൂഹപ്രക്രിയ

സഭാസ്ഥാപകനെ വ്യാഖ്യാനം ചെയ്യുക സന്ന്യാസ സമൂഹത്തിൻെറ നാലതിരുകൾക്കുള്ളിലാണു്; സന്ന്യാസകുടുംബത്തിൻെറ ജീവിത പശ്ചാത്തലത്തിലാണു്. ഈയർത്ഥത്തിൽ അതൊരു സമൂഹപ്രവൃത്തിയാണു്. അങ്ങനെ പ്രാർത്ഥനയുടേയും പഠനത്തിൻേറയും അന്തരീക്ഷത്തിൽ നിർവ്വഹിക്കപ്പെടുന്ന വ്യാഖ്യാനമെന്ന ഉദാത്തമായ കർമ്മപരിപാടി, കാലക്രമേണ സ്മരണാബദ്ധവും പ്രതീക്ഷാബദ്ധവുമായ ഒരു സന്ന്യാസ സമൂഹത്തെ വാർത്തെടുക്കുന്നു. അതു് കൊഴിഞ്ഞുപോയ ഭൂതകാലത്തെയും വിടരാനിരിക്കുന്ന ഭാവിയെയും വർത്തമാന കാലത്തിൻെറ പ്രഭാതത്തിൽ സംയോജിപ്പിക്കുന്നു. ഭൂത ഭാവി വർത്തമാനകാലങ്ങളുടെ ത്രിവേണീ സംഗമത്തിൽ നിന്നുമാണു് സ്ഥാപകൻെറ ചൈതന്യധാര കൈവഴികളായിപ്പിരിഞ്ഞു് വികസനത്തിൻെറ മേഖലകൾ തേടി പ്രയാണം തുടരുക.

സ്ഥാപകനെ വ്യാഖ്യാനം ചെയ്യുക വഴി, ഒരു സമൂഹം മൺമറഞ്ഞുപോയ അവരുടെ പിതാവിൻെറ ചൈതന്യം ആഴത്തിലറിയുകയും, ഭാവി തലമുറകൾക്കു് അതു് പകരുകയുമാണു് ചെയ്യുക. ആ ഭാവിതലമുറ അവരുടെ കാലഘട്ടത്തിൽ, തങ്ങളുടെ സാമൂഹ്യ സാംസ്ക്കാരിക പശ്ചാത്തലത്തെ അപഗ്രഥിച്ചറിഞ്ഞു്, അവക്കു പിന്നിൽവരുന്ന മറെറാരു തലമുറയ്ക്കു വേണ്ടി സ്ഥാപകനെ പുനർ വ്യാഖ്യാനം ചെയ്യുന്നു. ഈ പ്രക്രിയ ചരിത്രത്തിലൂടെ എന്നും തുടർന്നുകൊണ്ടിരിക്കുന്നു, തുടർന്നുകൊണ്ടിരിക്കേണ്ട ഗൗരവാവഹമായ ഒരു കർമ്മപദ്ധതിയായി സന്ന്യാസ സഭകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## ഉപസംഹാരം

സ്ഥാപകന്റെ സിദ്ധി മനസ്സിലാക്കുകയെന്ന പ്രാർത്ഥനാപൂർവ്വമായ പരിശ്രമം സന്ന്യാസജീവിത നവീകരണത്തിന്റെ മൂലക്കല്ലാണ്. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് ഒഴുകിപ്പരന്നെത്തേണ്ട ചൈതന്യധാരയുടെ ഉത്ഭവകേന്ദ്രമാണ് സഭാസ്ഥാപകൻ. പരിശുദ്ധാത്മാവാണ് ഈ സിദ്ധിയുടെ നിമിത്തവും ഉപകരണവും. അതേസമയം, സ്ഥാപകർക്കും ഈ പിതൃസ്വത്തിന്റെ കൈമാററ പ്രക്രിയയിൽ അനിഷേധ്യമായ പങ്കുണ്ട്. ഒരു വശത്ത് അവർ തങ്ങളുടെ അനുയായികൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുമ്പോൾ, മറുവശത്ത് അവർക്കു മുന്നിൽ ശക്തമായ പ്രേരകശക്തിയായി നിലകൊള്ളുന്നു.

സന്ന്യാസ സഭകളുടെ നവീകരണ പ്രക്രിയയിൽ സഭാസ്ഥാപകരുടെ പങ്കിനെപ്പററി ചിന്തിച്ചുകൊണ്ടാരംഭിച്ച ഈ പ്രബന്ധത്തിൽ, സ്ഥാപകരുടെ 'സിദ്ധി'യെയും, അതിന് സന്ന്യാസ സഭകളുടെ രൂപവൽക്കരണത്തിലുള്ള സ്ഥാനത്തെയുംപററി ചുരുക്കമായി പ്രതിപാദിക്കുകയുണ്ടായി. തുടർന്ന്, സ്ഥാപകന്റെ 'സിദ്ധി' എന്താണെന്ന് കണ്ടുപിടിക്കുവാനുള്ള രീതികളും അതിന് ഉപോൽബലമായ ചില മാർഗ്ഗനിർദ്ദേശങ്ങളുമാണ് അവതരിപ്പിച്ചത്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ചാവറയച്ചന്റെ കാരിസത്തിലേക്ക് — സിദ്ധിയിലേക്ക് — നമുക്ക് ഒരന്വേഷണം നടത്താം. അദ്ദേഹത്തിന്റെ ബഹുമുഖമായ പ്രതിഭയിലേക്കോ, വ്യക്തിത്വത്തിലേക്കോ സമഗ്രമായ ഒരന്വേഷണം ഇവിടെ ഉദ്ദേശിക്കുന്നില്ല. [illegible]റയച്ചൻ തന്റെ ജീവിത കാലത്ത് രചിച്ച കൃതികൾ, നിർവ്വഹിച്ച [illegible]ങ്ങൾ എന്നിവ അപഗ്രഥിച്ച്, വ്യാഖ്യാനിച്ച് അവയിൽ നിഴലിച്ച[illegible]ന്ന അദ്ദേഹത്തിന്റെ ചൈതന്യത്തെ പരിചയപ്പെടുകയാണ് ന[illegible]ടെ ചെയ്യുക. തുടർന്നു വരുന്ന പ്രബന്ധങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും [illegible]ദ്ദേഹത്തിന്റെ ജീവിത ദർശനത്തിന്റെ പ്രതിഫലനങ്ങൾ മിന്നിത്തിള[illegible]ന്നത് നമുക്ക് അനുഭവവേദ്യമാകാതിരിക്കില്ല.

ഒന്നര നൂററാണ്ടിനുമുമ്പ്, കേരളസഭാചരിത്രത്തിലെ നിർണ്ണായകമായ, സമ്പന്നമായ ഒരു കാലഘട്ടത്തിന്റെ വരവിന് പ്രഭാതകാഹളം മുഴക്കിയ ധിഷണാശാലിയായ ചാവറയച്ചന്റെ ചൈതന്യത്തിലേക്ക് എത്തിനോക്കുവാനുള്ള കളമൊരുക്കിക്കൊണ്ട് ഈ പ്രബന്ധം സമാഹരിക്കട്ടെ.

# 2

# ബഹുമുഖ പ്രതിഭനായ ചാവറയച്ചൻ

**റെവ. കെ. സി. ചാക്കോ**

പുണ്യശ്ലോകനായ കാവുകാട്ട മെത്രാപ്പോലീത്താ വലിയ പ്രിയോരച്ചൻെറ ഒരു ജീവചരിത്രത്തിൻെറ അവതാരികയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

''ചാവറ കര്യാക്കോസ് ഏലിയാസച്ചൻ മഹാനായ ഒരു ക്രിസ്ത്യാനി ആയിരുന്നു; വളരെ വിശുദ്ധനായ ഒരു സന്ന്യാസി; അനേകം സംഘടനകളെ വിജയകരമായി സ്ഥാപിച്ച് വളർത്തി പുഷ്ടിപ്പെടുത്തിയ ഒരു മഹാത്മാവ്. അദ്ദേഹം ദൈവത്തെ സ്നേഹിക്കാനും സേവിക്കാനും സ്വയം സമർപ്പിച്ച ഒരു സന്ന്യാസിവൈദികനായിരിക്കെത്തന്നെ, മനുഷ്യ സഹോദരങ്ങളെയെല്ലാം ആ ദിവ്യസ്നേഹത്തിൻെറതന്നെ ചൈതന്യത്തിൽ സ്നേഹിക്കുവാനും പരിചരിക്കുവാനും മുന്നോട്ടുവന്നു. തന്നെക്കൊണ്ട് ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമായിരുന്നോ അതെല്ലാം അദ്ദേഹം ചെയ്തു. സുദീർഘവും പ്രശംസാർഹവുമായ അദ്ദേഹത്തിൻെറ പ്രവർത്തനരംഗം ബഹുമുഖങ്ങളായിരുന്നു. സന്ന്യാസിവൈദികരുടെ ജീവിതത്തിൽ വിവിധങ്ങളായ പരിഷ്കാരങ്ങളും പ്രവർത്തനങ്ങളും നടപ്പാക്കുക; സഹജീവികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കുക, ഇങ്ങനെ പലതും. അനിതര സാധാരണമായ വിശുദ്ധി നിറഞ്ഞ ആ സന്ന്യാസിവൈദികൻെറ ജീവിതം, ചലനാത്മകമായ വ്യക്തിത്വവും വിശാലമായ വീക്ഷണവും ശക്തമായ പുരോഗമനസ്വഭാവവും ഒരിക്കലും ക്ഷീണിക്കുകയോ പരാജയഭീതി നിഴലിക്കുകയോ ചെയ്യാത്ത പ്രത്യാശയുംകൊണ്ട്, മററുള്ളവക്ക് എന്നും അനുപമമായ മാതൃകാപ്രചോദനം നല്കുന്ന ഒന്നായിരുന്നു.''*

ഒരു വിശുദ്ധാത്മാവ് തൻെറ പൂർവ്വികനും നാട്ടുകാരനുമായ മറെറാരു ധന്യാത്മാവിനെ വിലയിരുത്തിക്കൊണ്ട് ചെയ്തിരിക്കുന്ന ഈ സംഗ്രഹമായ പ്രസ്താവന, മററാരുടേയും അഭിപ്രായത്തേക്കാളം, കര്യാക്കോസ്

* *Father Kuriackose Elias Chavara,*
by K. C. Chacko. 1968, Mannanam.

ഏലിയാസച്ചന്റെ ബഹുമുഖ പ്രതിഭയ്ക്കുള്ള ഏററവും വിലയേറിയ ഒരു സാക്ഷ്യമായി ഞാൻ കാണുന്നു.

## സ്നേഹഗായകൻ

മറെറാരവസരത്തിൽ, കാവുകാട്ട തിരുമേനിതന്നെ, അദ്ദേഹത്തിനു് ചാവറയച്ചനെപ്പററിയുള്ള മതിപ്പു കുറച്ചുകൂടി വിവരിച്ചു പറഞ്ഞിട്ടുണ്ടു്.

''വിശുദ്ധനായിരുന്ന ഈ മഹാനുഭാവനെപ്പററിയുള്ള അതിമനോഹരമായ ഒരു വസ്തുതയുണ്ടു്. അദ്ദേഹത്തിൽ വി. ബനഡിക്ററിന്റെ ഭീമാകാരഭാവവും, വിശുദ്ധ ബർണ്ണാർഡിന്റെ വിദഗ്ദ്ധ്യവും ചുറുചുറുപ്പുള്ളതുമായ നിർവ്വഹണപടുത്വവുംകൂടി അതിസമൃക്കായി സമ്മേളിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവസ്നേഹവും ദൈവൈക്യവും പ്രതിഫലിപ്പിച്ച ഒരു മോഹന ഗാനമായിരുന്നെങ്കിൽ, അതിന്റെ ശീലുകരം പാവപ്പെട്ട സാധാരണക്കാരന്റെ ജീവിതത്തെ മുഴുവനായി ഉരംക്കൊള്ളുകയും ആശ്ലേഷിക്കുകയും ചെയ്യിരുന്നു. രാപകലില്ലാതെ അദ്ദേഹം ആ പാവപ്പെട്ടവക്കു് വേണ്ടി പാടുപെട്ടു. 'അയല്ക്കാരനെ സ്നേഹിക്കുക' എന്ന പ്രമാണം അവ്യക്തമായി ഒരു ഒഴുക്കൻ മട്ടിലല്ല അദ്ദേഹം കൈകാര്യം ചെയ്തതു്. ദൈവസ്നേഹപരമായ പ്രവത്തനങ്ങരം എത്രമാത്രം ദൃഢവും വ്യാപകവും, പ്രായോഗികവും വസ്തുനിഷ്ഠവും ആയിരുന്നോ, അതുപോലെതന്നെയായിരുന്നു മനുഷ്യ സേവനപരമായ അദ്ദേഹത്തിന്റെ നേട്ടങ്ങളും ലക്ഷ്യങ്ങളും. അദ്ദേഹം ഭാവിയെപ്പററി വെറും സ്വപ്നം കാണുന്ന ഒരാരം മാത്രമായിരുന്നില്ല. മറിച്ചു്, സമകാലീന ചിന്തകളേയും ഭാവങ്ങളേയും പിന്തള്ളി, ഒരു ക്രാന്തദശിയെപ്പോലെ ഭാവിയെ കരുപ്പിടിക്കുന്ന യാഥാത്ഥ്യങ്ങരംക്കു് കാര്യക്ഷമതനല്കുകയായിരുന്നു ആ സ്വപ്നാടകൻ. അദ്ദേഹത്തിന്റെ സ്വപ്നങ്ങരം പലതും യാഥാത്ഥ്യങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു.''

## സ്വപ്നമനുഷ്യൻ

എന്തായിരുന്നു ഈ സ്വപ്നങ്ങരം? വിദൂരസ്ഥമായ റോമായുമായുള്ള സമ്പക്കങ്ങളുടെ വൈഷമ്യവും, വിദേശ മിഷണറിമാരുടെ കീഴിൽ സഭയിൽ ഉയൻവന്ന സ്ഥിതിവിശേഷങ്ങളുംകൂടി ഉയത്തിയ വിശ്വാസ ഭീഷത്തിന്റെ പ്രചാരം തടയാൻ അദ്ദേഹവും സഹപ്രവത്തകരും കരുപ്പിടിച്ച പ്രവത്തനങ്ങളും നേടിയ വിജയവും, കേരള സഭയിലെ വിശ്വാസ സംരക്ഷണത്തിനു് അദ്ദേഹം നല്കിയ അതിപ്രധാനമായ ഒരു സംഭാവനയായിരുന്നില്ലേ?

പ്രാദേശിക സന്ന്യാസ സമൂഹങ്ങളുടെ സൃഷ്ടിയും വളച്ചയും അദ്ദേഹത്തോടല്ലേ ഏററവും കൂടുതലായി കടപ്പെട്ടിരിക്കുന്നതു്.

കേരളത്തിൽ ഇന്നു് എങ്ങും സേവന നിരതരായി പ്രശോഭിക്കുന്ന ദേശീയ സന്ന്യാസസമൂഹങ്ങളെ വിഭാവനം ചെയ്യതും, മഠങ്ങൾ സ്ഥാപിച്ചതും, കൂടുതൽ സന്ന്യാസിനീ സംഘടനകൾക്കു് പ്രചോദനം നല്കിയതും അദ്ദേഹമായിരുന്നില്ലേ ?

കർമ്മബഹുലമായ ഭൗതിക രംഗത്തുനിന്നുള്ള ഒരു പിൻവാങ്ങലായിരുന്നില്ല അദ്ദേഹത്തിൻെറ സന്ന്യാസ ജീവിതവും, കന്യാസ്ത്രീമഠങ്ങളുടെ സൃഷ്ടിയും. അവയിലൂടെ അദ്ദേഹം കൂടുതൽ ശക്തമായും ഫലപ്രദമായും വിശുദ്ധമായും ആ രംഗത്തേക്കുതന്നെ കടന്നു വരികയായിരുന്നു. മാനവ പുരോഗതിക്കു് വിദ്യാഭ്യാസം എത്ര വലിയ ഒരാവശ്യമാണെന്നുകണ്ടു് അദ്ദേഹം ആ രംഗത്തു നടത്തിയ സേവനങ്ങൾ അവിസ്മരണീയമാണു്. ഓരോപള്ളിയോടുംചേർന്നു് ഒരു പള്ളിക്കൂടം എന്ന കല്പനതന്നെ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നിന്നുയർന്നതല്ലേ ? സെമിനാരികൾ സ്ഥാപിച്ചതു് തൻെറ മുഖ്യലക്ഷ്യത്തിനു് അനുപേക്ഷണീയവുമായിരുന്നു.

## *കർമ്മയോഗി*

മലയാളത്തിനുപുറമേ, തമിഴ്, സംസ്കൃതം, ലത്തീൻ, പോർട്ടുഗീസ്, സുറിയാനി, ഇററാല്യൻ തുടങ്ങി അനേകം ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി. അവയെല്ലാം ദൈവവിജ്ഞാനീയം വദ്ധിപ്പിക്കുവാനും, അല്മായക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ ഉണ്ടാകുവാനുമായി അദ്ദേഹം ഉപയോഗിച്ചു. സ്വന്തംനിലയിൽ ആത്മകഥാപരമായും, ദൈവകാര്യങ്ങളെ സംബന്ധിച്ച വിജ്ഞാനമായും പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു. ആദ്ധ്യാത്മിക ചിന്തയുടെ അനുപമമായ ഒരു നിധിയായി അദ്ദേഹത്തിൻെറ 'ആത്മാനുതാപം' എന്ന കൃതിയെ പണ്ഡിതന്മാർ വിലയിരുത്തിയിരിക്കുന്നു.

അദ്ദേഹം മുൻകൈയെടുത്തു പ്രവത്തിച്ചതിൽ, ഏററവും പ്രാധാന്യം അർഹിക്കുന്നതും, സർവ്വവ്യാപകവും ദീർഘകാല പ്രത്യാഘാതങ്ങൾ വളത്തിയതും, എന്നന്നേക്കും നിലനില്ക്കുന്നതും, അതീവ ബഹുമാന്യവും, വിശുദ്ധീകരിക്കുന്നതുമായ രംഗം, അച്ചടിശാലകളും ഉത്തമ സാഹിത്യ പ്രസിദ്ധീകരണവും ആയിരുന്നു. കേരളത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണശാലകൾ നിർവ്വഹിച്ച പങ്കു് വിവാദാതീതമാംവിധം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. ദീപിക, കർമ്മലകുസുമം, കുടുംബദീപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളും, ഇന്നു കേരളത്തിലെ കത്തോലിക്കാകുടുംബങ്ങളിൽ കണ്ടെടുക്കാവുന്ന ലക്ഷോപലക്ഷം പ്രാത്ഥനാപുസ്തകങ്ങളും കര്യാക്കോസ് ഏല്യാസച്ചൻെറ ചോദ്യംചെയ്യപ്പെടാത്ത സ്മാരകങ്ങളാണു്. മാന്നാനത്തു് അദ്ദേഹം ഉണ്ടാക്കിയ മരംകൊണ്ടുള്ള ആദ്യത്തെ അച്ചടിയന്ത്രം ഒരു തിരുശേഷിപ്പുപോലെ ഈ നാട്ടിൽ ബഹുമാനിക്കപ്പെടുന്നു എന്നു ഞാൻ കരുതുന്നു.

നാല്പതുമണിയാരാധന തുടങ്ങിയ ഭക്താഭ്യാസങ്ങളും മററും അദ്ദേഹമാണു കേരളത്തിൽ നടപ്പാക്കിയതു്.

ഒരു സാമൂഹ്യപരിഷ്കർത്താവെന്ന നിലയിൽ അദ്ദേഹത്തിൻെറ സംഭാവനകളും അവശ ക്രൈസ്തവരോടുള്ള അദ്ദേഹത്തിൻെറ സമീപനവും പ്രത്യേകം ശ്രദ്ധേയമാണ്.

ജീവിതത്തിൻെറ ഒരു മേഖലയും അദ്ദേഹത്തിൻെറ ശ്രദ്ധയിൽനിന്നു് ഒഴിവായിരുന്നില്ല എന്നു് വിശദമാക്കുന്നതാണ് ഒരു നല്ല അപ്പൻെറ ചാവരുൾ എന്ന പേരിൽ കേരള കത്തോലിക്കാ കുടുംബങ്ങൾക്കു് അദ്ദേഹം നല്കിയിട്ടുള്ള അന്ത്യശാസനം. * ഒരു നൂററാണ്ടിനുശേഷം ഇന്നു് ഈ വില്പത്രം ഒന്നു പരിശോധിച്ചാൽ, ക്രാന്തദർശിയായ ഈ സന്ന്യാസ വൈദികൻെറ പ്രതിഭ എത്രമാത്രം ബഹുമുഖമായിരുന്നു എന്നു ബോദ്ധ്യപ്പെടാതിരിക്കയില്ല. അതിലെ ചില സൂചനകളെടുത്തു പരിശോധിച്ചു നോക്കിയാൽ അദ്ദേഹം എത്ര പ്രായോഗിക ബുദ്ധിയും ഉൾക്കാഴ്ചയും ഉള്ള ഒരു അസാധാരണ പ്രതിഭാശാലിയായിരുന്നു എന്നു കാണാം. അദ്ദേഹത്തിൻെറ ചില ഉപദേശങ്ങൾ താഴെ ഉദ്ധരിക്കുന്നു :

1. കുടുംബാംഗങ്ങൾ പരസ്പരം ക്ഷമിക്കുക. അതു ഭൂമിയിലും സ്വർഗ്ഗത്തിലും നിങ്ങൾക്കു് സമാധാനം തരും. സഹോദരന്മാരും പ്രത്യേകിച്ച് കുടുംബത്തിലെ സ്ത്രീജനങ്ങളും തമ്മിൽ തമ്മിൽ കലഹിക്കുന്നതു് എത്ര ഖേദകരം !

2. പകരം വീട്ടാൻ ആർക്കും കഴിയും; മൃഗങ്ങൾക്കു് പോലും. ക്ഷമിക്കാൻ കഴിയുന്നതു് സുബുദ്ധിയും സുകൃതവും ഉള്ള മനുഷ്യനു മാത്രമാണ്.

3. എല്ലാ വ്യവഹാരങ്ങളും കുടുംബങ്ങളെ നശിപ്പിക്കുന്നു. ന്യായമായ കാര്യങ്ങളിൽപ്പോലും കേസുകൂടാതെ കാര്യങ്ങൾ തീർക്കുന്നതു് കൂടുതൽ സന്തോഷം നല്കും.

4. നിവൃത്തിയുണ്ടെങ്കിൽ കടം വാങ്ങരുതു്; വാങ്ങിയാൽ കഴിയുംവേഗം അതു കൊടുത്തുതീർക്കുക.

---

* ചാവറയച്ചൻെറ സമ്പൂർണ്ണ കൃതികൾ—വാല്യം നാലു്, കത്തുകൾ, പേജ് 137.

5. നിങ്ങളുടെ സമ്പത്തും പ്രതാപവും അഹങ്കാരപൂർവ്വം പ്രദർശിപ്പിക്കരുത്. കഴിവിൽ കവിഞ്ഞുള്ള ആഘോഷവും സദ്യയും നടത്തരുത്. അന്യരെപ്പററി വിവരം ശേഖരിക്കാൻ വീടുകറം കയറി ഇറങ്ങി നടക്കരുത്.

6. ദൈവഭയമില്ലാത്ത കുടുംബങ്ങളുമായി ബന്ധപ്പെടരുത്. എല്ലാത്തരത്തിലുള്ള ആളുകളും കയറി ഇറങ്ങി നടക്കുന്ന ഒരു സങ്കേതമായി നിങ്ങളുടെ ഭവനത്തിൻെറ വിശുദ്ധിയെ അധഃപതിപ്പിക്കരുത്.

7. നിങ്ങളുടെ ഭവനത്തിൽ അക്രൈസ്തവ വഴക്കങ്ങറം അനുവദിക്കരുത്.

8. അധികം ധനം ആർജ്ജിക്കാൻ ശ്രമിക്കാതെ ഉള്ളത് നന്നായി ഉപയോഗിക്കുക. അലസതയില്ലാതെ എപ്പോഴും ജാഗ്രതയായി ജോലി ചെയ്യുക.

9. കച്ചവടം ധനത്തേയും ആത്മാവിനേയും അപകടത്തിലാക്കുന്നു. കച്ചവടത്തിൽ ഏർപ്പെടാതെ ജീവിക്കാൻ കഴിയാത്തവർ അതിൽ തികഞ്ഞ നീതിപാലിക്കണം.

10. മററുള്ളവർക്കു നന്മചെയ്യുന്നതിൽ സന്തോഷിക്കുക. ഭിക്ഷക്കാർ വെറുംകൈയോടെ നിങ്ങളുടെ വീട്ടിൽനിന്നു് മടങ്ങാതിരിക്കട്ടെ.

11. ധാരാളിത്തവും ലുബ്ധും വർജ്ജിക്കുക. ധാരാളിയുടെ ആസ്തി പുകപോലെ മറഞ്ഞുപോകും. ലുബ്ധൻെറ സ്വത്ത് കൃമി കീടങ്ങറം കാർന്നുതിന്നും.

12. മോഷ്ടിച്ചെടുത്ത വസ്തുക്കറം ഒരിക്കലും നിങ്ങളുടെ വീട്ടിൽ ഉണ്ടായിരിക്കരുത്. കള്ളന്മാരുമായി കൂട്ടുകൂടരുത്.

13. വേലക്കാർക്കുള്ള ന്യായമായ കൂലി ഒരിക്കലും നിഷേധിക്കരുത്. അതു ദൈവതിരുമുമ്പിൽ പരിഹാരത്തിനായി നിലവിളിക്കും. പാവങ്ങളെ ആക്ഷേപിക്കരുത്. ദൈവഭയവും വിശുദ്ധിയും ആണ് കുടുംബങ്ങളുടെ ധനം.*

ഇങ്ങനെ പലതും. ജീവിതത്തിൻെറ എല്ലാ വശങ്ങളേയും ഒരു സന്ന്യാസി വൈദികനു് ഇങ്ങനെ നോക്കിക്കാണാൻ കഴിഞ്ഞതും, അവയ്ക്കെല്ലാം നിത്യപ്രസക്തമായ കർമ്മമാർഗ്ഗങ്ങറം നിർദ്ദേശിക്കാൻ കഴിഞ്ഞതും അദ്ദേഹത്തിൻെറ ബഹുമുഖ പ്രതിഭയുടെ അന്യാദൃശമായ തെളിവുകളാണ്.

---

* കുടുംബം ചാവറയച്ചൻെറ ദൃഷ്ടിയിൽ എന്ന ലേഖനത്തിൽ കൂടുതൽ വിവരങ്ങറം കാണുക—എഡിററർ

പണ്ഡിതനും വിശുദ്ധനും, ഏതദ്ദേശീയ സന്ന്യാസസഭാ സ്ഥാപകനുമായ ഒരു വൈദികൻ, ബഹുഭാഷാവിശാരദൻ, അനേകം സെമിനാരികളുടേയും വിദ്യാലയങ്ങളുടേയും സ്ഥാപകൻ, വേദവിപരീതികൾക്കെതിരെ ജീവനെപ്പോലും അവഗണിച്ച് പോരാടിയ ഒരു സേനാനി, കേരളത്തിന് വളരെയേറെ ഭക്താഭ്യാസങ്ങളെ സമ്മാനിച്ച ഒരു ആത്മീയഗുരു, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു മാർഗ്ഗദർശനം നല്കിയ ഒരു വിപ്ലവകാരി, അച്ചടിശാലയിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും പത്രപ്രവർത്തനത്തിലൂടെയും കേരളത്തിന്റെ മുഖഛായ മാററുന്നതിൽ വളരെയേറെ പങ്കുവഹിച്ച ഒരു പ്രസാധകൻ, സന്ന്യാസസഭാസ്ഥാപകൻ, കേരളത്തിലെ കത്തോലിക്കാകുടുംബങ്ങൾക്ക് എന്നന്നേയ്ക്കും മുതൽക്കൂട്ടായ ആദ്ധ്യാത്മികോപദേശം അന്ത്യശാസനമായി സമ്മാനിച്ച ഒരു മനുഷ്യസ്നേഹി,—ഇതില്ക്കൂടുതൽ ഒരു മനുഷ്യായുസ്സിൽ കൂടപ്പിറപ്പുകൾക്കുവേണ്ടി ഒരാൾക്ക് എന്താണ് ചെയ്യാൻ കഴിയുക.

അതുകൊണ്ടാണ് അദ്ദേഹത്തെ ഒരുനോക്കു കണ്ടിട്ടില്ലാത്തവർപോലും അദ്ദേഹത്തിന്റെ എതിരററ ബഹുമുഖ പ്രതിഭയാൽ ആകൃഷ്ടരാകുന്നതും, വർഷങ്ങൾക്കുശേഷവും അദ്ദേഹത്തിന്റെ ജീവചരിത്രവും അദ്ദേഹത്തെപ്പററി ലേഖനങ്ങളും എഴുതാൻ മുമ്പോട്ടു വരുന്നതും.

എത്ര നൂററാണ്ടുകൾ കഴിഞ്ഞാലും കേരളം മറക്കുകയില്ല എന്നല്ല, സ്നേഹ ബഹുമാനപൂർവ്വം അനുസ്മരിക്കുന്ന ഒരു വ്യക്തിയായിരിക്കും ചാവറ കുര്യാക്കോസ് ഏല്യാസ് അച്ചൻ.

# 3

# ചാവറയെന്ന വ്യക്തി:

## ജീവിതത്തിലേയ്ക്കു് ഒരെത്തിനോട്ടം

---

**ജെ. അരീപ്ളാക്കൽ**

ചാവറയച്ചന്റെ ജീവചരിത്രം സി. എം. ഐ. സഭയുടെ പ്രാരംഭ ചരിത്രവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടാണിരിക്കുന്നതു്. സഭാ സ്ഥാപന പ്രസ്ഥാനവുമായി അദ്ദേഹം ബന്ധപ്പെടുന്നതു പാലയ്ക്കൽ തോമ്മാച്ചൻ, പോരൂക്കര തോമ്മാച്ചൻ എന്നീ മഹാത്മാക്കളും വഴിയാണു്. സന്ന്യാസസഭാസ്ഥാപനം എന്ന തങ്ങളുടെ സ്വപ്നത്തിനു് സാക്ഷാത്കാരം കണ്ടെത്തുന്നതിനും ഇളംതരുവായ സഭയെ ചാവറയച്ചന്റെ കരുത്തുററ സംരക്ഷണത്തിനു സമർപ്പിച്ചുകൊണ്ടു് നിത്യസമ്മാനത്തിനു പുറപ്പെടുന്നതിനും അവരിരുവർക്കും ഭാഗ്യം ലഭിച്ചു.

ചാവറയച്ചന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയ വ്യക്തികൾ, സംഭവങ്ങൾ, സ്വാധീനങ്ങൾ എന്നിവയാണു് ഈ ലേഖനത്തിലുള്ളതു്.

### *പാലയ്ക്കലച്ചൻ*

സി. എം. ഐ. സഭയുടെ സ്ഥാപകപിതാക്കന്മാരിൽ പ്രഥമനായ പാലയ്ക്കൽ തോമ്മാച്ചന്റെ ജനനം 1780-ൽ തെക്കൻ പള്ളിപ്പുറം ഇടവകയിൽ പാലയ്ക്കൽ കുടുംബത്തിലാണു്. അക്കാലത്തു് ഏതദ്ദേശീയ വൈദികരുടെ പരിശീലനത്തിനായി കത്തിയതോട്ടിൽ ഒരു സെമ്മിനാരി നടത്തിയിരുന്നു. ചരിത്ര പ്രസിദ്ധനായ തച്ചിൽ മാത്തുത്തരകന്റെ അനുജൻ അബ്രാഹം മല്പാനായിരുന്നു അതിന്റെ സാരഥി. 1790-ൽ ടിപ്പു സുൽത്താന്റെ ആക്രമണത്തെത്തുടർന്നു് ഭയവിഹ്വലരായി പലായനം ചെയ്ത അബ്രാഹം മല്പാനും ശിഷ്യരും പള്ളിപ്പുറത്താണു് അഭയസ്ഥാനം കണ്ടെത്തിയതു്. അവിടെവച്ചാണു് അബ്രാഹം മല്പാനു ശിഷ്യപ്പെടുവാൻ പാലയ്ക്കൽ തോമ്മാച്ചനിടയാകുന്നതു്. അദ്ദേഹം ഈ സെമ്മിനാരി

യിൽ പഠിച്ച് 1807-ൽ പട്ടം സ്വീകരിച്ചു. തുടർന്ന് റൈമുന്തൂസ് മെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴെ ജോലിനോക്കേണ്ടിവന്നെങ്കിലും താമസിയാതെതന്നെ അബ്രാഹം മല്പാനച്ചന്റെ സ്ഥാനത്തേയ്ക്ക് അദ്ദേഹം നിയമിക്കപ്പെട്ടു.

19-ാം നൂററാണ്ടിന്റെ ആരംഭത്തിൽ വരാപ്പുഴയ്ക്ക് ഒരു വികാരി അപ്പസ്തോലിക്ക ഇല്ലായിരുന്നു. തദവസരത്തിൽ ഒരു കർമ്മലീത്തനായിരുന്ന ബോംബെ വികാരി അപ്പസ്തോലിക്ക മൗറിലിയൂസ് സ്തബലീനി മെത്രാനെ 12-ാം ലെയോ മാർപ്പാപ്പാ വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. സഭാസ്ഥാപനം എന്ന ആശയവുമായി ഈ മെത്രാന്റെ പക്കലേക്കാണ് പാലയ്ക്കലച്ചനും അദ്ദേഹത്തിന്റെ ഉററമിത്രം പോരൂക്കര തോമ്മാച്ചനും ചെല്ലുന്നത്.[1]

## പോരൂക്കരയച്ചൻ

പോരൂക്കര അച്ചൻ അന്ന് കൊല്ലത്ത് തങ്കശ്ശേരിപ്പള്ളി വികാരിയായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു സുഹൃത്തായിരുന്നു കണിയാന്തറ യാക്കോബ്. പോരൂക്കരയച്ചൻ പട്ടമേററു വന്നതിനു ശേഷം, ഏതെങ്കിലും വനത്തിൽപോയി ഇരുവരുംകൂടി സന്ന്യസിക്കണമെന്ന് ഒരു കരാർപോലും അവർ ഉണ്ടാക്കിയിരുന്നു. സഭാസ്ഥാപന പ്രസ്ഥാനവുമായി മുമ്പോട്ടു വരുന്ന പിതാക്കന്മാരുടെകൂടെ കണിയാന്തറ യാക്കോബിനെയും നാം പിന്നീടു കാണുന്നുണ്ട്. പോരൂക്കര തോമ്മാച്ചൻ ചമ്പക്കുളത്തുള്ള പോരൂക്കര കടുംബത്തിൽ 1800-ൽ ജനിച്ചു. 1823-ൽ പൗരോഹിത്യ പദവിയിലേയ്ക്കുയർത്തപ്പെട്ട ഇദ്ദേഹം സ്വന്തം ഇടവകയിൽ വികാരിയായി സേവനം ആരംഭിച്ചു. 1827-ൽ തങ്കശ്ശേരിപ്പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഈ സ്ഥാനത്തിരുന്നുകൊണ്ടാണ് സഭാസ്ഥാപനകാര്യത്തിൽ ഏർപ്പെട്ടത്. മാന്നാനം സെമിനാരിയുടെ മല്പാനായി ഏറെക്കാലം ജോലിനോക്കിയെങ്കിലും മുറപ്രകാരം സ്ഥാപിതമായ ഒരു സഭയെ കാണുവാനുള്ള ഭാഗ്യം ഇദ്ദേഹത്തിനോ പാലയ്ക്കലച്ചനോ ഉണ്ടായില്ല. പാലയ്ക്കലച്ചൻ 1841 ജനുവരിമാസം 16-ാം തിയതിയും പോരൂക്കരയച്ചൻ 1846 ജനുവരിമാസം 8-ാം തീയതിയും ദിവംഗതരായി. ഇരുവരുടേയും ജീവചരിത്രവും പ്രവർത്തനങ്ങളും ചാവറയച്ചന്റെ ജീവചരിത്രവും സഭാസ്ഥാപനവുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ചാവറയച്ചന്റെ ജീവചരിത്രത്തിലേയ്ക്കു കടക്കുകയാണ്.

---

1 സി. എം. ഐ. സഭയുടെ ചരിത്രസംക്ഷേപം—ഫാ. ഗ്രിഗരി, 1970, പേജ്-2

## ചാവറയച്ചൻ

വിവിധ നിലകളിൽ പ്രഖ്യാതനായ ചാവറ കര്യാക്കോസ് ഏലിയാസച്ചൻ കൈനകരിയിൽ പുരാതനമായ ചാവറ കടുംബത്തിൽ കര്യാക്കോസ്, മറിയം എന്ന പേരായ ദമ്പതികളുടെ കനിഷ്ഠപുത്രനായി 1805 ഫെബ്രുവരി 10-ാം തിയതി ജാതനായി. പ്രാർത്ഥനയിലും മാതൃകാപരമായ ജീവിതത്തിലും ഉത്തമമാതൃകകളായിരുന്ന മാതാപിതാക്കരം. ഇദ്ദേഹത്തിന്ന് ഒരു സഹോദരനും നാലു സഹോദരികളുമുണ്ടായിരുന്നു. സ്നേഹസമ്പന്നയായ മാതാവു് അമ്മിഞ്ഞപ്പാലോടൊപ്പം കട്ടിക്ക് ആത്മീയ പോഷണവും നല്കുന്നതിൽ ഉത്സുകയായിരുന്നു. അവർ ദിവസവും പാതിരാനേരത്തു് ഉണർന്നു് പ്രാർത്ഥനയും ചൊല്ലി വന്നിരുന്നു. അപ്പോഴൊക്കെയും കൊച്ചുകര്യാക്കോസിനേയും വിളിച്ചുണർത്തും. അമ്മയുടെ അധരങ്ങളിൽനിന്നു് അടന്നുവീഴുന്ന ദിവ്യസൂക്തങ്ങരം അവനും ഉരുവിടും. പ്രാർത്ഥനയ്ക്കുശേഷം ക്രിസ്തുരഹസ്യങ്ങരം അമ്മ അവനു പറഞ്ഞുകൊടുക്കും. നിശയുടെ നിശ്ശബ്ദതയിൽ മാതൃവക്ത്രത്തിൽ നിന്നു ദൈവികകാര്യങ്ങരം ഗ്രഹിച്ചുകൊണ്ടു് അവൻ ഉറക്കം തുടരും. പ്രസ്തുത രംഗം ആത്മാനുതാപം എന്ന കൃതിയിൽ ചാവറയച്ചൻതന്നെ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു.

''അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും
എന്നവരം രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേററിട്ട്,
മുട്ടുകത്തി നമസ്കാരം ചെയ്യുമ്പോരം......
എന്നീവണ്ണ മോരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു
മന്ദമായതും കേട്ടിരുന്നുംകൊണ്ടോ
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ''

(ആത്മാനുതാപം 1/53-66)[2]

ശിശു പ്രായം മുതൽക്കേ തനിക്കു സിദ്ധിച്ച നല്ല പരിശീലനത്തെക്കുറിച്ചു് മരണക്കിടക്കയിൽ വച്ചുപോലും ചാവറയച്ചൻ സന്തോഷത്തോടെ സ്മരിക്കുന്നുണ്ടു്.

കര്യാക്കോസച്ചൻ ആജീവനാന്തം തികഞ്ഞ ഒരു മരിയ ഭക്തനായിരുന്നുവെന്നതു് ശ്രദ്ധാർഹമാണു്. കടുംബത്തിലെ പ്രാർത്ഥനാനിർഭരമായ അന്തരീക്ഷം കര്യാക്കോസിനെ ദേവാലയ കർമ്മങ്ങളിൽ തല്പരനാക്കി

---

2 ചാവറയച്ചന്റെ സമ്പൂർണ്ണകൃതികരം-വാല്യം 2, പേജ്–2

ത്തീൎന്നു. കർബാനയിൽ സഹായിക്കുന്നതിനുവേണ്ടി ചെറുപ്രായത്തിൽ ത്തന്നെ സുറിയാനി ജപങ്ങൾ അവൻ മന:പാഠമാക്കി. ശാരീരികവും ബൗദ്ധികവുമായ വളർച്ചയിലും മാതാപിതാക്കൾ വേണ്ടത്ര ശ്രദ്ധ ചെലു ത്തിയിരുന്നു. അഞ്ചാമത്തെ വയസ്സിൽ കളരിയിൽ എഴുത്തിനിരിക്കുന്ന അവൻ എളുപ്പം എഴുത്തും വായനയും വശമാക്കി. കളരിയിലെ സതീ ൎത്ഥ്യരുടെ ''അടക്കമില്ലാത്തുള്ള കളികളും നടപ്പും അവരുടെ നഗ്നരൂപങ്ങളും അശ്ലീലമായ സംസാരവും'' കര്യാക്കോസിൽ ഈർഷ്യ ഉളവാക്കിയി രുന്നു. പത്താം വയസ്സിൽ കളരിയോടു യാത്രപറഞ്ഞു പോരാൻ ഇടയാ യതു് ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണെന്നു് ആത്മാനുതാപത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. ചെറുപ്രായത്തിൽത്തന്നെ കന്മഷം നിറഞ്ഞ അന്തരീക്ഷത്തോടുണ്ടായിരുന്ന വിപ്രതിപത്തി അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യത്തെ വിളിച്ചറിയിക്കുന്നു.

## പാലയ്ക്കലച്ചനെ കണ്ടുമുട്ടുന്നു

തന്റെ ഇളയമ്മയെ കാണുവാൻ കൈനകരി കാളാശ്ശേരി കുടുംബ ത്തിൽ എത്തുന്ന പാലയ്ക്കലച്ചൻ അയൽപക്കത്തുള്ള ചാവറ കുടുംബത്തിൽ വച്ചു് കൊച്ചു കര്യാക്കോസിനെ കണ്ടുമുട്ടുന്നു.

കുട്ടിയുടെ ഈശ്വരഭക്തി, വിനയം, അനുസരണം എന്നീ ഇനങ്ങളെ പ്പററി അറിയാനിടയായ പാലയ്ക്കലച്ചൻ കുട്ടിയിൽ കൂടുതൽ തൽപര നായി. അന്നു കര്യാക്കോസിനു് 11 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. കുട്ടിയെ തന്നോടൊപ്പം സെമിനാരിയിലേയ്ക്കു വിടണമെന്നു് അദ്ദേഹം മാതാപിതാക്കളോടപേക്ഷിച്ചു. കര്യാക്കോസിന്റെ ഹൃദയം അതിനു വേണ്ടി വെമ്പൽ കൊണ്ടെങ്കിലും മാതാപിതാക്കൾക്കു് അതു മൎമ്മഭേദകമാ യിരുന്നു. കുട്ടിയുടെ ആഗ്രഹവും അമ്മാവനായ തോപ്പിൽ ഗീവറുഗീസ ച്ചന്റെ ശുപാർശയുംകൂടിയായപ്പോൾ മാതാപിതാക്കൾ എതിർപ്പു പ്രകടി പ്പിച്ചില്ല. അങ്ങനെ കര്യാക്കോസ് പള്ളിപ്പുറം സെമിനാരിയിൽ പാല യ്ക്കലച്ചന്റെ ശിഷ്യനായിത്തീൎന്നു. പ്രസ്തുത സെമിനാരിയുടെ റെക്ടർ എന്ന നിലയിലും വിപുലമായ ശിഷ്യസമ്പത്തിന്റെ ഉടമയെന്നനിലയിലും പാലയ്ക്കലച്ചൻ അന്നു കേരള സഭയിൽ സമുന്നതമായ ഒരു സ്ഥാനം അലങ്ക രിച്ചിരുന്നു. പാലയ്ക്കലച്ചന്റെ മാതൃകാപരവും തപോനിഷ്ഠവുമായ ജീവി തത്തെക്കുറിച്ചു് ചാവറയച്ചൻതന്നെ നാളാഗമത്തിൽ വിവരിക്കുന്നുണ്ടു്.

## സെമിനാരിയിൽ

രണ്ടു വൎഷത്തെ പഠനത്തിനുശേഷം 1817-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന പത്രോസ് ദെ അൽക്കാന്ത്ര മെത്രാനിൽനിന്നു കര്യാക്കോസ് ആസ്ഥപ്പാടു പട്ടംസ്വീകരിച്ചു. (കൎമ്മയോഗി).[3] ''എന്റെ

3 കൎമ്മയോഗി—പ്രൊഫ. പി. ററി. തോമസ്, ബുക്ക് എ മന്ത് ക്ലബ്, എറണാകുളം, പേ. 44.

അവകാശത്തിൻെറ ഭാഗം കത്താവാകന്ന'' എന്ന പ്രതിജ്ഞാവാക്യം അന്ന ദ്ദേഹം ഉച്ചരിക്കയുണ്ടായി. പ്രസ്തുത പ്രതിജ്ഞയെ ഉല്ലംഘിവാൻ പോരുന്ന പല സാഹചര്യസമ്മർദ്ദങ്ങളും അദ്ദേഹത്തിനുണ്ടായെങ്കിലും ഒരിക്കൽപോലും അവസ്ഥ് വിധേയനാകേണ്ടി വന്നിട്ടില്ല. ആയിടയ്ക്കാണ് കര്യാക്കോസ് ശെമ്മാശ്ശന്റെ പ്രിയപ്പെട്ട മാതാപിതാക്കന്മാരും ഏക സഹോദരനും മരണമടയുന്നത്. ചാവറക്കുടുംബത്തിൽ അവശേഷിച്ചിരിക്കുന്ന ഏക പുരുഷാംഗമായ കര്യാക്കോസ് മടങ്ങിവന്ന് അനാഥമായ കുടുംബത്തെ പുനർജീവിപ്പിക്കണമെന്ന് ബന്ധുമിത്രാദികൾ ആവശ്യപ്പെട്ടു തുടങ്ങി. തൻെറ കുടുംബത്തോടും ദൈവത്തോടുമുള്ള കത്തവ്യങ്ങൾ തമ്മിൽ അദ്ദേഹത്തിൻെറ ഉള്ളിൽ ശക്തിയായ വടംവലി നടന്നു. അദ്ദേഹം ഒരു തീരുമാനത്തിലെത്തി—കുടുംബകാര്യങ്ങൾ നോക്കുന്നതിനായി എടത്വായിൽ വിവാഹിതയായി കഴിഞ്ഞിരുന്ന തൻെറ മൂത്ത സഹോദരിയേയും അവളുടെ ഭർത്താവിനെയും ചാവറയിൽ കൊണ്ടുവന്ന് താമസിപ്പിക്കുക. സഹോദരിയും ഭർത്താവും ആ തീരുമാനത്തിന് എതിരുനിന്നില്ല. അവർ കുടുംബഭരണം ഏറ്റെടുത്തതോടുകൂടി കര്യാക്കോസ് തൻെറ ദൗത്യനിർവ്വഹണത്തിനായി സെമിനാരിയിലേക്ക സസന്തോഷം മടങ്ങി.

## പുരോഹിതൻ

1829 നവംബറിൽ തൻെറ 24-ാമത്തെ വയസ്സിൽ കര്യാക്കോസ് ശെമ്മാശ്ശൻ അന്നത്തെ വികാരി അപ്പസ്തോലിക്ക ആയിരുന്ന സ്റ്റബിലീനി മെത്രാനിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. സന്ദർഭവശാൽ, കര്യാക്കോസച്ചൻെറ നവപൂജാപ്പണം ഇടവകയായ ചേന്നങ്കരിപ്പള്ളിയിൽ വച്ചു നടത്തുന്നതിനു പകരം ആലപ്പുഴയിൽ മാർസ്ലീവാപ്പള്ളിയിൽവച്ചു നടത്താനാണ് ഇടവന്നതു്. ആഗമന കാലത്തിൻെറ ഒന്നാം ഞായറാഴ്ച സ്വന്തം ഇടവകയായ ചേന്നങ്കരിയിൽ നവപൂജ അപ്പിക്കയും ഒരു മാസത്തോളം അവിടെ താമസിക്കയും ചെയ്തു. അനന്തരം അദ്ദേഹം പള്ളിപ്പുറത്തേയ്ക്കു മടങ്ങി പാലയ്ക്കൽ മല്പാനച്ചനെ സഹായിച്ചുകൊണ്ട് ഒരു കൊല്ലത്തോളം അവിടെ താമസിച്ചു. പ്രസ്തുത കാലഘട്ടത്തിൽ ധ്യാന പ്രസംഗങ്ങൾ, പള്ളിപ്രസംഗങ്ങൾ, ജീവകാരുണ്യ പ്രവത്തനങ്ങൾ ഇവ വഴി ജനങ്ങളുടെ നാനാവിധ പുരോഗതിക്കായി അക്ഷീണം യത്നിക്കയും ചെയ്തിരുന്നു.

## സന്ന്യാസ സഭാസ്ഥാപനം

ചില സംഭവങ്ങൾ, സാന്ദർഭികമായും അല്ലാതെയും ഉണ്ടാകുന്ന കണ്ടുമുട്ടലുകൾ, സ്ഥാനലബ്ധികൾ, സ്ഥലംമാററങ്ങൾ, ആശയാദശ കൈമാററങ്ങൾ തുടങ്ങിയവ അപരിമേയമായ ഒരു ബുദ്ധിയാൽ കോത്തിണക്കപ്പെട്ട്, സി. എം. ഐ. സഭയുടെ സ്ഥാപന സംരംഭത്തിലേക്ക് നീങ്ങുന്നകാഴ്ച ആരെയും ചിന്തിപ്പിക്കുന്നതു തന്നെയാണ്. പാലയ്ക്കൽ

തോമ്മാച്ചൻ, പോരൂക്കര തോമ്മാച്ചൻ, കണിയാന്തറ യാക്കോബ്, ചാവറ കര്യാക്കോസച്ചൻ എന്നീ മഹാരഥന്മാരെയാണ് ദൈവം ഈ മഹത് കാര്യത്തിന്റെ സാക്ഷാൽക്കാരത്തിനായി കണ്ടെത്തിയത്. കണിയാന്തറ യാക്കോബ് പോരൂക്കരയച്ചന്റെ സമപ്രായക്കാരനും ഉററ സ്നേഹിതനുമായിരുന്നു. ചമ്പക്കുളം ഇടവകയിൽ 1800 ജനുവരി 6-ാം തീയതി ജനിച്ച ഇദ്ദേഹം പോരൂക്കരയച്ചനുമായി വനവാസത്തിനു പോകുന്ന കാര്യം കരാർ രൂപേണ പറഞ്ഞുവച്ചിരുന്നതുമാണ്. പോരൂക്കര അച്ചൻ വൈദിക പഠനത്തിനുപോയപ്പോഠം യാക്കോബ് ഒററപ്പെട്ടുവെങ്കിലും വൈദികനായശേഷം അവർ വീണ്ടും ഒന്നിച്ചു വരുന്നുണ്ട്.

സന്ന്യാസസഭാ സ്ഥാപനമെന്ന തങ്ങളുടെ ആഗ്രഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ മോൺ. സ്തബലീനിയെ അവസരോചിതം അവർ അറിയിച്ചു. 1829-ലാണിതു സംഭവിക്കുന്നത്. ചാവറയച്ചൻ അന്നൊരു ഡീക്കൻ മാത്രമായിരുന്നു. ഏതദ്ദേശീയ സന്ന്യാസസഭ എന്ന ആശയം ചാവറയച്ചനെ വളരെ ആകർഷിച്ചു. അതിലൊരു അംഗമാവുക എന്ന ആഗ്രഹം അദ്ദേഹത്തെ സദാ മഥിച്ചിരുന്നു. 1829-ൽ സ്തബിലീനി മെത്രാനിൽനിന്നു പട്ടമേററ് ആദ്യമർപ്പിച്ച ദിവ്യബലിയിൽ ഈ കാര്യസാദ്ധ്യത്തിനായി ഉള്ളുരുകി പ്രാർത്ഥിച്ചതായി നാളാഗമത്തിൽ അദ്ദേഹം ഇങ്ങനെഎഴുതിയിരിക്കുന്നു: ''എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസ്സുകാരുമെല്ലാം ഈ അച്ചന്മാർ രണ്ടും തന്നെ. എന്നാൽ ഈ മല്പാനച്ചന്റെ മനസ്സിന്നു മുഴവനും ചേർന്നുനടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പംമുതൽതുടങ്ങി നിശ്ചയിച്ചവനായ ചാവറ കര്യാക്കോസ് എന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധിചൊല്ലലാൽ ആർത്തുങ്കൽവച്ച് കർബ്ബാനപ്പട്ടമേററപ്പോഠം മെത്രാനച്ചനോടുകൂടെയുള്ള ഒന്നാമത്തെ കർബ്ബാനയിൽ സ്ഥലവും വേലയും നടന്നു നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണമെന്നുള്ള നിരൂപണയാൽത്തന്നെ ആ ഒന്നാമത്തെ പൂജ അണച്ചു.'' (നാളാഗമം)[4]

## അനുവാദപത്രം

തോമ്മാച്ചന്മാരുടെ പുതിയ നീക്കത്തിൽ മെത്രാനച്ചൻ തികച്ചും സന്തോഷവാനായിരുന്നു. പക്ഷേ, അദ്ദേഹത്തിനൊരു നിർദ്ദേശമുണ്ടായിരുന്നു. ''വല്ലതും തിരിയുന്ന നിങ്ങഠം ഒന്നരണ്ടുപേരുള്ളത് വല്ലടത്തും ഒതുങ്ങിപ്പാർത്താൽപ്പിന്നെ ലോകരെ പഠിപ്പിക്കാൻ ആരെന്നും അങ്ങനെ നിങ്ങഠംക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ'' (നാളാഗമം) എന്നു കല്പിക്കുകയും ചെയ്തു. സി. എം. ഐ. സഭയുടെ ചൈതന്യം ഒരു വ്യതിരിക്ത രൂപം കൈക്കൊള്ളുകയായിരുന്നില്ലേ ഇവിടെ? മെത്രാനച്ചന്റെ നിർദ്ദേശത്തെ അവർ

4 ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികഠം-വാല്യം ഒന്ന്, പേജ് 26

ആദരിക്കതന്നെചെയ്തു. പക്ഷേ, ഇതെങ്ങനെ സാധിക്കും? പണം വേണ്ടെ, സ്വാധീനം വേണ്ടെ, വല്ല രാജാവുമാണെങ്കിൽ സാധിക്കും എന്നൊക്കെപ്പറഞ്ഞു് തങ്ങളുടെ നിസ്സഹായാവസ്ഥ അവർ മെത്രാൻെറ മുമ്പിൽ പ്രകടമാക്കി. നിങ്ങൾ ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും എന്നു പറഞ്ഞു മൗറീലിയൂസ് മെത്രാൻ അവരെ ധൈര്യപ്പെടുത്തി. ഒരു സന്ന്യാസാശ്രമം പണിയാൻ എല്ലാ പള്ളിക്കാരും പട്ടക്കാരും ജനങ്ങളും സഹായിക്കണമെന്ന ശുപാർശയോടെ 1829 ഏപ്രിൽ 1-ാം തിയതി ഒരു കല്പന പുറപ്പെടുവിക്കയും അദ്ദേഹംതന്നെ 200 രൂപ ഉടൻ ദാനമായി അവക്കു നല്കുകയും ചെയ്തു. ഔദ്യോഗികമായ ഈ കല്പനപ്പത്രത്തോടുകൂടി ധനശേഖരാർത്ഥം അവർ ഒരു പര്യടനം തന്നെ നടത്തി. ധനശേഷിയുള്ള പള്ളികളും വ്യക്തികളും ഉദാരമായി സംഭാവനകൾ നൽകി. സംഭാവന പിരിയ്ക്കുവാൻ യാക്കോബും അച്ചന്മാരോടൊപ്പമുണ്ടായിരുന്നു. പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ഇതിനകം നേടിയിരുന്ന ജനസമ്മതി അവരുടെ ജോലിക്കു് വമ്പിച്ച വിജയം നേടിക്കൊടുത്തു.

സഭാസ്ഥാപകന്മാരിൽ പ്രായം, പാണ്ഡിത്യം എന്നിവയിൽ പാലയ്ക്കലച്ചനായിരുന്നു മുൻപിൽ. സമകാലികരായ വൈദികരുടെ സ്നേഹബഹുമാനാദരങ്ങൾ അദ്ദേഹം ആർജ്ജിച്ചിരുന്നു. മലയാളക്കരയുടെ പലഭാഗത്തും അദ്ദേഹത്തിൻെറ ശിഷ്യന്മാർ സേവനമനുഷ്ഠിച്ചിരുന്നു. അദ്ദേഹം ആരംഭിക്കുന്ന ഏതൊരു പ്രസ്ഥാനത്തിനും നിർല്ലോപമായ പിന്തുണ തീർച്ചയായിരുന്നു. സഭാസ്ഥാപകരിൽവച്ചു് ഏററം പ്രായം കുറഞ്ഞയാൾ ചാവറയച്ചനായിരുന്നു. ചാവറയച്ചൻ പട്ടം സ്വീകരിക്കുന്നതിനു് ആറു വർഷം മുമ്പേ പോരൂക്കരയച്ചൻ പുരോഹിതനായി. പാലയ്ക്കലച്ചനെപ്പോലെ തന്നെ പോരൂക്കരയച്ചനും നാട്ടിലെങ്ങും തൻെറ വിശുദ്ധിക്കും വിജ്ഞാനത്തിനും ഭരണചാതുരിക്കും പേരെടുത്തിരുന്നു. ചാവറയച്ചൻ വൈദിക ജീവിതത്തിൻെറ പ്രാരംഭദശയിലേക്കു കടന്ന അവസരത്തിലാണു് പാലയ്ക്കലച്ചനും പോരൂക്കരയച്ചനും സന്ന്യാസ പ്രസ്ഥാനത്തിൻെറ പ്രാരംഭ പദ്ധതികളുമായി മുൻനിരയിൽ പ്രവർത്തിച്ചിരുന്നതു്. അവരുടെ ഓരോ നീക്കത്തെയും ശ്രദ്ധിച്ചുകൊണ്ടും മനസ്സിലാക്കിക്കൊണ്ടും തന്നാലാവുന്ന വിധത്തിലൊക്കെ ചാവറയച്ചൻ അവരെ സഹായിച്ചുകൊണ്ടിരുന്നു.

## *സന്ന്യാസ സഭയുടെ കാനോനിക സ്ഥാപനം*

മാന്നാനത്തെ ആശ്രമസ്ഥാപനം കേരള ക്രൈസ്തവസമൂഹത്തെ സംബന്ധിച്ചിടത്തോളം വളർച്ചയുടെ ഒരു നാഴികക്കല്ലായിരുന്നുവെന്നതു് തർക്കമററ സംഗതിയാണു്. എങ്കിലും ഈ സമൂഹത്തിനു് തിരുസ്സഭയുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ലായിരുന്നു. കാനോനിക നിയമപ്രകാരമുള്ള അംഗീകാരത്തിനുവേണ്ടി അധികാരികളുടെപക്കൽ പലപ്രാവശ്യം അപേക്ഷകൾ സമർപ്പിച്ചതാണു്. 1852-ൽ കൊല്ലം വികാരി

അപ്പസ്തോലിക്ക ആയിരുന്ന ബർണ്ണദീനോസ് ദെസാന്ത ത്രെസ്യാ വരാപ്പുഴയുടെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. ഇദ്ദേഹമാണ് ചാവറയച്ചന്റെ അപേക്ഷകൾക്കു ചെവികൊടുക്കുന്നത്. കാനൻ നിയമമനുസരിച്ച് സഭയെ അംഗീകരിക്കുവാനും അതിനുപോരുന്ന ഒരു ജീവിതമുറ അവർക്കു നൽകുവാനും മെത്രാനച്ചൻ മനസ്സായി.

അന്നുവരെ മാന്നാനം ആശ്രമത്തിൽ അനുഷ്ഠിച്ചുപോന്ന ജീവിതക്രമത്തിന്റെ വിവരണം ചാവറയച്ചൻ മെത്രാപ്പോലീത്തയുടെ പക്കൽ സമർപ്പിച്ചു. ഈ ജീവിതക്രമത്തെ മെത്രാനച്ചൻ വിശദമായി പരിശോധിച്ചശേഷം കർമ്മലീത്ത ഒന്നാംസഭയുടെ നിയമാവലി വരാപ്പുഴനിന്നും ചാവറയച്ചന് അയച്ചു കൊടുത്തു. മെത്രാനച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് കാലദേശാവസ്ഥയ്ക്കും, സുറിയാനി റീത്തിനും മാന്നാനം ആശ്രമ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾക്കും ഉതകുന്ന വിധത്തിൽ ക്രമീകരണങ്ങൾ വരുത്തി പ്രസ്തുത നിയമാവലി മെത്രാപ്പോലീത്തയുടെ പക്കൽ സമർപ്പിച്ചു. അദ്ദേഹം അതിനെ പുതിയ സന്ന്യാസ സഭയുടെ നിയമാവലിയായി അംഗീകരിച്ചുകൊണ്ട് 1855-ൽ മാന്നാനത്തേയ്ക്കയച്ചു. സഭാംഗങ്ങളെല്ലാവരും ഈ നിയമാവലി പൂർണ്ണമായി അനുഷ്ഠിക്കേണ്ടതിന്റെ ഗൗരവത്തെ വ്യക്തമാക്കാൻ പോരുന്ന ഒരു കല്പനയും ചാവറയച്ചനു ലഭിച്ചു.

പുതിയ സന്ന്യാസ സഭയ്ക്ക്, അമലോത്ഭവദാസസംഘം എന്ന പേരിടുവാൻ തീരുമാനിച്ചു 1855 ഡിസംബർ 8-ാം തിയതി അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം സന്ന്യാസ സഭയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സഭാംഗങ്ങളുടെ സാഘോഷമായ വ്രതവാഗ്ദാനവും നടത്തണമെന്ന് മെത്രാപ്പോലീത്ത നിർദ്ദേശിച്ചു. അതിന്റെ നടത്തിപ്പിനായി മർസ്സിനോസ് മിഷനറിയെ മെത്രാൻ മാന്നാനത്തേയ്ക്കയച്ചു. അദ്ദേഹം മന്നാനത്തെത്തി വ്രതാനുഷ്ഠായികൾക്കുവേണ്ടി ധ്യാനം നടത്തുകയും സന്ന്യാസ വ്രതങ്ങളും സഭാനിയമങ്ങളും നിർവ്വിഘ്നം അനുഷ്ഠിക്കുവാൻ ഉറപ്പും സ്ഥിരതയും ഉള്ളവർമാത്രമേ സഭയിൽ പ്രവേശിക്കാവൂ എന്ന് ആവർത്തിച്ചറിയിക്കയും ചെയ്തു.

മർസ്സിനോസ് മിഷനറിയുടെ നേതൃത്വത്തിൽ ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി പന്ത്രണ്ടു വൈദികർ ഡിസംബർ 8-ാം തിയതി വ്രതവാഗ്ദാനം നടത്തുവാൻ സന്നദ്ധരായി. അതിൽ ഒരാൾക്കു രോഗം പിടിപെട്ടതിനാൽ ചാവറയച്ചനുൾപ്പെടേ പതിനൊന്ന് വൈദികർ മാത്രമേ വ്രതവാഗ്ദാനം നടത്തിയുള്ളു. അന്നു വ്രതവാഗ്ദാനം നിർവ്വഹിച്ചവർ താഴെപ്പറയുന്നവരാണ്. 1 ചാവറ കുര്യാക്കോസച്ചൻ 2 തോപ്പിൽ ഗീവറുഗീസച്ചൻ 3 പോരൂക്കര കുര്യാക്കോസച്ചൻ 4 കൊച്ചുപുരയ്ക്കൽ കുര്യച്ചൻ 5 മുഞ്ഞനാട്ടു മത്തായി അച്ചൻ 6 കളപ്പുരയ്ക്കൽ അച്ചൻ 7 വല്ല്യാറ യാക്കോബച്ചൻ 8 കണിയാരകത്തു മാണിയച്ചൻ 9 പാലയ്ക്കൽ കുര്യച്ചൻ 10 കട്ടക്കയത്തിൽ ചാണ്ടിയച്ചൻ 11 കളത്തിൽ സ്കറിയാച്ചൻ. അന്ന്

സഹായസഹോദരന്മാരായി ചിലരെല്ലാം ഉണ്ടായിരുന്നെങ്കിലും ആരെയും സന്ന്യാസികളായി സ്വീകരിച്ചില്ല. വ്രതം അനുഷ്ഠിക്കാനുള്ള അച്ചന്മാർക്ക നൽകപ്പെട്ട സന്ന്യാസവസ്ത്രങ്ങൾ, വൈദികക്കു് തുകൽ വാറുകൊണ്ടുള്ള അരക്കെട്ടും ളോവാസ്കുകത്തു് കപിലനിറത്തിലുള്ള ഉത്തരീയവും, നവ സന്ന്യാസികൾക്കു് അരക്കെട്ടില്ലാത്ത ളോവസ്കുകത്തു് മേൽപ്പറഞ്ഞ കപില നിറത്തിലുള്ള ചെറിയ ഉത്തരീയവും ആയിരുന്നു.

നിയമപ്രകാരം സംജാതമാകുന്ന പുതിയ സഭയുടെ അധിപൻ (പ്രിയോർ) ആയി ചാവറയച്ചൻ നിയമിതനായി. അദ്ദേഹം സഭാ നിയമമനുസരിച്ചു് കുര്യാക്കോസ് ഏലിയാസ് എന്ന പേരു സ്വീകരിച്ചു. ഇന്നുവരെയും ചാവറയച്ചൻ ''വലിയ പ്രിയോരച്ചൻ'' എന്ന പേരിലാണറിയപ്പെടുന്നതു്.

വ്രതാനുഷ്ഠാന ദിവസം-ഡിസംബർ 8-സമാഗതമായി. മെത്രാപ്പോലീത്തായുടെ പ്രതിനിധി എന്നനിലയിൽ അന്നത്തെ കർമ്മങ്ങളുടെ നേതൃത്വം വഹിച്ചതു് മർസ്സിനോസ് പാദ്രിയാണു്. ആദ്യം ആശ്രമശ്രേഷ്ഠനായ ചാവറയച്ചൻ മെത്രാപ്പോലീത്തായുടെ പ്രതിനിധിയുടെ മുമ്പിൽ വ്രതവാഗ്ദാനം നടത്തുക, പിന്നീടു പാട്ടുകുർബ്ബാന, അതിനുശേഷം ബാക്കി പത്തുപേർ സഭാശ്രേഷ്ഠനായ ചാവറയച്ചന്റെ അടുത്തു് വ്രതവാഗ്ദാനം ചെയ്യുക—ഇതായിരുന്നു അന്നത്തെ കർമ്മങ്ങളുടെ ക്രമം.

പുതിയ നിയമാവലി പറഞ്ഞുപഠിപ്പിക്കുന്നതിനും ഭക്ഷണമുറകൾ, ഭക്ഷണശാലയിൽ അഭ്യസിക്കേണ്ട പ്രായശ്ചിത്തങ്ങൾ ഇവ അഭ്യസിപ്പിക്കുന്നതിനും വേണ്ടി മർസ്സിനോസ് മിഷനറി കൂനമ്മാവിൽ മന്നാനത്തു താമസിച്ചു. പത്തു മാസത്തോളം എല്ലാവരും ഏകാന്തതയിൽ അവിടെ കഴിച്ചുകൂട്ടി. ''അമലോത്ഭവ മാതാവിന്റെ ശുശ്രൂഷികൾ'' എന്ന നാമമാണു് അന്നു സഭയ്ക്കുണ്ടായിരുന്നതു്. അമലോത്ഭവ ദാസ സംഘത്തിനായി ബച്ചിനോസ് മെത്രാപ്പോലീത്ത ഭേദഗതിയോടുകൂടി അംഗീകരിച്ച കർമ്മലീത്താസഭയുടെ നിയമാവലിതന്നെയാണു് 1885 വരെയും അനുസരിച്ചുപോന്നതു്. വൈദിക മേലദ്ധ്യക്ഷന്മാർ അപ്പഴപ്പോൾ നിർദ്ദേശിച്ച ചില്ലറ ഭേദഗതികൾ വരുത്തിയിരുന്നുവെന്നു മാത്രം. 1885-ൽ പ. സിംഹാസനത്തിന്റെ അംഗീകാരത്തോടുകൂടി ഒരു നിയമസംഹിത പരീക്ഷണാർത്ഥം സഭക്കു നൽകപ്പെട്ടു. 1906 മാർച്ചു് 12-നു പ. സിംഹാസനം സഭയുടെ നിയമാവലിക്കു് ശാശ്വതമായി അംഗീകാരം നൽകി.

## സഭയുടെ പേരുമാററം

'അമലോത്ഭവ മറിയത്തിന്റെ ദാസസംഘം' കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭയായിത്തീർന്നതിനു് ഒരു ചരിത്രമുണ്ടു്. നിയമാനുസൃതം പ. സിംഹാസനത്തിന്റെ അംഗീകാരത്തോടെ സന്ന്യാസ സഭയായി സ്ഥാ

പിതമായതാണല്ലോ അമലോത്ഭവ ദാസസംഘം. എന്നാൽ 1860-ൽ റോമിൽ സമ്മേളിച്ച കർമ്മലീത്താ നിഷ്പാദുക സഭയുടെ പൊതുസംഘം കേരളത്തിലെ ഈ ഏതദ്ദേശീയ സഭയെ തങ്ങളുടെ മൂന്നാം സഭയായി അംഗീകരിച്ചു. അങ്ങനെ ഈ ഏതദ്ദേശീയ സഭ 'കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ' (ക. നി. മൂ. സ.) യായി. 1958-ലാണ് സി. എം. ഐ. എന്ന പേരു സ്വീകരിച്ചത്.

## വിടവാങ്ങുന്ന ചാവറയച്ചൻ

സി. എം. ഐ. സഭയുടെ ആദ്യകാല ചരിത്രവും ചാവറയച്ചന്റെ ജീവചരിത്രവും ഏറെക്കുറെ ഒന്നുതന്നെയാണെന്നു കാണുവാൻ വിഷമമില്ല. സാധാരണ രീതിയിൽ ഒരു പുരുഷായുസ്സുകൊണ്ടു ചെയ്തു തീർക്കാവുന്നതിലധികം കാര്യങ്ങൾ, ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളോ, സാങ്കേതിക വിദ്യകളോ കൈവശമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, ചാവറയച്ചൻ നിർവ്വഹിച്ചു എന്നുപറയുമ്പോൾ അദ്ദേഹമൊരു അസാധാരണ പ്രതിഭയായിരുന്നു എന്ന നിഗമനത്തിലാണു നാം എത്തിച്ചേരുക.

ബഹുമുഖ പ്രവർത്തനങ്ങളിൽ തിരക്കിട്ട 42 വർഷത്തെ ആ പൗരോഹിത്യ ജീവിതം അതിന്റെ അന്ത്യഘട്ടത്തെ പ്രാപിക്കയായിരുന്നു. ഒരിക്കൽ കിഴക്കൻദിക്കിൽ യാത്രകഴിഞ്ഞു ക്ഷീണിച്ചെത്തിയ അദ്ദേഹം പനി പിടിപെട്ട് കിടപ്പിലായി, മാത്രമല്ല കലശലായ നേത്രരോഗവും അദ്ദേഹത്തെ അലട്ടി. അന്നു ലഭ്യമായിരുന്ന ചികിത്സകൾക്കൊന്നും സാരമായ ഗുണം പ്രദാനംചെയ്യാനായില്ല. ഇക്കാലത്ത് അദ്ദേഹത്തിന്റെ വാസം കൂനമ്മാവ് ആശ്രമത്തിലായിരുന്നു. മാന്നാനത്തേയ്ക്ക് മാറിത്താമസിക്കുവാൻ പലരും അദ്ദേഹത്തെ നിർബ്ബന്ധിച്ചുവെങ്കിലും അന്നത്തെ വരാപ്പുഴ മെത്രാനായിരുന്ന ലെയോനാർദിന്റെ ഇഷ്ടം അതല്ലെന്നു മനസ്സിലാക്കിയ ചാവറയച്ചൻ കൂനമ്മാവിൽത്തന്നെ താമസിക്കാനിഷ്ടപ്പെടുകയാണുണ്ടായത്.

രോഗശയ്യയിലും ക്രമാനുഷ്ഠാനത്തിൽ തല്പരനായൊരു സന്ന്യാസിയായിരുന്നു ചാവറയച്ചൻ. കാനോന നമസ്കാരം മറ്റുള്ളവരുടെ സഹായത്തോടുകൂടി മുടക്കം കൂടാതെ നടത്തിയിരുന്നു. കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്തിലൂടെയും ജ്ഞാനവായനയിലൂടെയും ആസന്നമായ മരണത്തിനു് ഒരുങ്ങുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച ശുഷ്കാന്തി എല്ലാവരാലും ശ്രദ്ധിക്കപ്പെട്ടു. കണ്ണുകൾക്ക് അസഹ്യമായ വേദന ഉണ്ടായിരുന്നെങ്കിലും അതൊരു സംഭാഷണവിഷയമേ ആക്കിയിരുന്നില്ല.

മരണം ആസന്നമായി എന്നു മനസ്സിലാക്കിയ ചാവറയച്ചൻ 1871 ജനുവരി 2-ാം തീയതി രോഗീലേപനം ആവശ്യപ്പെട്ടു. തന്റെ ആത്മീയ പിതാവായ ലെയോപ്പോൾഡച്ചൻതന്നെ തരട്ടെ എന്ന ആഗ്രഹവും പ്രകടിപ്പിക്കാതിരുന്നില്ല. എന്നാൽ ദുഃഖിതനായ ആ മിഷനറിക്ക് അതിനുള്ള ശക്തി ലഭിച്ചില്ല. അന്ത്യകൂദാശകൾ നൽകാൻ തനിക്കു കഴിവില്ലെന്ന് അദ്ദേഹം അറിയിച്ചു. പകരം അന്നത്തെ ആശ്രമാധിപനായിരുന്ന യൗസേപ്പച്ചൻ ആശ്രമാംഗങ്ങൾ എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ ആ പാവന കർമ്മം നിർവ്വഹിച്ചു. ചാവറയച്ചൻ അവരെ ഉപദേശിക്കുകയും അതിന്റെയെല്ലാം അവസാനം എല്ലാവരെയും ആശീർവ്വദിക്കുകയും ചെയ്തു. രോഗനില വഷളായതുകൊണ്ട് രാത്രി 12 മണിക്കുശേഷം യാതൊന്നും സംസാരിക്കുവാൻ സാധിച്ചില്ല. ജനുവരി 3-ാം തിയതി രാവിലെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന് 65 വയസ്സ് പ്രായമുണ്ടായിരുന്നു. 4-ാം തിയതിയായിരുന്നു ശവസംസ്കാരം. വമ്പിച്ചൊരു ജനാവലി ശവസംസ്കാരത്തിൽ പങ്കുകൊണ്ടു. 1889 മെയ് 24-ാം തിയതി ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവിൽനിന്നു മാററി മന്നാനം ആശ്രമദേവാലയത്തിൽ മദ്ബഹായുടെ മുൻവശത്തു് സാഘോഷം നിക്ഷേപിക്കപ്പെട്ടു. ചാവറയച്ചനുശേഷം 1871 ഫെബ്രു. 22-ാം തിയതി പോരൂക്കര കര്യാക്കോസ് ഏലീശാച്ചൻ സഭയുടെ രണ്ടാമത്തെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

## 4

# സേവനാത്മകമായ ജീവിതാദർശം

### പ്രൊഫ: മാത്യു ഉലകംതറ

സന്ന്യാസികൾ പൊതുവേ രണ്ടു തരക്കാരാണ്. ഒരു കൂട്ടർ ലോകത്തെ പൂർണ്ണമായുപേക്ഷിച്ച് ഏകാന്തതയെ അഭയംപ്രാപിക്കുന്നവരും വിജന സ്ഥലങ്ങളിൽ പോയി ''സ്നാനം നമസ്കൃതി ജപം വ്രതമംബുജാക്ഷ ധ്യാനം'' എന്നീ പരിപാടികളിലൂടെ ആത്മമുക്തിയന്വേഷിക്കുന്നവരുമാണ്. മറേറക്കൂട്ടരാകട്ടെ ജപതപാദികളിലൂടെ ആർജ്ജിക്കുന്ന ആത്മചൈതന്യവുമായി ലോകരംഗത്തേക്കിറങ്ങി ലൗകിക ദുഃഖങ്ങളിലാണ്ടു കിടക്കുന്ന സഹജീവികൾക്ക് സാന്ത്വനവും അവലംബവുംനല്കി ലോകക്ഷേമോത്സുകരായി വർത്തിക്കുന്നു. പുറമേനിന്നുനോക്കിയാൽ ഈ രണ്ടാമത്തെക്കൂട്ടർ വെറും സമുദായ സേവകന്മാരോ സമുദായോദ്ധാരകന്മാരോ മാത്രമാണെന്നു തോന്നിയേക്കാം. എന്നാൽ ഇവരുടെ സമുദായസേവനത്തിന് അന്തസ്സാരപരമായ ഒരു മേന്മയുണ്ടെന്നകാര്യം ശ്രദ്ധിക്കേണ്ടതാണ്.

സമുദായ സേവകന്മാരെ മൂന്നുതരമായി തിരിച്ച് നമുക്ക് ഈ വ്യത്യാസം ഗ്രഹിക്കാൻ ശ്രമിക്കാം. സ്വന്തം കീർത്തിക്കും അധികാരത്തിനും പ്രതാപത്തിനുംവേണ്ടി സമുദായസേവനം നിർവ്വഹിക്കുന്നവരാണ് അതിലൊരുവിഭാഗം. ഇന്നു നാം കാണുന്ന സമുദായസേവകരിൽ അധികവും ഇത്തരക്കാരാണ്. മനുഷ്യഹൃദയങ്ങളെ ആഴത്തിൽ സ്പർശിക്കുന്നതിനോ സമൂഹത്തിൽ ഗുണപരമായ പരിവർത്തനങ്ങൾ വരുത്തുന്നതിനോ ഇവർക്ക് ഒരിക്കലും സാധിക്കയില്ല. ഇവരുടെ സാമൂഹ്യപ്രവർത്തനം ഒരു തൊഴിലോ ചൂഷണോപാധിയോ മാത്രമാണ്. രണ്ടാമത്തെ കൂട്ടരാകട്ടെ ഒരു പടികൂടി ഉയർന്നു നില്ക്കുന്നു. കേവലമായ ഭൂതദയയോ സഹജീവിസ്നേഹമോ നിമിത്തം സാമൂഹ്യസേവന സംരംഭങ്ങളിലേർപ്പെടുന്നവരാണിവർ. ആത്മാർത്ഥതകൊണ്ടു് ഇവർ ജനങ്ങളുടെ വിശ്വാസമാർജ്ജിക്കുന്നു. ജനങ്ങളുടെ സഹകരണത്തോടുകൂടി സമൂഹത്തിൽ കാലികങ്ങളായ ചില പരിവർത്തനങ്ങളെങ്കിലുമുളവാക്കുന്നതിനും സാമൂഹ്യജീവിതത്തിന് ചില പെരുമാററച്ചട്ടങ്ങളെങ്കിലുമുണ്ടാക്കിക്കൊടുക്കുന്നതിനും ഇവർക്കു കഴിയും. തനിക്ക് ഈശ്വരദത്തമായിട്ടുള്ള വിശിഷ്ടസിദ്ധികൾ തന്റെ സഹോദര

രായ ഇതരമനുഷ്യരുടെ നന്മയ്ക്കും മോചനത്തിനുംവേണ്ടി വിനിയോഗിക്കുക എന്നതാണ് പരമമായ ജീവിതധർമ്മം എന്നുകരുതി പ്രവർത്തിക്കുന്ന മൂന്നാമതൊരു ഗണം മനുഷ്യസ്നേഹികളെയും അപൂർവ്വമായി നമുക്കു കണ്ടെത്താൻ കഴിയും. സ്രഷ്ടാവും പിതാവുമായ ദൈവത്തോടുള്ള കൃതജ്ഞതാപ്രകടനമോ കർത്തവ്യനിർവ്വഹണമോ ആണ് അവരുടെ സഹോദരസ്നേഹപ്രേരിതമായ സാമൂഹ്യസേവനം. ഈശ്വരോപാസനയും മനുഷ്യസേവനവും അവർക്ക് രണ്ടല്ല. ഈശ്വരോപാസനയിൽനിന്ന് അവർ മനുഷ്യസേവനത്തിനു കരുത്താർജ്ജിക്കുന്നു. മനുഷ്യസേവനത്തിലൂടെ ഈശ്വരോപാസന പൂർത്തിയാക്കുകയും ചെയ്യുന്നു. ഈശ്വരാരാധനയുടെയും സാമൂഹ്യസേവനത്തിന്റെയും സമന്വയം നാമവരിൽ കാണുന്നു. രണ്ടിന്റെയും ഉത്തമാദർശമൂർത്തികൾ അവർതന്നെയാണ്.

കേവലധ്യാനലീനരായ മഹർഷിവര്യന്മാരും കേവലമനുഷ്യസ്നേഹചോദിതരായ സാമൂഹ്യസേവകരും സമാദരണീയർതന്നെയെങ്കിലും സമ്പൂർണ്ണമനുഷ്യരെന്നു നാം വിളിക്കുക ഭക്തിയോഗത്തെ കർമ്മയോഗത്തോട് സമന്വയിച്ച് ജീവിതത്തെ ഒരു മഹായാഗമായി പകർത്തിയവരെയാണ്. ഈ മഹത്തായ ജീവിതാദർശമാണ് പുണ്യാത്മാവായ ചാവറ കര്യാക്കോസ് ഏലിയാസച്ചനിൽ നാം ദർശിക്കുന്നത്. അദ്ദേഹം സന്ന്യാസികളുടെയിടയിൽ ഒരു സമുദായസേവകനും, സമുദായസേവകരുടെയിടയിൽ ഒരു സന്ന്യാസിവര്യനും ഇരുകൂട്ടരുടെയുമിടയിൽ ഒരു ദൈവികമഹാപുരുഷരത്നമായി ഉയർന്നു നില്ക്കുന്നു.

## *മനുഷ്യദർശനം*

ചാവറയച്ചന്റെ ഏററം വലിയ സംഭാവന സി. എം. ഐ. സഭാസ്ഥാപനമാണല്ലോ. അതിന്റെ ലക്ഷ്യപ്രഖ്യാപനംതന്നെ ''പരോപകാരത്തിനായിട്ട് ഒരു ദർശന മഠം'' എന്നതായിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകർതന്നെ ഈ വീക്ഷണഗതി പൂർണ്ണമായി ഉൾക്കൊണ്ടിരുന്നില്ല. കണിയാന്തറ യാക്കോബും പോരൂക്കരയച്ചനുംകൂടി ആലോചിച്ചു തീരുമാനിച്ചതു് ''ലോകത്തു പെരുമാറിയാൽ രക്ഷപ്പെടുക പ്രയാസം. നമുക്കു രണ്ടുപേർക്കുംകൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം'' എന്നാണ്. ലോകസേവനചിന്തതന്നെ അവരെ ഭയപ്പെടുത്തിയിരുന്നു. എന്നാൽ ചാവറയച്ചൻ ദൈവത്തെയന്വേഷിച്ചതു് വനവാസത്തിലല്ല മനുഷ്യരുടെയിടയിലാണ്. ''ഓടി രക്ഷപ്പെടേണ്ട, ഒഴിഞ്ഞുകളേണ്ട ഒന്നായി ലോകത്തെ—മനുഷ്യരെ—അദ്ദേഹം കണ്ടില്ല. മനുഷ്യരിലൂടെ ദൈവസാക്ഷാത്ക്കാരം സാധിക്കുകയെന്നതാണ് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സ്വീകാര്യമായിരുന്നതു്.'' ചാവറയച്ചൻ സഭാംഗങ്ങൾക്കയച്ച കത്തുകളിലൊരിടത്തു് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് ''നമ്മുടെ സഹോ

ദരങ്ങളുടെ നന്മയ്ക്കായിട്ടാണ് ദൈവം ഈ സഭയുടെ സ്ഥാപനത്തിനു തിരുമനസ്സായത്.''

ഇങ്ങനെ ''ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും'' ഒരു സന്ന്യാസസമൂഹത്തിന് അഥവാ ഒരു സൈന്യവ്യൂഹത്തിന് അദ്ദേഹം ജന്മംനല്കി. അവക്ക് കാലോചിതമായ കർമ്മരംഗങ്ങളും അദ്ദേഹം ആസൂത്രണം ചെയ്തു നടപ്പിൽവരുത്തിക്കൊടുത്തു. ഒരു സൈന്യത്തിന്റെ കാര്യപ്രാപ്തി ഉത്തമപരിശീലനകേന്ദ്രത്തിൽ നിന്നാണുരുത്തിരിയുന്നതെന്നറിഞ്ഞിരുന്ന ആ മർമ്മഗ്രാഹി ഒരു വൈദികപരിശീലനകേന്ദ്രത്തിലേക്കു തന്റെ ശ്രദ്ധതിരിച്ചു. പ്രാചീന ഗുരുകുലത്തോടു സാധർമ്മ്യമുള്ള ഒരു വൈദികശിക്ഷണ രീതിയാണ് അക്കാലത്തു കേരളത്തിൽ നിലവിലിരുന്നത്. പണ്ഡിതന്മാരായ വൈദികർ വൈദികവിദ്യാർത്ഥികളെ തങ്ങളോടൊരുമിച്ചു താമസിപ്പിച്ചു പഠിപ്പിക്കുന്ന അന്നത്തെ രീതി അവസാനിപ്പിച്ച് പൊതുവായ പരിശീലന പരിപാടികളോടുകൂടി സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി ആദ്യമായി ഒരു സെമിനാരി സ്ഥാപിച്ചതു ചാവറയച്ചനാണ്. 1833-ൽ മാന്നാനത്തു സ്ഥാപിച്ച ഈ സെമ്മിനാരിയിൽ 150 വിദ്യാർത്ഥികൾവരെ താമസിച്ച് അദ്ധ്യയനം നടത്തിയിട്ടുള്ള ഘട്ടങ്ങളുണ്ട്. പ്രധാന മല്പാനും മുഖ്യപരീക്ഷകനും ചാവറയച്ചൻ തന്നെയായിരുന്നു. കേരളസഭയുടെ ആവശ്യങ്ങൾ ഈ ഒരു സെമിനാരി കൊണ്ടുമാത്രം സാധിക്കയില്ലെന്നു കണ്ടപ്പോൾ 1866-ൽ വാഴക്കുളത്തും, 1868-ൽ എൽത്തുരുത്തിലും 1872-ൽ പുളിങ്കുന്നിലും ഓരോ സെമിനാരി കൂടി സമാരംഭിക്കുകയുണ്ടായി. സെമിനാരിയിലെ ശിക്ഷണക്രമവും കാലോചിതമായി പരിഷ്കരിച്ചു. വൈദികക്ക് പ്രതിവർഷമുള്ള ജ്ഞാനധ്യാനം നടപ്പാക്കി. കാനോൻജപം ക്രമപ്പെടുത്തുക, ദിവ്യപൂജാനുഷ്ഠാനക്രമങ്ങൾക്ക് ഐകരൂപ്യം വരുത്തുക മുതലായവയിലൂടെ വൈദികരുടെയും ഇടവകതോറുമുള്ള വാർഷികധ്യാനം നാല്പതുമണി ആരാധന, കുടുംബകലഹശമനദൗത്യം മുതലായവവഴി അല്മായരുടെയും ആത്മീയോന്നമനത്തിനുവേണ്ട സംവിധാനങ്ങളെല്ലാമേർപ്പെടുത്തി.

## പ്രസിദ്ധീകരണങ്ങൾ

ആത്മീയജീവിത നവീകരണമായിരുന്നു ചാവറയച്ചന്റെ മുഖ്യലക്ഷ്യം. അതിനു സഹായകമായ സമസ്ത ഉപാധികളും അദ്ദേഹം സ്വീകരിച്ചു. ഉത്തമ വിജ്ഞാനംപോലെ ആത്മീയവളർച്ചക്കു സഹായകമായ മറെറാന്നുമില്ലല്ലൊ. പ്രസ്സും പ്രസിദ്ധീകരണങ്ങളും ഭാവിതലമുറയുടെ വിജ്ഞാനപോഷണത്തിന് അത്യന്താപേക്ഷിതമാണെന്ന് ആ ക്രാന്തദർശി കണ്ടറിഞ്ഞു. അക്കാലത്ത് ഗ്രന്ഥങ്ങൾ വിരളമായിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങൾ അതീവദുർല്ലഭം. അച്ചടിശാലകൾപോലും നാമ

മാത്രമായിരുന്നു. കത്തോലിക്കാസമൂഹത്തിനു സ്വന്തമായി ഇവയൊന്നുംതന്നെ ഉണ്ടായിരുന്നില്ല. അതിനാൽ ആദ്യമായി ഒരു പ്രസ്സ് സ്ഥാപിക്കണമെന്നദ്ദേഹം തീരുമാനിച്ചു. കോട്ടയം സി. എം. എസ് പ്രസ്സിൽ കയറി അതിൻെറ പ്രവർത്തനമൊന്നു കാണണമെന്ന ആഗ്രഹം ഫലിക്കായ്കയാൽ അദ്ദേഹം തിരുവനന്തപുരത്തു ഗവണ്മെൻറു മുദ്രണാലയത്തിൽ പ്പോയി. അവിടെക്കണ്ട പ്രസ്സിൻെറ മാതൃക വാഴപ്പിണ്ടികൊണ്ടുണ്ടാക്കി ഒരാശാരിയെ കാണിച്ചു. അയാൾ മരംകൊണ്ട് അത്തരത്തിലൊരെണ്ണം പണിതുകൊടുത്തു. ഇന്നു കാഴ്ചബംഗ്ലാവിലല്ലാതെ മററെങ്ങും സ്ഥാനം നൽകാൻ നിവൃത്തിയില്ലാത്ത ഈ ഉപകരണവുമായിട്ടാണ് 1844-ൽ അദ്ദേഹം മാന്നാനത്ത് ഒരു അച്ചടിശാല തുടങ്ങിയത്. ഇന്നത്തെ പ്രസിദ്ധമായ മാന്നാനം സെൻറു ജോസഫ്സ് പ്രസ്സിൻെറ ആരംഭം അങ്ങനെയാണ്. ഈ പ്രസ്സിൽനിന്ന് നിത്യാരാധന മുതലായ അനേകം പ്രാർത്ഥനാഗ്രന്ഥങ്ങളും വിശുദ്ധരുടെ ജീവചരിത്രങ്ങളും, സഭാസംബന്ധമായ കൃതികളും നസ്രാണിദീപിക, കർമ്മലകുസുമം മുതലായ പത്രമാസികകളും പ്രസിദ്ധീകൃതമായി. ക്രൈസ്തവ സമുദായത്തിൻെറ വിജ്ഞാന പരിപോഷണത്തിൽ ഈ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും വഹിച്ചിട്ടുള്ള പങ്കെത്രയെന്നു വിവരിക്കാവതല്ല.

കേരളകത്തോലിക്കരുടെ മുദ്രണാലയങ്ങളുടെയെല്ലാം മാതൃസ്ഥാനം വഹിക്കുന്ന സെൻറു ജോസഫ്സ് പ്രസ്സിൻെറ സ്ഥാപനം എത്രയോ വലിയൊരു ദൂരക്കാഴ്ചയുടെ ഫലമായിരുന്നുവെന്നോർക്കുമ്പോൾ അത്ഭുതം തോന്നും. അത്ഭുതകരമായ ഗതിവേഗത്തോടും യന്ത്രസംവിധാനങ്ങളോടുംകൂടി മുദ്രണാലയങ്ങൾ ടൺകണക്കിന് പാരായണവിഭവങ്ങൾ അടിച്ചു പുറത്തിറക്കുകയും ദിനകൃത്യങ്ങളെന്നപോലെ നാം അവയൊക്കെ വായിച്ചുതള്ളുകയും ചെയ്യുമ്പോൾ ആ മഹനീയവിദ്യ കേരളത്തിൽ പിച്ചവയ്ക്കാനാരംഭിച്ചത് ഈ മരപ്രസ്സിന്മേൽ പിടിച്ചുകൊണ്ടാണെന്നോർക്കുവാനും അതിൻെറ സ്ഥാപകനെ ആദരിക്കുവാനും ആരുണ്ടു മെനക്കെടുന്നു! ഷെവലിയർ കെ. സി. ചാക്കോ അഭിപ്രായപ്പെട്ടതു പോലെ "The most far reaching, enduring, all embracing, illuminating, edifying and even Sanctifying field of activity, initiated by Father Kuriakose, through monasteries in general and primarily from Mannanam was that of printing" *(Father Kuriackose Elias Chavara,* 1968, p. 72)

മുദ്രണാലയങ്ങളും പ്രസിദ്ധീകരണങ്ങളും കേരളീയകത്തോലിക്കരുടെ ജീവിതത്തിൽ എന്തെന്തു സമ്പന്നതകളാണുളവാക്കിയിട്ടുള്ളതെന്നും, അവയിൽനിന്നു കേരളീയ ജനസാമാന്യത്തിനു സിദ്ധിച്ചിട്ടുള്ള സാംസ്കാരിക പ്രേരണയെത്രയെന്നുമുള്ള വസ്തുതകൾ ഏതാനുംപേരുടെ ക്ഷമാപൂർവ്വകമായ ഗവേഷണത്തിനു വിഷയമാക്കിയാൽ, ആ ഗവേഷണ തീർത്ഥയാത്രയുടെ ഇരുണ്ടവഴിത്താരയിൽ ചാവറയച്ചൻ കൊളുത്തിവച്ച മാന്നാനം പ്രസ്സ്

ഒരു പ്രഭാതനക്ഷത്രംപോലെ തെളിഞ്ഞുനിന്നു് ഒളിവീശുന്നതുകാണാം. മാന്നാനത്തുനിന്നടിച്ചിറങ്ങിയ ആരാധനാഗ്രന്ഥങ്ങളും മാസറാണക്കങ്ങളും ജീവചരിത്രങ്ങളും കേരളകത്തോലിക്കരുടെ ആത്മീയജീവിതത്തിന്റെ ആരംഭവും ആലംബവുമായിത്തീന്നുവെന്നുപറയാം. അവ കടന്നുചെല്ലാത്ത ഭവനങ്ങളോ മംഗളകമ്മങ്ങളോ അവക്കുണ്ടായിരുന്നില്ല. ഇന്നും ഉണ്ടായിരിക്കയില്ല. അനേകരെ മോക്ഷമാർഗ്ഗം കാണിച്ചതു് ആ ഗ്രന്ഥങ്ങളാണെന്നു് അതിശയോക്തികൂടാതെ പറയാം. അവരുടെ വിശ്വാസത്തിലും വിജ്ഞാനത്തിലും പ്രതിസന്ധിഘട്ടങ്ങളോ വെല്ലുവിളികളോ ഉണ്ടായപ്പോഴെല്ലാം നേർവഴികാട്ടിക്കൊണ്ടിരുന്നതു് മാന്നാനം പ്രസ്സിൽനിന്നും, അതിന്റെ സന്തതികളോ അനന്തിരവരോ ആയ മററു കമ്മലീത്താ – കത്തോലിക്കാപ്രസ്സുകളിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന പുസ്തകമാസികകളാണു്. ഇന്നിപ്പോഠം അനേകം ആഴ്ചപ്പതിപ്പുകളും അരശ്ശതം മാസികകളും വാർഷികപ്പതിപ്പുകളും കണക്കററ പുസ്തകങ്ങളുമവയിൽനിന്നിറങ്ങുന്നുണ്ടു്. രാഷ്ട്രീയവിപത്തുകളെയും ധാർമ്മിക പ്രതിസന്ധികളെയും യഥാസമയം ചൂണ്ടിക്കാട്ടി ജനങ്ങളെ സുസജ്ജരാക്കുന്നതിനും, നിഷേധിക്കപ്പെടുന്ന നീതിക്കായി മുറവിളികൂട്ടുന്നതിനും കത്തോലിക്കർ തന്നെ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങഠം ഒന്നിലേറെയുണ്ടു്. എന്നാൽ മന്നാനത്തു നിന്നിറങ്ങിയ നസ്രാണിദീപികയ്ക്കും കമ്മലകസുമത്തിനുമാണു് ഇവയുടെയെല്ലാം മാതൃത്വവും നേതൃത്വവുമെന്ന വസ്തുത വിസ്മരിച്ചുകൂടാ.

പുതിയൊരു മാനവസമുദായത്തെ രൂപപ്പെടുത്തുന്നതിലും, വ്യക്തിസ്വാതന്ത്ര്യവും ലോകസമാധാനവും സാർവ്വലൗകിക സാഹോദര്യവും സംരക്ഷിക്കുന്നതിലും പ്രസിദ്ധീകരണങ്ങഠംക്കുള്ള പ്രഥമഗണനീയമായ പങ്കു് തിരുസ്സഭ ഇന്നു് സമ്മതിക്കുന്നുണ്ടു്. രണ്ടാംവത്തിക്കാൻ കൗൺസിൽ അതു് എടുത്തുപറയുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇതൊന്നുമല്ലല്ലോ ചാവറയച്ചന്റെ കാലത്തെ സ്ഥിതി? സാർവത്രികസഭയുടെ ഇന്നത്തെ വിശ്വദർശനത്തിന്റെ ഒരു സ്ഫുലിംഗം അന്നുതന്നെ വിനീതനായ ആ സന്ന്യാസിയുടെ മസ്തിഷ്കത്തിൽ പാറിവീണിരുന്നുവെന്നുള്ളതു വിസ്മയാവഹംതന്നെ.

## പള്ളിയും പള്ളിക്കൂടവും

ചാവറയച്ചൻ മുദ്രണാലയരംഗത്തു് നിർവ്വഹിച്ച ഈ പ്രവാചകസദൃശമായ സേവനത്തിനു തുല്യമായി മറെറാന്നു പറയാനുണ്ടെങ്കിൽ അതു വിദ്യാഭ്യാസരംഗത്തു് അദ്ദേഹംതന്നെ നൽകിയിട്ടുള്ള സംഭാവനകളാണു്. അകത്തോലിക്കാമിഷനറിമാർ ആ രംഗത്തു് അതിനുമുമ്പുതന്നെ പ്രവത്തനമാരംഭിച്ചിരുന്നു. എന്നാൽ അവരുടെ സ്കൂളുകളിൽ പോകുന്നതും ഇംഗ്ലീഷു പഠിക്കുന്നതും ആത്മനാശകരമാണെന്നുകരുതി കത്തോലിക്കർ അതിൽ

നിന്നു വിട്ടുനില്ക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ കത്തോലിക്കരുടെ വിദ്യാഭ്യാസത്തിനുവേണ്ടി കാര്യക്ഷമമായി എന്തെങ്കിലും ചെയ്യേ മതിയാവൂ എന്നു ചാവറയച്ചനുതോന്നി. അതിന്റെ ഫലമാണ് 1846-ൽ അദ്ദേഹം മാന്നാനത്ത് സമാരംഭിച്ച സംസ്കൃതവിദ്യാലയം. ഭാരതീയ സംസ്കാരപാരമ്പര്യങ്ങളോട് അന്നദ്ദേഹം പ്രദർശിപ്പിച്ച പ്രതിപത്തിയും ആഭിമുഖ്യവും ഭാരതവൽക്കരണത്തിന്റെ ഈ ദശാസന്ധിയിൽപോലും നമുക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണു പരമാർത്ഥം. സംസ്കൃത ഭാഷാഭ്യസനത്തിൽ കത്തോലിക്കർ ഇന്നും പ്രായേണ വിമുഖരാണ്. എന്നാൽ ഇംഗ്ലീഷുഭാഷാഭ്യസനത്തിൽ ഇന്ന് അവർക്കു വൈമുഖ്യം തെല്ലുമില്ല. അതും ചാവറയച്ചന്റെ പ്രവർത്തനഫലമായുണ്ടായ ഒരു നേട്ടമാണ്. 1865-ൽ അദ്ദേഹം വികാരിജനറാളായിരുന്ന കാലത്ത് ഇടവകകൾതോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും അല്ലാത്തപക്ഷം പള്ളിമുടക്കു കല്പിക്കുമെന്നും ഒരു സർക്കുലർ അദ്ദേഹം പുറപ്പെടുവിക്കുകയുണ്ടായി. അങ്ങനെ പള്ളിക്കൂടം പള്ളിയുടെ ആവശ്യാനുബന്ധമായിത്തീർന്നു. കേരളകത്തോലിക്കർ അതിവേഗം ആധുനിക വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ ആസ്വദിക്കുവാനും പ്രാപ്തരായി. അദ്ദേഹത്തിന്റെ സന്ന്യാസസഭാംഗങ്ങൾ ഇന്നും ഈ ദൗത്യം ശിരസാവഹിക്കുന്നുണ്ട്. വിദ്യാഭ്യാസപ്രവർത്തനം അവരുടെ മുഖ്യ കർമ്മസരണികളിലൊന്നാണ്. എട്ടു കോളെജുകളും അനവധി ഹൈസ്കൂളുകളും പ്രൈമറിസ്കൂളുകളും ടെക്നിക്കൽ സ്കൂളുകളും ഇന്നവർ നടത്തിപ്പോരുന്നുണ്ട്. നമ്മുടെ വകയായ ആദ്യത്തെ ഇംഗ്ലീഷുസ്കൂൾ 1881-ൽ മാന്നാനത്തു സ്ഥാപിച്ചതാണ്.

എന്നാൽ വൈജ്ഞാനികാഭിവൃദ്ധി ആദ്ധ്യാത്മിക പുരോഗതിയുടെ പ്രാരംഭം മാത്രമായിരിക്കണമെന്നു നിഷ്ഠയുണ്ടായിരുന്ന ചാവറയച്ചൻ ആത്മീയശിക്ഷണത്തിനു പ്രത്യേകം ചില വ്യവസ്ഥകൾകൂടി ഏർപ്പെടുത്തുകയുണ്ടായി. ''ഓരോ കൊവേന്തക്കാരും അവരുടെ അതിർത്തിയിലുള്ള പള്ളിക്കാരുടെ ആത്മകാര്യങ്ങൾ വിചാരിപ്പാനും, പഠാർത്ഥയാലും കമ്പസാരത്താലും രക്ഷയുടെ വഴികാട്ടി നടത്തുവാനുമായി ഓരോ പള്ളികളിൽ പോകണ''മെന്നുകൂടി അദ്ദേഹം തന്റെ അനുയായികൾക്കു കല്പന നൽകി.

## അധഃകൃതോദ്ധാരണം

ആദ്ധ്യാത്മികവും വൈജ്ഞാനികവുമായ ഈദൃശപ്രവർത്തനങ്ങളുമായി സമുദായത്തിന്റെ ഉപരിതലത്തിൽ വർത്തിക്കാതെ ക്രിസ്തുനാഥന്റെ ഈ ചെറിയ സഹോദരന്മാരുടെയിടയിലേക്കു താണിറങ്ങിച്ചെല്ലേണ്ടതു തന്റെ കർത്തവ്യമാണെന്ന് അദ്ദേഹം കണ്ടറിഞ്ഞു. തൽഫലമായി അദ്ദേഹമാരംഭിച്ച അധഃകൃതോദ്ധാരണ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ മനുഷ്യസേവനാദർശത്തിന്റെ വൈജയന്തിയായി ശോഭിക്കുന്നു. പുലയർ പറയർ തുടങ്ങിയ അധഃകൃതരെ മനുഷ്യരായംഗീകരിക്കാനോ സമഭാവനയോടെ സ്വീകരി

ക്കാനോ മാനസാന്തരപ്പെടുത്തി തങ്ങളുടെ ഗണത്തിൽ ഉൾക്കൊള്ളുവാനോ അക്കാലത്തു് ആഢ്യത്വാഭിമാനികളായ സുറിയാനിക്കാർ ഇഷ്ടപ്പെട്ടിരുന്നില്ല. ചാവറയച്ചൻെറ നേതൃത്വത്തിലാണു് അതിലേക്കു് സംഘടിതമായ ഒരു ശ്രമമാരംഭിച്ചതു്. അധഃകൃതരുടെയിടയിൽ അന്നാരംഭിച്ച വേദപ്രചാരവേലനിമിത്തം ഉണ്ടായിട്ടുള്ള മതപരിവർത്തന പുരോഗതി വിസ്മയാവഹമാണു്.

ഇതിനുംപുറമേ, അവശന്മാരോടും അഗതികളോടുമുള്ള അദ്ദേഹത്തിൻെറ ക്രൈസ്തവോചിതമായ കാരുണ്യത്തിനു തെളിവായി മറെറാന്നു ചൂണ്ടിക്കാണിക്കുവാനുള്ളതു് കൈനകരിയിൽ അദ്ദേഹമാരംഭിച്ച അഗതി മന്ദിരമാകുന്നു. ഇതിൻെറ മേൽനോട്ടത്തിനും അഗതിസേവനത്തിനുമായി നൽമരണ സഹായസഖ്യം എന്നപേരിൽ ഒരു സംഘടനയും അദ്ദേഹം സ്ഥാപിച്ചിരുന്നു. ഇതുകൊണ്ടും തൃപ്തിവരാഞ്ഞു് അധഃകൃതവിഭാഗങ്ങളിൽനിന്നു മതപരിവർത്തനം കൈവരിച്ചവരുടെ കുട്ടികൾക്കായി മാന്നാനംകുന്നിലും ആർപ്പുക്കരക്കുന്നിലും ഓരോ പ്രാഥമിക വിദ്യാലയവും അദ്ദേഹം ആരംഭിച്ചു. മററുസഭകൾ പിന്നീടു് പല അനാഥമന്ദിരങ്ങളും സമാരംഭിക്കയുണ്ടായെങ്കിലും സി. എം. ഐ. സഭ ആ രംഗത്തു് കാര്യമായ പുരോഗതി കൈവരിക്കയുണ്ടായില്ല എന്നുകൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. കുടുംബബന്ധങ്ങൾ ശിഥിലമാകുകയും വൃദ്ധജനങ്ങൾ പ്രായേണ അവഗണിക്കപ്പെടുകയും ചെയ്യുവരുന്ന ഇക്കാലത്തു് ശ്രദ്ധയും സഹതാപവും അടിയന്തിരപ്രവർത്തനവും ആവശ്യമായ ഒരു രംഗമെന്നനിലയിൽ സാധുവൃദ്ധമന്ദിരങ്ങൾ സഭാംഗങ്ങളുടെ വർദ്ധമാനമായ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയാണെന്നും സൂചിപ്പിച്ചുകൊള്ളട്ടെ.

## ആധ്യാത്മിക നവീകരണം

ചാവറയച്ചൻെറ കർമ്മസരണി നിരീക്ഷിക്കുമ്പോൾ, 17-ാം നൂററാണ്ടിൽ തകർച്ചയുടെ വക്കിലെത്തിയ ഫ്രാൻസിലെ കത്തോലിക്കാസഭയെ ഉദ്ധരിക്കുന്നതിനായി വി.വിൻസെൻറ്ഡിപോൾ ആവിഷ്കരിച്ച പദ്ധതികളാണു നമ്മുടെ ഓർമ്മയിൽ വരുന്നതു്. വി. വിൻസെൻറ്ഡിപോൾ ആദ്യമായി ഒരു വൈദികസമൂഹത്തിനു രൂപംനൽകി. അവരുടെ പരിശീലനത്തിൽ ചിട്ടയും ക്രമവും ഉണ്ടാക്കി. സുശിക്ഷിതരായ ഈ വൈദികരുടെ ചെറു സംഘങ്ങളെ ഇടവകതോറും ധ്യാനപ്രസംഗങ്ങൾക്കായി നിയോഗിച്ചു. അവരുടെ നിരന്തര പരിശ്രമഫലമായി ഫ്രാൻസിലെ ഗ്രാമപ്രദേശങ്ങളിൽ ദൈവികമായ ശാന്തിയും ഐശ്വര്യവും പരന്നു. മതപരമായ തീക്ഷ്ണത പുനരാവിർഭവിച്ചു. കേരള കർമ്മലീത്തരിലൂടെ ചാവറയച്ചൻ നടപ്പാക്കിയ പദ്ധതിയും ഇതുതന്നെയായിരുന്നില്ലേ? ഇടവകധ്യാനപരിപാടികളുടെ നൈരന്തര്യംകൊണ്ടു് കർമ്മലീത്താ വൈദികരെ ധ്യാനഗുരുക്കൾ എന്നാണു ജനങ്ങൾ സംബോധന ചെയ്യുപോന്നതു്.

അവരുടെ പ്രവർത്തനഫലമായി മതഭക്തിയും കുടുംബസമാധാനവും കത്തോലിക്കാഭവനങ്ങളിൽ ദൃഢതുഢമായി.

## സാധുജനസേവനം

വി. വിൻസെൻറ്ഡിപോളിനെപ്പോലെ ചാവറയച്ചനും സാധുജന സേവനം തൻെറ ജീവിത വ്രതമായംഗീകരിച്ചു. അദ്ദേഹത്തിൻെറ ചില പ്രവത്തനങ്ങളാണ മുകളിൽ സൂചിപ്പിച്ചതു്. സാധുജനസേവന പ്രവത്ത നങ്ങൾക്കാവശ്യമായ ഫണ്ടുണ്ടാക്കുന്നതിനു് കത്തോലിക്കാ കുടുംബങ്ങൾ വരുമാനത്തിൻെറ നൂററിക്കഞ്ചു വീതം സംഭാവന നൽകണമെന്നും, കുടും ബിനിമാർ ഓരോതവണ അരിവയ്ക്കുമ്പോഴും അതിൽനിന്നു് ഒരുപിടിയരി മാററിവച്ചു് മാസംതോറും ഈ ഫണ്ടിലേക്കു ദാനം ചെയ്യണമെന്നും ചാവറ യച്ചൻ നിർദ്ദേശിച്ചു. സഹോദരസ്നേഹപ്രവത്തനങ്ങളിൽ ഒരോ വ്യക്തി യെയും ഭാഗഭാക്കാക്കുക എന്ന വലിയൊരു ലക്ഷ്യംകൂടി ഇതിൻെറ പിന്നി ലുണ്ടായിരുന്നു. ഇന്നു വിദേശപ്പണം ശേഖരിച്ചുംമററും നടത്തുന്ന സാമൂഹ്യ സേവനത്തിൻെറനേക്കു് നാട്ടുകാരുടെയിടയിൽ വിമർശനപരമായ ഒരന്യ മനോഭാവം വളർന്നുവരുന്നതു് അവക്തിൽ പങ്കാളിത്തമില്ലാഞ്ഞിട്ടുകൂടി യായിരിക്കയില്ലേ?

## ഈശ്വരാനുഭവം

ചാവറ കര്യാക്കോസ് ഏലിയാസച്ചൻെറ ഈ വിപുലവും ദീർഘ വീക്ഷണപരവുമായ പ്രവത്തനങ്ങൾ കാണുമ്പോൾ ഇതിനാവശ്യമായ വെളിച്ചമെല്ലാം അദ്ദേഹത്തിനെവിടെനിന്നു കിട്ടി എന്ന ചോദ്യം ആരും ചോദിച്ചുപോകും. എല്ലാ വെളിച്ചങ്ങളുടെയും ഉറവിടമായ ദൈവത്തിൽ നിന്നു് എന്നാണുത്തരം. ധ്യാനാത്മക ജീവിതം നയിക്കുന്നവർക്കല്ലാതെ കർമ്മമണ്ഡലത്തിൽ മഹത്ക്കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കയില്ല. നാല്പതുരാപകൽ ധ്യാനലീനനായി തൻെറ പിതാവിൽനിന്നും കരുത്താ ർജിച്ചശേഷമാണു് ദൈവപുത്രൻപോലും കർമ്മസരണിയിലേക്കിറങ്ങി യതു്. ശക്തിയുടെ നീരുറവയിൽനിന്നു് ഏകാന്തനിശാധ്യാനങ്ങളിലും പ്രഭാത പ്രദോഷ പ്രാർത്ഥനാകർമ്മങ്ങളിലും നിന്നു് നിരന്തരമാർജ്ജിക്കുന്ന ശക്തിയാണു് പകലന്തിവരെ പ്രശ്നസങ്കലമായ ലോകത്തിനു പകന്നു കൊടുത്തുകൊണ്ടു പതറാതെ മുന്നേറുവാൻ പുണ്യാത്മാക്കളെ പ്രാപ്തരാക്കു ന്നതു്.

നന്മചെയ്യുവാനുള്ള അടങ്ങാത്ത ആവേശം ചാവറയച്ചനു ലഭിച്ചതു് ദൈവവുമായുള്ള ഹൃദയബന്ധത്തിൽനിന്നത്രേ, ''ഈശ്വര സാക്ഷാത്ക്കാര ത്തിനുവേണ്ടി ആത്മാപ്പണംചെയ്ത ഒരു ഭക്തയോഗിയെയും മനുഷ്യനു നന്മ ചെയ്യുവാനുള്ള യജ്ഞത്തിൽ നിത്യം വ്യാപൃതനായിരുന്ന ഒരു കമ്മയോഗി

യെയുമാണ് നാം ദൈവദാസനിൽ കാണുക. വിശുദ്ധ കർബ്ബാനയുടെ മുമ്പിൽ ധ്യാനനിരതനായി ഭക്തിപരവശനായി സ്ഥലകാലവിസ്മൃതി യിലാണ്ട് അശ്രുധാരയിൽ മുങ്ങിനില്ക്കുന്ന ഒരു ഈശ്വരോപാസകനെക്കാ ണുന്ന നാം അടുത്ത നിമിഷത്തിൽ കണ്ടുമുട്ടുന്നത് എല്ലാ നിലകളിലുള്ള വരും എല്ലാതരക്കാരുമായ മനുഷ്യരുടെ മദ്ധ്യേ ബഹുകാര്യവ്യഗ്രനായി നിൽക്കുന്ന ജനസേവകനെയാണ്. ഭക്തിതീക്ഷ്ണത എത്രമാത്രം അദ്ദേ ഹത്തെ ദൈവത്തോടടുപ്പിച്ചുവോ, അത്രകണ്ട് ഉപവിയുടെ ബലിഷ്ഠമായ ശൃംഖലകൾ അദ്ദേഹത്തെ മനുഷ്യനോടു ബന്ധിച്ചിരുന്നു''. (പ്രൊഫ: പി. ററി. തോമസ്, ചാവറ ചരമശതാബ്ദി സ്മാരകം പേജ് 22.)

ചാവറയച്ചന്റെ സേവനാത്മകമായ ജീവിതാദർശങ്ങൾ സംഗ്രഹിച്ചു പറയണമെന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ അപ്രകാരം ചെയ്യുന്നതാണു യുക്തം. ''ഭിക്ഷക്കാർ വെറുംകയ്യോടെ നിന്റെ വീട്ടിൽ നിന്നു പോകാൻ സമ്മതിക്കേണ്ട. വേലക്കാർക്കു ന്യായമായ കൂലികൊടു ക്കാതിരിക്കയോ താമസിപ്പിക്കയോ ചെയ്യരുത്. പാവപ്പെട്ടവരെ നിന്ദി ക്കണ്ടാ, അവരെ ബുദ്ധിമുട്ടിക്കയും വേണ്ട; അന്യന്മാക്ക് വല്ല ഉപകാര വും ചെയ്യാത്തദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.'' (ചാവരുൾ).

5

# ആധുനിക ലോകത്തിന് കർമ്മലയിൽനിന്നൊരു ദീപം

ഫാ. കനീസിയൂസ്, സി.എം.ഐ.

## ഒന്നാം ഭാഗം

## വീക്ഷണവും നിശ്ചയദാർഢ്യവും

ദൈവദാസനായ ചാവറ കര്യാക്കോസ് ഏലിയാസച്ചൻെറ ജീവിതവും പ്രവർത്തനങ്ങളും മഹത്തായ ഒരു വ്യക്തിത്വമാണു നമ്മുടെ മുൻപിൽ അനാവരണം ചെയ്തു കാട്ടുന്നത്. അതാകട്ടെ, സ്വന്തം ദർശനത്താലും നിശ്ചയദാർഢ്യത്താലും നിയന്ത്രിതമായിരുന്നു. ദിവ്യനാഥയെപ്പോലെ ദൈവപരിപാലനയുടെ വിശാലമായ വീക്ഷണകോണിലൂടെയാണ് അദ്ദേഹം എല്ലാം നോക്കിക്കണ്ടിരുന്നത്. ചുററുപാടും ദൃഷ്ടികളയച്ചപ്പോഴും, തന്നെത്തന്നെ ദൈവത്തിൻെറ ഒരു വത്സലബാലനായിക്കാണുവാൻ അദ്ദേഹത്തിനു സാധിച്ചു; അവിടത്തെ സൃഷ്ടിയുടെ അത്ഭുതങ്ങളും തന്നെ വലയം ചെയ്യുന്നതായിട്ടും. തന്നിൽ ദൈവംചെയ്ത മഹത്തായ കാര്യങ്ങൾക്കുള്ള കൃതജ്ഞത, ഏററവും വലിയ വിശ്വസ്തതയോടെയും ആത്മാർത്ഥതയോടെയും അവിടത്തെ തിരുമനസ്സു നിറവേററുന്നതിനുള്ള ശക്തമായ തീരുമാനത്തിൽ തെളിഞ്ഞുകണ്ടു.

### ദൈവികാഹ്വാനം

പള്ളിപ്പുറം സെമിനാരിയുടെ റെക്ടറായിരുന്ന വന്ദ്യനായ ഡോ. തോമസ് പാലയ്ക്കലിൽനിന്നു പത്താം വയസ്സിൽ കര്യാക്കോസിനു തൻെറ ദൈവവിളിയേപ്പററി സൂചന ലഭിച്ചു. ബാലൻ അതിന് ഉടനെ പ്രത്യുത്ത

ഇംഗ്ലീഷിൽ രചിച്ച ഈ പ്രബന്ധം വിവർത്തനം ചെയ്തതു ഫാ. ചെറിയാൻ കനിയന്തോടത്താണ്.

രം നൽകി, ഏതെല്ലാം ഭാഗധേയങ്ങളുണ്ടായാലും അവയെല്ലാം നിരാകരിക്കുന്നതിനു ശക്തമായ തീരുമാനത്തോടെ. സ്വന്തം പിതാവിൻെറയും മാതാവിൻെറയും ഏക സഹോദരൻെറയും പിന്നാലെപ്പിന്നാലെയുള്ള മരണം എത്ര ദാരുണമായ സ്ഥിതിവിശേഷമാണുളവാക്കിയതെന്നു ചിന്തിക്കുക. എന്നല്ല, വംശം നാമാവശേഷമാകാനുള്ള സ്ഥിതിയും! എന്നിട്ടും ബാലൻ തൻെറ പൗരോഹിത്യാഹ്വാനത്തോടു വിശ്വസ്തത പുലർത്തി, ഏററവുമടുത്ത ബന്ധുക്കൾക്കായി കുടുംബകാര്യങ്ങൾ വിട്ടുകൊടുത്തുകൊണ്ടു്.

തൻെറ റെക്ടറും ആധ്യാത്മിക നിയന്താവുമായിത്തീർന്ന ഡോ. പാലയ്ക്കലിൽനിന്നു മറെറാരു ദൈവികാഹ്വാനത്തിൻെറ സൂചനകൂടി അദ്ദേഹത്തിനു ലഭിച്ചു. പൗരോഹിത്യത്തിൻെറ പടിവാതില്ക്കലെത്തിയപ്പോഴാണു് ആ സൂചന ലഭിച്ചതു്. ഭാരതത്തിൻെറ മണ്ണിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസകുടുംബത്തിൻെറ–അമലോത്ഭവമാതാവിൻെറ കർമ്മലസഭയുടെ–സഹസ്ഥാപകനും ഒരു സന്ന്യാസവൈദികനുമാകാനുള്ള ക്ഷണമായിരുന്നു അതു്; ഡോ. തോമസ് പാലയ്ക്കൽ, ഡോ. തോമസ് പോരൂക്കര എന്നിവരോടൊപ്പം. ദൈവത്തോടു് ഔദാര്യപൂർവ്വം അടുക്കാൻ ശ്രമിക്കുന്നതിനുള്ള നിശ്ചയദാർഢ്യമാണെന്നു പറയാം ഈ പ്രതിസമ്മാനവും വെല്ലുവിളിയും ചാവറയച്ചനു തീർച്ചയായും നേടിക്കൊടുത്തതു്. ''നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, നീ നന്നായിച്ചെയ്തിരിക്കുന്നു''!

## സുദൃഢമായ പ്രത്യുത്തരം

ബ്രദർ കുര്യാക്കോസ് ദൈവികാഹ്വാനങ്ങളെ ഗൗരവപൂർവ്വമാണെടുത്തതു്. ദൈവഹിതം നിറവേററുന്നതിനു തന്നിലുള്ള ഏററവും മികച്ചതും ഏററവുമധികമുള്ളതുമായതെല്ലാം അദ്ദേഹം സമർപ്പിച്ചിരുന്നുവെന്നു് ആ ജീവിതത്തിൻെറ ദ്രുതഗതിയിലുള്ള ഒരു പഠനംപോലും തെളിയിക്കാതിരിക്കില്ല. സെമിനാരിയിലെ ഒരു നിയമംപോലും, എത്ര നിസ്സാരമായാൽപ്പോലും, ലംഘിക്കുവാൻ അദ്ദേഹം തയ്യാറായിട്ടില്ല. സഹപാഠികൾ അക്കാര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിച്ചിരുന്നു. പ്രകാശപൂർണ്ണമായ ഒരു ദീപംപോലെ ആ മാതൃക അവരുടെ മുമ്പിൽ തെളിഞ്ഞു നിന്നിരുന്നു.

അഗ്നിമനുഷ്യനാകാനെന്നതുപോലെയായിരുന്നു ബ്രദർ കുര്യാക്കോസിൻെറ ഭാവിജീവിതത്തിനുള്ള തയ്യാറെടുപ്പ്–പ്രസംഗവേദിയിൽ ഒരു സിംഹമാകുകതന്നെ! അതാകട്ടെ, എല്ലാ ഹൃദയങ്ങളും പാപങ്ങളെയോർത്തു മനസ്തപിക്കുവാൻവേണ്ടി. ക്രിസ്തുനാഥൻെറയും അവിടത്തെ മുൻഗാമിയുടെയും പ്രഥമസന്ദേശം അതായിരുന്നല്ലോ—''അനുതപിക്കുവിൻ''.

## പ്രവർത്തനരംഗത്ത്

പൗരോഹിത്യസ്വീകരണാനന്തരം ആദ്യമായി നടത്തിയ ധ്യാനപ്രസംഗം പുളിങ്കുന്ന പള്ളിയിലായിരുന്നു. അഗ്നിമനുഷ്യനും പ്രസംഗപീഠത്തിലെ സിംഹവുമാണ് ചാവറയച്ചനെന്ന് അതു തെളിയിച്ചു. ആത്മാർത്ഥമായി ക്രിസ്തീയജീവനിൽ നവീകരണം അഗ്രഹിച്ച ജനങ്ങൾ, തങ്ങളെ നയിക്കാനുള്ള യഥാർത്ഥവ്യക്തിയെ അദ്ദേഹത്തിൽ കണ്ടെത്തി. എല്ലായിടങ്ങളിൽ നിന്നും ക്ഷണം ലഭിച്ചു; അദ്ദേഹം പ്രത്യുത്തരിച്ചു. കേരളത്തിലെ ദേവാലയങ്ങളിൽ അങ്ങോളമിങ്ങോളം അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ ധ്വനികൾ അലയടിച്ചു.

## ജനങ്ങളുടെ അഭിലാഷം

ജനങ്ങളുമായി അടുത്തിടപഴകിയതോടെ, അവരുടെ ആധ്യാത്മികാവശ്യങ്ങൾ മനസ്സിലായതോടെ, ആധ്യാത്മികതലത്തിൽ ജനങ്ങളുടെ അഭിലാഷങ്ങളുടെ വ്യത്യസ്തമുഖങ്ങൾ ഏദിസ്ഥമാക്കി. പ്രാർത്ഥനാജീവിതത്തിനുപകരിക്കുന്ന പുസ്തകങ്ങൾ വിതരണം ചെയ്യുക ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. എഴുതാനും വായിക്കാനും സഹായിക്കുംവിധം വിദ്യാഭ്യാസകാര്യത്തിലും ശ്രദ്ധിക്കേണ്ടതുണ്ടെന്നും കണ്ടു. ദിവ്യനാഥൻെറ രക്തത്താൽ രക്ഷിക്കപ്പെട്ട കുഞ്ഞാടുകളുടെ ആധ്യാത്മികപോഷണത്തിനായി അദ്ദേഹം പ്രവർത്തിച്ചു. മാന്നാനത്തു സ്ഥാപിച്ച മുദ്രണാലയം അവയിലൊന്നു മാത്രമാണ്. ഇടവകപ്പള്ളിയോടനുബന്ധിച്ച വിദ്യാലയങ്ങളാരംഭിക്കാനും മുൻകൈയെടുത്തു ചാവറയച്ചൻ.

## പുരോഹിത പരിശീലനം

തന്നെപ്പോലെ ധ്യാനപ്രസംഗം നടത്തുന്നവരുണ്ടാകുക അന്ന് ആവശ്യമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. സന്ന്യാസികളെയും ശ്രുപതാ വൈദികരെയും ആ തലത്തിൽ പരിശീലിപ്പിക്കാൻ അദ്ദേഹം മുന്നോട്ടു വന്നു. മാന്നാനത്ത് ഡോ. തോമസ് പാലയ്ക്കൽ, ഡോ. തോമസ് പോരുക്കര എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന വൈദിക സെമിനാരിക്ക് അനുബന്ധമായി വേറെയും സെമിനാരികൾ അദ്ദേഹം തുടങ്ങിവച്ചു. വർഷം മുഴുവൻ ഉപയോഗിക്കത്തക്കവിധത്തിൽ വൈദികർക്കുവേണ്ടി ഒരു പ്രാർത്ഥനാപ്പുസ്തകം അദ്ദേഹം തയ്യാറാക്കി. കർബാനപ്പുസ്തകത്തിനുവേണ്ടത്രേ വിശദീകരണങ്ങൾ എഴുതിയുണ്ടാക്കി. സഭയുടെ സപ്പീരിയർ ജനറാൾ എന്ന ഭാരിച്ച ജോലി നോക്കുമ്പോഴാണ് ഇതെല്ലാം അദ്ദേഹം ചെയ്തതെന്നോർക്കണം. ശ്രുപതയുടെ വികാരി ജെനറാളുമായിരുന്നല്ലോ അദ്ദേഹം. കർത്താവിനു സ്വീകാര്യരും പരിശുദ്ധരുമായ ജനങ്ങളെ തയ്യാറാക്കുന്നതിൽ അദ്ദേഹം എപ്പോഴും പ്രവർത്തനനിരതനായിരുന്നു.

## സ്ത്രീകൾക്കായി പ്രത്യേക മാർഗ്ഗരേഖ

കർമ്മലമാതാവിന്റെ നാമത്തിൽ സ്ത്രീകൾക്കായി സ്ഥാപിച്ച സഭ ചാവറയച്ചന്റെ ക്രാന്തദർശിത്വത്തിനു നിദർശനമായി നിലകൊള്ളുന്നു. കേരളത്തിലെ സ്ത്രീജനങ്ങൾക്കു സന്ന്യാസജീവിതത്തിന്റെ സാദ്ധ്യതയോടൊപ്പം അവർക്കു വിദ്യാഭ്യാസവും ക്രിസ്തീയ രൂപവത്ക്കരണവും അദ്ദേഹം ലഭ്യമാക്കി.

## ഒരേയൊരു മാർഗ്ഗം, തുടർന്നുള്ള സംശയവും

ചാവറയച്ചൻ ലത്തീൻ റീത്തിലെ തിരുക്കർമ്മങ്ങൾ സീറോ മലബാർ റീത്തിനുവേണ്ടി സുറിയാനി ഭാഷയിലേയ്ക്കു വിവർത്തനംചെയ്തു. കേരള സഭയിൽ, ലത്തീൻ റീത്തിലെ പ്രത്യേക ഭക്തികർമ്മങ്ങൾ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം പിന്നിലായിരുന്നില്ല. കലർപ്പില്ലാത്ത റീത്തിനുവേണ്ടി വാദിക്കുന്നവർക്ക് ഇക്കാര്യത്തിൽ തന്നെപ്പററി സംശയം തോന്നുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. പക്ഷേ, ആ സാഹചര്യത്തിൽ ഇതേ മാർഗ്ഗമുണ്ടായിരുന്നുള്ളു. സീറോ മലബാർ സഭയിലെ വൈദികരും അല്മായരും ആദ്ധ്യാത്മികജീവിതത്തിൽ വളരണമെങ്കിൽ അതു് ആവശ്യമായിരുന്നു.

തന്റെ അടുത്ത അധികാരികൾ സുറിയാനി കർമ്മാനുഷ്ഠാനങ്ങൾ അതേപോലെ അംഗീകരിക്കയില്ലെന്ന് അദ്ദേഹത്തിനു തീർച്ചയായിരുന്നു. അംഗീകാരത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തിയാൽ അതു് ഒരു പക്ഷേ, ഒരു പ്രക്ഷോഭണത്തിനുതന്നെ കാരണമായിത്തീർന്നെന്നുംവരാം. അതിന്റെ ഫലമോ ദൂരവ്യാപകമാണുതാനും. കേരള സഭയിൽ, കലക്കവെള്ളത്തിൽ മീൻപിടിക്കുക എളുപ്പമായിരിക്കുന്നതുപോലെ, പ്രശ്നങ്ങളുടെ നൂലാമാലകൾ കണ്ടു് കൽദായ പാത്രിയർക്കീസ് അവ തനിക്കനുകൂലമായി ഉപയുക്തമാക്കിത്തീർത്തെന്നുംവരാം.

ഇങ്ങനെയൊക്കെയാണെങ്കിലും, ദൈവപരിപാലനയിൽ, അനുകൂലമായ സാഹചര്യത്തിൽ, സഭാധികാരത്തിന്റെയും റീത്തിന്റെയും പുനഃപ്രതിഷ്ഠാപനത്തിനുള്ള സമാധാനപരമായ സാധ്യതയെപ്പററി ചാവറയച്ചൻ ശുഭാപ്തിവിശ്വാസം പുലർത്തി. അപ്രകാരമുള്ള സമാധാനപരമായ പുനഃപ്രതിഷ്ഠാപനത്തെക്കുറിച്ചു തനിക്കുള്ള അഭിപ്രായം അദ്ദേഹം അധികൃതരെ അറിയിച്ചു.[1] അപ്രകാരം ചെയ്യുന്നതുകൊണ്ടു തന്റെ അടുത്ത അധികാരികളുടെ സംശയം ക്ഷണിച്ചുവരുത്തുകയാണെന്നും ഓർക്കാതിരുന്നില്ല. എന്നാൽ ദൈവപരിപാലനയെപ്പററിയുള്ള അദ്ദേഹത്തിന്റെ വീക്ഷണവും അതിനോടു വിശ്വസ്തത പുലർത്തുവാനുള്ള നിശ്ചയദാർഢ്യവും, സംശയത്തിന്റെ സാധ്യതകളിൽപോലും, സഭയുടെ മഹത്വത്തിനായി പ്രവർത്തിക്കുന്നതിൽനിന്നു അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല.

## ശരിയെന്നു ചരിത്രം തെളിയിക്കുന്നു

ചാവറയച്ചന്റെ നിഗമനങ്ങൾ എത്ര ശരിയായിരുന്നെന്ന ചരിത്രം തെളിയിച്ചിട്ടുണ്ട്. അക്കാലത്ത്, കൽദായസഭയ്ക്കുള്ളിൽനിന്ന്, സന്നിധാവസ്ഥ സൃഷ്ടിച്ച്, കലക്കവെള്ളത്തിൽ മീൻപിടിക്കാനുള്ള ഒരു സുനിശ്ചിതമായ തീരുമാനം ഉണ്ടായിട്ടുണ്ട്. റോക്കോസിന്റെ നുഴഞ്ഞുകയററവും പെട്ടെന്ന് അദ്ദേഹം നേടിയ വിജയവും പൂർണ്ണമായ നാശത്തിൽ കലാശിക്കുമായിരുന്ന, അമാനുഷികമായ സ്ഥൈര്യത്തോടെ ദൈവദാസൻ മുന്നോട്ടുവന്ന സഭാനേതൃത്വം ഏറെറടുത്തു പരിപൂർണ്ണ വിജയത്തിലേക്കു നയിച്ചില്ലായിരുന്നെങ്കിൽ. വിജയത്തിന്റെ നിമിഷത്തിൽ ചാവറയച്ചൻ, യഥാർത്ഥ ദൈവദാസനെപ്പോലെ, ''തകന്ന മുളന്തണ്ടു''പോലായ റോക്കോസിനെ നാമാവശേഷമാക്കുകയോ ''കരിന്തിരി''പോലായ തൊണ്ടനാടനെ നിർമ്മൂലമാക്കുകയോ ചെയ്തില്ല എന്നും നമുക്കറിയാം.

ചാവറയച്ചന്റെ മരണശേഷമാണ്, തിരുസിംഹാസനത്തിന് അദ്ദേഹം നൽകിയ നിർദ്ദേശങ്ങൾ സ്വീകൃതമാകേണ്ടതായിരുന്നുവെന്ന മനസ്സിലായിത്തുടങ്ങിയത്. (1889-ൽ സീറോ മലബാർ സഭയ്ക്ക് ഒരു പ്രത്യേക മെത്രാനെ നിയമിക്കുക, ക്രമേണ വ്യത്യസ്തമായ ഒരു സഭാധികാരക്രമം രൂപവത്ക്കരിക്കുക, അതോടെ പൂർണ്ണമായ ആരാധനക്രമം വീണ്ടും നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ചെയ്യുക എന്നിവയായിരുന്നു അവ).

## ദാസസംഘവും ററി.ഒ.സി.ഡി. യും

അന്നത്തെ സഭാധികാരികളുടെ നിർദ്ദേശമനുസരിച്ച്, ''അമലോത്ഭവ മറിയത്തിന്റെ ദാസസംഘം'' എന്ന നാമം ഉപേക്ഷിച്ച് ''ററി. ഒ. സി. ഡി.'' എന്ന നാമം ചാവറയച്ചൻ സ്വീകരിച്ചതു് യാതൊരു ചാഞ്ചല്യവും കൂടാതെയാണ്. ദൈവപരിപാലനയോടുള്ള അദ്ദേഹത്തിന്റെ വിധേയത്വത്തിനു നിദർശനമാണിതു്. സ്വന്തം അഭിപ്രായഗതിക്കു കടക വിരുദ്ധമാണെന്നറിഞ്ഞിട്ടും അദ്ദേഹം ആ നിലപാടു സ്വീകരിച്ചതിൽ നിന്ന്, ദൈവകരം അതിൽ അദ്ദേഹം കണ്ടുവെന്നു തീർത്തുപറയാം. അതിൽ ആഹ്ളാദം പ്രകടിപ്പിച്ച്, നാം കർമ്മെലീത്തരാണെന്ന് അദ്ദേഹം തീർത്തും സമ്മതിക്കുന്നതായും നാം മനസ്സിലാക്കുന്നു[2].

രണ്ടാം ഭാഗം

# അടിയുറച്ച പ്രാർത്ഥന

സഭയിലെ പ്രാത്ഥനാനേതൃത്വം, വ്യക്തമായും, പ്രത്യേകമായ കർമ്മെലീത്താ അരൂപിയുടേതാണ്. കർമ്മെലയിലെ ഏലിയാനിവ്യ പരിപൂർണ്ണ ധ്യാനത്തിൽ നിമഗ്നനായിരുന്നു. തൻെറ ശിഷ്യന്മാക്ക് അദ്ദേഹം അതേ രീതിയിലുള്ള പ്രാത്ഥനയ്ക്കു നേതൃത്വം നല്കി. ''പ്രവാചകരുടെ മക്കാം'' എന്ന പേരിനു് ആ ശിഷ്യന്മാർ അർഹരായിത്തീരുകയും ചെയ്തു. കർമ്മലയിലെ തേജോഗോളങ്ങളായ ആവിലായിലെ വി. അമ്മത്രേസ്യയും കരിശിൻെറ വി. യോഹന്നാനും തികഞ്ഞ മിസ്റ്റിക്കുകളായിരുന്നു. യോഗാത്മകപ്രാത്ഥനയുടെ തലത്തിൽ കർമ്മെലയിൽ മാത്രമല്ല സാർവത്രിക സഭയിലും അവർ അംഗീകാരം നേടിയിട്ടുണ്ടല്ലോ. മിസ്റ്റിസിസത്തിൻെറ സുപ്രധാന ഘട്ടമായ 16–ാം നൂററാണ്ടു മുതൽ ഇന്നുവരെ ഈ രംഗത്തു് ഇവർതന്നെയാണു വഴികാട്ടികാം. കൊച്ചാത്മാക്കാംക്കു സ്വീകാര്യമായ പ്രാത്ഥനാരീതി ആഗ്രഹിക്കുന്ന ആധുനികലോകം, വി. കൊച്ചുത്രേസ്യയുടെ സ്വയംകൃത ചരിതത്തിലൂടെ ശരിക്കും ഒരു വഴികാട്ടിയെ കണ്ടെത്തിയിരിക്കുന്നു.[3]

## ആധുനികയുഗത്തിൻെറ രോഗാതുരത

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ, പാപബോധം നഷ്ടപ്പെട്ടതാണു ആധുനിക യുഗത്തിൻെറ ഏററവും വലിയ വ്യാധിയെന്നു ചൂണ്ടിക്കാട്ടുകയുണ്ടായി. അടുത്തടുത്തുള്ള കമ്പസാരം നിരുത്സാഹപ്പെടുത്തുകയാണു ദേവാലയത്തിലെ പ്രസംഗവേദികാം എന്നുപോലും അദ്ദേഹത്തിനു ഖേദപൂർവം പറയേണ്ടിവന്നു. ക്രിസ്തീയ മനഃസാക്ഷിയുടെ കാവൽ ഭടന്മാരെന്നറിയപ്പെടുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെയും ആറാം പോാം മാർപ്പാപ്പയുടെയും[4] ആവർത്തിച്ചുള്ള പ്രബോധനങ്ങാം ശ്രവിക്കാതെ ഇന്നത്തെ ജനങ്ങാം ''സ്വന്തം മനഃസാക്ഷി''യിൽ നിലയുറപ്പിച്ചിരിക്കുകയാണെന്നു തോന്നുന്നു. ''സാഹചര്യധമ്മശാസ്ത്രം'' ഇന്നിൻെറ ഫാഷനായിത്തീന്നിട്ടുണ്ടു്. ഫലമോ? കൃത്രിമ ജനന നിയന്ത്രണത്തിനു വാതിൽ തുറന്നിട്ടിരിക്കുന്നു; രജിസ്റ്റർ വിവാഹം, വിവാഹ മോചനം, ഗർഭഛിദ്രം, ദയാവധം തുടങ്ങിയവയ്ക്കും. നൈയാമിക സുരക്ഷിതത്വം നല്കി ചില രാജ്യങ്ങാം ഈ തിന്മകളെ ശുപാർശപോലും ചെയ്യുന്നു![5]

സഭ തൻെറ മക്കാംക്കു് ഈ സന്ദിഗ്ദ്ധ യുഗത്തിൽ എങ്ങനെയാണു നേതൃത്വം നല്കേണ്ടതു്? ചാവറയച്ചൻെറ ''ആത്മാനുതാപ''വും ''ധ്യാനസല്ലാപങ്ങ''ളും പോലുള്ള കൃതികളാവും പ്രതിവിധി. ആത്മാനുതാപത്തിൻെറ പ്രാത്ഥനതന്നെ.

## "ആത്മാനുതാപ"ത്തിലെ പ്രാർത്ഥന

ദൈവത്തിൽനിന്ന് ആത്മാവിനു ലഭിക്കുന്ന ശക്തവും ആന്തരികവു മായ പ്രകാശത്തോടുകൂടിയാണ് ഈ പ്രാർത്ഥനയാരംഭിക്കുന്നത്. ആത്മാ വാകട്ടെ, ഗൗരവപൂർവ്വം പ്രാർത്ഥനയ്ക്കു തന്നെത്തന്നെ കൈയാളിക്കേണ്ടിയി രിക്കുന്നു. ആത്മാവിന്റെ അഗാധതകളിലേക്ക് കടന്നു ചെന്ന് അവിടെ യുള്ള പാപത്തിന്റെ നിഴലുകൾപോലും അതു വെളിച്ചത്തു കൊണ്ടുവരുന്നു. ദൈവത്തിന്റെ ഏററവും ശ്രേഷ്ഠമായ, കറയില്ലാത്ത വിശുദ്ധിയുടെ പവിത്രതയ്ക്കു മുൻപിൽ, ഈ വെളിച്ചത്തിൽ, ആത്മാവു തന്റെ നീചതയെ പ്പററി ബോധവതിയാകുന്നു; തുളച്ചുകയറുന്ന ഈ പ്രകാശത്തിൽ ആവില യിലെ വി. ത്രേസ്യ തന്റെ ആത്മാവിന്റെ സ്ഥിതി മനസ്സിലാക്കി, സമനില തെററിയതുപോലെയായി. ദാരുണമായ തന്റെ ആത്മചിത്രം അവളെ പര്യാകുലയാക്കിയപ്പോൾ, പ്രാർത്ഥനതന്നെ പൂർണ്ണമായി ഉപേക്ഷി ച്ചെങ്കിലോയെന്ന് അവൾക്കു തോന്നിപ്പോയി. അതേസമയം അവളുടെ ആദ്ധ്യാത്മിക പിതാവു് പ്രാർത്ഥന തുടരുവാനും മുന്നോട്ടു പോകാനും ഉപ ദേശിച്ചു. താമസിയാതെ ത്രേസ്യയ്ക്കു തന്റെ ആത്മാവിൽ രക്ഷാകരങ്ങ ളായ വ്യതിയാനങ്ങളുടെ ഒരു പരമ്പരതന്നെ ദർശിക്കുവാൻ സാധിച്ചു. പിന്നീട് അവൾ ചൂണ്ടിക്കാട്ടിയതുപോലെ, ഇവ അടിസ്ഥാനപരങ്ങളായ ഉപാധികളാണെന്ന് അവൾക്കു വ്യക്തമായി. പ്രാർത്ഥനയുടെ എല്ലാ പടവുകളിലും, ഏററവും ഉന്നതമായ സോപാനത്തിലും (രൂപാന്തര കരണൈക്യത്തിലും) നിലനില്ക്കുവാൻ ഇവ ആവശ്യമാണെന്നവൾ കണ്ടു.

## പാപങ്ങളെയോർത്തുള്ള ദുഃഖം

അനുധ്യാനകലയിൽ വി. ത്രേസ്യയെയാണു ചാവറയച്ചൻ അമ്മയു അധ്യാപികയുമായി തിരഞ്ഞെടുത്തതു്. സമാനമായ അനുഭവം അദ്ദേഹ ത്തിനുമുണ്ടായി. വി. ത്രേസ്യയുടെ അനുഭവങ്ങൾ അദ്ദേഹത്തിനു കൂടുതൽ സഹായകമായെന്നുമാത്രം. അതുകൊണ്ട് പ്രാർത്ഥനയുടെ ഈ തലത്തിൽ നിന്ന് ഓടിയൊളിക്കാതെ, അതിൽത്തന്നെ പിടിച്ചുനില്ക്കാൻ അദ്ദേഹ നിശ്ചയിച്ചു. അതു പുറപ്പെടുവിക്കുന്ന രക്ഷാകര ഫലങ്ങൾ ഇവയാണ് പാപത്തെക്കുറിച്ചുള്ള ദുഖം; അതാകട്ടെ എളിമയുടെ ഉറവിടമാണ് ദൈവത്തോടുള്ള അഗാധമായ കൃതജ്ഞതയും വീരോചിതമായ വിശ്വ തയും ദൈവസേവനത്തിൽ വർദ്ധമാനമാകുന്ന ഔദാര്യവും തുടർന്നു സംഭവി ക്കുന്നു. ദൈവത്തിന്റെ സവിശേഷ സ്നേഹവിഷയമായ തന്നെപ്പററി ത്തന്നെ ധ്യാനിച്ചു ദൈവദാസൻ ആത്മാനുതാപം വളർത്തിയെടുത്തു. ഒപ്പ ദിവ്യനാഥന്റെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും ജീവിത സ ഭവരംഗങ്ങൾ ധ്യാനവിഷയമാക്കുകയും ചെയ്തു. ഈ വിചിന്തനങ്ങളുടെയു ധ്യാനങ്ങളുടെയും സമയത്തുള്ള സംഭാഷണങ്ങളാണ് "ആത്മാനുതാപം' എന്ന കൃതിയിൽ നിറഞ്ഞു തുളുമ്പുന്നതു്.

## എളിമയും കൃതജ്ഞതയും

പാപങ്ങളോത്തുള്ള ദുഃഖം ചാവറയച്ചനെ അഗാധമായ എളിമയിൽ അടിയുറപ്പിച്ചു. പ്രത്യേകിച്ചും തന്റെ പ്രാർത്ഥനയുടെ വിഷയം അതിൽ കേന്ദ്രീകരിച്ചപ്പോഠം. അതാകട്ടെ, ''ദാസനെ തൃക്കൺപാർക്കുകയും വലിയ കാര്യങ്ങഠം ചെയ്യുകയും ചെയ്ത'' അത്യുന്നതനായ ദൈവത്തിന്റെ നേരെ പൂർണ്ണമായ കൃതജ്ഞതയ്ക്കു വഴിയൊരുക്കി. കാരണം, അവിടന്നാണ ''പാവങ്ങളെ പൂഴിയിൽ നിന്നുയർത്തുകയും നിസ്സഹായരെ ചാരക്കുനയിൽ നിന്നു നീക്കി അവിടത്തെ ജനങ്ങളുടെ രാജകുമാരന്റെയടുത്തു് ഇരുത്തുകയും'' ചെയ്യുന്നതു് (സങ്കീ. 133: 7-8).

## വിശ്വസ്തതയും ഔദാര്യവും

നിറഞ്ഞു കവിയുന്ന കൃതജ്ഞത ദൈവഹിതം പൂർണ്ണമായി നിറവേററുന്നതിനുള്ള വീരോചിതമായ വിശ്വസ്തതയിലേക്കും കലവറയില്ലാത്ത ഔദാര്യത്തിലേക്കും ചാവറയച്ചനെ നയിച്ചു. വാസ്തവത്തിൽ, മുകളിൽ സൂചിപ്പിച്ചതെല്ലാം നിറവേററുമ്പോഴും, ചാവറയച്ചനെസ്സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട നിയമം ദൈവികാഹ്വാനത്തിനുള്ള പ്രത്യുത്തരമായിരുന്നു. (ഇതേപ്പററി മുകളിൽ പറഞ്ഞിട്ടുള്ളതെല്ലാം നോക്കുക.)

## സഹനത്തിന്റെ പരിപ്രേക്ഷ്യം

ആത്മാനുതാപ പ്രാർത്ഥനയിലൂടെ ആത്മാവിനു് സഹനത്തിന്റെ അർത്ഥത്തെപ്പററി അഗാധമായ അവബോധം ലഭിക്കുന്നു. സഹനങ്ങഠം, അവ എവിടെ നിന്നുമാകാം; പ്രകൃതിയിൽനിന്നോ സ്വന്തം സഹോദരങ്ങളിൽനിന്നോ തെററിദ്ധാരണകഠം, എളിമപ്പെടുത്തലുകഠം, മനസ്സിലാക്കാൻ സാധ്യമല്ലാത്ത നിസ്സഹായാവസ്ഥ എന്നിവയിൽനിന്നോ ആവാം. എവിടെനിന്നായാലും, ദൈവവുമായുള്ള ഐക്യത്തിനും ശ്രേഷ്ഠമായ പരിശുദ്ധിക്കും കളങ്കങ്ങളിൽനിന്നെല്ലാം ആത്മാവിനെ പവിത്രമാക്കുന്ന, രക്ഷാകരമായ അഗ്നിയായ ദൈവപരിപാലനയിലാണു് അതെല്ലാം സംഭവിക്കുന്നതു്. സഹനത്തിനായുള്ള നിലയ്ക്കാത്ത ദാഹം യോഗികളായ എല്ലാവരിലും നിറച്ചതു് ഈ അവബോധമത്രേ. വി. ത്രേസ്യ, ''സഹിക്കുക അല്ലെങ്കിൽ മരിക്കുക'' എന്നതു മുദ്രാവാക്യമാക്കി. കുരിശിന്റെ വി. യോഹന്നാനാകട്ടെ, ''അങ്ങേക്കുവേണ്ടി സഹിക്കുകയും നിന്ദിക്കപ്പെടുകയും ചെയ്യുക'' ജീവിതവ്രതമായി സ്വീകരിച്ചു. ഈ രഹസ്യം മനസ്സിലാക്കിയ ആത്മാക്കഠം ആ മാർഗ്ഗം പിന്തുടരുകയും ചെയ്തു.

## വിശദാംശങ്ങളിലേക്കു നീളുന്ന ദർശനം

നിസ്സാരങ്ങളായ വിശദാംശങ്ങളിലേക്കുകൂടി നീളുന്നതായിരുന്നു അനുദിന ജീവിതത്തെസ്സംബന്ധിച്ചിടത്തോളം ചാവറയച്ചന്റെ ദൈവ പരിപാലനാദർശനം. ചാവറയച്ചനെസ്സംബന്ധിച്ചിടത്തോളം ദൈവവു മായുള്ള സ്നേഹസംഭാഷണമായിരുന്നു ധ്യാനം. ''ധ്യാനസല്ലാപങ്ങൾ'' എന്ന കൃതിയിൽ അദ്ദേഹം അതു വ്യക്തമാക്കുന്നുണ്ട്. തന്റെ ഏററവും അടുത്ത ദാസർക്കു ദൈവം വിനിമയ മാദ്ധ്യമമായി ഹൃദയവും ഹൃദയവും തമ്മിലുള്ള സംഭാഷണത്തെ സ്വീകരിക്കുന്നു. മോശയെപ്പററി അഹറോ നോടും മറിയത്തോടും സംസാരിക്കവേ കർത്താവു പറഞ്ഞു: ''എന്റെ വാക്കുകൾ കേൾക്കുക. നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനുണ്ടെങ്കിൽ കർത്താവായ ഞാൻ ദർശനത്തിൽ അയാൾക്ക് എന്നെ വെളിപ്പെടുത്തും, സ്വപ്നത്തിൽ ഞാൻ അയാളോടു സംസാരിക്കും. എന്റെ ദാസനായ മോശയോട് അങ്ങനെയല്ല... ഞാൻ അയാളോടു മുഖത്തോടുമുഖമായും സ്പഷ്ടമായും സംസാരിക്കുന്നു; അവ്യക്ത ഭാഷയിലല്ല സംസാരിക്കുന്നത്.'' (സംഖ്യ 12: 6-8)

ഹൃദയപൂർവകമായ ഈ സംഭാഷണം ചാവറയച്ചനെ ധ്യാനത്തിൽ പൂർണ്ണമായി നിലീനനാക്കി. പലപ്പോഴും സമൂഹധ്യാനാന്ത്യത്തിൽ ആരെ ങ്കിലും അദ്ദേഹത്തെ ധ്യാനത്തിൽനിന്ന് ഉണർത്തേണ്ടി വന്നിട്ടുണ്ട്. ദൈവവുമായി ഏകാന്തധ്യാനത്തിലേർപ്പിട്ടിരുന്നപ്പോൾ ആ മുഖത്തു സ്വർഗ്ഗീയമായ ഒരു പരിവേഷം കാണാറുണ്ടായിരുന്നു. ക്രൈസ്തവരും അക്രൈസ്തവരും ഒരുപോലെ അദ്ദേഹത്തിന്റെ മുഖത്ത് ഒരു ദിവ്യപരി വേഷം സ്ഫുരിച്ചിരുന്നതായി പറഞ്ഞിട്ടുണ്ട്.

കർത്താവിന്റെ ദാസനായ ഏശയ്യാ പ്രവാചകൻ നല്കിയിട്ടുള്ള വാങ്മയ ചിത്രത്തോടുമാത്രമേ ചാവറയച്ചന്റെ പ്രാർത്ഥനാനുഭൂതിയെ കൃത്യമായി താരതമ്യപ്പെടുത്താനാവൂ: ''ഒരു ശിഷ്യനെപ്പോലെ കേൾക്കേ ണ്ടതിന് ഓരോ പ്രഭാതത്തിലും കർത്താവായ ദൈവം എന്റെ ചെവി തുറന്നു. ഞാൻ എതിർപ്പു കാട്ടിയില്ല; ഞാൻ പുറം തിരിഞ്ഞില്ല. അടി ക്കുന്നവർക്ക് എന്റെ മുതുക ഞാൻ കാട്ടിക്കൊടുത്തു...'' (ഏശയ്യാ 50:4-6)

ദൈവം മുൻകൂട്ടി തീരുമാനിച്ചതുപോലെ എല്ലാം സംഭവിക്കുന്നെന്നു വിശ്വസിക്കുവാൻ ദൈവദാസനു കഴിഞ്ഞുവെന്നതിനു് ഇത്രയും വിശദീ കരണം മതിയാകും. ക്രപതാധികാരികളുടെ നിർദ്ദേശാനുസരണം പ്രവർത്തി ക്കുവാൻ, എതിക്കാതെയും മററുള്ളവർ എതിക്കാൻ അനുവദിക്കാതെയും എല്ലാകാര്യങ്ങളും നിർവ്വഹിക്കുവാൻ, അദ്ദേഹം തീരുമാനിച്ചുറച്ചിരുന്നു. അതേസമയം തന്റെ ആശയഗതികൾ കർത്തവ്യത്താലെന്നപോലെ സമർപ്പിക്കയും ചെയ്തിരുന്നു. തന്നെ തെററിദ്ധരിച്ചാൽത്തന്നെയും, മേല ധികാരികളെ സമാധാനപരമായ പുനഃസ്ഥാപനത്തിന്റെ കാര്യങ്ങൾ, സഭയുടെ പൊതുവായ നന്മകൾ ലാക്കാക്കി, അറിയിച്ചുകൊണ്ടുമിരുന്നു.

## പ്രാർത്ഥനാനുഭൂതികൾ പങ്കുവയ്ക്കുന്നു

ആത്മാനുതാപത്തിന്റെ ആധ്യാത്മികത കേരളസഭയ്ക്കു പകർന്നുകൊടുക്കാൻ ചാവറയച്ചൻ ആഗ്രഹിച്ചു—പ്രധാനമായും തന്റെ ഹൃദയദ്രവീകരണക്ഷമമായ പ്രസംഗങ്ങളിലൂടെ. തന്റെയും ശ്രോതാക്കളുടെയും നയനങ്ങൾ നനയുംവിധമാണു പ്രസംഗങ്ങൾ അവസാനിച്ചിരുന്നത്. സീറോ മലബാർ സഭയിൽ അന്നുപയോഗിച്ചിരുന്ന വിശുദ്ധ കുർബാനയുടെ ക്രമം, വർഷം മുഴുവൻ, നോമ്പുകാലത്തിന്റേതായിരുന്നു. അതേ ചൈതന്യം നിലനിറുത്തുന്ന, വർഷം മുഴുവൻ ഉപയോഗിക്കാവുന്ന, കാനോന നമസ്കാരങ്ങൾ വൈദികർക്കുവേണ്ടി ചാവറയച്ചൻ തയ്യാറാക്കി. ദേവാലയ ഗീതങ്ങൾ പൊതുവെ ആത്മാനുതാപപരമായിരുന്നു. കേരളത്തിൽ നാല്പതുമണി ആരാധന നടപ്പിൽവരുത്തി ദിവ്യനാഥന്റെയടുക്കലേക്കു ജനങ്ങളെ കൂട്ടമായി ആനയിക്കുവാൻ അദ്ദേഹം ശ്രമിച്ചു. ഇതു കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിവിധ സമയങ്ങളിൽ ജനങ്ങളെ വിശുദ്ധ കുർബാനയോടടുപ്പിക്കുകയും പാപമോചനകൂദാശവഴി ദിവ്യകാരുണ്യ സ്വീകരണത്തിനു് അവരെ സജ്ജമാക്കുകയും ചെയ്തു.

സ്വർഗ്ഗത്തിൽനിന്നുപോലും ചാവറയച്ചൻ ആത്മാനുതാപത്തിന്റെ ഈ പ്രാർത്ഥന തുടരുകയും ജനങ്ങളെ പശ്ചാത്താപത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നുണ്ടെന്നുവേണം പറയാൻ. എല്ലാ ശനിയാഴ്ചകളിലും, മാതൃഭവനമായ മാന്നാനത്തെ കർമ്മലീത്താദേവാലയത്തിൽ ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ സ്ഥാപിച്ചിരിക്കുന്നിടത്തു്, വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിനു ജനങ്ങൾ പ്രാർത്ഥനാപൂർവ്വം തിങ്ങിക്കൂടുന്നതു കാണാം. പ്രഭാതംമുതൽ മധ്യാഹ്നംവരെ പാപനിവേദനം, ദിവ്യകാരുണ്യസ്വീകരണം, പ്രാർത്ഥന തുടങ്ങിയ ഭക്ത്യഭ്യാസങ്ങളാണു് അവിടെ നടന്നുവരുന്നതു്.

## സിസ്റ്ററേഴ്സിനു സന്ദേശവും വെല്ലുവിളിയും

ആവിലായിലെ വി. ത്രേസ്യ വിഭാവനം ചെയ്ത ഏഴു ഹർമ്മ്യങ്ങളിൽ ആദ്യത്തെ നാലെണ്ണം–യോഗാത്മകജീവിതത്തെ സംബന്ധിച്ചുള്ളവ–ഏദിസ്ഥമാക്കുവാനും പ്രാർത്ഥനയിൽ അഭിവൃദ്ധിപ്പെടുവാനും ചാവറയച്ചൻ നിഷ്കർഷിച്ചിട്ടുണ്ടു്. കർമ്മലമാതാവിന്റെ സഭയിലെ സഹോദരിമാരോടു് ചാവറയച്ചൻ പറയുന്നു : ''നാലാം ഹർമ്മ്യം നമുക്കു മതിയാകും. നമ്മുടെ അമ്മ ആവിലായിലെ വി. ത്രേസ്യ ഏഴാം ഹർമ്മ്യത്തിലും കടന്നുചെന്നിരുന്നു; മറ്റുള്ളവർ അമ്മയോടൊത്തു് അഞ്ചിലും ആറിലും. നമുക്കു് ഈ നാലാമത്തെ നിലയിലെങ്കിലുമെത്തണം''.[6]

ദൈവദാസന്റെ ഈ വാക്കുകളിൽ, തന്റെ ആദ്ധ്യാത്മികമക്കൾക്കുള്ള വെല്ലുവിളിക്കുപുറമേ, മൂന്നു സന്ദേശങ്ങൾകൂടി അടങ്ങിയിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1. താക്കീത് : അടിസ്ഥാനമില്ലാതെതന്നെ ഉയന്ന നിലകൾ സാധ്യമെന്നു വാഗ്ദാനം ചെയ്യുന്ന വ്യാജയോഗാത്മകതയുടെ പ്രവാചകർക്കെതിരെയുള്ള താക്കീത്.

2. ഉപദേശം : അത്യാവശ്യസിദ്ധികൾ നേടാൻ പരിശ്രമിക്കാനും അവശേഷിക്കുന്നവ (ഉന്നതമായവ) ദൈവകരുണയ്ക്കു വിട്ടുകൊടുക്കാനും ശ്രദ്ധിക്കണമെന്ന ഒരു വന്ദ്യവയോധികന്റെ ഉപദേശം.

3. അഭ്യർത്ഥന : ഇത്തരത്തിലുള്ള പ്രാർത്ഥന സ്വയം പരിശീലിച്ച്, ഈ യുഗത്തിന്റെ ഇരുളടഞ്ഞ കലക്കത്തിൽനിന്നു മോചനം നേടാനാഗ്രഹിക്കുന്ന ദൈവജനത്തിനു മാർഗ്ഗനിർദ്ദേശം നൽകാൻ തയ്യാറാകണമെന്ന ആധ്യാത്മിക പിതാവിന്റെ അഭ്യർത്ഥന.

ചാവറയച്ചന്റെ ഈ ഉപദേശത്തിൽ അടങ്ങിയിരിക്കുന്ന വെല്ലുവിളി, അദ്ദേഹത്തെ നോക്കി, ആ ആധ്യാത്മികത അത്യാവശ്യസിദ്ധികളിൽ എങ്ങനെ നിറഞ്ഞുനിന്നുവെന്നു മനസ്സിലാക്കാനാണ്. വാസ്തവത്തിൽ അത്, ദിവ്യനാഥനിൽനിന്ന് അദ്ദേഹത്തിനു പ്രാർത്ഥനയുടെ ഏററവും ഉന്നതമായ പദവി നേടിക്കൊടുക്കുകതന്നെ ചെയ്തു.

## ഉപസംഹാരം

ചാവറയച്ചന്റെ ആത്മാനുതാപ പ്രാർത്ഥന കണ്ടാലും ! വിശുദ്ധരായ പത്രോസും പൗലോസുമെന്ന പ്രശസ്ത സഭാസ്തംഭങ്ങളുടെ ആധ്യാത്മികതയുടെ നവീനാവതരണമല്ലോ വാസ്തവത്തിൽ ഇത്? ദിവ്യനാഥന്റെ തിരുമുഖദർശനത്താൽ, ''കർത്താവേ, എന്നിൽ നിന്ന് അകന്നുപോകണമേ. ഞാനൊരു പാപിയായ മനുഷ്യനാകുന്നു'' (ലൂക്കാ 5 : 8) എന്ന വി. പത്രോസിന്റെ ആത്മാർത്ഥമായ വിലാപത്തിന്റെ ധ്വനി തന്നെയല്ലെ അത്. വി. പൗലോസിന്റെ ആത്മചിത്രം തന്റെ ജീവിതാന്ത്യത്തിൽ തിമോത്തിക്കെഴുതിയ കത്തിലെ ഏററുപറച്ചിൽ തന്നെയാണ് : ''മുമ്പ് ഞാനവനെപ്പററി ദൈവദൂഷണം പറഞ്ഞു. പീഡിപ്പിച്ചു. അപമാനിച്ചു. എന്നാൽ എനിക്കു കരുണ ലഭിച്ചു .. ഞാൻ ഏററവും നികൃഷ്ടനായ പാപിയാകുന്നു...'' (1 തിമോ 1:12-17)

ആത്മാനുതാപം ആത്മാവിൽ പാപദുഃഖവും അഗാധമായ എളിമയും ദൈവത്തോടു കൃതജ്ഞതയും അവിടത്തെ തിരുവിഷ്ടം നിറവേററുന്നതിൽ വിശ്വസ്തതയും ഔദാര്യവും വളർത്തുന്നു. ദൈവവുമായി സാത്മ്യം പ്രാപിക്കുന്നതിനും ഉയന്ന നിലയിലെത്തുന്നതിനും ആത്മാവിനെ സജ്ജമാക്കുന്ന

ഒരു പ്രാർത്ഥനയാണതു്. മുൻപു സൂചിപ്പിച്ച എല്ലാവിധ തിന്മകളിലേക്കും ഒരുവനെ നയിക്കുന്ന പാപബോധരാഹിത്യത്തിൽനിന്നകററി രക്ഷാകരമായ പാപബോധം ആധുനികമനുഷ്യനു വീണ്ടുകൊടുക്കാൻ ഈ പ്രാർത്ഥന സഹായിക്കുന്നു.

ദൈവത്തിൻെറ നിഗൂഢമായ പരിപാലനാ ദർശനമാണു് ആത്മാനുതാപത്തെ പരിപോഷിപ്പിക്കുന്നതു്. ആത്മാവു ദിവ്യനാഥനിൽനിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ അനുദിനജീവിതത്തിൻെറ എല്ലാ വിശദാംശങ്ങളിലും ഈ ദർശനം ചെന്നെത്തുന്നു. അവിടന്നു് അവളെ ഓരോ പ്രഭാതത്തിലും വിളിച്ചുണർത്തുന്നു, ചെവികൾ തുറക്കുന്നു, സംസാരിക്കുന്നു, ശീതളഛായയിൽ സംരക്ഷിക്കുന്നു, എല്ലാ ഭാഗ്യവിപര്യയങ്ങളിലും ശാന്തവും സ്വഛവുമായി പരിപാലിക്കുന്നു. ഈ പ്രാർത്ഥന ആത്മാവിനു സഹനത്തെക്കുറിച്ചു ശരിയായ മനോഭാവം നല്കുന്നു. അങ്ങനെ അവൾ കുരിശുകൾക്കായി ദാഹിക്കുന്നു. അതിലൂടെ ശുദ്ധീകൃതയായി ദൈവവുമായി കൂടുതൽ അടുക്കുന്നു. എല്ലാ വിശുദ്ധിയുടെയും ഉറവിടമായ അവിടന്നുമായി സാത്മ്യംപ്രാപിക്കുംവരെ അവൾക്കു തൻെറ ഇഷ്ടാനുസരണം അവിടന്നു് അതു പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഈ പ്രകാശദീപം, പ്രാർത്ഥനയുടെയും നിശ്ചയദാർഢ്യത്തിൻെറയും ദർശനത്തിൻെറയും ഈ വിളക്കു് പീഠത്തിന്മേൽ ഉയർത്തപ്പെടട്ടെ. ദൈവത്തോടു കൂടുതലടുക്കുവാനും ആത്മൈക്യം പ്രാപിക്കുവാനുമാഗ്രഹിക്കുന്ന, ഇന്നത്തെ ലോകത്തിൻെറ ഇരുണ്ട സംശയങ്ങളിൽനിന്നു വിമോചനം പ്രതീക്ഷിക്കുന്ന, ആത്മാക്കൾക്കു് അതു മാർഗ്ഗം തെളിച്ചുകാട്ടട്ടെ.

കാലോചിതമായ ഈ 'പ്രാർത്ഥനാനേതൃത്വ'മാണു് തൻേറതായ സിദ്ധികളുള്ള കർമ്മലസ്സു്, കര്യാക്കോസ് ഏലിയാസ് ചാവറ എന്ന ദൈവദാസനിലൂടെ സഭയ്ക്കു നല്കുവാനുള്ളതു്.

---

## കുറിപ്പുകൾ

1. പൗരസ്ത്യസഭകൾക്കുള്ള തിരുസംഘത്തിൻെറ പ്രീഫെക്ററിനു് അയച്ച 1869-ലെ എഴുത്തു കാണുക: ചാവറയച്ചൻെറ സമ്പൂർണ്ണകൃതികൾ–വാല്യം 4, പേജ് 29. ''ഞങ്ങൾ തോമാശ്ലീഹായിൽ നിന്നു വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണു്. അനേകം കൊല്ലങ്ങളായി, ഞങ്ങൾക്കു സ്വന്തം മെത്രാനില്ല. എന്നാൽ ഈ അടുത്തകാലത്തു വിശ്വാസം സ്വീകരിച്ചവർക്കു് അവരുടെ സ്വന്തം മെത്രാനുണ്ടു്. അതുകൊണ്ടു സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ സ്വീകരിക്കുന്നതിനായി നമുക്കു ബാബേലിനെ ആശ്രയിക്കാം. ഇങ്ങനെയുള്ള ഒരു അസൂയയാൽ പ്രേരിതരായി അവസരംകിട്ടുമ്പോൾ അവർ ബാബേലിലേയ്ക്കു പോകും. ചുരുങ്ങിയപക്ഷം എഴുത്തുകൾവഴിയായിട്ടെങ്കിലും അത്യാഗ്രഹികളായ ആ ആളുകൾ അതു സ്വീകരിക്കുകയും ചെയ്യും.

അതുകൊണ്ട്, അത്യുന്നത തിരുമേനീ, നല്ലതെന്ന് എനിക്കു തോന്നു
ന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാന്മാരുണ്ടാകു
ന്നതു് വളരെ നല്ലതാണ്. ഒന്നു ലത്തീൻ സഭയ്ക്കും മറേറതു സുറിയാനി
സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്ന ആഗ്രഹം ഇല്ലാതാകും.
അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും.

ഇതു് ഉപകാരപ്രദമായിരിക്കുമെന്നുമാത്രമല്ല, യാക്കോബായക്കാരെ
ന്ന് അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും
ബന്ധുക്കളുമായി അനേകരുണ്ട്; തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് കത്തോ
ലിക്കാ ഐക്യത്തിലേയ്ക്കു് അവർ തിരിച്ചുവരാനും ഇതു വളരെ സഹാ
യിക്കും.''

2. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4 p. 99. ചാവറ
യച്ചന്റെ മരണപത്രിക: ''പ്രിയമുള്ള കുഞ്ഞുങ്ങളേ, നാം സർവേശ്വരന്റെ
വിശേഷ കൃപയാൽ ദേവമാതാവിന് ഏററവും ഇഷ്ടപ്പെട്ടവരായ കർമ്മലീ
ത്താസഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ, ഇതു ദൈവാലോചനയി
ലല്ലാതെ മനുഷ്യനടത്ത വിചാരത്താലല്ലായെന്ന് ഇതു കടലാസ് എന്നു
കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു.

3. ഏദനിലെ ദൈവത്തിന്റെ പൂന്തോട്ടമായ (KEREM-EL) പറുദീ
സയും ദൈവത്തിന്റെ ആധ്യാത്മിക വാടിയായ കാർമ്മലും തമ്മിലുള്ള
സാമ്യം ശ്രദ്ധേയമാണ് (ഉൽപത്തി 2/8-14; ഏശയ്യ 51/3; കർമ്മലയുടെ
ചരിത്രം.)

പറുദീസയിലെ ചെടികളുടെയും വൃക്ഷങ്ങളുടെയും സൗന്ദര്യവും തഴച്ച
വളർച്ചയും ഉൽപത്തിയുടെ പുസ്തകത്തിൽ വളരെ ഭംഗിയായി വർണ്ണിച്ചി
ട്ടുണ്ട്. ധാരാളം വെള്ളമുള്ളതാണു വളർച്ചയ്ക്കു കാരണം. ''തോട്ടം നനയ്ക്കു
വാൻ ഏദനിൽനിന്ന് ഒരു നദി ഒഴുകി. അവിടെവച്ച് അതു നാലു
കൈവഴി ആയി പിരിഞ്ഞു. ആദ്യത്തേതിന്റെ പേരു പീശോൻ.
രണ്ടാമത്തെ നദി ഗീഹോൻ. മൂന്നാമത്തേതു ടൈഗ്രീസും നാലാമത്തേതു
യൂഫ്രട്ടീസും.'' (ഉൽ 2/10-14)

നീതിമാന്റെ സമൃദ്ധമായ വളർച്ചയെ ധ്യാനത്തിന്റെ അരുവിയോ
ടാണു സങ്കീർത്തകനും ജെറമിയാ പ്രവാചകനും സാമ്യപ്പെടുത്തിയിരിക്കു
ന്നതു്. കർത്താവിന്റെ നിയമത്തെപ്പററിയുള്ള ധ്യാനത്തിന്റെ ഒഴുകുന്ന
വെള്ളം. (നീതിമാന്റെ ആഹ്ലാദം കർത്താവിന്റെ നിയമത്തിലാണ്
ആ ധ്യാനമാകട്ടെ ഒഴുകുന്ന ജലംപോലെയാകുന്നു. അരുവിക്കരയിലെ
മരംപോലെയാണയാൾ. അരുവിയിൽനിന്നു ജലം തുടർച്ചയായി സ്വീക
രിക്കുന്നതുകൊണ്ട് ആ മരം എപ്പോഴും പച്ചത്തഴപ്പുള്ളതായിത്തീരുന്നു
അതിന്റെ ഇലകൾ വാടുന്നില്ല. അതു സമൃദ്ധമായി വളരുകയും കാല
കാലങ്ങളിൽ ഫലം നല്കുകയും ചെയ്യുന്നു.) (സങ്കീ 1/2-3; ജെറ. 17/7-8

നാലായി വിഭജിക്കപ്പെട്ട ഏദനിലെ നദി കർമ്മലയുടെ ചരിത്രത്തിൽ സംഭവിച്ചതിനു പ്രതീകമായിത്തോന്നുന്നു. കർമ്മല മലയിൽ ഏലിയാ നിവ്യ മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഉടനെ മനുഷ്യന്റെ കൈപ്പത്തിപോലെ ഒരു ചെറിയ മേഘം കടലിന്റെ മുകളിൽനിന്നുയരുന്നതുകണ്ടു. (1 രാജാ. 18/41-45). ഈ മേഘം പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രതീകമായി വ്യാഖ്യാനിക്കപ്പെടുന്നു. മറിയമാകട്ടെ ധ്യാനത്തിന്റെ ജലനിർഝരിയാണല്ലോ (ലൂക്ക 2/19; 51). കർമ്മലറാണിയായ മറിയമാണു യഥാർത്ഥത്തിൽ കർമ്മലയിലെ പ്രാർത്ഥനയുടെ കേന്ദ്ര നിർഝരി. അതാകട്ടെ സമയത്തു നാലു നദികളായിത്തിരിഞ്ഞു. ആദ്യത്തേതു് യോഗധ്യാനപ്രാർത്ഥനയായ ഏലിയാനിവ്യ. രണ്ടാമത്തേതു് ആവിലയിലെ വി. ത്രേസ്യ, കുരിശിന്റെ വി. യോഹന്നാൻ; മൂന്നാമത്തേതു് ചെറുപുഷ്പത്തിന്റെ വിശ്വാസവും ശരണവും; നാലാമത്തേതാകട്ടെ ദൈവദാസനായ ചാവറയച്ചന്റെ ''ആത്മാനുതാപം''.

4. പശ്ചാത്താപത്തെപ്പററി, പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ ''മൗതികശരീരം'', ആറാം പോൾ മാർപ്പാപ്പയുടെ ''മനുഷ്യജീവൻ'' എന്നീ ചാക്രികലേഖനങ്ങൾ നോക്കുക.

5. ഷാൻ ഗിബ്ബെററ്: മാനസാന്തരത്തിന്റെ ''ക്രൈസ്തവാഭിമുഖ്യം'' (Lumen Vitae 37 (1982) 165 .) നോക്കുക. ''ക്രിസ്റ്റീയ മാനസാന്തരത്തിന്റെ നടപടിക്രമത്തെപ്പററി ചിന്തിക്കാൻ ഇന്നത്തെ ലോകം ഉത്സുകമാണോ? ദിനപ്പത്രങ്ങളിലും ടെലിവിഷനിലും കമ്പോളങ്ങളിലും പ്രചരിക്കുന്ന വീക്ഷണങ്ങളെ ആവർത്തിച്ചു പറയുന്ന ആധുനിക മനുഷ്യൻ, കപടതയും നിസാരതയും ഉൾക്കൊള്ളുന്നതെന്നു ടെലവിഷൻ ഫിലിമുകളിൽ ചൂണ്ടിക്കാട്ടുന്ന, പുരാതന ക്രമങ്ങളെപ്പററി അല്പമെങ്കിലും ശ്രദ്ധിക്കാറുണ്ടോ? ആഗ്രഹാഭിലാഷങ്ങളുടെ ഉച്ചാവസ്ഥയാലും സ്വാർത്ഥവ്യഞ്ജനയാലും ഭരിക്കപ്പെടുന്ന ഒരു പ്രപഞ്ചത്തിൽ, സ്വയം പ്രപഞ്ചകേന്ദ്രമാകാനാഗ്രഹിക്കുന്ന അവസ്ഥയിൽ ഒരുവനു് എങ്ങനെ ആഴത്തിൽ സ്വന്തം കററം ഏററുപറയാൻ കഴിയും? ഡ്വന്തം കററം തെളിഞ്ഞുകാണുന്നെങ്കിൽത്തന്നെ, അതു്, എന്റെ ജീവിതം നയിക്കാനാഗ്രഹിക്കുന്ന എന്നെ തടസ്സപ്പെടുത്തുന്ന മററുള്ളവരിലാണു്. സർവോപരി, മനുഷ്യസ്വാതന്ത്ര്യം തകിടംമറിക്കുന്ന ഘടനകളിലാണു കററം. അവയാണു് എല്ലാ തിന്മയ്ക്കും അടിസ്ഥാനം...''

6. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ—വാല്യം 4, പേജ് 117, 2-ാമത്തെ ഖണ്ഡിക.

# 6

# ദൈവാനുഭവത്തിൻെറ ഊഷ്മള ജ്വാലകൾ

## ഫിലിപ്പ് കൊല്ലിത്താനത്ത്

ദൈവദാസനായ ചാവറയച്ചൻെറ ''ധ്യാനസല്ലാപങ്ങൾ'' എന്ന ഗ്രന്ഥം അതിലത്തന്നെ ഒരപൂർണ്ണകൃതിയാണ്. പ്രത്യേകമായ രൂപരേഖകളൊ പ്രമേയങ്ങളൊ പ്രകടമല്ല എന്നതുതന്നെ കാരണം. ഏതെങ്കിലും ഒരു വിഷയത്തെ പുരസ്കരിച്ചുള്ള താത്വിക വിശകലനമല്ല ഇതിൽ വിവക്ഷിക്കുന്നത്.

ചാവറയച്ചൻ ഈ കൃതിയ്ക്ക് പ്രത്യേക പേരൊന്നും കൊടുത്തിരുന്നില്ല. ''ധ്യാനസല്ലാപങ്ങൾ'' എന്ന പേര് 1939-ൽ ആദ്യമായി ഇതു പ്രസിദ്ധം ചെയ്തപ്പോൾ പ്രസാധകൻ നല്കിയതാണ്.[1] 1867–68 കാലയളവിൽ ഇതിൻെറ പ്രധാനഭാഗങ്ങൾ എഴുതപ്പെട്ടതായി ഗ്രന്ഥത്തിൽ തന്നെ വ്യക്തമായ തെളിവുകളുണ്ട്.[2]

ഇതിലെ ലേഖനങ്ങളെല്ലാംതന്നെ ഗ്രന്ഥകാരൻെറ ആദ്ധ്യാത്മികജീവിതത്തിലെ ഡയറിക്കുറിപ്പുകളാണ്. ഈശോയോടും, പ. മാതാവിനോടും, വി. അമ്മത്രേസ്യായോടും നടത്തുന്ന സ്നേഹസംഭാഷണങ്ങളാണ് ഇതിലുടനീളം. ഒരിടത്തും യാന്ത്രികമായ അടക്കം ചിട്ടയും മന:പൂർവ്വം തിരുകിക്കയററിയിട്ടില്ല; പ്രത്യുത, ആദ്യന്തം അനർഗ്ഗളമായ ഒരു ധാരാപ്രവാഹമാണ് നാമിവിടെ കാണുക. ടാഗോറിൻെറ ഗീതാഞ്ജലിയെ മുക്തകണ്ഠം പ്രശംസിക്കുന്നവർ ഈ ആദ്ധ്യാത്മിക ഗ്രന്ഥം അനാവരണം ചെയ്യുന്ന ഈശ്വരാനുഭൂതിയുടെ മുമ്പിൽ പകച്ചുനിൽക്കുമെന്നതാണു വാസ്തവം.

---

1. ദൈവദാസൻെറ ''ധ്യാനസല്ലാപങ്ങൾ'' എന്ന ലഘുഗ്രന്ഥം, അദ്ദേഹത്തിൻെറ വിവിധ ധ്യാനക്കുറിപ്പുകൾ, വൈയക്തിക പ്രാർത്ഥനകൾ ഇവയെല്ലാം ചേർത്ത്, ചാവറയച്ചൻെറ സമ്പൂർണ്ണ കൃതികളുടെ മൂന്നാം വാല്യമായി ''ആദ്ധ്യാത്മികകൃതികൾ'' എന്ന ശീർഷകത്തിൽ, സി. എം. ഐ. പ്രസാധക കമ്മിററി 1981-ൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.
2. ആദ്ധ്യാത്മിക കൃതികൾ പേജ് 47.

ചിലർ പ്രസ്താവിക്കുംപോലെ, ''ധ്യാനസല്ലാപങ്ങൾ'' പൂർത്തീകരിക്കപ്പെടാത്ത ഒരു ഗ്രന്ഥമല്ലായെന്നതിനു യുക്തിസഹമായ ഏതാനും നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്:

1. വന്ദ്യപിതാവിന്റെ ഡയറിക്കുറിപ്പുകളുടെ കൂട്ടത്തിൽനിന്ന് അടർത്തിയെടുത്ത് പുസ്തകരൂപത്തിൽ ഇതു് ആദ്യം പ്രസാധനം ചെയ്തത് 1939-ലാണ്.

2. അടക്കം ചിട്ടയുമുള്ള ഒരു പുസ്തകത്തിന്റെ രൂപരേഖയുടെ അഭാവം വളരെ സ്പഷ്ടമാണ്.

3. ഒരു പുസ്തകമായിട്ടു വിവക്ഷിച്ചിരുന്നെങ്കിൽ ഇതു് അപൂർണ്ണമാണ്. എന്നാൽ ഇതു പൂർത്തിയാക്കാൻ കഴിയാഞ്ഞതിനെക്കുറിച്ചൊന്നും പ്രതിപാദിച്ചു കാണുന്നില്ല.

4. ഇതിലെ ഭാഗങ്ങൾ 1867 മീനം 1-ാം തീയതി എഴുതിത്തീർന്നതാണ്. അതിനുശേഷം അദ്ദേഹം ചരമം പ്രാപിക്കുന്നതിനുമുമ്പ് (1871) സുദീർഘമായ വേറെ രചനയും നടന്നിട്ടുണ്ട്.

ഇത്തരം വിമർശനങ്ങൾ ഗ്രന്ഥത്തിന്റെ ഘടനാപരമായ സമീപനത്തിൽ നിന്നുയർന്നാൽത്തന്നെയും അതു സംവേദനം ചെയ്യുന്ന ആദ്ധ്യാത്മിക സന്ദേശത്തിനു യാതൊരു മങ്ങലും ഏല്പിക്കുകയില്ലായെന്നതു് അനുസ്മരണീയമാണ്.

## ഉള്ളടക്കം

ഈ പശ്ചാത്തലത്തിൽ ഇതിലെ ഓരോ ലേഖനത്തിന്റെയും ഉള്ളടക്കം സംക്ഷേപിക്കുവാൻ മുതിരുകയാണ്.

അവതാരികയായി കണക്കാക്കാവുന്ന പ്രഥമഖണ്ഡിക ദൈവപരിപാലനയുടെ ഒരു കീർത്തനമാണ്. ദൈവവിളി ഒരു ദൈവദാനമാണ്. ഇവിടെ മാനദണ്ഡം വിളിക്കപ്പെടുന്നയാളിന്റെ യോഗ്യതയല്ല പ്രത്യുത, ദൈവത്തിന്റെ സ്നേഹവും കരുണയുമാണ്. വി. ഗ്രന്ഥത്തിലുടനീളം ഇതിനു മതിയായ തെളിവുകളുണ്ടല്ലൊ. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ :

''ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിയ്ക്കു യോഗ്യതയില്ല. അതെന്ത്യേ, മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തതായി, വെടിപ്പ്, അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനരൂപി കിട്ടുവാനും പുണ്യസാംഗോപാംഗത്തിനും യോഗ്യനല്ല എന്ന നിരൂപണം; അമ്മയുടെ വചനംപോലെ നിഗളം എന്നു തിരിയുകയും ചെയ്യും. അതെന്ത്യേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ, ഇത്രടം നീ വന്നതു് എങ്ങിനെ, വീട്ടിൽനിന്നാരു വിളിച്ചു?

പട്ടത്തിനു് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങിനെ വന്നു? ഇതൊന്നിനു് നിന്നെ കൊള്ളാമൊ? ഇല്ലയില്ല നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കം.''[3]

## ദൈവകരുണയിൽ

ഇതിലെ ഓരോവാക്കും ദൈവകരുണയിലുള്ള പ്രതീക്ഷയുടെ പ്രതീകമാണ്. വി. ഗ്രന്ഥത്തിലെ നിർഭാഗ്യവാനായ അതിഥിയുടെ അനുഭവത്തെ അദ്ദേഹം വിലയിരുത്തുന്നതിപ്രകാരമാണ്:

''ഇവനു രാജവിരുന്നിനു കൂടുവാൻ തക്ക കുപ്പായമുണ്ടോ? ആയതു നിരൂപിച്ചോ? പെരുവഴിയിൽ നിന്നിരുന്നതല്ല. പിന്നെയോ വിളിച്ചു വരുത്തിയവരോടു് കുപ്പായമില്ലല്ലൊ എന്നവൻ ഒരു വചനം പറഞ്ഞെങ്കിൽ അപ്പോഠം കിട്ടിയേനെ. അതിനെയും കൊടുപ്പാൻ ഇല്ലാത്തയാളല്ല വിളിച്ചതു്. ഇതിനാൽ എങ്ങനെയിരുന്നാലും മതി എന്നവൻ നിരൂപിച്ചതിനാൽ തള്ളി. ആയതിൻവണ്ണം ഇതുടം നിന്നെ വരുത്തിച്ച ആളിനോടു് നീയും ചോദിച്ചാൽ നിനക്കും ഈ വരം കിട്ടും നിശ്ചയം.''[4]

ഇതേ ആശയങ്ങഠംതന്നെ ആത്മാനുതാപത്തിലെ ചില ശ്ലോകങ്ങളിലും നിറഞ്ഞു തുളുമ്പുന്നതു കാണാം.[5] ദൈവദാസൻെറ ദൈവാശ്രയബോധത്തിൻെറ ശ്രുതിമധുരമായ ഈരടികളാണവ.

മഖവ്യരയായി കണക്കാക്കാവുന്ന അടുത്ത ഖണ്ഡികയിൽ വി. അമ്മത്രേസ്യയുടെ സ്വാധീനമാണ് നിഴലിക്കുന്നതു്; പ്രത്യേകിച്ചു് വിശുദ്ധയുടെ സപ്നസദനാലംകൃതമായ ആഭ്യന്തരഹർമ്മ്യത്തോടുള്ള അഭിനിവേശവും.

## ധ്യാനസങ്കല്പം

'ധ്യാനം' എന്ന ശീർഷകത്തിലുള്ള ചെറിയ അദ്ധ്യായം അമ്മത്രേസ്യയുടെ ധ്യാനസങ്കല്പവും അതു പ്രാപിക്കുവാനുള്ള ഒരപേക്ഷയുമാണ്. സ്നേഹപ്രളയത്തിൽ മുങ്ങിത്തുടിച്ചു് ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്നുള്ള ഒരു സല്ലാപമാണതു്.

ഇവിടെ സ്നേഹമാണ് അനിവാര്യഘടകം. അദ്ദേഹമതിനെ ഇപ്രകാരമാണു വിവരിക്കുന്നതു് :

---

3. ആദ്ധ്യാത്മിക കൃതികഠം പേജ് 13.
4. ,, ,,
5. ചാവറയച്ചൻെറ സമ്പൂർണ്ണകൃതികഠം വാല്യം II സാഹിത്യകൃതികഠം പേ. 5/129–134, പേ. 8/72–76

''ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്നു വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരംപോലെയാകുന്നു. എന്നാൽ സ്നേഹിതന്മാരു തമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയുംവരെ നാവടങ്ങാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യം തന്നെ. ഇതിനിടയിൽ അവർക്കു സംസാരത്തിനു വകയില്ലാഞ്ഞിട്ടു മിണ്ടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പഴോ, സ്നേഹമുണ്ടെങ്കിൽ അയാളിനോടു സംസാരിപ്പാൻ വകയുണ്ടാകും; ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട. പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരു പേച്ചറിയുന്നവനോടു സംസാരിക്കുന്നതിനേക്കായിലും പേച്ചറിയാത്ത സ്നേഹിതനോടു സംസാരിപ്പാനത്രെയിഷ്ടം. ഒന്നും ഉരിയാടാതെ ഇരിക്കുന്നുവെങ്കിലും സ്നേഹിതന്റെ ചേരെയിരിക്കുന്നതു് തന്നെ തൃപ്തിയാകയും ചെയ്യും, എന്നു വരുമ്പോൾ എന്റെ അമ്മേ ഞാനും ഈശോമിശിഹായെ പട്ടാങ്ങയായിട്ടു സ്നേഹിക്കുന്നുയെങ്കിൽ ഇനിയ്ക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലൊ. ആയതിനാൽ ഈ സ്നേഹം എനിക്കുമുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞിരിക്കും. അതെന്ത്യെ, വേഗം ഞാൻ പഠിക്കും ഈ സംസാരം. ആയതിനാൽ ഈ സ്നേഹം ഇനിയ്ക്കു തരുവിക്കണം. അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നെയോ, ആ സ്നേഹം തന്നെ പഠിപ്പിക്കയും ചെയ്യുമല്ലൊ.''[6]

## പാപമോചനം

ഈ സ്നേഹം ലഭിക്കുവാനുള്ള വ്യവസ്ഥയായ പാപമോചനമാണു് ''1–ാം പങ്കായിട്ടു്'' എന്ന അദ്ധ്യായത്തിലെ പ്രമേയം. ധൂർത്തപുത്രനെ വാരിപ്പുണരുവാൻഇരു കരങ്ങളും നീട്ടി അവന്റെ വരവും കാത്തിരിക്കുന്ന, അവനെത്തേടി അലയുന്ന, സ്നേഹ പിതാവാണു ദൈവം. അദ്ദേഹം എഴുതുന്നു :

''...ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കെയും മറന്നുകളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാനത്തു വെയ്ക്കയും ചെയ്യും.[7]

പുത്രസഹജമായ സ്വാതന്ത്ര്യം അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയ്ക്കു കൂടുതൽ ആധികാരികത നൽകുന്നുവെന്നതിനു സംശയമില്ല.

---

6. ആദ്ധ്യാത്മിക കൃതികൾ പേജ് 14
7. ,, ,, പേജ് 17

ആറുപേജോളം നീണ്ടുപോകുന്ന ''തേററപ്രകരണം'' എന്ന അദ്ധ്യായത്തിൽ പശ്ചാത്താപത്തിൻെറ മുഖ്യഹേതു ദൈവസ്നേഹംതന്നെയാണ്. യേശുവിൻെറ പീഡാനുഭവത്തിൽ സ്വന്തം ബലഹീനതകൾക്കുള്ള പങ്കും അതിൻെറ ഫലങ്ങൾ സ്വായത്തമാക്കുവാൻ കഴിയാത്തതിലുള്ള വ്യസനവും ഇതിലങ്ങോളമിങ്ങോളം മുഴച്ചുനിൽക്കുന്നു. ഈ ഭാഗം ഒരു ധ്യാനം തന്നെയെന്നു നിസ്സംശയം കരുതാം. ആദ്ദേഹത്തിൻെറ ''ആത്മാനുതാപ''ത്തിൽ നിന്നു് ഇതേ ചിന്തകൾ അടർത്തിയെടുക്കുവാൻ സാധിക്കും.[8]

ധ്യാനനിരതമായ താപസജീവിതം മോഹിച്ചു വന്നുവെങ്കിലും, കർമ്മബദ്ധമായ ആ ജീവിത സായാഹ്നത്തിൽ മൗതിക മേഖലകളെ കയ്യടക്കുവാൻ സാധിക്കാത്തതിലല്ല അദ്ദേഹം ദുഃഖിക്കുന്നതു്. പാപമില്ലാതാക്കുവാൻ തപസ്സു ചെയ്യണം. പക്ഷേ വാർദ്ധക്യം വന്നു കലശലായിക്കഴിഞ്ഞു. ഇനി വ്യാമോഹിച്ചിട്ടു കാര്യവുമില്ല. ആ പങ്കപ്പാടിൻെറ പങ്കു ലഭിക്കുവാൻ ആശ്രയം അമ്മതന്നെ. ഇങ്ങനെ ക്രിസ്ത്വനുഭവം സ്വായത്തമാക്കുവാനുള്ള ഉദ്യമത്തിൽ ക്രിസ്തുസംഭവവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്ന പ. അമ്മയ്ക്കും മററു വിശുദ്ധർക്കും അദ്ദേഹത്തിൻെറ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞതായി തെളിയുന്നുണ്ടു്.

## പിതൃസ്നേഹം

ഈ ഗ്രന്ഥത്തിൻെറ സിംഹഭാഗവും കവർന്നിരിക്കുന്നതു് 20 പേജുകളുള്ള ''എളിമയ്ക്കടുത്ത പ്രകരണം'' എന്ന നീണ്ട അദ്ധ്യായമാണ്. ധ്യാനാസ്ഥപ്പാടുകഴിച്ചു് സർവ്വേശ്വരൻെറ മുമ്പിൽ കമ്പിട്ടു് ഹൃദയക്കണ്ണാൽ അവിടത്തെ ദർശിച്ചാരാധന ചെയ്യേണ്ടിയ രീതിയാണ് ഇതിലെ പ്രതിപാദ്യം. ധ്യാനമുറി സീനായ് മലയ്ക്കു തുല്യമാണ്. അവിടെ ദൈവവെളിപാടും ദൈവദർശനവും നൽകുവാനായി അവിടുന്നു സ്വയം സന്നിഹിതനായിരിക്കുന്നു. മദ്ബഹായിൽ ഒരു പിതാവിൻെറ സ്നേഹത്തോടെ നമ്മെ കാത്തിരിക്കയാണു് ദിവ്യനാഥൻ.

പ്രാർത്ഥനാലയത്തിൽ സന്നിഹിതനായിരിക്കുന്ന അവിടുന്നു് ആത്മാവിനെ മാടിവിളിക്കുന്ന രംഗം വളരെ സ്നേഹമസൃണമായ രീതിയിൽ അദ്ദേഹം വിവരിക്കുന്നു:

''നീ നില്ക്കുന്ന ഈ മലയിൽ ദൈവദൂതന്മാരാൽ ചൂഴപ്പെട്ടുകൊണ്ടു് അവരുടെയും നിൻെറയും സൃഷ്ടിതാവായ സർവ്വേശ്വരൻതന്നെ എഴുന്നള്ളിയിരുന്നുകൊണ്ടു് ഒരു മേഘത്തിൻെറ മറവുകൂടാതെ നിന്നെ നോക്കി പ്രിയത്താൽ, എൻെറ മകനെ നീ വരിക, എന്ത്യെ നിൻെറ പ്രിയമുള്ള അപ്പ

8. സാഹിത്യകൃതികൾ പേ. 66/52; 51/144–164

നായ എന്റെ പക്കൽ അടുത്തുവരാതിരിക്കുന്നു. നീ ഭയപ്പെടേണ്ട, എന്നെ വിട്ട് നീ അകന്നുപോയ നാഴികമുതൽ എന്റെ ഹൃദയം ക്ലേശിച്ചിരിക്കുന്നു. നിന്നെക്കണ്ടെത്തുവാൻ എന്റെ സിംഹാസനത്തിൽനിന്നിറങ്ങി, നീ ഭയപ്പെടായ്‌വാൻ നിന്നെപ്പോലെ ആ സൃഷ്ടിയുടെ മകനായി ഞാൻ പിറന്നു.''[9]

## ഹൃദയത്തുടിപ്പുകൾ

''അപ്പാ'' എന്നുള്ള ദൈവസംബോധനയുടെ ഹൃദ്യത പേറുന്ന, ആ പിതൃസ്നേഹാനുഭവപൂരിതമായ ഹൃദയത്തിന്റെ തുടിപ്പുകളൊപ്പി ഈറനണിഞ്ഞ, വാചകങ്ങളും ഇ അദ്ധ്യായത്തിൽ സുലഭമാണ്.

''...താൻ വിളിക്കയും ഈ വിളികേട്ട പാപികൾ തന്റെ പക്കൽ ചെന്നാൽ അവരുടെ കുററത്തിൻ കാഠിന്യത്താൽ അവരെ കൈക്കൊള്ളുമോ എന്നുള്ള സംശയം തോന്നായ്‌വാനായിട്ട് ചെന്നുടൻ അവരെ കൈക്കൊൾവാനായി എപ്പഴം ഇരു കൈകളും വിടൎത്തു തഴകാൻ ആസ്ഥമായിട്ടിരിക്കയും അവരുടെ കുററം കാരണത്താൽ ഇനി അവരെ സ്നേഹിക്കുമോ എന്നു സംശയിക്കായ്‌വാൻ അവരെ പ്രിയത്താൽ മുത്തുവാനായി എപ്പഴം തന്റെ തിരുമുഖം ചായിച്ചിരിക്കുന്നു ''[10]

തുടൎന്നുള്ള ഭാഗം യേശുവിന്റെ പീഡാനുഭവധ്യാനത്താൽ തരളിതമായൊരു ഹൃദയതരംഗ പ്രവാഹമാണ്. യുഗാന്ത്യോന്മുഖമായിത്തിരിയുന്ന ഈ ധാരയിൽ സമരസഭയും സമയാതീത സഭയും തമ്മിലുള്ള ഐകമത്യത്തിന്റെ പ്രതീകമായ വിശുദ്ധരോടുള്ള വണക്കം വളരെ വ്യക്തമാണ്. നീതിവിധിയെ അഭിമുഖീകരിക്കുവാനുള്ള ഭയം ഇതിന്റെ പ്രേരകശക്തിയായി വർത്തിക്കുന്നില്ലേയെന്നു സംശയിക്കണം.

ധ്യാനാരംഭത്തിൽ ചൊല്ലുവാനുള്ള ഒരു ചെറിയ പ്രാൎത്ഥനസ്സുശേഷം, ദേവമാതാവിനോടുള്ള പ്രത്യേക പ്രാർത്ഥനയോടുകൂടി ഈ ചെറുഗ്രന്ഥം സമാപിക്കുന്നു.

## വിലയിരുത്തുമ്പോൾ

''ധ്യാനസല്ലാപത്തിൽ'' പ്രകടമായിരിക്കുന്ന പ്രാൎത്ഥനാരീതിയെ വിലയിരുത്തുമ്പോൾ അദ്ദേഹത്തിന്റെ സർഗ്ഗാത്മക സമീപനം വളരെ സ്പഷ്ടമാണ്. ഏതെങ്കിലുമൊരു പ്രത്യേക -സംവിധാനത്തെയോ, പ്രാർത്ഥനാ രീതിയെയോ അന്ധമായി അനുകരിക്കുന്നില്ലെന്നതാണ്

9. ആദ്ധ്യാത്മികകൃതികൾ. പേ. 26.
10. ,, ,, പേ. 37.

അതിൻെറ സവിശേഷത. അതേസമയം, പലതിൻെറയും സ്വാധീനവും അതിപ്രസരം തന്നെയും നിഷേധിക്കാനും വയ്യ.

വി. ഇഗ്നേഷ്യസിൻെറ രൂപരേഖയോട് സാമ്യമുണ്ടെങ്കിലും ചാവറയുടെ ആദ്ധ്യാത്മികതയുടെ ആഴത്തിൽ തെളിഞ്ഞു കാണുന്നത് വി. അമ്മത്രേസ്യയുടെ സ്വാധീനമാണ്. ധ്യാനത്തെക്കുറിച്ചുള്ള സങ്കല്പംതന്നെ അതു തെളിയിക്കുന്നു. (ധ്യാനസല്ലാപം പേജ്-1). വെറും നൈയാമിക സമീപനമല്ല, സ്നേഹപ്രേരിതമായ ദൈവ-ആത്മ ഐക്യമാണ് അദ്ദേഹത്തിൻെറ ആദ്ധ്യാത്മികതയുടെ മുഖമുദ്രയെന്നു ന്യായമായും അനുമാനിക്കാം. പുസ്തകത്തെ ഒന്നായി വീക്ഷിക്കുമ്പോഴും ഇഗ്നേഷ്യൻ രീതിയായി തോന്നുമെങ്കിലും, അവയെല്ലാം സ്വാംശീകരിച്ച തനതായ ഒരു സമീപനത്തിനുടമയാണിദ്ദേഹമെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ കാണാവുന്നതാണ്. എന്നാൽ ഇതിലെല്ലാമുപരി വി. ഗ്രന്ഥാധിഷ്ഠിതമാണ് അദ്ദേഹത്തിൻെറ പ്രാർത്ഥന. ധ്യാനസംഭാഷണത്തിൽ ദൈവത്തെ അഭിസംബോധനചെയ്യുവാൻ ''അപ്പാ'' എന്ന പദം മുപ്പതിൽപരം പ്രാവശ്യം ഈ ലഘുഗ്രന്ഥത്തിലുപയോഗിച്ചിട്ടുണ്ട്.

ചാവറയച്ചൻെറ ആദ്ധ്യാത്മികതയുടെ സ്വഭാവം വ്യക്തമാക്കുവാൻ ഈ പുസ്തകത്തിലെ മൂന്നദ്ധ്യായങ്ങളുടെ സമീപനം അപഗ്രഥിച്ചാൽ തെല്ലൊന്ന് വിജയിച്ചെന്നു വരും.

## മാനസികപ്രയാണം

ഒന്നാം പങ്കായിട്ട് എന്ന ഭാഗത്തേ യുക്തിക്രമം ഏതാണ്ടിപ്രകാരമാണ് :

— ധ്യാനിക്കാൻ ദൈവസ്നേഹത്താൽ ദൈവത്തോട് ചേർന്നിരിക്കണം.

— പാപപങ്കിലമായ ഹൃദയത്തിനതു സാധ്യമല്ല.

— അതുകൊണ്ട് പാപമോചനത്തിനായി വി. അമ്മത്രേസ്യയുടെയും, പ. മാതാവിൻെറയും, വി. യൗസേപ്പിൻെറയും സഹായത്തിലുറച്ച് ഈശോമിശിഹായുടെ സന്നിധിയിലണയുന്നു.

— ഇനി അദ്ദേഹത്തിൻെറ മാനസിക പ്രയാണം അഥവാ മനോയാത്രയാണു കാണുക.

ഏതാണ്ടിതുപോലൊരു മാനസിക പ്രയാണം വി. പത്രോസിനു സംഭവിച്ചതായി ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ[11] നാം കാണുന്നു പുറജാതികളെ സ്വീകരിക്കുവാൻ ക്രിസ്തുനാഥൻ ഒരുക്കുകയാണദ്ദേഹത്തെ. എന്നാൽ എടുത്തുചാട്ടക്കാരനായ പാത്രാസ് ഇവിടെ കാലു് പുറകോട്ടുവയ്ക്കുകയാണ്. ചാവറയച്ചനെന്തു ചെയ്യുവെന്നല്ലേ?

11. അപ്പസ്തോലന്മാരുടെ നടപടി 10:1–11

''...ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയതിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു.''[12] ഇവിടെ ഭയചകിതമായ ഒരു സമീപനമല്ല, പുത്രസഹജമായ സ്വാതന്ത്ര്യത്തിന്റെ ബഹിർസ്ഫുരണമാണു കാണുക. ആ മനസ്സ പിതൃസന്നിധിയിലെത്തിക്കഴിഞ്ഞു. തിരുക്കുടുംബദർശനമാണു ലഭിച്ചതു്.

'ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു;''[13] ഇരുവശങ്ങളിലായി പ. അമ്മയും വി. യൗസേപ്പും. അമ്മത്രേസ്യ അവരുടെ പക്കൽ യാചനയുമായി മുട്ടുകുത്തി നില്ക്കുന്നു. തിരുക്കുടുംബത്തിനു മുമ്പിൽ പ്രാർത്ഥനാനിരതമായിരിക്കുന്ന സ്വന്തം ആത്മാവിന്റെ മൂർത്തിമദ്ഭാവമാണ് ''വി. അമ്മത്രേസ്യായുടെ പ്രതീക''ത്തിലൂടെ നാം കാണുന്നതു്. വന്ദ്യപിതാവു് അറിയാതെതന്നെ സ്വയം പ്രകാശനം ചെയ്യുകയാണിവിടെ.

വി. പത്രോസിനു സംഭവിച്ചതുപോലെ, സ്വന്തം വ്യക്തിത്വത്തെക്കുറിച്ചുള്ള അവബോധം ചാവറയച്ചന്റെ മനസ്സിനെ പിന്തിരിപ്പിക്കുന്നു. ഇവിടെ വന്ദ്യപിതാവിന്റെ മനോഭാവത്തിൽ രണ്ടു സംഗതികൾ ശ്രദ്ധേയമാണ്;

1) പശ്ചാത്താപത്തിന്റെ അപര്യാപ്തത.

2) പ്രായശ്ചിത്തമെടുക്കുവാൻ വശമില്ലായ്മ.

ഈ പശ്ചാത്തലത്തിൽ അദ്ദേഹം വിശുദ്ധരുടെ സഹായത്തിനായി തിരിയുന്നു.

വീണ്ടും മനസ്സ യാത്ര പുറപ്പെടുകയാണ്; ആ അപ്പന്റെ പക്കലേയ്ക്കു്. ധൂർത്തപുത്രന്റെ ഉപമയുടെ തണലിൽ അദ്ദേഹത്തിന്റെ ഭാവന ചിറകടിച്ചു പറക്കുകയാണ്. ദൈവകരുണയിലുള്ള ഉറച്ചവിശ്വാസം ഈ യാത്രയ്ക്കു് ഊർജ്ജം പകരുന്നു.

''ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ നിന്റെ നന്ദികേടുകളൊക്കെയും മറന്നുകളയും. മുമ്പിലത്തെ നിന്റെ പുത്രസ്ഥാനത്തു വയ്ക്കുകയും ചെയ്യും''[14]

യാതൊരു സന്ദേഹവുമില്ല. അത്ര ഉറച്ച വിശ്വാസമാണദ്ദേഹത്തിനു്. വീണ്ടും ചഞ്ചലമായി മനസ്സ കുഴയുമ്പോൾ ആ വിശ്വാസവും ശരണവും ധൈര്യം പകരുന്ന രംഗമാണടുത്തതു്.

---

12. ആദ്ധ്യാത്മിക കൃതികൾ പേ. 16.
13. ,, ,, പേ. 16.
14. ,, ,, പേ. 17.

''... എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും പട്ടാങ്ങയായ ഉപവിയും സ്നേഹം തന്നെയുമാകുന്നു. ഇതിനാൽ ഭയപ്പെടുകയും വേണ്ട.''[15]

പാപബോധത്തോടെ അദ്ദേഹം വീണ്ടും വിളിച്ചപേക്ഷിക്കയാണ്:

''എന്നാലും എന്റെയപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കുവാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നുവല്ലൊ—''[16].

എത്ര ആത്മാൎത്ഥമായൊരു ഏററു പറച്ചിലാണിത്. പുത്രസഹജമായ ആത്മധൈര്യം പ്രാപിക്കാത്ത ഒരാത്മാവിനു ഇങ്ങനെ ദൈവത്തോടു സ്വാതന്ത്ര്യമായി പെരുമാറുവാൻ സാധിക്കുക ദുഷ്കരമാണ്.

ഇവിടെ അദ്ദേഹത്തിൽ പ്രകടമാകുന്ന പാപബോധത്തെ വി. അഗസ്റ്റിന്റെ പശ്ചാത്താപത്തോടു താരതമ്യപ്പെടുത്തി വിശകലനം ചെയ്താൽ അതൊരു വികലമായ സമീപനമായിരിക്കുമെന്നു ആ ധന്യാത്മാവിന്റെ ജീവചരിത്രംതന്നെ സാക്ഷിക്കുന്നു. ''വെളിപാടി''ന്റെ ഗ്രന്ഥകാരന്റെ വികാരത്തോടു്, പ്രവാചകനായ ഐസയാസിന്റെ പ്രതികരണത്തോടു് ആണു് അതിനു കൂടുതൽ സാമ്യം. ''ഹാ എന്റെ സ്ഥിതി എത്ര ദുർഭഗം'' എന്നു് ഉദീരണം ചെയ്യുവാൻ പ്രവാചകനെ പ്രേരിപ്പിച്ച ചേതോവികാരം തന്നെയാണ് നമ്മുടെ പിതാവിലും നിറഞ്ഞുതുളുമ്പുന്നതു്. ആ നിത്യപ്രകാശത്തെ നേരിടുമ്പോഴുളവാകുന്ന നമ്മുടെ അപര്യാപ്തതാവബോധമാണതു്. ഇതു കർമ്മപാപത്തെക്കുറിച്ചുള്ള വിലാപഗാനമല്ല, പ്രത്യുത, ഈശോയുമായി പരിപൂർണ്ണമായ ആത്മസായൂജ്യം പ്രാപിച്ച് ആ നിത്യപ്രകാശത്തിൽ ലയിക്കുവാൻ കഴിയാത്തതിലുള്ള അപര്യാപ്തതാബോധമാണു്.

## ആധ്യാത്മിക ശൈശവം

പുത്രസഹജമായ സ്വാതന്ത്ര്യം ആദ്ധ്യാത്മികശൈശവദശയെ പുൽകുന്നതായാണ് നാം അടുത്തഭാഗത്തു കാണുന്നതു്. പാപപ്പൊറുതിയും പുണ്യസ്ഥിരതയും നൽകാതെ പിതാവിന്റെ പാദം വിടില്ലെന്നു[17] ശാഠ്യം പിടിക്കയാണ് ആ പൈതൽ!

പീഡകൾക്കു മുമ്പുള്ള ഈശോയുടെ മുഖവും, പീഡിതമുഖവും മനോമുകരത്തിൽ ദർശിച്ചുകഴിഞ്ഞപ്പോൾ, ആ ലോലഹൃദയത്തിന്റെ ആത്മവ്യഥ ഒരുവിലാപഗാനമായി അണപൊട്ടിയൊഴുകുകയാണ്, ''തേററപ്രകരണ''

15. ആദ്ധ്യാത്മിക കൃതികൾ പേ. 17.
16. ,, ,, പേ. 18.
17. ,, ,, പേ. 18.

ത്തിലൂടെ. ഈ മാനസികപ്രയാണത്തിന്റെ അന്ത്യഘട്ടം പ്രത്യേകം ശ്രദ്ധേയമാണ്. ചാവറയച്ചന്റെ മാനസികയാത്ര യുഗാന്ത്യോന്മുഖമായ ഒരു ഒത്തുതീർപ്പിലാണവസാനിക്കുന്നത് :

''കർത്താവേ അയാളോട് കല്പിച്ചപോലെ നിന്റെ ഇഷ്ടപ്രസാദമെന്ന പറുദീസായിൽ 'ഇപ്പോഠ തന്നെ നീ എന്നോടുകൂടെ ആയിരിക്കും' എന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേഠപ്പിച്ച നിന്റെ ദൈവഇഷ്ടപ്രസാദം എന്നിൽ നിലനിറുത്തി പാപങ്ങളൊക്കെയും പൊറുത്തരുളണമേ ആമ്മേൻ.''[18]

വീണ്ടും, അടുത്തഭാഗത്തേ അദ്ദേഹത്തിന്റെ ഈശ്വരാനുഭൂതിയെ വിശകലനം ചെയ്യുമ്പോഠ ഒന്നാം ദിവസത്തെ സ്നേഹതീവ്രതയും പാരവശ്യവും അതേയളവിൽ കാണുന്നില്ലെങ്കിലും, ''കരുണയുള്ള പിതാവായിട്ടല്ലാതെ നീതികർത്തനായിട്ടല്ല''[19] അവിടുത്തെ ദർശിക്കുന്നത്.

## ദൈവാനുഭവം

ചുരുക്കത്തിൽ, എരിയുന്ന സ്നേഹവും ആ അഗ്നിയിലുരുകിത്തെളിയുന്ന പാപബോധവുമാണ് അദ്ദേഹത്തിന്റെ ആധ്യാത്മികതയുടെ കരുക്കഠ. ഇവിടെ പശ്ചാത്താപമുഖരിതമായാലും, സ്നേഹതരളിതമായാലും, ആ പിതൃപുത്രബന്ധത്തിന്റെ ഔന്നത്യം അഭംഗുരം പാലിക്കപ്പെടുന്നു; അഥവാ അടിമമനോഭാവം ഉളവാക്കുന്ന അപകർഷതാബോധത്തിന്റെ പോറൽ പോലും ഏൽക്കാത്ത ഉൽകൃഷ്ടനിലവാരം പുലർത്തുന്നതാണ് അദ്ദേഹത്തിന്റെ ആധ്യാത്മികത. ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കപ്പെട്ടതാണ് ആ ജീവിതം.

പീഡാനുഭവ ചിന്തയുടെ അതിപ്രസരം പാശ്ചാത്യസ്വാധീനമായി കരുതാമെങ്കിലും, പൗരസ്ത്യപൈതൃകമായ ഉത്ഥിതനായ ക്രിസ്തുവിന്റെ സന്നിവേശം ആ ആത്മാവിനെ പൂരിതമാക്കിയതിനാലാണ് പുത്രപദവിയിൽ നിലനിൽപു സാധിതമായത്.

ദൈവത്തെ പിതാവെ എന്നു വിളിച്ചു പ്രാർഥിക്കുവാനുള്ള ഈശോനാഥന്റെ ആഹ്വാനം അദ്ദേഹത്തിന്റെ ഉപബോധമനസ്സിലും ബോധമനസ്സിലും രൂഢമൂലമായിരുന്നു. അനുതാപചിന്തയുണരുമ്പോഴെല്ലാം ധൂർത്തപുത്രനെപ്രതി അസ്വസ്ഥനായിക്കഴിയുന്ന സ്നേഹമയിയായ വത്സലപിതാവിന്റെ ചിത്രമാണാ മനോമുകരത്തിൽ വിടരുക. ഈശോയെ ''അപ്പാ'' എന്നു വിളിക്കുന്നതിന്റെ സാംഗത്യത്തെക്കുറിച്ച് സന്ദേഹ

18. ആധ്യാത്മിക കൃതികഠ പേ. 23.
19. ,, ,, പേ. 26.

മുളവായേക്കാം. എന്നാൽ പൗരസ്ത്യതഴക്കമനുസരിച്ച് പരിശുദ്ധ ത്രീത്വ ത്തിലെ ഏതൊരാളെ സംബോധന ചെയ്യുമ്പോഴും മൂവരേയും ഒരുപോ ലെയാണല്ലോ കരുതുക.

അങ്ങനെ, ധ്യാനസല്ലാപത്തിൽ പ്രകടമാകുന്ന ആദ്ധ്യാത്മികത ഒരേ സമയം പാശ്ചാത്യവും പൗരസ്ത്യവും അതിനാൽത്തന്നെ വി. ഗ്രന്ഥാധി ഷ്ഠിതവുമാണ്. ജ്ഞാനയോഗത്തെയും കർമ്മയോഗത്തെയും സമഞ്ജസമാ യി സമ്മേളിപ്പിച്ച് പടുത്തുയർത്തിയ ഉത്തുംഗശൃംഗമായ ആ ദൈവമനുഷ്യ നെ സംബന്ധിച്ചിടത്തോളം, വെറും കാര്യകാരണശൈലി പുല്കിക്കൊണ്ടു ള്ള ശുഷ്കമായൊരു പ്രക്രിയയല്ല ധ്യാനമെന്നത്. അതിലുപരി അനു ഭവവേദ്യമാണത്. ആത്മനാഥന്റെ ചാരെയിരുന്നുള്ള ഒരലിഞ്ഞുചേര ലാണ്. ബൗദ്ധികതയ്ക്കു സ്ഥാനമില്ലെന്നു വിവക്ഷയില്ല.

ദൈവവുമായി ഐക്യത്തിൽ വളരുംതോറും അവശ്യം ഉണ്ടാകേണ്ട ആത്മവിശുദ്ധീകരണത്തിന്റെ അവബോധം അദ്ദേഹത്തിൽ ആശങ്കയുള വാക്കുന്നു. ബലഹീനതയുടെ ആവിഷ്ക്കാരമായ നിസ്സഹായത, സങ്കേ തങ്ങളിലഭയം തേടുവാൻ പ്രേരിപ്പിക്കുന്നു. വിശുദ്ധരോടുള്ള ഐകൈക്യ ത്തിന്റെ നിദാനവും ഇതുതന്നെയെന്നു വേണം കരുതുവാൻ.

ഈ ലഘുകൃതിയിൽ വെളിപ്പെടുന്ന ചാവറയച്ചന്റെ ദൈവവിജ്ഞാ നീയ പാണ്ഡിത്യത്തിന്റെ സമകാലീനത പ്രത്യേകം പ്രസ്താവ്യമാണ്. അടിസ്ഥാനപരമായി, പൗരസ്ത്യപാരമ്പര്യത്തിലാണ് അതിന്റെ തായ് വേരു നാം കണ്ടെത്തുക. ദൈവത്തെ സ്നേഹപിതാവിനെയെന്നപോലെ സമീപിക്കുവാനും, ദൈവസ്നേഹപാരമ്യത്തിലുരുകിയൊഴുകുന്ന പശ്ചാത്താ പം ഉദീരണംചെയ്യുവാനും, ക്രിസ്ത്വാനുഭവസ്വായത്തീകരണബദ്ധമായ ഒരാദ്ധ്യാത്മികത കരുപ്പിടിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞതിൽ നിന്നെല്ലാം ഇതു വളരെ വ്യക്തമാണ്.

രണ്ടു ദിവസത്തെ സമയദൈർഘ്യമുള്ള ഈ ഗ്രന്ഥം ഒരു മാസിക ധ്യാനത്തിന്റെ ചട്ടക്കൂട്ടിലൊതുങ്ങുന്നു. വെറും ചിന്താശില്പങ്ങളൊരുക്കി വയ്ക്കാതെ, സ്വന്തം പ്രാർത്ഥനാനുഭവത്തിന്റെ ആത്മാർത്ഥമായ പ്രകാശന ത്തിലൂടെ ആ ആദ്ധ്യാത്മിക പൈതൃകത്തിലേയ്ക്കു നമുക്കും ഒരുൾക്കാഴ്ച നൽകുന്നതിൽ ഈ ഗ്രന്ഥം വിജയിച്ചിരിക്കുന്നു.

# 7

# ആത്മാനുതാപത്തിലെ ജീവിതവീക്ഷണം

## ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ

മനുഷ്യവ്യക്തികൾ സ്വഭാവം, സിദ്ധികൾ, താൽപര്യങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവയിൽ വ്യത്യസ്തരാണ്. ഈ വ്യത്യസ്തതകൾ തന്നെയാണ് ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയിൽ നിന്ന് വ്യതിരിക്തനാക്കുന്നതും. വ്യക്തികളുടെ ജീവിതവീക്ഷണങ്ങളിലെ അന്തരത്തിനുള്ള പ്രധാനകാരണവും ഇതുതന്നെ. ലോകോത്തരമഹാന്മാരുടെ ജീവിതത്തിലേയ്ക്കു നോക്കിയാൽ ഈ വസ്തുത പ്രസ്പഷ്ടമാകും. പൊതുവായ ലക്ഷ്യങ്ങളും അവയുടെ സാക്ഷാത്കാരത്തിനു സ്വീകരിക്കുന്ന മാർഗ്ഗങ്ങളും ഏറെക്കുറെ ഒന്നുതന്നെയെന്നിരുന്നാലും അവരുടെ സമീപനങ്ങളും സാധനകളും ഭിന്നങ്ങളെന്നു കാണാൻ പ്രയാസമില്ല. ജീവിതലക്ഷ്യത്തെയും ആ ലക്ഷ്യപ്രാപ്തിയ്ക്കു സ്വീകരിക്കുന്ന സാധനകളെയും സമീപനരീതികളേയുമൊക്കെപ്പററി ഓരോ വ്യക്തിയും ഓരോ വീക്ഷണം പുലത്തുക സ്വാഭാവികമാണ്. ഇത്തരം വീക്ഷണങ്ങൾക്കൊണ്ട്—ജീവിതത്തെപ്പററിയുള്ള ഉൾക്കാഴ്ചകൾക്കൊണ്ട്—ജീവിതവീക്ഷണം എന്നു നാം സാധാരണ പറയുക.

ദൈവദാസനായ ചാവറയച്ചന്റെ ജീവിതവീക്ഷണമെന്തെന്നു സമഗ്രമായി മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ വാക്കുകളും (സാഹിത്യകൃതികളും) പ്രവൃത്തികളും (കമ്മപദ്ധതികളും) ആഴമേറിയ പഠനത്തിനു വിധേയമാവണം. ചാവറയച്ചന്റെ വിശിഷ്ടകൃതിയായ ''ആത്മാനുതാപം''[1] കാഴ്ചവയ്ക്കുന്ന ജീവിതവീക്ഷണവും ആ വീക്ഷണത്തിൽ ഒളിമിന്നി പ്രകാശിക്കുന്ന ആദ്ധ്യാത്മികതയും കണ്ടെത്താനുള്ള ഒരെളിയ ശ്രമമാണ് ഈ ലേഖനം.

---

1. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം രണ്ട്, സാഹിത്യകൃതികൾ, പേജ് 1—127

## കാവ്യപരിചയം

ഗ്രാമീണകേരളത്തിന്റെ വികാരധാരകളാവഹിക്കുന്ന ഗാനവൃത്തങ്ങളിൽ രചിക്കപ്പെട്ട രണ്ടായിരത്തിലേറെ ഈരടികളാണ് 'ആത്മാനുതാപ'ത്തിലുള്ളത്. ഹൈന്ദവസങ്കീർത്തനങ്ങളിൽ കാണാറുള്ള സ്വാത്മകവൃത്തങ്ങളാണ് മൂന്ന്; ഒമ്പതു് ഭാഗ (പാദ) ങ്ങളിൽ കാണുക. പാന, തരംഗിണി, കേക, വഞ്ചിപ്പാട്ടു തുടങ്ങിയ നാടൻശീലുകൾക്കാണ് സംസ്കൃതവൃത്തപ്രചുരമായ അക്കാലത്തുപോലും ചാവറയച്ചൻ പ്രാധാന്യം നല്കിയതെന്നതു് അത്ഭുതാവഹവും ചിന്തോദ്ദീപകവുമായിരിക്കുന്നു.

ഒരു നൂറ്റാണ്ടുമുമ്പ് നിലവിലിരുന്ന മലയാളഭാഷയിൽ സാർവ്വത്രികമായി കണ്ടുവന്നിരുന്ന സംസ്കൃതപദങ്ങൾക്കു പുറമെ സുറിയാനി, തമിഴ്, ലത്തീൻ പദങ്ങളും തത്ഭവമായോ തത്സമമായോ ചാവറയച്ചൻ ഇതിൽ പ്രയോഗിച്ചിട്ടുണ്ട്. ചുരുക്കം ചിലേടങ്ങളിൽ പോർച്ചുഗീസ് പദങ്ങളും കാണാം. പക്ഷേ വിദേശഭാഷാപദങ്ങൾ സ്വീകരിക്കുമ്പോഴും മലയാളഭാഷയുടെ ജീനിയസ്സിനോട് ചേർന്നുപോകത്തക്കവിധം അവയെ ചെത്തിമിനുസപ്പെടുത്താനും മലയാളവൽക്കരിക്കാനും അദ്ദേഹം നിഷ്കർഷിച്ചിരുന്നു.

## ഉള്ളടക്കം ഒററനോട്ടത്തിൽ

പന്ത്രണ്ടു ഭാഗങ്ങളും അന്ത്യപാദവും കടശ്ശിയപേക്ഷയും ചേർന്ന ഈ കൃതി ഒരർത്ഥത്തിൽ ഒരു 'ക്രിസ്തുഗാഥ' യാണെന്നു പറയാം. ക്രിസ്തുവിന്റെ ജീവചരിത്രവും സാരോപദേശങ്ങളും സമ്യക്കായി ഇതിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ഇതോടൊപ്പം ക്രിസ്തുവിന്റെ-മനുഷ്യകുലത്തിന്റേയും-മാതാവായ പ. കന്യകാമറിയത്തിന്റെ അപദാനങ്ങളും സഹരക്ഷകാത്വവും സന്ദർഭോചിതമായി തുന്നിച്ചേർത്തിരിക്കയാണ്. അവസാനപാദങ്ങളിലാണ് ഇതധികം കാണുക.

ഒന്നും രണ്ടും ഭാഗങ്ങൾ കവിയുടെ ആത്മകഥാപരമായ വിവരണങ്ങളാണ്. വിശേഷബുദ്ധിയുള്ള മനുഷ്യനായി തന്നെ സൃഷ്ടിക്കയും സന്ന്യാസ-പൗരോഹിത്യ ജീവിതത്തിലേയ്ക്കു വിളിക്കുകയും ചെയ്ത സ്നേഹധനനായ ദൈവത്തോട് തദനുസൃതമായ നന്ദികാണിയ്ക്കാതെ പോയതിലുള്ള അനുതാപം 'ആത്മാനുതാപ' ത്തിന്റെ എല്ലാ പുറങ്ങളിലും ഒളിവീശി നിൽക്കുന്നു. പശ്ചാത്തപിച്ച ക്രിസ്തുവിനെ സ്വീകരിക്കാതെ സമ്പൂർണ്ണ ക്രൈസ്തവനാകുവാൻ-സമഗ്രമായ മനുഷ്യത്വത്തിന്റെ ഉടമയാകുവാൻ-കഴിയില്ലെന്ന വിശ്വാസം ഈ കൃതിയിൽ നിറഞ്ഞു നിൽക്കുന്നതായി കാണാം.

കവിതയിൽ മുഴച്ചുനിൽക്കുന്ന ചില ചിന്താധാരകൾമാത്രം നമുക്കല്പം അപഗ്രഥിച്ചു നോക്കാം. 'ആത്മാനുതാപ'ത്തിലെ ജീവിതവീക്ഷണം കണ്ടെത്താൻ ഇതു സഹായകമാവും.

## പാപബോധം

മനുഷ്യൻ സൃഷ്ടിയും ദൈവം സ്രഷ്ടാവുമാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അകലം വളരെ വലുതാണ്. സൃഷ്ടിക്കു സൃഷ്ടിയുടേതായ കറവുകളുണ്ട്. ജീവിതത്തിന്റെ ചില ഘട്ടങ്ങളിലെങ്കിലും, മനസ്സാക്ഷിയിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവേഷ്ടം പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടിട്ടില്ല എന്ന ബോധ്യം മനുഷ്യനുണ്ടാകുന്നു. ഈ ബോധ്യത്തിൽ നിന്നു് ഉയിർക്കൊള്ളുന്നതാണ് പാപബോധം. പാപബോധത്തോടുകൂടി പശ്ചാത്തപിച്ച് പാപത്തിൽനിന്നു മുക്തിനേടി ദൈവവുമായി കൂടുതൽ അടുക്കുവാൻമാത്രമല്ല 'അലിഞ്ഞു'ചേരുവാൻവരെ മിസ്റ്റിക്കുകൾ ആഗ്രഹിക്കുന്നു.

ക്രൈസ്തവ മിസ്റ്റിസിസത്തിന്റെ ഈ അടിസ്ഥാന സങ്കല്പം ആത്മാനുതാപത്തിൽ വ്യക്തമായി കാണാം. ''ജ്ഞാനസ്നാനത്തിൽ എനിക്കു ലഭിച്ച വെള്ളവസ്ത്രം (പ്രസാദവരം) ഒരിക്കലും കളങ്കപ്പെടുത്തിയിട്ടില്ല'' എന്ന് മരണത്തിനു് ഏതാനും നാൾക്കുമുമ്പ് തുറന്നുപറയാനുള്ള ധൈര്യം കാണിച്ച ചാവറയച്ചൻ 'ആത്മാനുതാപ'ത്തിൽ എഴുതുന്നതു നോക്കുക.

''ജ്ഞാനസ്നാനത്താൽ തവ പുത്രനായ് വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു.
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽ പരം കഷ്ടം പിശാചിൻ ദാസനായി.
അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ.
മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നിയെന്നിയേ മറ്റൊന്നു ഗുണം നാഥാ
എന്നുടെ സ്നേഹം നീയേ, ജീവനുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു''.

(II 134-144)

''പൊയ്പോയോരജത്തിനെ നേടുവാൻ വന്ന നീയേ.
കൈക്കൊണ്ടു രക്ഷിക്കേണം ഞാനു മിന്നതിലൊന്ന്''.

(V 174)

നന്മയുടെ ഉറവിടമായ സച്ചിദാനന്ദസ്വരൂപനുമായി തട്ടിച്ചുനോക്കുമ്പോൾ താൻ നിസ്സാരനാണ് എന്ന ബോധം, ആ ബോധത്തിൽനിന്നുരവയെടുക്കുന്ന വിനയം, പശ്ചാത്താപം, ആത്മസമർപ്പണചിന്ത തുടങ്ങിയവ ചാവറയച്ചന്റെ ജീവിതവീക്ഷണത്തിന്റെ സ്രോതസ്സായി വർത്തിക്കുന്നു.

ഈ പാപബോധം ആത്മനിന്ദയായി തെററിദ്ധരിക്കരുത്. ആത്മ നിന്ദയായിരുന്നെങ്കിൽ, സന്ന്യാസസഭാസ്ഥാപനം തുടങ്ങി അത്ഭുതാവഹ ങ്ങളായ ഇത്രയേറെ കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിനു കഴിയുമായിരു ന്നില്ല. ശരിയായ പാപബോധം നയിക്കുക നിരാശ്രയതയിലേക്കല്ല ദൈവാശ്രയത്തിലേക്കാണ്. തന്നെത്തന്നെ ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പിക്കണം, ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് എല്ലാ ശക്തികളുടേയും ഉറവിടം എന്നീ ചിന്തകൾ 'ആത്മാനുതാപ'ത്തിൽ ഉട നീളം കാണാം. ക്രിയാത്മകമായ ഈ പാപബോധത്തിന്റെ പശ്ചാത്ത ലം ദൈവത്തോടുള്ള കൃതജ്ഞതാബോധവും ദൈവാശ്രയ ചിന്തയുമാണെ ന്നതും വിസ്മരിക്ക വയ്യ.

''എന്നുടെ പൈതൽപ്രായേ നിന്നിൽനിന്നകന്നു ഞാൻ
ഇന്നു നിൻ തിരുമുമ്പിൽ ശരണം പ്രാപിക്കുന്നു.

നിന്നുടെ തിരുക്കരം നീട്ടി നിൻ തിരുവാഴ്വ്
തന്നീടേണമേ, മമ പാപവും പോക്കിടേണം.

പാർക്കണം അടിയൻമേൽ തീർക്കണം മമ ക്ലേശം
കാക്കണമെന്നെയും നീ ചേർക്കണം തിരുമുമ്പിൽ''.

(V 175–180)

എന്നു പുൽക്കൂട്ടിലെ ദിവ്യപൈതലിനോടു പ്രാർത്ഥിക്കുന്നതു് ഇതിനു തെ ളിവാണ്.

തുടർന്ന് ആറാം പാദത്തിൽ പ. കന്യകമറിയത്തോട് കവി ഇതേ രീതിയിൽ പ്രാർത്ഥന ആവർത്തിക്കുന്നു;

''ദുഷ്ടരെ പാർത്തു കല്പിച്ചീടുന്ന ശാപവിധി
ശിഷ്ടദാസനാമെന്നെ കേൾപ്പിച്ചീടല്ലേ നാഥേ,
ഇന്നു നാൾവരെയുള്ള എന്നുടെ പാപകഷ്ടം
ഇന്നു ഞാൻ ദ്വേഷിച്ചുറച്ചേററവും ഖേദിക്കുന്നു.
എന്നുടെ പാപം പൊറുത്തെന്നു ഞാനുറപ്പാനായ്
നിന്നുടെ തിരുപുത്രൻ സന്നിധൗ വഴങ്ങുന്നേൻ.
ദുഷ്ടരെ ശാസിച്ചുടൻ വലത്തുഭാഗേ നോക്കി
ശിഷ്ടരെ തൃക്കൺപാർത്തു കല്പിക്കും മഹാ സ്നേഹാൽ...''

(VI 229–236)

''ശിഷ്ടരെ തൃക്കൺപാർത്തു കല്പിക്കും മഹാ സ്നേഹാൽ...'' തുടങ്ങിയ ഭാഗം പാപബോധത്തിന്റെ ക്രിയാത്മകവശത്തേയ്ക്കു വിരൽ ചൂണ്ടുന്ന താണ്.

## ക്രിസ്തുദർശനം

മനുഷ്യനായവതരിച്ച ദൈവസുതനാണ് ക്രിസ്തു. ആ ക്രിസ്തുവിലൂടെ മാത്രമേ ദൈവത്തിൽ എത്തിച്ചേരാനാവൂ, 'ലയിക്കാ'നാവൂ എന്ന ക്രൈസ്തവവിശ്വാസം 'ആത്മാനുതാപ'ത്തിലെ ശക്തമായ ഒരന്തർധാരയായി നില്ക്കുന്നു. ക്രിസ്തുവിനെ കാണാത്തവൻ ദൈവത്തെ കാണുന്നില്ല. അതു കൊണ്ട് 'ക്രിസ്തുവിനെ കാണാകേണം' എന്ന പ്രാർത്ഥനയാണ് 'ആത്മാനുതാപ'ത്തിന്റെ മൂന്നാം പാദത്തിലെ ഓരോ ഈരടിയിലുമുള്ളത്. 50 ഈരടികളുള്ള ഈ പാദം ആരംഭിക്കുന്നതിങ്ങനെയാണ്:

''കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരണ്യശോഭയെ കാണാകേണം
മാനുഷ നീചവേഷത്തെ ധരിച്ചോരു
മാനുഷത്രാതാവേ കാണാകേണം
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നു ജനിച്ചതും കാണാകേണം.''

(III 1-6)

## ദൈവിക മേഖലയിലേക്ക്

ക്രിസ്തുദർശനം വഴി ലഭിക്കുന്ന ഈശ്വരസായുജ്യം ലോകത്തിൽനിന്ന് ഒളിച്ചോടാനോ മനുഷ്യരെ വിട്ടകലാനോ അല്ല ചാവറയച്ചനെ പ്രേരിപ്പിച്ചത്. മറിച്ച്, ക്രിസ്തുവിനെ, ദൈവസാന്നിദ്ധ്യത്തെ മനുഷ്യരിൽ അവതരിപ്പിക്കാനാണ്. ദൈവികമായ അനുഭൂതിയെ ഭൂമിയിലേക്കിറക്കിക്കൊണ്ടുവരികയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഈ ഉദ്ദേശത്തോടെ പാപികൾക്കുവേണ്ടി മാധ്യസ്ഥ്യപ്രാർത്ഥനകൾ നടത്തുന്ന ഭാഗങ്ങൾ ആത്മാനുതാപത്തിൽ ധാരാളമുണ്ട്.

ക്രിസ്തു സസന്തോഷം കഴുമരമായ കുരിശ് തോളിലേറ്റുന്ന ഒരു ഭാഗം എട്ടാം പാദത്തിലുണ്ട്. സാർവ്വത്രിക രക്ഷയുടെ ആശയം ഇവിടെ വ്യക്തമായി നിഴലിക്കുന്നതു കാണാം.

''നിന്നിലുള്ളപമാന സുനിന്ദ കഠിനത
നിന്നാലെ തന്നെ നമ്മിൽ മാധുര്യം വരുത്തി മേ.
പിന്നാലെ മനുമക്കളോടിഛരിപ്പാനായ് നിന്നെ
കണ്ടുമേ സ്നേഹവൃന്ദം നിന്നെയാശ്ലേഷം ചെയ്യു.
നിന്നാലെ തുറക്കുന്ന പാതയിൽ മമ ജനം
പിന്നാലെയോടി നിന്നെയന്വേഷിച്ചിടും ദൃഢം.

എന്നുടെ സ്നേഹപിതാനാദ്യന്തൻ ദേവൻ നീയേ,
നീ തന്നെ ഭൂമ്യാകാശ സൃഷ്ടിതാവെന്നും ദൃഢം
നിന്നുടെ ചൊൽകേട്ട ഞാൻ വഴക്കി മമ കരം
എന്നുടെ മക്കൾക്കുള്ള രക്ഷാർത്ഥം ലഭിപ്പാനായ്.''

(VIII 29–38)

ചാവറയച്ചൻ ക്രിസ്തുചരിത്രം അനുഗാനം ചെയ്യുന്നിടത്തെല്ലാം വ്യക്തമായിക്കാണുന്ന രണ്ടാശയങ്ങളുണ്ട്. ഒന്ന്, ക്രിസ്തു മനുഷ്യാവതാരം ചെയ്തതുതന്നെ മനുഷ്യനെ പാപവിമുക്തനാക്കാനാണ്. രണ്ട്, ക്രിസ്തുവിന്റെ പീഡാസഹനങ്ങളും കരിശുമരണവും തുടർന്നുള്ള ഉത്ഥാനവും മനുഷ്യനെ ദൈവിക മേഖലയിലേക്കുയർത്താനാണ്. ക്രൈസ്തവമായ ഈ ഉൾക്കാഴ്ച ചാവറയച്ചനിൽ തിങ്ങിനിറഞ്ഞിരുന്നു. ആത്മാനുതാപത്തിന്റെ നാലു മുതൽ പത്തുവരെയുള്ള പാദങ്ങളിൽ ഈ ആശയങ്ങൾ ഒളിഞ്ഞും മറഞ്ഞും വരുന്നതു കാണാം. 'ആത്മാനുതാപ'ത്തെപ്പറ്റി ശ്രീ. സി. പി. ശ്രീധരൻ പറയുന്ന വാക്കുകൾ ഇവിടെ സ്മരണീയമാണ്. ''ജനങ്ങളെ ക്രിസ്തുമതത്തിലേക്കു കൊണ്ടുവരുന്നതിനു പകരം, ക്രിസ്തുവിനെ ജനങ്ങളിലേക്കെത്തിക്കുക, ഇതാണ് നാടൻ ഗാനവൃത്തങ്ങളിലൂടെ കരിയാക്കോസച്ചൻ സാധിച്ച മൗലികമായ ലക്ഷ്യം.''[2]

ചാവറക്കൃതികളുടെ ഉൾക്കാഴ്ചയെപ്പറ്റിയുള്ള ചർച്ചയിൽ ശ്രീ. കെ എം. തരകനും സമാനമായ ഒരാശയം എടുത്തുകാട്ടുന്നുണ്ട്. ''ഈ ഭൂമിയിലുള്ള എല്ലാ കാര്യങ്ങളെയും മനുഷ്യനെത്തന്നെയും പ്രതിനിമിഷം ആദ്ധ്യാത്മികമാക്കിക്കൊണ്ട്, ദൈവസന്നിധാനത്തിലേയ്ക്ക് എത്തിക്കുക എന്ന കർമ്മമാണ് നമുക്ക് നിർവഹിക്കാനുള്ളത്. അതുകൊണ്ട് പരസ്നേഹം എന്നുള്ളത് സമ്പൂർത്തമാക്കാൻ കഴിയുന്നില്ലെങ്കിൽ ക്രൈസ്തവന്റെ ജീവിതം ധന്യമാവുകയില്ല എന്നതാണ് ചാവറയച്ചൻ അസന്ദിഗ്ദ്ധമായി പറയുന്നത്.[3]

തനിക്കുണ്ടായ ക്രിസ്താനുഭവവും ഈശരസ്പർശനവും കവിതകളിലൂടെയും കർമ്മപദ്ധതികളിലൂടെയും തന്റെ സഹജീവികളുമായി പങ്കുവയ്ക്കണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു. സ്നേഹോദരമായ ആ പങ്കുവച്ചനുഭവേിക്കലിന്റെ ഒരു രംഗം–മാധ്യമം–മാത്രമാണ് ആത്മാനുതാപം!

## ക്രിസ്തുവിന്റെ അമ്മ തന്റെയും അമ്മ

ക്രിസ്തുവിന്റെ അമ്മയായ പരി. കന്യകാമറിയത്തെ തന്റെതന്നെ അമ്മയായി പരിഗണിച്ച് സ്നേഹപൂർവ്വം സമീപിക്കുന്ന ഒട്ടേറെ രംഗങ്ങൾ 'ആത്മാനുതാപ'ത്തിലുണ്ട്–പ്രത്യേകിച്ച് അവസാനഭാഗത്ത്. ക്രിസ്തു

2. ചാവറ ചരമ ശതാബ്ദി 1871-1971 പ്രകാശം, ആലപ്പുഴ പേ. 77
3. ചാവറ ചരമശതാബ്ദ്യാഘോഷസ്മാരകം 1871–1971, കൂനമ്മാവ് പേജ് 73

വിൻെറ ഉത്ഥാനശേഷം മറിയത്തിൻെറ പരിലാളനയിൽ ക്രൈസ്തവസമൂഹം-സഭ-വളരുന്നതായി അദ്ദേഹം ചിത്രീകരിക്കുന്നു. മാതാവുതന്നെ ജറുസലത്തു്-ഒരു കന്യകാമഠം സ്ഥാപിച്ചതായും എഫേസൂസിലേക്കു യാത്ര ചെയ്തതായും മററും പത്താം പാദത്തിൽ വർണ്ണിച്ചിട്ടുണ്ടു്. പതിനൊന്നാം പാദത്തിൽ മാതാവിൻെറ ജറുസലേം വാസം, വിശുദ്ധസ്ഥലങ്ങളുടെ സന്ദർശനം, ക്രിസ്തുശിഷ്യന്മാരെ സുവിശേഷപ്രചാരണത്തിനയയ്ക്കൽ തുടങ്ങിയവ കൗതുകമുണർത്തുന്ന വിശദാംശങ്ങളോടെ വിവരിക്കുന്നു.[4]

ദൈവജനനിയുടെ മരണവും ഉയിർപ്പും കവിയുടെ അന്ത്യാപേക്ഷയുമാണു് തുടർന്നുള്ള ഭാഗങ്ങളിൽ. കവിതയുടെ അവസാന വാക്കുകൾ തൽകർത്താവിൻെറ ജീവിതാഭിനിവേശങ്ങളിലേക്കു പ്രകാശം പായിക്കുന്നവയാണു്.

''പാപിയായ ഞാൻ കഴിച്ച ജീവിതം സ്വമന്ദിരേ
പാപലോകതരണമായ മരണസമയമെന്നതിൽ
തൻെറ ശുദ്ധനാമവും വിളിച്ചുകൊണ്ടു ദേഹിയെ
തൻെറ പുത്രകൈവശത്തിൽ ദാസിവച്ച കൈകളിൽ
ലോകമെന്ന കാട്ടുനിന്ന നേരമെൻെറ അക്ഷികൾ
ലോകരക്ഷാനാഥനായ നിൻ സുതസ്യ ആനനം
തെളിവു സ്നേഹദയയിനാലെ പാർപ്പതിന്നു ദാസിമേ
അരുളിടേണം അമ്മയേ നിൻ ശരണമടിയൻ ശിരസ്സിൽ
മരണനേരമതിനുമുമ്പിൽ കരുണവച്ചു ദാസനെ
കരുതിക്കാത്തു രക്ഷചെയ്ക കരുണയുള്ള നാഥയേ''.

(കടശിയപേക്ഷ : 68-76)

## ജീവിത വീക്ഷണം

അപ്പോൾ, 'ആത്മാനുതാപ' ത്തിലൂടെ തെളിഞ്ഞുവരുന്ന ജീവിത വീക്ഷണമെന്താണു്? ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം. ലോകരക്ഷകനായ ക്രിസ്തുവിലൂടെ ദൈവസായൂജ്യം പ്രാപിക്കാമെന്ന ബോധ്യം, ക്രിസ്തുവിനെ ജനങ്ങളിൽ എത്തിക്കുന്നതിൽ തനിക്കുമൊരു പങ്കുണ്ടെന്ന ക്രിയാത്മക ബോധം, തൽഫലമായുള്ള ആത്മസമർപ്പണം, കന്യാമാതാവിൻെറ ദാസനാണു് താനെന്നും ഈ തീർത്ഥയാത്രയിൽ അവിടത്തേ സഹായം അവശ്യാവശ്യമെന്നുമുള്ള ഉത്തമവിശ്വാസം, സർവ്വോപരി പാപബോധം തുടങ്ങിയവയെല്ലാം ചാവറയച്ചൻെറ ജീവിത വീക്ഷണത്തിൻെറ ഊടും പാവുമായി വർത്തിക്കുന്നു.

---

4. മരിയ ദെ അഗ്രാദ സ്പാനിഷ്ഭാഷയിൽ രചിച്ച 'ദൈവനഗരം' എന്ന കൃതിയുടെ ഇററാലിയൻ വിവർത്തനത്തോടു് ഈ ഭാഗത്തെ വിവരണങ്ങൾക്കു സാദൃശ്യമുണ്ടു്. ഈ ഗ്രന്ഥം ചാവറയച്ചനെ സ്വാധീനിച്ചിരിക്കാം.

കവിതയിലൂടെ കവിഹൃദയത്തിന്റെ ഉള്ളറകൾ കണ്ടെത്താം എന്ന നിരൂപണമതം അംഗീകരിച്ചുകൊണ്ടുതന്നെ പറയട്ടെ, 'ആത്മാനുതാപ'ത്തെമാത്രം ആസ്പദമാക്കി ചാവറയച്ചന്റെ മുഴുവൻ ജീവിതവീക്ഷണവും-ആദ്ധ്യാത്മികചിന്തയും-കണ്ടെത്താനോ വിലയിരുത്താനോ കഴിയില്ല എന്നാണ് ഈ ലേഖകന്റെ വിശ്വാസം. സമഗ്രമായ ഒരു ജീവിത വീക്ഷണത്തിന്റെ - ജീവിതശൈലിയുടേയും - ദിങ്മാത്രദർശനം മാത്രമേ ആത്മാനുതാപത്തിലൂടെ സാധ്യമാവൂ. അനുപമമായ ആ സമഗ്രദർശനത്തിന്റെ തിരുനട തുറക്കണമെങ്കിൽ ചാവറക്കൃതികൾ മുഴുവൻ മാത്രമല്ല ആ ജീവിതവും ആഴത്തിൽ പഠിച്ചേ പറ്റൂ.

## ആത്മൗന്നത്യത്തിന്റെ കവിത

'ആത്മാനുതാപ'ത്തിലെ കല്പനാസൗകമാര്യം, അലങ്കാരഭംഗി തുടങ്ങിയ കവിതാംശങ്ങൾ ഇവിടെ അന്വേഷണ വിധേയമാക്കിയിട്ടില്ല. അതിലെ വീക്ഷണം എന്തെന്നു തേടിയുള്ള ഒരു തീർത്ഥയാത്ര മാത്രമായിരുന്നു ഇതു്. 'ആത്മാനുതാപ'ത്തെക്കുറിച്ച് ഒരു ഹൈന്ദവ സഹൃത്തിനു പറയാനുള്ളതു് ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കാം.

''പത്തൊമ്പതാം നൂററാണ്ടിലെ മലയാള സാഹിത്യത്തിൽ നിത്യസ്മരണാർഹമായ ഒരു തേജ:പ്രതിഭാസമാണ് കുരിയാക്കോസ് ഏലിയാസച്ചനെന്നു് അംഗീകരിക്കാതെ വയ്യ. പോയ നൂററാണ്ടിലെ മഹാപ്രതിഭന്മാരെ മറന്നാലും കുരിയാക്കോസച്ചനെ മറന്നുകൂടാ—കാരണം, മലയാള വാങ്മയമാകെ രതിഭാവ പ്രളയത്താൽ സാഹിത്യത്തെയും ജീവിതത്തെയും ശൃംഗാരക്കളരിയാക്കി മാററിയ കാലത്താണ് ആത്മൗന്നത്യത്തിന്റെ ധവള ശൃംഗത്തിൽനിന്നു് അദ്ദേഹം സർവ്വപാപഹരമായ കാവ്യഗംഗ ചുരത്തിയതു്. സാഹിത്യത്തെയും ജീവിതത്തെയും ജീർണ്ണതാപചയങ്ങളിൽ നിന്നു, ഉദാത്തവൽക്കരിച്ചുയർത്തികൊണ്ടുവന്ന ദേദീപ്യമാനമായ ആത്മനിമന്ത്രണങ്ങളാകാൻ ആ വാണീജാലങ്ങൾക്കു കഴിഞ്ഞുവെന്നതാണ് സർവ്വപ്രധാനം.''[5]

---

5. സി. പി. ശ്രീധരൻ, ചാവറ ചരമ ശതാബ്ദി 1871—1971 പ്രകാശം, പേജ് 76

# 8

# രണ്ടു ഖണ്ഡകാവ്യകൃതികൾ

## പാനയും അനസ്താസ്യായുടെ രക്തസാക്ഷ്യവും

**സെഡ്. എം. മൂഴൂർ**

ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ വിരചിച്ച ''മരണവീട്ടിൽ പാടുന്നതിനുള്ള പാന''[1], ''അനസ്താസിയായുടെ രക്തസാക്ഷ്യം''[2] എന്നീ ഖണ്ഡകാവ്യകൃതികളെക്കുറിച്ച് അവലോകനം നടത്തുകയെന്നതാണ് ഈ പ്രബന്ധത്തിൻെറ ലക്ഷ്യം.

ഫ്രഞ്ചുസാഹിത്യനിരൂപകനായ സാങ്ബോ (1804–69) സാഹിത്യകൃതികൾ അപഗ്രഥിക്കുമ്പോൾ തൽക്കർത്താക്കളുടെ ജീവചരിത്രം, കാലം, കാവ്യരചനയുടെ ലക്ഷ്യം എന്നിവയും നാം കണക്കിലെടുക്കേണ്ടിയിരിക്കുന്നുവെന്ന് അഭിപ്രായപ്പെടുന്നുണ്ട്. മേല്പറഞ്ഞ കൃതികൾക്ക് ജന്മം കൊടുത്ത ചാവറയച്ചൻെറ ജീവചരിത്രം അന്യത്ര വിവരിച്ചിട്ടുള്ളതാണ്. അതുപോലെതന്നെ കാലഘട്ടവും.

### *ലക്ഷ്യമെന്ത്?*

ഇനി ലക്ഷ്യത്തെക്കുറിച്ചാണ്. മരണവീട്ടിൽ പാടുന്നതിനുള്ള പാന, അനസ്താസിയായുടെ രക്തസാക്ഷ്യം എന്നീ കൃതികൾക്ക് തനിച്ചോ പൊതുവായോ എന്തെങ്കിലും രചനാലക്ഷ്യം ഉണ്ടായിരുന്നോ? മറ്റൊരുവാക്കിൽ, ഈ കാവ്യങ്ങൾക്ക് എന്തെങ്കിലും സന്ദേശം നമുക്ക് എടുത്തുകാട്ടാനാവുമോ? ഈ പ്രശ്നം മൗലികമാണ്. വിശദമായി ചർച്ചചെയ്യേണ്ടിയിരിക്കുന്നു.

1. ചാവറയച്ചൻെറ സമ്പൂർണ്ണകൃതികൾ – വാല്യം 2, പേജ് 129
2. ,, ,, ,, ,, 175

ഓരോ സാഹിത്യസൃഷ്ടിക്കും ഒററ വാചകത്തിൽ ഒതുക്കാവുന്ന ഒരു ഉദ്ദേശ്യം ഉണ്ടായിരിക്കുമെന്നു് ഗയ്ഥേയും ഓരോ നോവലിനും പത്തുവാക്കുകളിൽ സംഗ്രഹിക്കാവുന്ന ഒരു പ്രമേയം കാണുമെന്നു് അർണോൾഡ് ബന്നററും പറയുന്നു. അപ്പോൾ നമുക്കു് ആലോചിക്കേണ്ടതു് ചാവറയച്ചൻെറ ഖണ്ഡകാവ്യദ്വയത്തിനു് ചുരുങ്ങിയ വാക്കുകളിൽ ഒതുക്കിക്കെട്ടാവുന്ന ഒരു സന്ദേശം അഥവാ ലക്ഷ്യം ഉണ്ടായിരുന്നോ എന്നതാണു്.

റോബർട്ട് ഫ്രോസ്റ്റിൻെറ പ്രസിദ്ധമായ ഒരു കവിതയുടെ ആശയം ഇതാണു്. ''ഈ ഹരിതവനം നീലനീരന്ധ്രവും മനോഹരവുമായിരിക്കുന്നു. പക്ഷേ എനിക്കെൻെറ വാഗ്ദാനങ്ങൾ പാലിക്കാനുണ്ടു്. ഉറങ്ങുന്നതിനു മുൻപ് എനിക്കനേകകാതം വഴി താണ്ടുവാനുണ്ടു്. അതെ, അനേകകാതം പോകുവാനുണ്ടു്.''

ഈ കാവ്യശകലം ലക്ഷ്യബോധത്തിനു നിദർശകമാണു്; പണ്ഡിററ് ജവഹർലാൽനെഹ്റുവിൻെറ മേശപ്പുറത്തു് ഈ ഈരടികൾ നിത്യം സൂക്ഷിച്ചിരുന്നു.

ചാവറയച്ചൻെറ കാവ്യകൃതികളെ അപഗ്രഥിക്കുമ്പോൾ റോബർട്ട് ഫ്രോസ്റ്റ് വാച്യമായിപ്പറഞ്ഞ ലക്ഷ്യബോധം ചാവറക്കൃതികളിൽ നിമീലിതമായിരിക്കുന്നു എന്നു കാണാൻ കഴിയും. എന്തായിരുന്നു ചാവറകൃതികളിൽ ഉന്നീതമായ സന്ദേശം? യേശു സ്ഥാപിച്ച സഭയിൽ അതിൻെറ പൂർണ്ണാർത്ഥത്തിൽ ഒരു അംഗമായിരിക്കുക–അതെ അതുതന്നെയാണു് ചാവറയച്ചൻെറ ഖണ്ഡകാവ്യ കൃതികളുടെ സന്ദേശസാരം.

ചുരുങ്ങിയ വാക്കുകളിൽ പ്രകാശിപ്പിച്ച ഈ സന്ദേശം കുറെക്കൂടി വിശദീകരിക്കേണ്ടതുണ്ടു്. ദൈവസുതനായ യേശുവിൻെറ ചേവടികൾ പിന്തുടർന്നു് അവിടത്തോടൊത്തു് മഹത്വത്തിൽ പിതാവായ ദൈവത്തിൽ ചെന്നെത്തുകയെന്നതാണു് തിരുസ്സഭയിൽ ഓരോ അംഗത്തിൻെറയും ആത്യന്തികലക്ഷ്യം. സ്വർഗ്ഗീയജറൂസലേമിനെ ലക്ഷ്യമാക്കിയുള്ള സുദീർഘപ്രയാണമാണു് നമ്മുടെ ഭൗമികജീവിതം. റോബർട്ട് ഫ്രോസ്ററിൻെറ ഭാഷയിൽപ്പറഞ്ഞാൽ, ''ലക്ഷ്യസ്ഥാനത്തെത്തുന്നതിനു മുമ്പു് അനേകം മൈലുകൾ നാം നടക്കേണ്ടിയിരിക്കുന്നു.''

സഭ എന്നു പറയുമ്പോൾ അതിൻെറ വിപുലാർത്ഥത്തിൽ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈശ്വരേച്ഛ നിർവഹിച്ചവർക്കായി മഹത്വത്തിൻെറ സിംഹാസനങ്ങൾ കാത്തുസൂക്ഷിക്കുന്ന സ്വർഗ്ഗത്തിലെ വിജയസഭയും, തിന്മകളോടും നാരകീയ ശക്തികളോടും നിരന്തരം പൊരുതിനില്ക്കുന്ന ഭൂമിയിലെ സമരസഭയും, ഈശ്വരസന്നിധിയിൽ കളങ്കലേശം വരായ്‌വാൻ തീയിലുരുകുന്ന ശുദ്ധീകരസ്ഥലത്തെ സഹനസഭയും തിരുസ്സഭയെന്ന ഏക യാഥാർത്ഥ്യത്തിൻെറ ത്രിവിധമണ്ഡലങ്ങളാണു്. ഈ സഭാമണ്ഡ

ലങ്ങൾ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. മൂന്നുസഭയേയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു വീക്ഷണം പുലർത്തേണ്ടതു് യഥാർത്ഥ ക്രൈസ്തവൻെറ ചുമതല യാണ്. ചാവറയച്ചൻ തിരുസ്സഭയിൽ പൂർണ്ണതയുള്ള അംഗമായി നില കൊള്ളുവാൻ ആഗ്രഹിക്കുന്നുവെന്നു് ഞാൻ ആദ്യം പറഞ്ഞതു് സഭയുടെ ത്രിവിധ മണ്ഡലങ്ങളെ ഉൾക്കൊള്ളിച്ചു് ദൈവസ്നേഹത്തിൻെറയും പര സ്നേഹത്തിൻെറയും ചൈതന്യത്തിൽവേണം മനസ്സിലാക്കുവാൻ.

ജനതകളുടെ പ്രകാശമെന്ന രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രമാ ണരേഖയിൽ 49, 50 ഖണ്ഡികകളിലായി തിരുസ്സഭയുടെ മേല്പറഞ്ഞ ത്രിവിധ ഘടകങ്ങളെക്കുറിച്ചു് സുദീർഘമായി പ്രതിപാദിക്കുന്നുണ്ടു്. രണ്ടാം വത്തിക്കാൻ സൂനഹദോസിനു് ഒരു നൂററാണ്ടുമുൻപ് വിരചിത മായ ചാവറക്കൃതികളിൽ ദൈവശാസ്ത്രത്തിലെ ഈ അടിസ്ഥാന പ്രമേയം സമൃക്കായി അവതരിപ്പിച്ചിട്ടുണ്ടു് എന്നതു് നമുക്കു് അഭിമാനകരമായ വസ്തുതയാണ്.

മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്ന ഖണ്ഡകൃതി, ശുദ്ധീകര സ്ഥലമെന്ന സഹനസഭയിലെ നമ്മുടെ സഹോദരങ്ങളെ സഹായിക്കേ ണ്ടതു് ക്രിസ്തുസഭയിലെ അംഗമെന്ന നിലയിൽ നമുക്കനിവാര്യമാണു് എന്നു സ്ഥാപിക്കുന്നു. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതിയാ കട്ടെ റോമൻ മതമർദ്ദനത്തിൻെറ നാരകീയ വേളകളിലെന്നതുപോലെ കേരളസഭയിൽ ശിശ്മക്കൊടുങ്കാററു് ആഞ്ഞടിക്കവേ, സമരസഭയിലെ വീരയോദ്ധാക്കളുടെ ചോരഞരമ്പുകളിൽ സാത്വിക വിപ്ലവത്തിൻെറ സമുജ്ജ്വലവീര്യം പകർന്നു കൊടുക്കുവാൻ എഴുതിയിട്ടുള്ളതാണ്.

ചാവറയച്ചൻ വിഭാവനംചെയ്ത കാവ്യപ്രമേയം ഇതായിരുന്നു. ഈശ്വരനെ സർവ്വാത്മനാ സ്നേഹിക്കയും സഹോദരനെ ആദരിക്കയുംചെയ്യു ന്ന സഭാംഗം സ്വർഗ്ഗോന്മുഖമായ പ്രയാണം നടത്തുന്നു. സത്യത്തിൻെറ പാതയിൽ, പാവങ്ങളുടെ പടത്തലവനായി മരക്കുരിശിൽ മരിച്ചുയർത്ത ക്രിസ്തുവിൻെറ ബലിജീവിതം തുടരുന്ന അയാൾ ശുദ്ധീകരസ്ഥലമെന്ന സഹനവേദിയിൽ ആലംബഹീനരായിക്കഴിയുന്ന സഹോദരങ്ങളോടു് ഏതുതരത്തിലുള്ള മനോഭാവം പുലർത്തണം? അതിനു് ക്രിസ്തുവിൻെറ ജീവിതവും പ്രബോധനവും എത്രകണ്ടു് നമ്മെ അതിനു നിർബന്ധിക്കുന്നു? ഈ ചോദ്യങ്ങൾക്കുത്തരമാണ് മരണവീട്ടിൽ പാടുന്നതിനുള്ള പാനയെന്ന കൃതി നമ്മുടെ മുന്നിൽ തുറന്നു കാട്ടുന്നതു്.

## പാന

മഞ്ജരി വൃത്തത്തിൽ 1162 ഈരടികളിലായി എഴുതിയിട്ടുള്ള മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്ന കൃതി സർഗ്ഗങ്ങളും സംഭവങ്ങളും കൊണ്ടുനിർഭരമായ മഹാകാവ്യംപോലെ സംഭവ ബഹുലമാണ്. കവി,

താൻ വായിച്ചതും അറിഞ്ഞതുമായ കെട്ടുകഥകളും സംഭവങ്ങളും പ്രതിപാദ്യ വിശകലനത്തിനു് ഉപയോഗപ്പെടുത്തുന്നു. നിയതമായ ഒരു ലക്ഷ്യത്തെ—സഹനസഭയിലെ നമ്മുടെ സഹോദരരെ സഹായിക്കുക എന്ന ഭാരിച്ച കർത്തവ്യത്തെ കർമ്മായത്തമാക്കുവാൻ കഥകളും കെട്ടുകഥകളും ഉപയോഗിക്കുന്നുവെന്നു കരുതിയാൽ മതി. സൂക്ഷ്മവും ഏകവുമായ കഥാതന്തു ഈ കൃതിയെ ഖണ്ഡകാവ്യകൃതിയായിത്തന്നെ കണക്കാക്കുവാൻ നിർബന്ധിക്കുന്നു.

''ജനനദിനത്തേക്കാൾ മരണ ദിനമാണ് നല്ലതു്. കല്യാണപ്പന്തലിൽ പോകുന്നതിനേക്കാൾ കാമ്യം വിലാപസ്ഥലത്തു പോവുകയാണ്'' എന്നുള്ള സഭാപ്രസംഗകനിലെ ഉദ്ധരണിയോടെയാണ് കാവ്യത്തിനു നാന്ദി കുറിക്കുന്നതു്.

കാവ്യാരംഭത്തിൽ മനുഷ്യന്റെ മൂന്നു സഖികളെക്കുറിച്ചു് കവി തന്മയത്വത്തോടെ വർണ്ണിക്കുന്നു. ഇതിലെ പ്രതീകാത്മകത ശ്രദ്ധേയമാണ്. മരണംവന്നു് വാതിലിൽ മുട്ടിയപ്പോൾ ആ വ്യക്തി അമ്പരന്നുപോയി. ഈ അത്യാപത്തിൽനിന്നു തന്നെ രക്ഷിക്കുവാൻ ആർക്കാണു കഴിയുക !

മൃത്യുവശഗനായ മനുഷ്യൻ തന്റെ ആത്മസുഹൃത്തുക്കളായ മൂന്നുപേരെ കണ്ടെത്തി സങ്കടം നിവർത്തിക്കുന്നു. ലോകം, സ്വജനം, സ്വന്തം ശരീരം ഇവ മൂന്നുമാണ് ആ സ്നേഹിതർ. പക്ഷെ മരണമെന്ന പെരും ചിലന്തിയുടെ വലയിൽനിന്നു് അയാളെ വിടർത്തുവാനും മുക്തിപകരുവാനും മേല്പറഞ്ഞ സഖികൾക്കു കഴിവില്ല. അവസാനമായി, നാലാമനായ സുഹൃത്തിനെ മരണാഭിഷിക്തൻ അഭയംഗമിക്കുന്നു. ആദ്യത്തെ മൂന്നു പേരും യഥാർത്ഥ സ്നേഹിതരല്ല. നാലാമത്തെ സഖി അഥവാ സ്വന്തം സത്കർമ്മങ്ങൾ മാത്രമാണ് സാക്ഷാൽ സ്നേഹിതൻ എന്നു് മരണസമയത്തു് ആ വ്യക്തി മനസ്സിലാക്കുന്നു. സുകൃതാഭ്യസനത്തിനു് വായനക്കാരെ കവി വ്യംഗ്യമധുരമായി ഈ കഥയിലൂടെ ആഹ്വാനം ചെയ്യുകയാണു്.

## കഥയിലൂടെ

കെട്ടുകഥകളെന്നോ പ്രേതകഥകളെന്നോ വ്യവഹരിക്കാവുന്ന ചില കഥകൾ ഈ കാവ്യകൃതിയിലുണ്ടു്. ഒരു കഥ ഇതാണ്. ഇലിയോൻ എന്ന രാജ്യത്തിലെ രാജാവായ യോവാനി മരിച്ചപ്പോൾ രാജ്ഞി അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. എങ്കിലും ശുദ്ധീകരസ്ഥലത്തു് തീവ്രപീഡ അനുഭവിക്കുന്ന ഭർത്താവിനെ അവൾ സ്വപ്നംകണ്ടു. ആ ആത്മാവിന്റെ ദൈന്യതയും യാചനയുംകണ്ടു് ജപതപദാനധർമ്മങ്ങൾ അവൾ വളരെയേറെ നടത്തി. അങ്ങനെ രാജാവു് അഗ്നിയിൽനിന്നും മോചിതനായി.

മറെറാരു കഥ ഉദ്ധരിക്കട്ടെ. സ്നേഹിതരായ രണ്ടു സന്ന്യാസിമാരിൽ ഒരാശം മരിക്കുന്നു. മററയാശം പൂജയണച്ച് പരേതനുവേണ്ടി പ്രാർത്ഥിച്ചു. സ്നേഹിതൻ അയാശക്കു പ്രത്യക്ഷനായി. ശുദ്ധീകരസ്ഥലത്തിലെ ക്രൂര യാതനകശം വർണ്ണിച്ചശേഷം തനിക്ക് എത്രയും വേഗം സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ കഴിയുന്നതു് അപരന്റെ പ്രാർത്ഥന മൂലമാണെന്നും പറഞ്ഞ് കൃതജ്ഞതയർപ്പിച്ചു. ശുദ്ധീകരസ്ഥലത്ത് അനുഭവിക്കുന്ന വേദനകശം അതിദാരുണമാണെന്നും ഭൗമികരുടെ പ്രാർത്ഥനകശം അവയ്ക്ക് ശാന്തി പകരുന്നുവെന്നും ഈ കഥകശം വിശദമാക്കുന്നുണ്ട്.

അത്യന്തം രസകരമായ മറെറാരു കഥകൂടി ഇവിടെ ഉദ്ധരിക്കട്ടെ. ഒരു സന്ന്യാസാശ്രമത്തിലെ കാര്യവിചാരിപ്പുകാരൻ ആ ആശ്രമത്തിലെ പരേതാത്മാക്കശക്കുവേണ്ടിയുള്ള ദാനധർമ്മങ്ങശം നടത്താതെ പണം ശേഖരിച്ചുവച്ചു. രാത്രി ജപങ്ങശക്കുശേഷം ഒരു ദിവസം അയാശം ശയനമുറിയിലേക്കു പോകവേ, നേരത്തേ ആ ആശ്രമത്തിൽ മരിച്ചുപോയ സന്ന്യാസിമാരുടെ പ്രേതങ്ങശം ഒരുമിച്ച് ആശ്രമസംഘം ചേരുന്നു. കൈയിലെ റാന്തൽവിളക്കു തെളിച്ച്അവരാരെന്നറിയാൻ അടുത്തുചെന്ന സന്ന്യാസിയെ അവർ ഘെരാവോ ചെയ്യുന്നു. അവർ ആ സന്ന്യാസിയോടു എന്താണു പറഞ്ഞതു്?

നിൻചെയ്തികാരണം ഞങ്ങളിതെത്രയോ
വഹ്നിയിൽ മുങ്ങി വലഞ്ഞിടുന്നു
നാലുനാശം ശേഷത്തിൽ നീയുമിവിടത്തിൽ
നാലരേപോലുള്ള പങ്കാളിയായ്
ഒന്നിച്ചു ഞങ്ങശം പാർത്തീടുന്നു ശുദ്ധിത-
ന്നഗ്നിസ്ഥലത്തിൽ നീ വന്നുചേരും
അന്നു നിനക്കു ലഭിപ്പാനിരിക്കുന്ന
സമ്മാനം തന്നുടെ അച്ചാരമായ്
ഞങ്ങളെ ദുഃഖിപ്പിച്ചെന്നതിൻ ചിഹ്നമായ്
ഇന്നിതുകൂടെ നീ ഏററുകൊശക.

പ്രേതാത്മാക്കളുടെ കയ്യേററവും മറ്റു നടപടികളും രസാത്മകമായി ത്തന്നെ കവി വർണ്ണിക്കുന്നുണ്ട്,

എന്നതു ചൊല്ലിയടുത്തു പിടിച്ചവർ
തല്ലിച്ചതച്ചവൻ ദേഹമൊക്കെ
വിട്ടുപിരിഞ്ഞപ്പോശം ചത്തശവം സമം
പട്ടുകിടക്കയിൽ; ശ്രേഷ്ഠൻവന്നു.
ഉണ്ടായതൊക്കെയും ചൊല്ലിഅറിയിപ്പോൻ
മിണ്ടാൻ വശഹീനനെന്നാകിലും
കണ്ടുബോധിവച്ചർ ദേഹക്ഷതങ്ങളും
മുണ്ടൻ വടിയടിച്ചിഹ്നങ്ങളും.

ആശ്രമത്തിലെ ധനകാര്യദശിയുടെ ഈ കഥയും ഇത്തരത്തിലുള്ള മററു കഥകളും അവതരിപ്പിക്കുന്നതു് അവ അപ്പാടെ വിശ്വസിക്കാനോ വിശ്വസിപ്പിക്കാനോ ഉള്ള ലക്ഷ്യത്തോടെ ആയിരുന്നില്ല. ഈ കഥകളുടെ ചൈതന്യം നാം മനസ്സിലാക്കണം. ശുദ്ധീകരാത്മാക്കളെ ആലംബഹീനരാക്കി ദ്രവ്യാഗ്രഹംകൊണ്ടു് സ്വധമ്മം വിട്ടുനില്ക്കുന്ന കാര്യദശിയെ ശിക്ഷിക്കുന്നതു് ഉൽകൃഷ്ടമായ ദൈവശാസ്ത്രതത്ത്വം പ്രായോഗികമായി പ്രകാശിപ്പിക്കാൻ ഒരു മാഗ്ഗം എന്ന നിലയിലാണു്.

പുണ്യവാന്മാരുടെ ഒരുമ്പാടു് (ഐക്യം) എന്നതു് സഭയുടെ അടിസ്ഥാനഘടകങ്ങളിലൊന്നാണു്. വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽ വിശ്വാസികളെ വിശുദ്ധർ എന്നു സംബോധന ചെയ്യുന്നുണ്ടു്. സഹനസഭയിലെയും സമരസഭയിലെയും വിജയസഭയിലെയും അംഗങ്ങൾ തമ്മിൽ അവിഭാജ്യമായ കൂട്ടായ്മയാണുള്ളതു്.

കാവ്യ മര്യാദയിൽ ആരംഭത്തിൽ വ്യംഗ്യമായി അവതരിപ്പിക്കുകയും കാവ്യത്തിന്റെ ഉത്തരഭാഗത്തു് വാച്യമായി പറയുകയും ചെയ്യുന്ന കാവ്യസാരം ഇതാണു് :

പുണ്യവാന്മാരുടെ ഒരുമ്പാടുമ്മേൽ
പുണ്യമായുള്ളൊരു വിശ്വാസത്താൽ
ജയവിരുതു ധരിച്ചുള്ള പള്ളിയും
ജഗതിയിലുള്ള യുദ്ധക്കാരും
ശുദ്ധീകരത്തിലെ ദുഃഖ ജനങ്ങളും
ശുദ്ധമായു് മൂന്നു ജനപള്ളികൾ
അന്യോന്യമായുള്ള പുണ്യസഹായത്താൽ
അങ്ങിങ്ങുമുണ്ടാകും സർവ്വം ഗുണം.

സഹവത്തിത്വവും വിശ്വാസവും കൊണ്ടു് പുലരുന്ന ഈ കൂട്ടായ്മയെ എങ്ങനെ അരക്കിട്ടുറപ്പിക്കാമെന്നു് ചുരുങ്ങിയ വാക്കുകളിലൂടെ കവി വിവരിക്കുന്നുണ്ടു്.

ജപതപ ദാനമെന്നിതു മൂന്നിലായു്
ജയമേറും ഏവർക്കുമിതിനാൽത്തന്നെ.

പ്രാത്ഥന, തപസ്സു്, ദാനധമ്മം ഇവ മൂന്നുമാണു് വിശുദ്ധിയുടെ പാതയിൽ നമുക്കു ശക്തിയും പ്രകാശവും നൽകുന്ന ഘടകങ്ങൾ.

സൂക്ഷ്മമായ അപഗ്രഥനം നടത്തിയില്ലെങ്കിൽ ഏറെ തെററിദ്ധരിക്കപ്പെടാവുന്ന ഒരു ഗ്രന്ഥമാണു മരണവീട്ടിൽ പാടുന്നതിനുള്ള പാന. കാരണം സിംഹഭാഗവും പ്രേതകഥകളും കെട്ടുകഥകളുംകൊണ്ടു നിബിഡമാണു്.

അക്ഷഥകരം മാത്രമാണ്  പ്രമേയം എന്നു ധരിക്കുന്നവർ ചാവറയച്ചൻ വിശുദ്ധിക്കു നൽകുന്ന യഥാർത്ഥ മാനദണ്ഡം മനസ്സിലാക്കുന്നില്ല.

എന്നതിനാൽ നിങ്ങൾ ചെയ്യുന്നതൊക്കെയും
നല്ലൊരു ലക്ഷ്യം കുറിച്ചിടുകിൽ
തീനും കുടി നിദ്രയാദിയായുള്ളൊരു
ദേഹയിളക്കങ്ങളൊക്കെ പുണ്യം.
എന്നിവയൊക്കെയും നമ്മുടെ നാഥൻെറ
പുണ്യ ചലനത്തോടൊന്നിപ്പിക്ക
എന്നതിനാലുള്ള പുണ്യ മഹത്വത്തെ
ചൊല്ലിലടക്കുവാൻ സാധ്യമല്ല.

സാരമാത്രവും മൗലികവും വിശുദ്ധഗ്രന്ഥാധിഷ്ഠിതവും സർവ്വോപരി തിരുസ്സഭയുടെ പഠനങ്ങൾക്കനുസൃതവുമായ ഒരു ദൈവശാസ്ത്രം ചാവറയച്ചനുണ്ടായിരുന്നു. ക്രിസ്തുവചസ്സുകളുടെ അർത്ഥവും ആഴവും ചൈതന്യവും മനസ്സിലാക്കി ജീവിതത്തിലനുവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതിൻെറ നിതാന്തനിദർശനമാണ് മരണവീട്ടിൽപ്പാടുന്നതിനുള്ള പാനയുടെ അന്ത്യപാദങ്ങൾ :

എന്നതിനാലിപ്പോൾ നന്നായ് തെളിവിനായ്
ചൊല്ലുന്നു ഞാനിതു കേട്ടുകൊൾവിൻ
രോഗിയെ കാണാനായ് പോകുന്ന നേരത്തിൽ
രോഗിയിതാരെന്നുമോർത്തുകൊൾവിൻ
രോഗിക്കു നൽതുണ ചെയ്യുന്ന നേരത്തിൽ
നേരിതു നാഥനെന്നോർത്തുകൊൾവിൻ
വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കേണ്ട നാഥൻതന്നെ
എന്നതു ചേതസി നന്നായ് സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെച്ചെയ്യാം.

വിശുദ്ധിയെന്നതു് തുമ്മിയാൽ തെറിച്ചുപോകുന്ന മൂക്കുപോലെ പശ വച്ച് ഒട്ടിക്കേണ്ട ഒന്നല്ല. അനുദിന ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ട ഒന്നാണതു്. ശുദ്ധീകരസ്ഥലത്തെ സഹജരുടെ യാതനകളാണ് പരാമൃഷ്ടമെങ്കിലും ക്രിസ്ത്വനുയായി എന്ന നിലയിൽ ജീവിതഗന്ധിയായ മേഖലയിലേയ്ക്ക് ആവാഹിച്ചുപഗ്രഥിക്കുവാനും പരിഹാരം കണ്ടെത്തുവാനും കവിക്കു കഴിയുന്നു.

സ്വന്തം ശിഷ്യരുടെ പാദങ്ങൾ കഴുകുകയും വിനയത്തിൻെറ വിശിഷ്ട മാതൃക അനുയായികളുടെ ഹൃദയങ്ങളിൽ അധ്യവസാനം ചെയ്കയും ചെയ്ത ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങൾക്കു ഭാരിച്ച കടമകളും കർത്തവ്യങ്ങളു

മുണ്ട്. യേശുവിനെപ്പോലെ സ്വയം ശൂന്യനാക്കിക്കൊണ്ട് അവശക്കും ആർത്തക്കും ആലംബഹീനക്കും താങ്ങും തണലും നൽകി ജീവിതം ധന്യമാക്കുക. യേശുവിൻെറ മാതാവും ശിഷ്യരും വിശുദ്ധരും നമുക്കു കാട്ടിയ ഏക പാത അതാണ്. ഈ വസ്തുതകളെല്ലാം അനായാസമായി കാവ്യസമാപനഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ബൈബിളിൻെറ വെളിച്ചത്തിൽ ആധ്യാത്മികതയുടെ ഊടും പാവും നെയ്ത് ഉദാത്തമായ ദൈവശാസ്ത്രത്തിൻെറ വർണ്ണരേണുക്കൾ പ്രകാശിപ്പിക്കുന്ന കൃതിയാണ് മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്ന് നിസ്സംശയം പറയാം.

## അനസ്താസിയായുടെ രക്തസാക്ഷ്യം

ഈ കൃതി അതിമനോഹരമായ റൊമാൻറിക് ഖണ്ഡകാവ്യമാണ്. റോക്കോസ് ശീശ്മയുടെ വിഷക്കാററ് കേരളസഭാന്തരീക്ഷത്തിൽ ആഞ്ഞടിച്ച വേളയിൽ ചഞ്ചലചിത്തരും ദുർബലരുമായ ജനങ്ങളെ സത്യവിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കുവാൻ വേണ്ടിയാണ് അനസ്താസിയായുടെയും സിറിലോസിൻെറയും ധീരകഥകൾ തിരഞ്ഞെടുത്ത് ചാവറയച്ചൻ കാവ്യരൂപം കൊടുത്തത്.

ഈ കാല്പനികകാവ്യം ഇങ്ങനെ സംഗ്രഹിക്കാം. ഏ. ഡി. മൂന്നാം ശതകത്തിൽ വലേരിയൻ ചക്രവർത്തി റോമാസാമ്രാജ്യത്തിൻെറ ഭരണം കയ്യേററു. ക്രൂരമതമർദ്ദനം അഴിച്ചുവിട്ട് ക്രൈസ്തവരെ നിഹനിക്കുവാനും ജനങ്ങളെ മുഴുവൻ ജോവ് എന്ന ദേവൻെറ ആരാധകരാക്കാനും ചക്രവർത്തി പരിശ്രമിച്ചു.

അക്കാലഘട്ടത്തിൽ സോഫിയാ എന്ന ഒരു കന്യാസ്ത്രീ ഒരു കന്യകാമഠം നടത്തിയിരുന്നു. സുന്ദരിയും സുശീലയും ക്രിസ്ത്യാനാ എന്ന അപരനാമമുള്ളവളുമായ അനസ്താസ്യാ ആ കന്യകാമഠത്തിൽ ചേർന്നു. മതമർദ്ദനത്തിനു ചുക്കാൻ പിടിച്ചവനും വലേരിയൻെറ മന്ത്രിയുമായ പ്രോബാ അനസ്താസ്യായെ ആളയച്ചുവരുത്തി. അവളെ അയയ്ക്കുന്നതിനു മുൻപ് മഠാധിപയായ സോഫിയാ അവൾക്കു് ഉപദേശം നൽകുന്നുണ്ട്. സ്നേഹമണവാളനായ ക്രിസ്തുവിനുവേണ്ടി ജീവത്യാഗം ചെയ്യാൻ അവൾ തയ്യാറാകണം എന്നതായിരുന്നു ഉപദേശസാരം.

ക്രിസ്തുമതം ഉപേക്ഷിച്ച് ജോവ് ദേവനെ ആരാധിച്ചാൽ ധനവും സ്ഥാനമാനങ്ങളും നൽകാമെന്ന് മന്ത്രി അവളോട് വാഗ്ദാനം ചെയ്യുന്നു. പക്ഷേ, അവൾ അചഞ്ചലയായി ക്രൈസ്തവവിശ്വാസത്തിൽ ഉറച്ചുനിന്നു. ക്രൂരപീഡനങ്ങൾ അവൾക്കെതിരെ അഴിച്ചു വിട്ടു. എങ്കിലും ആ ധീരവനിതയുടെ ആദർശങ്ങളിൽ മങ്ങലേല്പിക്കാൻ അവയ്ക്കു കഴിഞ്ഞില്ല. തടവറയിൽ കിടക്കുമ്പോഴും സ്നേഹമണവാളനായ യേശുവിൻെറ സ്തുതിഗീതങ്ങളും അവൾ പാടി. ഇതിൽ കുപിതനായ മന്ത്രി അവളുടെ നാവ് അറുത്ത

കളഞ്ഞു. മരണാസന്നയായ അവരംക്ക് അന്ത്യമായി ദാഹജലം പകന്നു കൊടുത്ത സിറിലോസ് എന്ന ക്രൈസ്തവ യുവാവിനെയും ആ പുണ്യചരിതയോടൊപ്പം വലേരിയന്റെ മന്ത്രി വധിച്ചു. ഇങ്ങനെ രണ്ടു രക്തസാക്ഷികരം ക്രിസ്തുവിന്റെ കാലടികളെ സുധീരം പിൻതുടന്നു്, വിശ്വാസികരംക്ക് ഉത്തുംഗമായ മാതൃക പ്രദാനം ചെയ്തു് സ്വർഗ്ഗപ്രാപ്തരായി.

മലയാളത്തിലെ കാല്പനികവസന്തം എന്നു് വീണപൂവ് തുടങ്ങിയ ഖണ്ഡകൃതികളുടെ രചനാഘട്ടത്തെ 'കൈരളിയുടെ കഥ'യുടെ കത്താവായ ശ്രീ. എൻ കൃഷ്ണപിള്ള വിശേഷിപ്പിക്കുന്നുണ്ടു്. എന്നാൽ ആ കാല്പനിക വസന്തത്തിനു് ആരന്തുററാണ്ടു മുൻപ് ഭാവോജ്ജ്വലമായ ഒരു ഖണ്ഡകാവ്യം ചാവറ കുറിയാക്കോസ് അച്ചനിൽനിന്നും കൈരളിക്കു ലഭിച്ചുവെന്നതു് തികച്ചും അത്ഭുതകരമായ കാര്യമാണു്.

കാല്പനികകാലഘട്ടത്തിലെ ഏതൊരു ഖണ്ഡകാവ്യകൃതിയോടും സമശീഷമായ പ്രമേയം, ഉത്തുംഗമായ ഭാവന, അയത്ന ലളിതവും കോമളവുമായ ശൈലി എന്നിവയെല്ലാം പരിഗണിച്ചാൽ മലയാളത്തിലെ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു് മാതൃകയായി കണക്കാക്കേണ്ട കൃതിയാണിതെന്നു് ആരും സമ്മതിക്കും.

മലയാളഭാഷയിലെ ഖണ്ഡകാവ്യപ്രസ്ഥാനങ്ങരംക്ക് അരുണോദയം എന്നു് സാഹിത്യ ചരിത്രകാരന്മാർ എടുത്തുകാട്ടുന്ന ഏ. ആർ. രാജരാജവമ്മയുടെ മലയവിലാസം രചിക്കുന്നതിനു് രണ്ടു പതിററാണ്ടു മുൻപ് (1861) മനോഹരമായ ഒരു ഖണ്ഡകാവ്യകൃതി പാവറ കുറിയാക്കോസ് അച്ചനിൽ നിന്നും ഭാഷയ്ക്കു ലഭിച്ചു.

ഈ വസ്തുത സാഹിത്യകാരന്മാരോ, ചരിത്രകാരന്മാരോ രേഖപ്പെടുത്തിയില്ല എന്നതു് വലിയ കുറവായി അനന്തരകാലമെങ്കിലും ചിന്തിക്കാതിരിക്കുകയില്ല. ആത്മാനുതാപം എന്ന കൃതി അജ്ഞ്ലോസുപാതിരി എഴുതിയതാണെന്നു് സാഹിത്യചരിത്രത്തിൽ ഉള്ളൂർ മഹാകവി എഴുതിയതു് തിരുത്തുവാനും ആത്മാനുതാപത്തിന്റെ കത്താവ് ചാവറക്കുറിയാക്കോസ് അച്ചനാണെന്നു വ്യക്തമാക്കുവാനും ഭാഷാഭിമാനികരം ആരുംതന്നെ മുന്നോട്ടുവന്നിട്ടില്ല എന്ന പരമാത്ഥം തുറന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. സത്യസന്ധമായി വസ്തുതകളെ കണ്ടെത്തുവാൻ ആരെങ്കിലും മുന്നോട്ടുവന്നിരുന്നെങ്കിൽ ഭാഷയിലെ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു് പ്രഥമമാതൃക മലയവിലാസമല്ല ''അനസ്താസിയായുടെ രക്തസാക്ഷ്യം'' ആണു് എന്നു് ചരിത്രം രേഖപ്പെടുത്തുമായിരുന്നു.

കെട്ടുറപ്പുള്ള കഥയും ലളിതവും മനോഹരവും ആയ ശൈലിയും ഭാവഗാംഭീര്യവും ഈ കൃതിയെ കാലാതിവർത്തിയാക്കുന്നു.

സോഫിയായുടെ കന്യകാലയത്തിൽ നവസന്ന്യാസിനിയായി ചേരുന്ന അനസ്ത്താസിയായെ കവി അവതരിപ്പിക്കുന്ന ഭാഗം നോക്കുക.

പൊന്നിനേക്കാൾ വിലയേറും സ്വർണ്ണമാണിക്യങ്ങളൊക്കെ
മണ്ണുപോലെ ത്യജിച്ചങ്ങു ഭജിച്ചിടുന്ന
ഉന്നതമാം ഗോത്രി കന്നി അനസ്ത്താസ്യാ എന്ന പൈതൽ
കന്യത്വം നേർന്നവിടത്തിലടങ്ങിടുന്നു.

ഒന്നേകാൽ ശതാബ്ദം പിന്നിട്ട ഈ ഈരടികൾ ഇന്നും ഹൃദ്യവും കാലോചിതവുമായിരിക്കുന്നതു് ആ രചനാസൗഷ്ഠവംകൊണ്ടാണ്. മത മർദ്ദനത്തിനു കാഹളം മുഴക്കിയ പ്രോബാ എന്ന മന്ത്രിയുടെ കല്പനമൂലം പട യാളികൾ കന്യകാലയത്തിലെത്തി. എത്രയുംവേഗം അനസ്ത്താസി യായെ രാജസന്നിധിയിൽ കൊണ്ടുചെല്ലണമെന്നറിയിച്ചപ്പോൾ ശ്രേഷ്ഠ യായ സോഫിയാ പറഞ്ഞു :

സ്നേഹമേറും മകളെ നിൻ ഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ്പ്പോക.

ഈ വാക്കുകളിൽ നിന്നു് പടയാളികൾ എന്താണാവോ മനസ്സിലാക്കുക ! എന്നാൽ അവളോടുമാത്രമായി സോഫിയായ്ക്കു് മറ്റൊരുകാര്യം കൂടി പറയാനുണ്ട്.

പൂർവ്വകാലേ നിൻകരത്തെ നീട്ടിനിന്നെ ദാഹമോടെ
മാറിടത്തിലണച്ചോരു രാജനേ ഓർക്ക.
നിൻമണത്തെ മുടിപ്പാനായ്* ഒണ്മയോടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയ്ക്കായണച്ചു തൻ ജീവനും കൂടെ
എന്നു നിന്റെ സുന്ദരനാം പുണ്യരാജമണാളൻ
ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം.

ഇങ്ങനെ ഹൃദയേശ്വരനായ യേശുവിനായി ജീവൻ ബലി അർപ്പി ക്കുവാനത്രെ അവളെ ആഹ്വാനം ചെയ്യുന്നതു്.

ദുഷ്ടനായ മന്ത്രി ക്രിസ്തുമതം ത്യജിക്കുവാൻ അനസ്താസ്യായെ നിർബ ന്ധിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. അയാൾ പറഞ്ഞു :

*മണത്തെ മുടിപ്പാൻ = വിവാഹം ചെയ്യാൻ (തമിഴ്ശൈലി)

സ്നേഹമോടെ വചിക്കുന്ന മേവചനം ത്യജിക്കുകിൽ
ഈ മഹാ ക്രൂരശിക്ഷകൾ നിനക്കും യോഗ്യം
കേൾവിയുള്ള നിൻെറ ഗോത്രം നേർമ്മയുള്ള നിൻെറ ഗാത്രം
വീഴവാനും താഴവാനും താമസമില്ല.

ഭീഷണികൊണ്ട് അനസ്താസ്യായെ കീഴടക്കാമെന്നു മോഹിച്ചു. പക്ഷേ ഫലിച്ചില്ല. ആ ദുഷ്ടസചിവൻെറ ഭാവപ്പകർച്ച കവി പകർത്തുന്നതു നോക്കുക.

ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുവപ്പിച്ചു
ക്രോധവീര്യാൽ മുഖം സൂര്യാമേഘമായ് മൂടി.

മുഖമെന്ന ആവരണത്തിനുള്ളിൽ തിളച്ചുമറിയുന്ന ക്രോധാഗ്നിയെ മേഘാവരണത്തിനു പിന്നിൽ കത്തിക്കാളി നില്ക്കുന്ന സൂര്യതാപത്തോട് തുല്യപ്പെടുത്തുന്ന കല്പന ഹൃദ്യമായിട്ടുണ്ട്. ഒന്നൊന്നായ് ക്രൂരപീഡനങ്ങൾ അനസ്താസ്യായ്ക്കെതിരെ അഴിച്ചുവിട്ടു.

കന്നിതൻെറ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ടു കതിർത്തു ഭൂമി
ക്രൂരനായ ദുഷ്ടപ്രോബാ മതിയില്ലാതുള്ള ക്രോധാൽ
ക്രൂരതയാൽ മുറിവുകൾ ചുട്ടു പന്തത്താൽ
വെള്ളിപോലെ വെളുത്തുള്ള കന്നിതൻെറ പല്ലുകളെ
വലിയൊരു ച്ചുററികയാൽ തല്ലി വീഴിച്ചു.

ഇങ്ങനെയുള്ള മർദ്ദനങ്ങളാകട്ടെ പീഡനങ്ങളാകട്ടെ ഈശ്വരസന്നിധിയിൽ വേരൂന്നിയ മനസ്സിനെ ഇളക്കിമറിക്കാൻ പര്യാപ്തമല്ല. ക്രൂരയാതനകൾക്കിടയിലും സ്നേഹമണവാളനായ യേശുവിൻെറ സ്തുതിഗീതങ്ങൾ അവൾ പാടി. മരണമേ നിൻെറ വിജയമെവിടെ, നിൻെറ ദംശനമെവിടെ? എന്നു് (1 കൊറി. 15:55) പൗലോസിനോടൊപ്പം പറയുവാൻ അവൾക്കു കഴിഞ്ഞു. സിറിലോസിനും രക്തസാക്ഷ്യമകുടം നേടുവാൻ അനസ്താസ്യാ ഇടം നൽകി. അന്ത്യഭാഗത്തു് ക്രിസ്തുവിൻെറ വീരസേനാനികൾ കൈവരിക്കുന്ന അനവദ്യസുന്ദരമായ വിജയം എന്താണെന്നു് കവി വ്യക്തമാക്കുന്നു.

പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യം മാണിക്കം
പച്ചമരതകമാദിയലംകാരത്താൽ,
സ്നേഹമേറും മണവാളൻ യേശു തൻെറ മന്ദിരത്തിൽ
ദാഹമോടെ കടിവച്ചു മണിയറയിൽ.

ശീശ്മക്കൊട്ടങ്കാററിന്റെ പ്രഹരമേററ് ചഞ്ചലചിത്തരും വിഗത വീര്യരും വിഹ്വലരുമായ വിശ്വാസികൾക്ക് അവരുടെ നാഡിഞരമ്പുക ളിൽ വിശ്വാസവീരരസം പകർന്നുകൊടുക്കുവാൻ പ്രത്യക്ഷമായും പരോക്ഷ മായും ഈ കൃതി ഉപകരിച്ചിട്ടുണ്ട്.

സ്വർഗ്ഗീയ ജറുസലേമിലേയ്ക്കുള്ള പ്രയാണത്തിൽ നാം കണ്ടെത്തുന്ന നാഴികക്കല്ലുകളാണു ഭൂമിയിലെ സഭയും ശുദ്ധീകരണസ്ഥലത്തെ സഭയും. ഭൂമിയിൽ ദൈവചിത്തം നിർവഹിക്കുന്ന വിശ്വാസികൾ സഹനസഭയു ടെയും സമരസഭയുടെയും മൗലികപ്രശ്നങ്ങൾക്കു നേരെ കണ്ണടയ്ക്കുക സാധ്യ മല്ല. പരസ്നേഹത്തിന്റെ അലംഘനീയ പ്രമാണം പുലർത്തിക്കൊണ്ട് പരസ്പരവിശ്വാസത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാതയിലൂടെ മുന്നേറുന്ന ക്രൈസ്തവനു് ത്രിലോകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടു, പ്രായോ ഗികവും ധനാത്മകവുമായ ഒരു ദൈവശാസ്ത്രം കെട്ടിപ്പടുക്കുവാനും പാലി ക്കുവാനും കഴിയുമെന്ന് വ്യക്തമാക്കുകയാണ് മരണവീട്ടിൽ പാടുന്നതി നുള്ള പാന, അനസ്താസ്യായുടെ രക്തസാക്ഷ്യം എന്നീ ഖണ്ഡകാവ്യ ങ്ങൾ വഴി ചാവറയച്ചൻ ചെയ്യുന്നതു്.

# 9

# നാളാഗമങ്ങൾ, കത്തുകൾ

ഫാ. ബോസ്കോ സി.എം.ഐ.

മൺമറഞ്ഞു് ഒരു നൂററാണ്ടിലേറെക്കാലം കഴിഞ്ഞിട്ടും സമൂഹത്തിൻെറ ആദരവ് പിടിച്ചുപററിനില്ക്കുന്ന ഒരു വ്യക്തി ഒരു നിർമ്മാതാവായിരുന്നുവെന്നതിൽ സംശയിക്കാനില്ല. ചാവറ കുര്യാക്കോസച്ചൻ ഭക്തശിരോമണിയായിരുന്നു. പരോപകാര വ്യഗ്രതയിൽ എരിഞ്ഞു് പ്രവർത്തനോന്മുഖമായി മാത്രമാണു് അദ്ദേഹം ജീവിച്ച വർഷങ്ങളത്രയും നീങ്ങിയിട്ടുള്ളതു്. ദൈവാശ്രയം എല്ലാം നേടിത്തരുമെന്നായിരുന്നു ബോദ്ധ്യം; അതു് അദ്ദേഹത്തിനു് അനുഭവപാഠവുമായിരുന്നു. ഇല്ലായ്മയിൽനിന്നു മഹാ പ്രസ്ഥാനങ്ങൾക്കു രൂപം കൊടുത്തതും, വളർത്തിയെടുത്തതും, കാലഘട്ടങ്ങളെ അതിജീവിച്ചു് അവ വളർന്നുകൊണ്ടിരിക്കുന്നതും ആശ്ചര്യകരമെന്നേ പറയേണ്ടു. സി. എം. ഐ. സന്ന്യാസസമൂഹത്തിനു രൂപംകൊടുത്ത മഹാവ്യക്തികളിലൊരുവനായിരുന്നു അദ്ദേഹം; ആ പ്രസ്ഥാനത്തിൻെറ മുഖ്യശില്പി അദ്ദേഹമായിരുന്നുവെന്നതു് സുവിദിതവുമത്രെ. പുണ്യപട്ടം, സമൂഹസ്നേഹം, സേവന വ്യഗ്രത-എല്ലാം ജ്വലിച്ചുനില്ക്കുന്ന നക്ഷത്രങ്ങളാണു് അദ്ദേഹത്തിൻെറ ജീവിതത്തിൽ. ത്യാഗി—യോഗി—കർമ്മസാക്ഷി എന്നൊരു സമസ്ത പദത്തിൽ അദ്ദേഹത്തെ പുനർനാമകരണം ചെയ്യുന്നതിൽ അസാംഗത്യമില്ലതന്നെ. സാധാരണമല്ലാത്തൊരു സ്വാധീനമാണു് ആ കാലഘട്ടത്തിന്മേൽ അദ്ദേഹത്തിനുണ്ടായിരുന്നതു് എന്നതിൽ അഭിപ്രായഭേദമില്ല.

പരമ്പരാഗതമായ കേട്ടറിവിന്നപ്പുറം, അദ്ദേഹംതന്നെ രചിച്ച പല രേഖകളും നമ്മുടെ പക്കലെത്തിയിട്ടുണ്ടു്. അവ നാശത്തെ അതിജീവിച്ചുവെന്നതു് മുഖ്യമായും സന്ന്യാസസഭാവലയത്തിൽപ്പെടാൻ ഇടയായി എന്നതുകൊണ്ടുമാണു്. മാന്നാനം ആശ്രമത്തിലെ നാളാഗമങ്ങൾ ഭദ്രമായി നമുക്കു കിട്ടിയിട്ടുണ്ടു്; സൂക്ഷ്മപരിശോധനയ്ക്കുശേഷം പുസ്തകരൂപ

ത്തിൽ അടുത്തകാലത്തു് അവ മുദ്രണം ചെയ്തിട്ടുണ്ടു്.[1] തരവ്യത്യാസമുള്ള പല ബുക്കുകളിലായി രേഖപ്പെടുത്തിക്കിടന്ന മാന്നാനം നാളാഗമങ്ങൾ, 1905-ലാണു് കൂട്ടിക്കുത്തി ബയണ്ടുചെയ്തു് ഇന്നത്തെ രൂപത്തിലാക്കിയതു്. നാളാഗമത്തിലേതേതുഭാഗം കര്യാക്കോസച്ചനെഴുതിയെന്നു തീർച്ചവരുത്താൻ ശാസ്ത്രമാർഗ്ഗംതന്നെ ഉപയോഗപ്പെടുത്തുകയുണ്ടായി, 1960-ൽ. പോലീസു് ക്രൈം വകുപ്പിലെയും തിരുവനന്തപുരം കൈയെഴുത്തു ഗ്രന്ഥശാലയിലെയും വിദഗ്ധരുടെ സഹകരണത്തിലാണതു സാധിച്ചതു്. അങ്ങനെ നമുക്കു കിട്ടിയിരിക്കുന്ന പുസ്തകം ആധികാരികമാണു്. എവിടെ വച്ചെഴുതിയെന്നു് സംശയരഹിതമായി കാണിക്കുന്നു, ''നമ്മുടെ ഈ മാന്നാനത്തിനു സമീപം'', ''ഇവിടെ കൂനമ്മാവു്'' എന്നീ പ്രയോഗങ്ങൾ. 1864-ൽ കൂനമ്മാവിലേക്കു താമസം മാററിയശേഷം അവിടെ വച്ചും, അതിനുമുമ്പു് മാന്നാനത്തുവച്ചും നാളാഗമമെഴുതിയെന്നു കരുതേണ്ടിയിരിക്കുന്നു; മിക്കവാറും 1869-ൽ അദ്ദേഹമവശനാകുന്നതിനകം ഇതെഴുതിത്തീർത്തുമിരിക്കണം. അവസാനമെഴുതിയതു് അമ്പഴക്കാട്ടു ചരിത്രവും 1864 മകരം 12-ാംനു- ഫാ. ലെയപ്പോൾഡു് നിർദ്ദേശിച്ചതനുസരിച്ചാണു് എല്ലാം വിശദമായെഴുതുന്നതെന്നു് കര്യാക്കോസച്ചൻെറ വാക്കുകളിൽ തന്നെ നാം വായിക്കുന്നു.

## മാന്നാനത്തു് ആശ്രമം സ്ഥാപിക്കുന്നു

വരാപ്പുഴയ്ക്കു് തല്ക്കാല (Interim) ഭരണാധിപനായി ബിഷപ്പ് സ്റ്റബിലീനി നിയമിതനായപ്പോൾ, മുൻ ബിഷപ്പിൻെറ സെക്രട്ടറിയും മല്പാനുമായ പാലയ്ക്കലച്ചൻ സെക്രട്ടറിയായി തുടരണമെന്നു് ആവശ്യപ്പെടുകയുണ്ടായി. പക്ഷേ സെമിനാരിജോലി ഉപേക്ഷിച്ചുള്ള അരമനയിലിരുപ്പ് പ്രയാസമെന്നുകണ്ടു് സ്വസ്നേഹിതൻ പോരൂക്കര തോമ്മാച്ചനെ പ്രസ്തുത ജോലിക്കായി ബിഷപ്പിൻെറ പക്കൽ ശുപാർശചെയ്തു; തങ്കശ്ശേരി പ്പള്ളി വികാരി ജോലിക്കു്, എടത്വാ സ്വദേശി വെട്ടിയതോട്ടുകലച്ചനെ പകരം ഏർപ്പാടുചെയ്കയും ചെയ്തു. ബിഷപ്പ് സ്റ്റബിലീനി, വരാപ്പുഴ നിന്നു്, അഞ്ഞൂററിക്കാരുടെ കേന്ദ്രമായ അറുത്തുങ്കൽ പള്ളിയിൽ വന്നു താമസമാക്കിയ അവസരത്തിലാണു്, പാലയ്ക്കൽ-പോരൂക്കര അച്ചന്മാക്കു് ആശ്രമസ്ഥാപനത്തിനനുവാദവും, അധികാരപത്രവും ധനദാനവും ലഭ്യമായതു്. ആശ്രമത്തിനു പററിയ സ്ഥലംനോക്കി ഈ രണ്ടു വൈദികരും കണിയാന്തറ ചാക്കോയും ഊന്നുകാരൻ ഇട്ടനുമൊത്തു് വള്ളത്തിൽ പുറപ്പെട്ടു്, ഇത്തിപ്പുഴയാറുവഴി, വെട്ടിക്കാട്ടുമുക്കു കടന്നു് മുളക്കുളത്തെത്തി. അവിടെ പുതിയ പള്ളി പണിയാൻ കരുതിയിരുന്ന സ്ഥലം ആശ്രമത്തിനുപയുക്തമെന്നും ഉപകരിപ്പിക്കാമെന്നും, പെരിയപ്പുറത്തു മാത്തൻ മാപ്പിള താല്പര്യപൂർവ്വമഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ സ്ഥലത്തി

---

1. ചാവറയച്ചൻെറ സമ്പൂർണ്ണ കൃതികൾ, വാല്യം ഒന്നു്, നാളാഗമങ്ങൾ

ൻെറ വീതിവിസ്താരം അപര്യാപ്തമെന്നും പുഴയിലെ പാറ യാത്രയെ പ്രതികൂലമായി ബാധിക്കുന്നുവെന്നും കണ്ട് അച്ചന്മാർ തീരുമാനം പറഞ്ഞില്ല; വേറിട്ടെവിടെ സ്ഥലം കിട്ടുമെന്നാരാഞ്ഞ് കളമ്പൂരുവരെ അവർപോയി പരിശോധിച്ചതിൽ 'ഓരു' ശല്യമുണ്ടാകുമെന്നു മനസ്സിലായി; സ്ഥലപരിശോധന തൽക്കാലം മതിയാക്കി, അവർ പള്ളിപ്പുറത്തേക്കു മടങ്ങുകയും ചെയ്തു.

പിന്നൊരിക്കൽ പിറവംവഴിപോയി ചോമഞ്ചിക്കുന്നു പരിശോധിച്ചതിൽ, വലിയ കയററമാണെന്നുകണ്ടു. ഇതിനിടയിൽ കോതമംഗലത്ത് മുണ്ടയ്ക്കൽ ഇട്ടൂപ്പച്ചൻ, പള്ളിപ്പുറം മംഗലത്തു ചാണ്ടിയച്ചൻ, പസ്ക്കാം പാദ്രി, പെരിയപ്പുറം മാത്തൻ മാപ്പിള, മുളക്കുളം പള്ളി വികാരി എന്നിവരെല്ലാം വലിയ ഉത്സാഹം കാട്ടി. ചമ്പക്കുളം, ഇടത്വാ പള്ളികളിൽനിന്നു് കാര്യമായ ധനസഹായവും ലഭിക്കുകയുണ്ടായി. പ്രസ്ഥാനം തീർച്ചയായും നടക്കുമെന്ന ഉറപ്പിൽ ഉത്സാഹമായി ശ്രമം തുടരുകയും ചെയ്തു. പല വൈദികരുടെയും താല്പര്യപ്രകാരം പിറവം, അതിരമ്പുഴ, കടമാളൂർ, കോട്ടയം പ്രദേശങ്ങളിലും പോയി സ്ഥലപരിശോധന നടത്തിയെങ്കിലും സ്ഥലസൗകര്യവും ജലസൗകര്യവും ഒത്തുവരായ്കയാൽ പലതും തിരസ്കൃതമായി; ഒടുവിൽ കടമാളൂർ പള്ളിയ്ക്കു കിഴക്ക് പുഴയരുകിൽ കണ്ട സ്ഥലം ബോദ്ധ്യപ്പെട്ടു. പൂല്ലരിക്കുന്നാണ് അവസാനമുറപ്പിച്ചതെങ്കിലും കുമാരനെല്ലൂർ ഊരാണ്മയുടെ എതിർപ്പുണ്ടായി. 25 നൊയമ്പിൻെറ തലേദിവസം തയ്യിൽ കര്യൻ തരകൻെറ വീട്ടിൽകയറി കാര്യങ്ങൾ പറഞ്ഞപ്പോൾ, ''എങ്ങും പോകേണ്ട, ഈ കുന്നമ്പുറംതന്നെ നന്ന്'' എന്നു പറഞ്ഞ്, മാന്നാനം കുന്നുകയററി കാണിച്ചുകൊടുത്തു. അതിൽ സംതൃപ്തനായി അച്ചൻ പണി തുടങ്ങാൻ നിശ്ചയിച്ച് ഏർപ്പാടും ചെയ്തു.

''ഏററുമാനൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലൻകണ്ണാമുകൾ എന്ന കുന്നുകാലായിൽ പള്ളിയും വീടും വെയ്ക്കുന്നതിനു സമ്മതമുണ്ടോയെന്നു കരക്കാർക്കു ചീട്ടുകൊടുത്തുവരുത്തി, തരകനും അന്തർജനും കൂടെ സമ്മതം വരുത്തി...''[2]

ഏററുമാനൂർ തഹശീൽദാരുടെ ഉത്തരവുകിട്ടിയതിനെ വാങ്ങിച്ചുകൊണ്ട് അറുത്തുങ്കൽപോയി. കാര്യങ്ങൾ തീരുമാനമായതിലുള്ള സംതൃപ്തിയോടെ, ഓശാനയുടെ തലേ രാത്രി പള്ളിപ്പുറത്തെത്തി. 1830 മീനം 30-ാംനു ആയ വലിയ ബുധനാഴ്ച, പെരുമാലിയിൽചെന്നു്, തയ്യിൽ കുടുംബത്തിൻെറതായി പാട്ടം പതിഞ്ഞിരുന്ന ഓലൻ കണ്ണാമുകൾ എന്നസ്ഥലത്തു് എല്ലാവരുംകൂടി കയറി പുലയരെക്കൊണ്ട് കാടു വെട്ടിച്ചു. അന്നു പണി നിറുത്തിയിട്ട് നൊയമ്പുവീടി തിങ്കളാഴ്ച പണി

2. നാളാഗമങ്ങൾ പേ. 17

തുടന്നു. ഒശനാരുമേത്തർ, കൊച്ചുപുര, പീടിയേക്കൽ, പൊവെന്നി, തറെൻ, മലെൻ ഇവരെല്ലാം സഹകരിച്ചു. തരകനും അനുജനും എല്ലാം താല്പര്യമായി നടത്തിക്കൊടുത്തു.

കര്യാക്കോസച്ചൻ പള്ളിപ്പുറത്തു ചെന്നപ്പോൾ കേട്ടു, അറുത്തുങ്കൽ താമസം മെത്രാനച്ചനു് രോഗകാരണമായെന്നും കടമാളൂർ വന്നു താമസി ക്കുമെന്നും. പുതിയ സ്ഥലത്തു് കരിശ്ശുപുര പണിയുന്ന കാര്യം അറിയിച്ച പ്പോൾ, തല്ക്കാല ഷെഡ്ഡുല്ല, കൽപണിയായിട്ടൊന്നു തീർക്കണമെന്നു നിർദ്ദേ ശംനല്കി. ഇതിനിടെ ചിറേറഴത്തു നായരുടെ കളപ്പുര വിലയ്ക്കുവാങ്ങി നന്നാക്കി ശരിയാക്കിയിരുന്നു, സാമാനം സൂക്ഷിക്കാനും താമസിക്കാനു മൊക്കെയായിട്ടു്. അവിടെ ഒരു മരക്കരിശ്ശുതീർപ്പിച്ചു് നാട്ടുകാരെ കൂട്ടി വെഞ്ചിരിച്ചു് ആഘോഷമായി കുന്നിൻപുറത്തു സ്ഥാപിക്കയും സകല വിശുദ്ധരുടെ ലുത്തിനിയ ചൊല്ലുകയും ചെയ്തു. 1831 മേയ് 11-നു് ആശ്രമത്തിൻെറ അടിസ്ഥാനശിലാസ്ഥാപനം നടത്താമെന്നു് മെത്രാ നച്ചൻ ഉറപ്പുപറഞ്ഞിരുന്നു. അക്കാര്യം പരസ്യപ്പെടുത്തി, സ്നേഹിതരും ശിഷ്യരുമായ വൈദികക്കൊക്കെ എഴുത്തുകൊടുത്തുവിടുകയും ചെയ്തിരുന്നു. കപ്പേളയ്ക്കു സ്ഥാനം നിശ്ചയിച്ചതിനു തൊട്ടരുകിൽ ഒരു കൂടാരം തീർത്തു പായ് കൊണ്ടു മറച്ചതിൽ രാത്രിയിൽ മെത്രാനച്ചൻ താമസിച്ചു; വൈദി കർ പന്തലിൽതന്നെ കിടന്നു.

പ്രഭാതത്തിലുണർന്നപ്പോൾ അവിചാരിതമായി രോഗക്ലേശത്താൽ മെത്രാനച്ചനു് ഒന്നും പറവാതായി. എല്ലാവരും ഏകകണ്ഠമായി അഭി പ്രായപ്പെട്ടതുപോലെ, മെത്രാനച്ചൻെറ സാന്നിദ്ധ്യത്തിൽ പോരൂക്കര യച്ചൻതന്നെ ശിലാസ്ഥാപനം നടത്തി. നാമകരണ കാര്യത്തിൽ, വി. സ്നാപകൻ, വി. ഡൊമിനിക്, വി. യൗസേപ്പു് എന്നിങ്ങനെ അഭി പ്രായഭേദമുണ്ടായിരുന്നുവെങ്കിലും അക്കാര്യത്തിലും പോരൂക്കരയച്ചൻെറ അഭിപ്രായം എല്ലാവരും ആദരിച്ചു് വി. യൗസേപ്പു പിതാവിൻെറ നാമ ത്തിൽ ആശ്രമം നാമകരണം ചെയ്യപ്പെടുകയുംചെയ്തു. പന്തക്കുസ്താ ദിവസ മാണു് കപ്പേള വെഞ്ചരിച്ചു് ആദ്യമായി കർബാന ചൊല്ലിയതു്. സന്ന്യാസം ജീവിതത്തിൽ ലക്ഷ്യമാക്കുകയും, അതിനൊരു സങ്കേതം തീർപ്പാനാഗ്രഹിച്ചു് അദ്ധ്വാനിക്കുകയും, അക്കാര്യത്തിൽ ഗുരുജനങ്ങളെ ആശ്രയിക്കുകയും, വൈദികാധികാരത്തിനു വിധേയപ്പെട്ടുമാത്രം പ്രവർത്തി ക്കുകയും ചെയ്തുകൊണ്ടിരുന്ന പോരൂക്കര അച്ചൻ ഈ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവാണു്. അദ്ദേഹംതന്നെ അടിസ്ഥാനക്കല്ലിട്ടുകൊണ്ടു് അക്ഷ രാർത്ഥത്തിൽ അതിൻെറ സ്ഥാപകനായിത്തീർന്നിരിക്കുന്നുവെന്നതു് ദൈവ പരിപാലനയുടെ ഒരത്ഭുതമാണെന്നു പറയണം.

1832-ൽ ബിഷപ്പ് ഫ്രാൻസിസ് സേവിയർ വരാപ്പുഴ ഭരണാധിപ നായി വന്നു. മംഗലത്തച്ചൻ സെക്രട്ടറി, ചാവറയച്ചൻ പള്ളിപ്പുറം വികാരി, പോരൂക്കരയച്ചൻ കായങ്കുളത്തു് പിള്ളത്തോപ്പിലും. മാന്നാനം

പരിത്യക്തമാവാൻ പോവുകയാണോ? സ്ഥാപകരുടെ വേവലാതി ഊഹിക്കാവുന്നതേയുള്ളു. കഠിനതരമായൊരു പരീക്ഷണമായിരുന്നു അതു്. എങ്കിലും അക്ഷരംപ്രതി അവർ അനുസരിച്ചു അധികാരികളുടെ കല്പന കളെ. കാര്യമൊക്കെ മറിഞ്ഞുതിരിഞ്ഞു നേരേയാവുകയും, രണ്ടു വൈദി കരും താമസംവിനാ മാന്നാനത്തു് പാപ്പു് ഉറപ്പിക്കുകയും പണി തുടരു കയും, പുതിയ സമൂഹം വളർന്നുവികസിച്ചുകൊണ്ടിരിക്കുകയും ചെയ്തു. വൈദികരും വൈദികവിദ്യാർത്ഥികളും യോഗാർത്ഥികളുമടങ്ങിയ ആശ്രമം, ദേവാലയം, വൈദികവിദ്യാലയം എല്ലാം രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നാടിന്റെ നാനാഭാഗത്തുനിന്നും തീർത്ഥാടകർ വന്നു തുടങ്ങിയിരിക്കുന്നു. നേർച്ചകാഴ്ചകൾ ചാലുവീണുതുടങ്ങുകയായി. സമുദായ ശ്രദ്ധ ഒന്നാകെ തിരിഞ്ഞിരിക്കുന്ന പ്രശാന്തസുന്ദരമായ ആ കുന്നിൻപുറത്തേക്കു്. ധ്യാനം, ഭജനം, സംഘാതകീർത്തനമെന്നിവയിലൂടെയുള്ള സ്വർഗ്ഗാനുഭൂതി! മാലിന്യ മേശാത്ത മനുഷ്യമക്കളുടെ വിഹാര ഭൂമി!! സേവിക്കാനും ത്യാഗവേദി യിലപ്പിക്കാനുമൊരുക്കുന്ന അദ്ധ്യാത്മ വിദ്യാലയം!!!

1841 ജനുവരി 16-ൽ സ്ഥാപക പ്രമുഖൻ പാലയ്ക്കലച്ചൻ മരണ മടഞ്ഞു് സായുജ്യം പൂണ്ടു. ശിഷ്യഗണങ്ങൾ നാലുപുറത്തുനിന്നും വന്നു ചേരുകയും ആഘോഷമായ സംസ്കാരച്ചടങ്ങുകളും ദുഃഖാചരണവുംവഴി കടപ്പാടു നിറവേററുന്നതിൽ മത്സരപൂർവ്വം ഉത്സാഹിക്കുകയായി. അതിൽ പിന്നെ വരാപ്പുഴ മേല്പട്ടക്കാർ താല്പര്യപൂർവ്വം പെരുമാറിപ്പോന്നു. ദേവാല യോപകരണങ്ങളും മററും നല്കി ഉത്സാഹം കാട്ടുകയും ചെയ്തിരുന്നു. 1843-ൽ തയ്യിൽ കൊച്ചുപോത്തൻ മാപ്പിള പള്ളിനടയിൽ തൂക്കുവാ നായി പതിനൊന്നു തിരിവിളക്കു വാർപ്പിച്ചു നേർച്ചവച്ചു; ആലപ്പുഴ വൈക്ക ത്തുകാരൻ തൊമ്മൻ പോത്തൻ അക്കൊല്ലത്തെ പെരുന്നാളിനു് പതിനാലു തംബ്ളേറുള്ള ചട്ടവിളക്കു വാങ്ങിച്ചുവച്ചു, കപ്പാംമൂട്ടാൽ മറിയത്തുമ്മ 12000 ചക്രം കർബാനയ്ക്കു വയ്പിച്ചു. ആയിടെയത്രെ തോപ്പിൽ ഇട്ടി കുരുവിളയുമൊത്തു് കര്യാക്കോസച്ചൻ കോട്ടയത്തു പോയി പ്രസ് പണി ക്കാരനെ കണ്ടുപിടിച്ചതു്; കോട്ടയത്തും കൊല്ലത്തുമൊന്നും അച്ചടിപ്രസ്സു കാണാനവസരം നൽകപ്പെട്ടില്ല. തങ്കശ്ശേരിൽ ചെന്നു തിരക്കിയതിൽ, മദ്രാസ്സിലും പോണ്ടിച്ചേരിയിലും പ്രസ്സും മഷിയും കിട്ടാനില്ലെന്നും യൂറോ പ്പിൽനിന്നു വരുത്തുകയല്ലാതെ വഴിയില്ലെന്നുമറിയാൻ കഴിഞ്ഞു. പ്രസ്സിനു മാത്രം 500 രൂപ വിലയെന്നും, മററു ചെലവിനങ്ങൾ കൂട്ടുമ്പോൾ വൻ തുക യാകുമെന്നുംകണ്ടു് കര്യാക്കോസച്ചൻ മടങ്ങിപ്പോന്നു.

ആലപ്പുഴവച്ചു്, ഇലഞ്ഞിക്കൽ, വൈക്കത്തുകാരൻ എന്ന രണ്ടു മാന്യന്മാരെ ഇടനില നിറുത്തി, കൊച്ചിയിൽനിന്നു് നൂറുരൂപാ വില യ്ക്കുള്ള കടലാസും മഷിയും വാങ്ങാൻ ഏർപ്പാടുചെയ്തു് പത്തു രൂപാ മുൻകൂർ നൽകി. കന്നിമാസത്തിൽ ചരക്കു വന്നുവെന്നുകേട്ടു് കൊച്ചിയിൽ ചെന്ന പ്പോൾ, പത്തുകെട്ടു കടലാസും ഒരു വീപ്പ മഷിയുമാണു് വന്നിട്ടുള്ളതെന്നും, അതു് 40 രൂപാ ലാഭമുള്ള ഏർപ്പാടാണെന്നും മുഴവനായിട്ടല്ലാതെ ലഭ്യമല്ലെ

ന്നമായി അറിയിപ്പ്. എങ്കിലും ചെന്നക്കാട്ടു തൊമ്മൻ ഇടനിന്ന് അര വീപ്പ എടുത്താൽ മതിയെന്ന് അവരെ സമ്മതിപ്പിച്ചു. 6000ചക്രത്തിനുള്ള പരമൊടുക്കാൻ പലരേയുംകൂട്ടി ഒരു ചിട്ടിയുണ്ടാക്കി,3000ചക്രം രൊക്കം കൊടുക്കുകയും, 3000ത്തിന് കച്ചീട്ടെഴുതിക്കൊടുക്കുകയും ചെയ്തിട്ട് ചരക്കുവാങ്ങിക്കൊണ്ടുപോരുകയും ചെയ്തു. കുര്യാക്കോസച്ചനും കാഞ്ഞിരപ്പള്ളിലച്ചനും ഒരുമിച്ചാണു പോയതു്. മാന്നാനത്തെ പണികഠം നടക്കുമ്പോഠം പണമില്ലാതെ നട്ടംതിരിയുന്ന നേരത്ത്, ആശ്ചര്യം തോന്നുമാറ് നെല്ലിപ്പുഴ ഇട്ടി ഒരു നല്ലതുക കൊണ്ടുവന്നേല്പിക്കയും കൂടുതൽ നൽകാൻ സന്നദ്ധനാണെന്നറിയിക്കുകയും ചെയ്തു. യൗസേപ്പ പിതാവിൻെറ അത്ഭുത സഹായത്തിന് ഉള്ളഴിഞ്ഞു കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

പോരൂക്കര, ചാവറ അച്ചന്മാരെ മല്പാൻ സ്ഥാനത്തു നിയമിച്ചുകൊണ്ടുള്ള അധികാരപത്രം നൽകപ്പെട്ടതു് ഇക്കാലത്തായിരുന്നു. 1844-ൽ ബിഷപ്പ് ഫ്രാൻസീസ് സേവ്യർ ചരമഗതി പ്രാപിച്ചു. രോഗബാധിതനായ പോരൂക്കര അച്ചൻ ശമനം പ്രതീക്ഷിച്ച് പൊല്ലരപ്പള്ളിയിൽ പോയി താമസിച്ചു. 1846 ജനുവരി 8-ൽ പോരൂക്കര അച്ചൻ മരണം പ്രാപിച്ച് മാന്നാനത്ത് കബറടങ്ങി. ഇങ്ങനെ, ഈ സ്ഥാപകതലവനാണ് ആദ്യമായി മാന്നാനം മണ്ണിൽ ലയിച്ചുചേർന്നതു്. ഇക്കാലത്തും ചാവറയച്ചനും മസൂരി ബാധിച്ച് കിടപ്പിലായി. പുതുതായി ചാർജ്ജെടുത്ത ബിഷപ്പിനെ പോയി കണ്ടപ്പോഠം പ്രസ് വരുത്തിക്കൊടുക്കാമെന്നും വേണ്ട അനുവാദങ്ങഠം റോമിൽനിന്നു ലഭ്യമാക്കാമെന്നും വാക്കുകൊടുക്കുകയുണ്ടായി. ''കൊവേന്ത ഉറപ്പിപ്പാൻ, മനസ്സുള്ളവർ എല്ലാവരും ചേർന്ന് അപേക്ഷ എഴുതികൊടുത്താൽ, ഉറപ്പിച്ചു നൽകാമെന്നു മെത്രാനച്ചൻ പറഞ്ഞ പ്രകാരം എഴുതി കൊണ്ടുപോയി കൊടുത്തു, ഉണ്ടായിരുന്നവരിൽ രണ്ടുപേർ ഒപ്പിട്ടില്ല''.[3] ഇവ്വിധമാണ് സഭയുടെ പുതിയ നീക്കത്തെപ്പററി കുര്യാക്കോസച്ചൻ എഴുതിയിരിക്കുന്നതു്.

നേരിട്ടറിവുള്ളതോ, സ്വാനുഭവമോ, പറഞ്ഞുകേട്ടതോ എന്തുതന്നെ ആയിരുന്നാലും വസ്തുനിഷ്ഠമായി കാണിക്കുകയെന്നതു് കുര്യാക്കോസച്ചൻെറ പ്രകൃതമാണ്; യാതൊരു ഒളിവോ മറയോ ഇല്ലാതെയാണദ്ദേഹം എല്ലാം രേഖപ്പെടുത്തുന്നതു്; യഥാതഥം വസ്തുതകഠം നമുക്കു ഗ്രഹിക്കാനാവും. ആദ്യകാൽവയ്പുകളെ അദ്ദേഹം വിവരിക്കുന്നതു ശ്രദ്ധിക്കുക.

പാലയ്ക്കലച്ചൻ അഭിപ്രായമുന്നയിച്ചു: ''പഠിത്വവും ശമ്മാശന്മാരും കൂടെവേണം. അല്ലാഞ്ഞാൽ തുടക്കത്തിൽ ജനങ്ങളുടെ മനസ്സു വീഴാനും പള്ളിക്കടുത്ത ശുശ്രൂഷ ആഘോഷമായി ചെയ്യാനും പാടണ്ടാകയില്ല എന്നതിനാൽ സിമ്നാരിയും പഠിത്തവും ഒരു ഭാഗത്തും കൊവെന്ത മറുവശത്തും. ... കൊവേന്തയിൽ പാപ്പാനുള്ള മനസ്സുള്ളവരുണ്ടാകും. അങ്ങനെ

---

3. നാളാഗമങ്ങഠം പേ. 56

യത്രെ വേണ്ടിയതു്'' പോരുക്കരയച്ചൻ ഉടനെ പറഞ്ഞു ''...കൊവെന്ത എന്ന ലാക്ക വച്ചതിനാൽ ദെയ്‌വ ശരണമല്ലാതെ മനുഷ്യശരണവും നടപ്പും നോക്കുന്നതു് യിയിന്നുനേരെ വിഘ്നംതന്നെ''. ഇങ്ങനെ രണ്ട ഭിപ്രായമായപ്പോറം ചാവറയച്ചൻ ആത്മഗതം ചെയ്തു ''ഭോഷനായ ഇനിക്ക രണ്ടും സന്തോഷം ഒരുപോലെ തോന്നിയിരുന്നു—പൊരുക്കരെ അഭിപ്രായത്തിനു ഉള്ളെ സന്തോഷം—അച്ചൻെറ അഭിപ്രായത്തിനും ഉള്ളിൽ സന്തൊഷക്കേടമില്ല. പുറമെ സന്തൊഷം തന്നെ ആയിരുന്നു എംകിലും അച്ചൻെറ അഭിപ്രായത്തിന്നും മനസ്സിന്നും ചേൻന്നു നടക്കണമെന്നും വച്ചു. പൊരുക്കര അച്ചൻ ആ ദേഹത്തിൻെറ മല്പാനച്ചനെക്കായി ഇദെഹത്തെ സ്നെഹിച്ചു ചെന്നിരിക്കയാൽ അച്ചൻെറ മനസ്സപൊലെ എന്നു കീഠപ്പടിഞ്ഞു. ആയതിനാൽ ഈ ശമ്മാശന്മാരും മാന്നാനത്തിൽ തന്നെ പാർത്തുവരികയും ചെയ്തു.[4]

ആശയം മുന്നോട്ടുവയ്ക്കുകയും അതു് സാഹസികയത്നങ്ങളിലൂടെ ഒരു പ്രസ്ഥാനമാക്കിത്തീക്കയും ചെയ്ത പോരുക്കരയച്ചൻ തന്നെയാണു് മാന്നാനത്തെ അനുഷ്ഠാനങ്ങറക്ക രൂപം പകർന്നതും. ''പൊരുക്കര അച്ചൻെറ അധികമായ എരിവാൽ മൂന്നുനേരമായി 153 മണി, വ്യാകലം, യൗ.പി. ജപം... ഇങ്ങനെയുള്ള ജപങ്ങളും ഞായറാഴ്ചയിൽ പാട്ടുപൂജ, പിന്നെ പ ഠാത്ഥ... വല്യ നൊയമ്പിൽ..., വെള്ളിയാഴ്ച...; 'ഇടകൊടുക്കാതുള്ള വേലയും', മുഴവനായി ശുദ്ധമായിക്കൊള്ളിപ്പാനായിട്ടു്''[5] എന്നിങ്ങനെ ഒരു ചെറുവിവരണം അതെപ്പററി ചാവറയച്ചൻ നൽകുന്നുണ്ടു്.

പാലയ്ക്കലച്ചൻ ഒരു പൊതുനേതാവും ആചാര്യനമെല്ലാമായി പ്രത്യക്ഷപ്പെടുന്നെങ്കിലും, ചരിത്രദൃഷ്ട്യാ ഒരഭ്യുദയകാംക്ഷിയെന്ന നിലയിൽ വശത്തേയ്ക്കു വഴിമാറി നില്ക്കുന്ന പ്രതീതി ഉളവാക്കുന്നു; അന്ത്യംവരെ പള്ളിപ്പുറം സെമിനാരിക്കാര്യത്തിൽ വ്യാപൃതനായും കാണപ്പെടുന്നു. ചാവറ അച്ചനാകട്ടെ പോരുക്കര അച്ചൻെറ പിൻഗാമി എന്നവിധം രംഗപ്രവേശം ചെയ്യുന്നതും ചുമതലയേറെറടുത്തു് ലക്ഷ്യബോധത്തോടെ നേതൃത്വം നൽകി പ്രയത്നിക്കുന്നതും നാം കാണുന്നു.

## ചരിത്രരേഖ

1855-നു ശേഷമുള്ള പതിനഞ്ചു വർഷക്കാലം ചാവറയച്ചനെ സംബന്ധിച്ചും മാന്നാനം സന്ന്യാസസമൂഹത്തെ സംബന്ധിച്ചും, സഭാ–സമുദായ രംഗങ്ങളെ സംബന്ധിച്ചും സർവ്വപ്രധാനമായൊരു കാലസന്ധിയായിരുന്നു; ലാഭവും നഷ്ടവും ഗണ്യമായ തോതിലും. വിശദമായും വസ്തുനിഷ്ഠമായും ചരിത്രവസ്തുതകളറിയാൻ ചാവറയച്ചൻെറ നാളാഗമംപോലെ ഉപ

4. നാളാഗമങ്ങറം പേ. 33
5. ,, പേ. 34

കരിക്കുന്ന രേഖ വേറൊന്നില്ലതാനും. നാട്ടുചരിത്രം മാത്രമല്ല, ഭാഷയുടെ വളർച്ചയും വികാസവും മനസ്സിലാക്കാനുമതുപകരിക്കുന്നു. ചാവറയച്ചന്റെ പ്രയോഗവിശേഷതകളും ഭാഷയുടെ വളർച്ചയിൽ അദ്ദേഹം വഹിച്ച പങ്കും ഈ നാളാഗമം വായിച്ചെങ്കിലേ ഗ്രഹിക്കാനാവൂ. കൂനമ്മാവ്, അരണാട്ടുകര, അമ്പഴക്കാട്ട് എന്നീ കേന്ദ്രങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചതും, പള്ളികളും വൈദികരും സമുദായപ്രമുഖരും ദീർഘദൃഷ്ടിയോടെ അതിൽ ഉത്സുകരായി പ്രവർത്തിച്ചതും, അടിയന്തിരഘട്ടങ്ങളിൽ ഈ ആശ്രമങ്ങൾ ശക്തികേന്ദ്രങ്ങളായിത്തീർന്നതുമെല്ലാം ഇതിൽ കാണാം. അന്നത്തെ ചരിത്രസംഭവങ്ങളുടെ പ്രത്യേകസ്വഭാവവും ചാവറയച്ചന്റെ തൂലികാവൈദഗ്ദ്ധ്യവുമാണ് ഏതുകാലത്തുള്ളവരെയും സ്പർശിക്കുവാൻ ഈ കൃതിയെ കഴിവുള്ളതാക്കിയത്.

'നാളാഗമങ്ങൾ' വായിച്ചു തീർക്കുന്ന ഒരാൾക്ക് ചാവറയച്ചന്റെ സ്വഭാവപ്രത്യേകതകൾ മനസ്സിൽ പതിഞ്ഞുനില്ക്കും. കടക്കച്ചിറയെപ്പററി എഴുതുമ്പോൾ ''എന്റെ ഹൃദയവും ഈ തൂവൽ പിടിച്ചിരിക്കുന്ന കൈകളും വിറയ്ക്കുന്നു... കേട്ടതും കണ്ടതും മാത്രമേ എഴുതുന്നുള്ളു എങ്കിലും ഞാൻ നിരൂപിച്ചെഴുതുന്നതിനെക്കായിൽ അധികം പൊരുൾ തിരിക്കും'' എന്നെഴുതിയ ലോലഹൃദയൻ 'പഴയചരിത്രങ്ങൾ'[6] എഴുതുന്നവിധമോർത്താൽ ആശ്ചര്യം തോന്നും. മലങ്കരസഭയിലെ വിമോചനസമരം ഒരു കലാപമായിട്ടാണദ്ദേഹം കാണുന്നത്. സ്വസമുദായത്തെയും പാരമ്പര്യങ്ങളെയും തള്ളിപ്പറയുന്നയാളാണോ അദ്ദേഹം? ''പല പഴയ ചരിത്രങ്ങൾ–ജ്ഞാപക''ത്തിൽ അദ്ദേഹമെഴുതുന്നു: ''എന്റെ മാംസപരിഷക്കാരായ ജ്യേഷ്ഠാനുജന്മാരു് പൂർവ്വകാലം മുതൽ എപ്പഴും സുറിയാനി മേല്പട്ടക്കാരുടെമെലുള്ള ആശയാലും ഇഷ്ടത്താലും പല ആത്മനാശവും വന്നുഭവിപ്പാനും ശു. പള്ളിയുടെ ഒന്നിപ്പിൽനിന്നു വേർപിരിയാനും സംഗതി വന്നു.'' ''പട്ടാങ്ങയുള്ളലാക്കെ പ്രതിയും മുഴവനായ ഉപവിയെക്കുറിച്ചും സ്വന്തം നാടും ദേശവും സംബന്ധക്കാരെയും വിട്ടുപേക്ഷിച്ചു സത്യവേദം നടത്തുവാനും മോക്ഷവഴികാട്ടുവാനും വരുന്ന നേരുള്ള ജ്ഞാനപിതാക്കന്മാരെ''ന്നു വിശേഷിപ്പിക്കുന്നു, തന്ത്രപൂർവ്വം കയറിപ്പററുകയും വാക്കുവ്യത്യാസം വരുത്തുകയും ചെയ്യുവരായ കമ്മലീത്തരെ. ''ശ്രേഷ്ഠന്മാരുടെ വചനം തമ്പുരാന്റെ തിരുവചനം എന്നുള്ള വിശ്വാസവും ഉപവിയും ഇല്ലാ''ത്തവരെന്നു് മുദ്രകുത്തുകയാണു്, അസ്തിത്വത്തിനുവേണ്ടി ധർമ്മസമരം നടത്തിയ പൂർവ്വപിതാക്കന്മാരെ. അധികാരത്തോടുള്ള വിധേയത്വവും ബഹുമാനവുമാവണം ഇങ്ങനെ രേഖപ്പെടുത്താൻ ചാവറയച്ചനെ പ്രേരിപ്പിച്ചതു്.

6. നാളാഗമങ്ങൾ പേ. 173

7. നാളാഗമങ്ങൾ പേ. 174

# കത്തുകൾ

ചാവറകൃതികളിൽ നാലാം വാല്യം കത്തുകളുടെ സമാഹാരമാണ്.[8] 1861-ലും 1870-ലും മാർപ്പാപ്പായ്ക്കു നേരിട്ടു റോമിലേക്കയച്ചതും, പ്രൊപ്പഗാന്തയിലെ കർദ്ദിനാളദ്ധ്യക്ഷന് 1861 മുതൽ 1869 വരെ അയച്ചവയും, വരാപ്പുഴ അരമനയിലേക്കയച്ച വിചാരണ റിപ്പോർട്ടുകളും നിവേദനങ്ങളും റോമിലെ കമ്മലീത്താസാരഥികൾക്കയച്ചവയും, വൈദികർ, സ്വസഭാംഗങ്ങൾ, സ്വന്തം ഇടവകക്കാർ, മറ്റംഗങ്ങൾ എന്നിവർക്കയച്ചവയും, തയ്യിൽ സഹോദരന്മാർക്കു നൽകിയ രസീതുകളും, കാററു കടവുനിലം തയ്യിൽ–തുരുത്തമാലി കുടുംബങ്ങളുമായി പങ്കുചേർന്നു കൃഷി നടത്തിയതുസംബന്ധിച്ച കരാറുമാണ് ഈ കത്തുകൾ. ആകെ 67 എണ്ണമുണ്ട്.

ഏറിയ കാലമായി അപേക്ഷിച്ചുവന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യം എന്നാണ് മഠം സ്ഥാപനത്തെപ്പററി ചാവറയച്ചൻ എഴുതിയിരിക്കുന്നത്. അതൊരു യാഥാർത്ഥ്യമായി കണ്ടപ്പോളുണ്ടായ ആത്മസംതൃപ്തി അവർണ്ണനീയമത്രെ. ''പ്രിയ കുഞ്ഞുങ്ങളെ സർവ്വേശ്വരൻ എങ്ങനെ നമ്മുടെ കാര്യങ്ങളെ വിചാരിച്ചു നടത്തുന്നു എന്ന് ഓർപ്പിൻ...''. പുണ്യത്തിൻെറ മുകളിൽ കെറുവാനും കെറിയയിടത്തിൽനിന്നു വീഴായ്‌വാനും സൂക്ഷിക്കണെ''മെന്ന് അനുസ്മരിപ്പിക്കുന്നു. സ്വയം ചെയ്യുന്ന ദോഷത്താൽ മാത്രമല്ല ശിക്ഷാർഹരാകുന്നത് – ആരാനും ചെയ്യുന്ന ദോഷമോർത്തു സന്തോഷിച്ചാലും. 'അപ്പോൾ ആരാനും ചെയ്യു പുണ്യം ഓർത്തു സന്തോഷിച്ചാൽ ഭാഗ്യവും' എന്നൊരു പുതിയ വിദ്യ അവരെ പഠിപ്പിക്കുന്നു ചാവറയച്ചൻ. മാത്രമല്ല, ഞാടിഞരമ്പുകളുടെ എളക്കങ്ങളും, കണ്ണു ചിമ്മുക, ശ്വാസം വിടുക മുതലായതെല്ലാം, പക്ഷിപറവകളുടെ സ്വരങ്ങൾപോലും നമുക്ക് അപേക്ഷകളായിട്ടു തിരിക്കാമെന്നുംകൂടെയാണ്[9] അദ്ദേഹം നൽകുന്ന പുതിയ അറിവ്.

പ്രത്യേകം നിയമിക്കപ്പെട്ടവരല്ലാതെ യാതൊന്നിലും ഉൾപ്പെടാതിരിക്കാൻ സൂക്ഷിക്കണം; ഇരിപ്പിടം തന്നവരോട് കർത്താവിങ്കൽ കടപ്പെട്ടിരിക്കുന്നു. കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിച്ചിരിക്കയാൽ ആൾച്ചുരുക്കത്താൽ അവർക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേറുന്നില്ല... കൂടുതൽ പരിശീലനകേന്ദ്രങ്ങൾ തുറക്കണമെന്നിത്യാദികാര്യങ്ങൾ ദീർഘദൃഷ്ടിയോടെ ചാവറയച്ചൻ സ്വസഭാംഗങ്ങളെ കത്തുകളിലൂടെ അറിയിക്കുന്നു. സ്വന്തപ്പെട്ടവരെ അദ്ദേഹം, സുവിശേഷാനുസരണം വ്യാപരിക്കുവാനാഹ്വാനം ചെയ്യുന്നു. പകരം വീഴ്ച മൃഗസ്വഭാവമെന്നും, സാരം വയ്ക്കാതെ പൊറുക്കുന്നത് ശക്തിയും വിവേകവും മാന്യതയുമെന്നും, ഉള്ള ഭാവം മുഴവൻ കാട്ടുന്നവൻ അ

8. ചാവറയച്ചൻെറ സമ്പൂർണ്ണകൃതികൾ, വാല്യം നാല്–കത്തുകൾ
9. കത്തുകൾ പേജ് 110

വസ്ഥയിൽ കറഞ്ഞവനെന്നും അദ്ദേഹമുദ്ബോധിപ്പിക്കുന്നു. വേലയെ ടുക്കാതിരിക്കുന്നതു് ബഹുമാനമുള്ളവരുടെ മുറയല്ലെന്നും, അതു വീടും കുടി യുമില്ലാത്തവൻെറ ലക്ഷണമാണെന്നും, കുടുംബങ്ങളുടെ സമ്പത്തു വസ്തുക്ക ളുടെ പെരുപ്പത്തിലല്ല, ഗുണത്തിലാണെന്നും സ്വന്തകാര്യങ്ങളെ നല്ല തിൻവണ്ണം വിചാരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെ ടാൻ നേരമുണ്ടാകയില്ല എന്നിത്യാദി സാരോപദേശങ്ങളും അദ്ദേഹം നൽ കുന്നു. അധികാരകേന്ദ്രങ്ങളിലേക്കയച്ച കത്തുകൾ ചരിത്രപ്രാധാന്യമുള്ള വയെങ്കിലും പലവിധത്തിൽ വിരസതയുളവാക്കുന്നവയാണ് – ആരാധ നാപരമായ പരിഷ്കരണങ്ങൾക്കായി ചെയ്ത പരിശ്രമങ്ങളും അങ്ങ നെതന്നെ. അതിരുകടന്ന അധികാരാദരവുനിമിത്തം ഇവിടെ ചാവറയ ച്ചനു ചില പാളിച്ചകൾ വന്നുപോയിട്ടുണ്ടെന്നു സമ്മതിക്കണം.

## വിലയിരുത്തുമ്പോൾ

പത്തൊമ്പതാം നൂററാണ്ടിലെ ''പാതിരിമലയാളം'' എന്ന മതിഭ്ര മത്തിൽനിന്നു് ഇന്നും വിമുക്തരല്ല പലരും. ഏററം നൂതനമായ ഭാഷാ ശൈലി, സംസ്കരിച്ചെടുത്ത പദങ്ങൾ, ആവശ്യത്തിനൊത്തു രൂപപ്പെ ട്ടുവരുന്ന വാക്കുകളും വാക്യങ്ങളും–ഇതെല്ലാമാണ് ചാവറകൃതികൾ വായി ക്കുന്നവർക്കു കാണാനാവുക. അദ്ദേഹം ഒരു സംഘാടകനും സമുദായ പരി ഷ്കർത്താവുമായിരുന്നു; ഒരു യോഗിയും യോഗീതലങ്ങൾക്കു രൂപം നൽ കിയവനുമാണ്– കഴിഞ്ഞ നൂററാണ്ടിലെ ഗണനീയരിൽ പ്രമുഖൻതന്നെ. അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കുന്നു, അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ള ചരിത്രശകലങ്ങൾ, സാരോപദേശങ്ങൾ തുടങ്ങിയവയെല്ലാം. സി.എം. ഐ. സമൂഹത്തിൻെറ ആരംഭംമുതൽ, അതിനെ നിഷ്കൃഷ്ടമായ ചട്ടവട്ട ങ്ങളോടും കർമ്മപരിപാടികളോടുംകൂടെ, സമൂഹസേവനത്തിനുതകുന്ന ഒരു ബലിഷ്ഠസ്ഥാപനമാക്കിത്തീർക്കുന്നതിൽ മുഖ്യശില്പിയുടെ ഭാഗമാണദ്ദേഹ മഭിനയിച്ചതെന്നു് ആർക്കും കാണാനാവും. നാലുപാടും എത്തിപ്പിടിക്ക ത്തക്കവിധം അദ്ദേഹംതന്നെ വാഴക്കുളം, എൽത്തുരുത്തു്, അമ്പഴക്കാട്ട് എന്നിവിടങ്ങളിൽ ആശ്രമങ്ങളും സ്ഥാപിക്കുകയുണ്ടായി; പുളിങ്കുന്നിലും മുത്തോലിയിലും ആരംഭമിടുകയും ചെയ്തു. എന്നാൽ 1830 മുതൽ 1870 വരെയുള്ള ചരിത്രസംഭവങ്ങൾ പിൽക്കാലതലമുറകൾക്ക് ജലരേഖയായി ത്തീരാതിരുന്നതു് ചാവറയച്ചൻെറ നാളാഗമങ്ങളും കത്തുകളും ഇന്നു നമ്മു ടെ കൈവശമെത്തിയതുകൊണ്ടുമാത്രമാണ്. അതിനു് അദ്ദേഹത്തോട്ട് നമുക്കുള്ള കടപ്പാട്ട് നിസ്സീമമത്രെ.

10

# കുടുംബം ചാവറയച്ചൻെറ ദൃഷ്ടിയിൽ

## – 'ചാവരുൾ' ഒരവലോകനം

**ജോസഫ് വലിയതാഴത്ത്**

ആധുനികമായ കാഴ്ചപ്പാടിൻെറ ഫലമായി സഭയിൽ കുടുംബപ്രേഷിതപ്രവർത്തനങ്ങൾ കൂടുതൽ സജീവമായിത്തീർന്നിട്ടുണ്ട്. കുടുംബം–'ഗാർഹികസഭ' എന്ന ആശയം ശക്തി പ്രാപിച്ചത് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ്. സഭയ്ക്കകത്തും പുറത്തും കുടുംബക്ഷേമത്തെ മുൻനിറുത്തി നടന്നുവരുന്ന പ്രവർത്തനങ്ങളിൽ നിന്നു മനസ്സിലാകുന്നത് ഇതാണ്: മനുഷ്യസമുദായത്തിൻെറ മൂലഘടകം കുടുംബമാണ്. സഭാഗാത്രത്തിൻെറ വളർച്ചയിൽ കുടുംബത്തിനു് അനിവാര്യമായ പങ്കു വഹിക്കാനുണ്ട്. ക്രിസ്തീയ സാഹോദര്യവും, സ്നേഹവും മുളയെടുക്കേണ്ടതും വളരേണ്ടതും കുടുംബത്തിലാണ്. ക്രിസ്തീയതയുടെ ഈററില്ലമാണ് കുടുംബം.

കുടുംബജീവിതത്തെപ്പററി ഇത്തരം ആധുനിക ക്രിസ്തീയഭാഷ്യങ്ങൾ ഉണ്ടാകുന്നതിനു് ഒരു നൂററാണ്ടുമുമ്പുതന്നെ നമ്മുടെ ക്രിസ്തീയ കുടുംബങ്ങളെ സഭാജീവിതത്തിൻെറ ആണിക്കല്ലുകളായി കണ്ടവരായിരുന്നു വന്ദ്യനായ ചാവറയച്ചനെപ്പോലുള്ള സഭാസാരഥികൾ. 19-ാം നൂററാണ്ടിലെ കുടുംബപ്രേഷിതവൃത്തിക്കു് മുഖ്യമായ നേതൃത്വം കൊടുത്തതു് ചാവറയച്ചനും കർമ്മലീത്താ സന്ന്യാസസമൂഹവുമായിരുന്നു. 'നല്ല അപ്പൻെറ ചാവരുൾ' [1] എന്ന അദ്ദേഹത്തിൻെറ കൃതിയിൽ പ്രകടമായിട്ടുള്ള കുടുംബ വീക്ഷണം ഈ വസ്തുതയിലേയ്ക്കു് വിരൽചൂണ്ടുന്നു.

1. ചാവറയച്ചൻെറ സമ്പൂർണ്ണകൃതികൾ—വാല്യം നാല്, കത്തുകൾ, പേജ് 136—152

# കുടുംബജീവിതത്തിൻെറ 'മാഗ്നാകാർട്ട'

കേരളത്തിലെ ക്രിസ്തീയകുടുംബജീവിതത്തിൻെറ 'മാഗ്നാകാർട്ടാ' എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ''ചാവരുൾ'' ചാവറയച്ചൻ കുടുംബജീവിതക്കാർക്കു നൽകിയ 'മരണശാസന' മാണ്. കുടുംബപ്രേഷിതത്വത്തിൻെറ മാർഗ്ഗരേഖയായ ഈ കൊച്ചുകൃതി ക്രിസ്തീയാദർശങ്ങൾക്കനുയോജ്യമായ രീതിയിൽ മാതൃകാപരമായ കുടുംബജീവിതം കരുപ്പിടിപ്പിക്കേണ്ടതു് എങ്ങനെ എന്നതിനു പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകുന്നു. തൻെറ പ്രിയപ്പെട്ടവരായ കൈനകരി കുടുംബക്കാർക്കായി പ്രത്യേകം എഴുതിക്കൊടുത്ത കത്തു രൂപേണയുള്ള അനുശാസനമാണിതു്. 1868-ലാണ് ഇതു് എഴുതപ്പെടുന്നതു്. കാലത്തിൻെറ സ്വാധീനം വളരെ പ്രകടമാണ്. ധാർമ്മികവും സദാചാരപരവുമായ കാര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഈ കൃതി കുടുംബപരവും സമൂഹപരവുമായ ബന്ധങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ഏറ്റക്കുറച്ചിലുകളെ പ്രത്യേകം എടുത്തു കാണിക്കുന്നു.

വഴക്കും വക്കാണവും, ലുബ്ധും ധൂർത്തും, അനീതിയും അലസതയും, സ്ഥാപാർത്ഥതയും അഹന്തയും പരിപാവനമായ കുടുംബ-സാമൂഹികാന്തരീക്ഷത്തെ മലിനമാക്കാനുള്ള സാധ്യതകൾ അദ്ദേഹം മുൻകൂട്ടിക്കണ്ടു. വൈദേശികശക്തികളുടെ സ്വാധീനം കേരള ക്രൈസ്തവരുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും സാരമായി ബാധിക്കയും സഭ സന്ദിഗ്ദ്ധമായ ഒരവസ്ഥയിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കയും ചെയ്യുന്ന കാലഘട്ടമായിരുന്നു അതു്. വ്യവസ്ഥാപിതമായ ഒരു നേതൃത്വത്തിൻെറ അഭാവത്തിൽ കേരളീയ ക്രൈസ്തവസമുദായത്തിൻെറ ഉള്ളറകളിലേയ്ക്കു ധ്യാനപ്രസംഗങ്ങളിലൂടെയും, സാമൂഹിക-പ്രേഷിതവേലയിലൂടെയും ഒരു ഉത്തേജകശക്തിയായി കടന്നുചെന്നതു് ചാവറയച്ചനും അനുയായികളുമാണ്. സഭയുടെ കരുത്തു് കുടുംബങ്ങളുടെ വളർച്ചയിലൂടെ കൈവരിക്കാമെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കുടുംബജീവിത നവീകരണത്തിനു് ഒരു കുടുംബച്ചട്ടം അഥവാ 'മാഗ്നാകാർട്ടാ' തന്നെ തയ്യാറാക്കുവാൻ അദ്ദേഹം തുനിഞ്ഞതു് അതുകൊണ്ടാണല്ലൊ.

## 1. കുടുംബച്ചട്ടങ്ങൾ—കുടുംബജീവിതത്തിനു് മാർഗ്ഗരേഖ

'ചാവരുൾ' നല്ല കുടുംബജീവിതത്തിനു് ഉതകുന്ന ചില ക്രമച്ചട്ടങ്ങളടങ്ങിയ ഒരു തുറന്ന കത്താണ്. സ്നേഹധനനായ ഒരു നല്ല പിതാവു് തൻെറ പ്രിയപ്പെട്ട മക്കൾക്കു നൽകുന്ന നല്ല ഉപദേശങ്ങളും നിർദ്ദേശങ്ങളും ശാസനകളുമാണ് ഉള്ളടക്കം. പ്രായോഗികമായ അനുഷ്ഠാനമുറകളും അതി

ലുണ്ട്. വഴക്കും വക്കാണവുമില്ലാത്ത, പരസ്പരസ്നേഹത്താൽ ബന്ധിതമായ കുടുംബജീവിതം, അടക്കും ചിട്ടയും സദാചാരനിഷ്ഠയുമുള്ള ജീവിതം അതാണ് ചാവറയച്ചൻ വിഭാവനം ചെയ്യുന്നത്. കുടുംബാംഗങ്ങൾ എല്ലാവർക്കും ഒരുപോലെ ഉപകാരപ്രദമായ ഈ കുടുംബച്ചട്ടങ്ങളെ സാമാന്യമായി, ക്രമച്ചട്ടങ്ങൾ അഥവാ ജീവിതമുറകൾ, ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ, സാമൂഹിക പ്രതിബദ്ധത എന്നിങ്ങനെ മൂന്നായി തിരിക്കുന്നത് പ്രതിപാദനത്തിന് സഹായകമായിരിക്കും.

## *ജീവിതമുറകൾ, ക്രമച്ചട്ടങ്ങൾ*

ദാമ്പത്യജീവിതം നയിക്കുന്നവർക്കും അല്ലാത്തവർക്കും ഒരുപോലെ ബാധകമാണ് ഈ ചട്ടങ്ങൾ. അധികച്ചെലവ് കുറയ്ക്കുക, ലുബ്ധ് പാടില്ല, പരദൂഷണം ഒഴിവാക്കുക, ശാബത്താചരിക്കുക, ഉത്തരിപ്പുകടം വീട്ടുക, കുടുംബവഴക്കുകൾ ഒഴിവാക്കുക, ദ്രവ്യാഗ്രഹം ഉപേക്ഷിക്കുക, ക്രമവും ദൈവപേടിയുമുള്ളവരുമായി ബന്ധുത്വം സ്വീകരിക്കുക, അനാവശ്യമായി അന്യരുടെ കാര്യങ്ങളിൽ ഇടപെടാതിരിക്കുക[2] ഇങ്ങനെ പോകുന്നു ക്രമച്ചട്ടങ്ങൾ. പ്രഥമദൃഷ്ട്യാ ഇതു് കുറെ അരുതുകളുടെയും, അനുഷ്ഠാനങ്ങളുടെയും ഒരു പട്ടികയായിത്തോന്നാം. എന്നാലിതു് ഒരു വെറും കുറപ്പെടുത്തലല്ല. സ്വന്തക്കാരും ചാർച്ചക്കാരുമെന്നനിലയിൽ സവിശേഷശ്രദ്ധകൊടുത്തു് എഴുതിയിരിക്കുന്ന ആത്മാർത്ഥമായ ഒരു കത്താണ്. അവരോട് താൻ പുലർത്തേണ്ട നീതിയുടെയും ഉപവിയുടെയും ഒരു എളിയ പ്രകാശനമായിട്ടാണ് ഇതിനെ ചാവറയച്ചൻ കാണുക. ഇങ്ങനെ കുടുംബങ്ങൾക്ക് നൽകുന്ന ചിട്ടവട്ടങ്ങൾ കാണുമ്പോൾ കുടുംബത്തെ ഒരു കൊച്ചുകൊവേന്തയാക്കുകയാണോ എന്നുപോലും തോന്നിപ്പോകും. പ്രഭാതം മുതൽ പ്രദോഷംവരെയും പ്രദോഷം മുതൽ ഉറങ്ങുന്നതുവരെയും കുടുംബാംഗങ്ങൾ അനുഷ്ഠിക്കേണ്ട വിവിധങ്ങളായ ചട്ടങ്ങൾ അദ്ദേഹം നിർദ്ദേശിക്കുന്നതു കാണുക:

"ഉറങ്ങാൻ കൃത്യസമയത്തു കിടക്കുന്നതിനും, രാവിലെ കൃത്യസമയത്തു് ഉണരുന്നതിനും ശ്രദ്ധിക്കുക. കൂടാതെ ഉഷഃകാലജപം ചൊല്ലുക. പിന്നെ പാടുപോലെ കർബാന കാണുക, എട്ടുമണിക്ക് കഞ്ഞികുടിക്കുക, പന്ത്രണ്ടുമണിക്ക് ഉച്ചഭക്ഷണം കഴിക്കുക, വൈകിട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കൂട്ടമായിട്ട് പ്രാർത്ഥന തുടങ്ങി അതു കഴിഞ്ഞശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്ക.. എട്ടുമണിക്ക് അത്താഴം കഴിഞ്ഞശേഷം ആത്മശോധനയും ശയനാരാധനയും കഴിച്ച് ഉറങ്ങുക. കുടുംബത്തലവന്മാർ ഈ ക്രമം സൂക്ഷ്മമായി കാക്കുന്നതിൽ ജാഗ്രതയുള്ളവരായിരിക്കണം. വിശേ

2. സമ്പൂർണ്ണകൃതികൾ, കത്തുകൾ, പേജ് 137

ഷിച്ച് ഞായറാഴ്ചതോറും, മാസം ഒന്നാം തീയതിതോറും വീട്ടിലുള്ള എല്ലാവരുടേയും മുമ്പാകെ ഈ കുടുംബക്രമം വായിക്കയും വേണം''.[3]

കൈനകരിക്കാക്കുവേണ്ടിയാണ് ചാവറയച്ചൻ ഈ ജീവിതക്രമം കുറിച്ചുകൊടുത്തതെങ്കിലും ചില ആശ്രമങ്ങളോട് ബന്ധപ്പെട്ടിട്ടുള്ള ക്രിസ്തീയസമൂഹങ്ങളിലും ഇടവകകളിലും ഈ ജീവിതക്രമം തുടർന്നുപോന്നിരുന്നു.

## ക്രമം ജീവിതഭദ്രതയുടെ താക്കോൽ

മാതാപിതാക്കളും മക്കളുമടങ്ങിയ ഒരു കുടുംബത്തിന്റെ ബാഹ്യവും ആന്തരികവുമായ ഭദ്രതയ്ക്ക് നിദാനം ജീവിതമുറകളാണെന്നു് വിശ്വസിച്ചതിന്റെ ഫലമായിട്ടാണ് ചാവറയച്ചൻ തന്റെ 'മരണശാസന'മായിട്ട് ഈ ക്രമച്ചട്ടങ്ങൾ നൽകിയതു്. കുടുംബത്തിന്റെ ആന്തരികഭദ്രത സുതരാം വ്യക്തമാക്കുന്ന ഒന്നാണ് ക്രമം. ചാവറയച്ചൻ അടിവരയിട്ട് അംഗീകരിക്കുന്ന ഒന്നാണിതു്. ''ക്രമം സ്വർഗ്ഗത്തിലെ പ്രാഥമിക നിയമമാകുന്നു'' എന്ന ആംഗ്ലേയസൂക്തമാണ് ഇവിടെ അനുസ്മരിക്കുക. ഭാരതീയ ചിന്തയിലും, പാശ്ചാത്യചിന്തയിലും അസമാധാനത്തിന്റെ ഉറവിടമായി കാണുന്നതു് ക്രമഭംഗമാണല്ലോ. കുടുംബാംഗങ്ങൾ തമ്മിൽത്തമ്മിലും ഇതരകുടുംബങ്ങൾ തമ്മിലും, സർവ്വോപരി ദൈവത്തോടും പുലർത്തേണ്ട ജീവിതനിയമമാണ് ഈ ക്രമം. ചിന്താഗതിയിലും, വാക്കുകളിലും പ്രവൃത്തികളിലുമായി ഇഴുകിച്ചേർന്ന് ഒരു വ്യക്തിയുടെ ജീവിതത്തെ മുഴുവൻ ഭരിക്കേണ്ട ഒന്നാണിതു്. ക്രമമല്ലാത്ത വർത്തമാനങ്ങൾ ക്രിസ്തീയകുടുംബത്തിനു് ചേർന്നതല്ല എന്ന ചാവറയച്ചന്റെ പ്രസ്താവംതന്നെ ക്രമത്തിന്റെ അർത്ഥവ്യാപ്തിയെ വ്യക്തമാക്കുന്നുണ്ട്.

## 2. ചാവരുളിലെ സാമൂഹികാവബോധം

സഭ സാമൂഹികാവബോധത്തെപ്പററി ഉറക്കെ ചിന്തിക്കുന്ന കാലമാണിതു്. സഭ സേവനാത്മകയാവണം. നീതിനിഷ്ഠമായ സാമൂഹിക വ്യവസ്ഥിതിക്കുവേണ്ടി പണിയെടുക്കണം. വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഈ അവബോധത്തിന്റെ പശ്ചാത്തലത്തിൽ ചാവരുളിലെ സാമൂഹികതയെ വിശകലനം ചെയ്യുന്നതു് തികച്ചും സംഗതമാണല്ലോ. 14 മുതൽ 18 വരെയുള്ള ചട്ടങ്ങളിലാണ് ഈ സാമൂഹികസ്വഭാവം കൂടുതൽ പ്രകടമായി പ്രതിപാദിച്ചിട്ടുള്ളതു്.

---

3. സമ്പൂർണ്ണകൃതികൾ, കത്തുകൾ പേജ് 146

## പരോപകാരം ജീവിതപ്രമാണം

മനുഷ്യർ പരസ്പരം ഉപകാരം ചെയ്യണം എന്ന സ്രഷ്ടാവിന്റെ പ്രമാണത്തെ ജീവിതത്തിൽ സ്വീകരിച്ച ഒരു മനുഷ്യൻ ദിവസംതോറും ഒരുവനെങ്കിലും ഉപകാരം ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അത്താഴത്തിനിരുന്നപ്പോഴാണ് അന്ന് ആർക്കും ഉപകാരം ചെയ്തില്ല, എന്ന് അനുസ്മരിച്ച് അത് നിർവ്വഹിച്ചതിനു ശേഷം മാത്രമാണ് അയാൾ അത്താഴം കഴിച്ചത്.[4] ചാവറയച്ചന്റെ സാമൂഹികമായ സേവനതല്പരതയും, അവബോധവും എത്രമാത്രം ആഴമായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്ന ഒരു ഭാഗമാണിത്. മനുഷ്യൻ ആത്യന്തികമായി സമൂഹജീവിയാണ്. സഹായിച്ചും സഹകരിച്ചുമല്ലാതെയുള്ള ജീവിതമില്ല. സേവനാത്മകതയിലും പരസ്പരാവബോധത്തിലും അധിഷ്ഠിതമായ സാമൂഹികപ്രതിബദ്ധതയ്ക്കു വേണ്ടിയാണ് ചാവറയച്ചൻ ആഹ്വാനം ചെയ്യുന്നത്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും കൂട്ടായ വളർച്ചയ്ക്ക് ഈ പ്രതിബദ്ധത ഉണ്ടായേ പറ്റൂ.

## സമ്പത്തും സാമൂഹികനീതിയും

പരോപകാരതല്പരതയുടെ മറുവശമാണ് ദാനധർമ്മം. ദൈവം കനിഞ്ഞു നൽകിയതിൽ നിന്ന് ഒരു വിഹിതം ദൈവത്തിന്റെ പാവപ്പെട്ടവർക്കു നൽകുക ന്യായവും യുക്തവുമാണ്. നീതിക്കു നിരക്കാത്ത ലുബ്ധും അതിധാരാളിത്തവും തിന്മകളാണ്.[5] മോഷണം തിന്മയാണ്. ഈ തിന്മയ്ക്കു കൂട്ടുനില്ക്കരുത്. മോഷ്ടിച്ചവരോട് ഇടപെടുന്നത് അവിവേകമാണ്. അന്യസമ്പത്ത് അപഹരിച്ച് സമ്പന്നനാകുന്നവനു ജീവിതനാശം നിശ്ചയമാണെന്ന പരമാർത്ഥം നിർഭാഗ്യവാനായി മരണമടഞ്ഞ ഒരു മനുഷ്യന്റെ ജീവിതസംഭവത്തിലൂടെ വ്യക്തമാക്കുന്നു.[6] സാമൂഹികനീതിയുടെ ഏറ്റവും പ്രായോഗികമായ ചില മാനങ്ങൾ ശ്രദ്ധിക്കുക: വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കുക, മാന്യമായി പെരുമാറുക, പാവപ്പെട്ടവരെ നിന്ദിക്കാതിരിക്കുക. പതിതന്റെ കണ്ണീർ കാണുന്ന കാരുണ്യവാനായ ദൈവം പകരം ചോദിക്കാതിരിക്കുമോ ?

---

4. സമ്പൂർണ്ണകൃതികൾ, കത്തുകൾ പേജ് 142
5. ,, ,, ,,
6. കത്തുകൾ പേജ് 143

## അദ്ധ്വാനത്തിൻെറയും അദ്ധ്വാനിക്കുന്നവരുടെയും മഹത്വം

അദ്ധ്വാനത്തേയും, അദ്ധ്വാനിക്കുന്നവനേയും വിലമതിക്കണമെന്ന നിർദ്ദേശം ശ്രദ്ധേയമാണ്. അദ്ധ്വാനത്തിൻെറ മഹത്വത്തേപ്പററി ചാവറയച്ചൻ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ചുരുങ്ങിയ വരുമാനംകൊണ്ടു ജീവിക്കുന്ന മനുഷ്യൻ തനിക്കുള്ള ചെറിയ പറമ്പിലെ മണ്ണിനെ നെററിയിലെ വിയർപ്പുകൊണ്ടു നനച്ച് പൊന്നാക്കി ജീവിക്കുന്നുവെന്നുള്ള ജീവിതകഥ ആലോചനാമൃതമാണ്. അദ്ധ്വാനത്തോടുള്ള ബൈബിളിലെ സമീപനം ഇവിടെ വ്യക്തമാക്കപ്പെടുകയാണ്. അദ്ധ്വാനത്തെ മാത്രമല്ല അദ്ധ്വാനിക്കുന്നവരെയും മാനിക്കണം. അവരും വിലപ്പെട്ടവരാണ്. ഓരോരുത്തനും തൻെറ അന്തസ്സിനു ചേർന്ന ജോലി ചെയ്യണം. അതു് അഭിമാനമായി കരുതണം. ജോലി ചെയ്യാത്തവർ അലസന്മാരും, മദ്യപാനികളുമായി മാറുന്നു. മദ്യപാനം അപമാനകരവും, ദൈവസമക്ഷം നിന്ദ്യവുമാകുന്നു. കച്ചവടം നീതിപൂർവ്വകമായിരിക്കണം.

പരോപകാരം, നീതിനിർവ്വഹണം തുടങ്ങി കുടുംബ–സാമൂഹിക ബന്ധങ്ങളിൽ വ്യക്തികൾ ദീക്ഷിക്കേണ്ട കാര്യങ്ങളാണ് സൂചിപ്പിച്ചതു്. മനുഷ്യനുണ്ടായിരിക്കേണ്ടതും കുടുംബങ്ങളിൽ വളർത്തിയെടുക്കേണ്ടതുമായ ഈ സാമൂഹികപ്രതിബദ്ധതയെപ്പററി ചാവറയച്ചൻ തികച്ചും ബോധവാനായിരുന്നുവെന്നു കാണാം.

## 3. ആദ്ധ്യാത്മികതയുടെ ഉറവിടങ്ങൾ

ദൈവഭയം കുടുംബത്തിൻെറ സമ്പത്താണ്. കുടുംബത്തിൻെറ സകല വ്യാപാരങ്ങളെയും നിയന്ത്രിക്കേണ്ടതു് ദൈവഭയമാണ്—ചാവറയച്ചൻ ശ്രദ്ധ ക്ഷണിക്കുന്നതു് ഈ വസ്തുതയിലേക്കാണ്. ലൗകികപ്രതാപമോ, കുബേര–കുലീനത്വമോ കുടുംബത്തിൻെറ ശാശ്വതമൂല്യമല്ല. ദൈവഭയത്തിൻെറ അഭാവത്തിൽ അവയെല്ലാം നിഷ്പ്രഭമാണ്. ആധ്യാത്മികതയുടെ ഉറവിടമാണ് ഈ ദൈവഭയം. ദൈവപ്രമാണങ്ങളനുസരിച്ചുള്ള ജീവിതമാണ് ഇതുകൊണ്ടു് അർത്ഥമാക്കുന്നതു്. കൂദാശകളുടെ സ്വീകരണം, മററ് ആരാധനാക്രമങ്ങൾ, ഭക്താനുഷ്ഠാനങ്ങൾ, നവനാൾ ജപങ്ങൾ, പ്രാർത്ഥനകൾ, തുടങ്ങിയവയിലൂടെ ദിവ്യകാരുണ്യജീവിതത്തിനു് അടിസ്ഥാനമിടേണ്ടതു് കുടുംബത്തിൽത്തന്നെയാണ്. കുടുംബത്തിൽ അതിനു ചേർന്ന അന്തരീക്ഷം വേണം. പെരുമാററത്തിലുള്ള ശാലീനത, സുഖദുഃഖങ്ങളിൽ ദൈവഹിതത്തോടുള്ള വിധേയത്വം, സൽഗ്രന്ഥപാരായണം, ഉപ

ദേശങ്ങളും ദൈവവചനവും ശ്രവിക്കുക, ദീനാനുകമ്പ, സൽക്കർമ്മങ്ങളിലുള്ള നിഷ്ക്കർഷ തുടങ്ങിയവ കുടുംബങ്ങളിൽ ആധ്യാത്മിക ജീവിതം പരിപോഷിപ്പിക്കുന്നതിന് സഹായിക്കുമെന്ന് ചാവറയച്ചൻ വിശ്വസിച്ചു. നല്ല ജോലിക്കാരുടെ സേവനം ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. നിശ്ചിത ദിനചര്യയോടും ക്രമാനുഷ്ഠാനങ്ങളോടും കൂടിയുള്ള ജീവിതമാണ് ഒരുവൻെറ ആദ്ധ്യാത്മീകവും ഭൗതികവുമായ ജീവിതവിജയത്തിനു നിദാനം എന്ന് ചാവറയച്ചനു് അടിയുറച്ച ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് കുടുംബത്തിലെ അംഗങ്ങൾ എല്ലാവർക്കുമായി ഒരു ദിനചര്യാക്രമം അദ്ദേഹം തയ്യാറാക്കിക്കൊടുത്തതു്.

## 4. വളർത്തലും വളർച്ചയും—പ്രായോഗിക പാഠങ്ങൾ

കുടുംബത്തിൻെറ വളർച്ച മക്കളുടെ വളർച്ചയാണ്. ദൈവത്തിൻെറ ദാനമാകുന്ന മക്കളെ നല്ലവരായി വളർത്തുക മാതാപിതാക്കളുടെ കടമയും അവകാശവുമാണ്. ഒരു കുട്ടിയുടെ സമഗ്രമായ വളർച്ചയ്ക്കുനപേക്ഷണീയമായ പ്രായോഗിക പാഠങ്ങൾ അവതരിപ്പിക്കുന്നതു് ചാവരുളിൻെറ രണ്ടാം ഭാഗത്താണ്. മക്കളെ വളർത്തൽ ഗൗരവമേറിയ, ഉത്തരവാദിത്വമുള്ള കടമയാണ്. ദൈവം മനുഷ്യനെ ഏല്പിച്ചിരിക്കുന്ന നിക്ഷേപമെന്ന നിലയിൽ മക്കളെ ചെറുപ്രായത്തിൽതന്നെ ക്രിസ്ലീയമായ അന്തരീക്ഷത്തിൽ വളർത്തിയെടുക്കേണ്ടതാണ്. ഓരോ വ്യക്തിക്കും അതുല്യമായ സ്ഥാനവും സിദ്ധികളുമാണുള്ളതു്. വളർന്നുവരുന്ന മക്കൾ തങ്ങളുടെ സ്നേഹത്തിലൂടെയും ബഹുമാനത്തിലൂടെയും മാതാപിതാക്കൾക്ക് പ്രീതികരരായിരിക്കുകയും ചെയ്യും.

### ബാല്യം—ആധ്യാത്മികതയുടെ അസ്ഥിവാരം

ചെറുപ്പത്തിൽത്തന്നെ ക്രിസ്ലീയപഠനങ്ങൾ പരിചിതമാക്കിക്കൊടുക്കണം. ആദ്ധ്യാത്മികജീവിതത്തിന് അസ്ഥിവാരമിടാനുള്ള സമയവും ബാല്യകാലം തന്നെയാണ്. ശാരീരികഭക്ഷണം കൊടുത്തതുകൊണ്ട് മാത്രം തൃപ്തിയടയരുതു്. ദിവ്യകാരുണ്യസ്വീകരണം, കുമ്പസാരം, ദൈവഭക്തി എന്നിവ എന്താണെന്ന് തിരിച്ചറിവാകുന്നതോടെ മനസ്സിലാക്കിക്കൊടുക്കണം. ദേവാലയത്തോടും ദേവാലയകർമ്മങ്ങളോടും പ്രതിപത്തി വളർത്തിയെടുക്കണം. ചെറുപ്പത്തിലെ ചെറുപ്രാർത്ഥനകൾ പഠിപ്പിക്കണം; ദൈവഭയമുള്ളവരായി വളരണം. വാർദ്ധക്യത്തിൽ മാതാപിതാക്കൾക്ക് തുണയാകേണ്ടതു് മക്കളാണ്. ആദ്ധ്യാത്മികകാര്യങ്ങളോടൊപ്പം വിദ്യാഭ്യാസ കാര്യങ്ങളിലും മാതാപിതാക്കൾ ശ്രദ്ധിക്കണം.

## *വളർച്ചക്കിടയിലെ സ്വാതന്ത്ര്യം*

പ്രായത്തിനൊത്ത അറിവുവേണം. തൊഴിൽ അഭ്യസിച്ചിരിക്കണം. പ്രായമാകുന്നതോടെ അവർ അർഹിക്കുന്ന സ്വാതന്ത്ര്യവും അംഗീകാരവും നൽകുന്നതോടൊപ്പം നിയന്ത്രണവും വേണം. ആഘോഷങ്ങൾക്കു വിടുന്നതിലും ചമയിച്ചു നടത്തുന്നതിലും സൂക്ഷം വേണം. അന്തസ്സിൽ കവിഞ്ഞ മോടിയും ആഭരണങ്ങളും, വസ്ത്രധാരണവും നല്ലതല്ല. കുട്ടികളെച്ചൊല്ലിയുള്ള കലഹം അവിവേകമാണ്. അതു് അപകടകരമാണ്. ചുരുക്കത്തിൽ, ശിശുമനഃശാസ്ത്രം പ്രായോഗികപാഠങ്ങളിലൂടെ അവതരിപ്പിക്കുന്നതോടൊപ്പം, പ്രായമായ കുട്ടികൾ തങ്ങൾക്കു ചേർന്ന രീതിയിൽ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിനെപ്പററിയും അദ്ദേഹത്തിന്ന് പലതും പറയാനുണ്ട്.

പൂർണ്ണസ്വാതന്ത്ര്യമാണ് മുഖ്യഘടകം. ദൈവമാണ് അന്തസ്സ് നിശ്ചയിക്കുന്നതു്. പൂർണ്ണമനസ്സോടെ തിരഞ്ഞെടുക്കുക അവരുടെ കടമയും. അതിൽ അനധികൃതമായി ആരും ഇടപെട്ടുകൂടാ. ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതോടെ അവർക്കു കൊടുക്കേണ്ടതു കൊടുത്തു് മറെറാരു കുടുംബത്തിന്ന് തുടക്കം കുറിക്കുവാൻ മാതാപിതാക്കളാണ് മുൻകൈയെടുക്കേണ്ടതു്. എന്നാൽ ജീവിതപങ്കാളിയെ നിശ്ചയിക്കേണ്ടതു് മാതാപിതാക്കളല്ല എന്നോർക്കണം. മക്കളെ വളർത്തി നല്ലനിലയിലാക്കിയ തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കാനും സ്നേഹിക്കാനും, വാർദ്ധ്യക്യത്തിൽ അവർക്ക് താങ്ങും തണലുമായിരിക്കാനുമുള്ള തങ്ങളുടെ കടമകളെപ്പററി മക്കൾ ബോധവാന്മാരായിരിക്കണമെന്നും ചാവറയച്ചൻ അനുശാസിക്കുന്നുണ്ട്.

## 5. വിലയിരുത്തൽ

രണ്ടു തുറന്ന കത്തുകളുടെ സമാഹാരമാണ് ഈ ചെറിയ കൃതി. പുസ്തകം എന്നു പറയാൻ മാത്രമില്ല. ആത്മാർത്ഥത തുടിക്കുന്ന വാക്കുകൾ, പിതൃസഹജമായ ഗുണവിശേഷങ്ങൾ, ജീവിതത്തിൽനിന്നും വായനയിൽനിന്നും ഉദ്ധരിക്കുന്ന സംഭവങ്ങൾ, അയത്ന ലളിതമായ ശൈലി, വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ആശയങ്ങൾ—ഇവയെല്ലാം ഈ ആദ്ധ്യാത്മികകൃതിയുടെ മാററു് കൂട്ടുന്നു.

ഇതിലെ പ്രതിപാദ്യത്തെ നാം പ്രധാനമായി, നാലു മാനങ്ങളിലൂടെ നോക്കിക്കാണുകയായിരുന്നല്ലോ. ഒന്ന്: ജീവിതത്തിൽ ശിക്ഷണബോധത്തിന്റെ ആവശ്യകത, രണ്ട്: മനുഷ്യന്റെ സാമൂഹികപ്രതിബദ്ധത, മൂന്ന്: ആദ്ധ്യാത്മിക ജീവിതാവബോധം, നാല്: മാതാ

പിതാക്കളുടെ കടമകളും ബാധ്യതകളും. ഒരേ സമയം കുടുംബത്തിലെയും സമൂഹത്തിലെയും അംഗമെന്ന നിലയിൽ ഈ നാലു ഘടകങ്ങളും വ്യക്തിയുടെ ജീവിതവിജയത്തിനു് അനിവാര്യമാണു്. ഇവയെല്ലാം അടുക്കോടും ചിട്ടയോടുംകൂടി അഭ്യസിക്കേണ്ട പഠനക്കളരി കുടുംബം തന്നെയാണു്. 'കുടുംബം പ്രാഥമിക സെമിനാരി' എന്ന കൗൺസിലിൻെറ പഠനം ചാവറയച്ചൻ എത്രയോ വർഷം മുമ്പു് കണക്കിലെടുത്തു എന്നു് ഓർക്കണം.

കുടുംബത്തിൻെറ വളർച്ചയിൽ അദ്ദേഹം സ്വീകരിച്ച ഈ സമീപനമായിരിക്കണം പില്ക്കാലത്തു് സമൃദ്ധമായ ദൈവവിളികൾകൊണ്ടു് കേരളസഭ അനുഗ്രഹീതമാകാൻ കാരണം. ഭൗതികതയേയും, ആദ്ധ്യാത്മികതയേയും വേറിട്ടുകാണാൻ അദ്ദേഹം തയ്യാറായില്ല. ദൈനന്ദിനജീവിതത്തിലെ ഈ രണ്ടു തലങ്ങളിലും പ്രായോഗികമായ ജീവിതക്രമവും ശിക്ഷണവും അത്യന്താപേക്ഷിതമാണെന്ന അഭിപ്രായം വളരെ വിലയുള്ളതാണു്.

മനുഷ്യൻെറ സാമൂഹികമായ ഉത്തരവാദിത്വത്തേപ്പററിയുള്ള ബൈബിൾ ദർശനത്തിനു് വിത്തു പാകേണ്ടതും തുടന്നു് വളർത്തിക്കൊണ്ടുവരേണ്ടതും കുടുംബാംഗങ്ങൾ പരസ്പരമുള്ള ജീവിതാവബോധത്തിലൂടെയാണു്. തനിക്കു താൻ സ്വന്തം എന്ന നിലവിട്ടു് സേവനാത്മകമാർഗ്ഗങ്ങളിലൂടെ ദൈവഹിതം നിർവ്വഹിക്കാനുള്ള വേദിയാണു് കുടുംബം. കുടുംബങ്ങളുടെ കൂട്ടായ്മ ഈ അടിസ്ഥാനതത്വത്തിലേക്കാണു് വിരൽചൂണ്ടുന്നതു്. ഭക്താഭ്യാസങ്ങൾ അതിൽത്തന്നെ ലക്ഷ്യങ്ങളല്ല, ആധ്യാത്മികതയുടെ ഉറവിടങ്ങൾ കണ്ടെത്താനുള്ള മാർഗ്ഗങ്ങളാണു്. കുടുംബമെന്ന ആദ്ധ്യാത്മികവിദ്യാലയത്തിൽ ലഭ്യമാകുന്ന ഈ അഭ്യാസമുറകളെ അർത്ഥവത്താക്കി മാററുവാൻ എത്രപേർക്കു് കഴിയുന്നുണ്ടു്! കാലത്തിനൊപ്പിച്ചു് അലകും പിടിയും മാറേണ്ടവയാണു് ആധ്യാത്മികാഭ്യാസങ്ങൾ. ഈ പ്രധാനകാര്യം ചാവറയച്ചൻ വിസ്മരിച്ചതുപോലെ തോന്നുന്നു.

സ്നേഹമസൃണമെങ്കിലും അരുതുകളുടെ ഒരു പട്ടികയായി അദ്ദേഹം നിർദ്ദേശിക്കുന്ന ചില ചട്ടങ്ങൾ മുദ്രകുത്തപ്പെടാം. കാലം, സന്ദർഭം, വ്യക്തികൾ ഇവ കണക്കിലെടുക്കുമ്പോൾ ഈ വാദത്തിനു് വിലയില്ല, എന്നും വരാം. ആചാരാനുഷ്ഠാനങ്ങൾക്കും ഭക്താഭ്യാസത്തിനും പരിധിയിൽക്കവിഞ്ഞു് മുൻതൂക്കം നൽകിയിരുന്ന അന്നത്തെ നിലപാടു് അദ്ദേഹത്തെയും സ്വാധീനിച്ചിരിക്കണമല്ലൊ. ആശ്രമജീവിതത്തിൻെറ ദിനചര്യകൾ കുടുംബജീവിതത്തിൽ പ്രായോഗികമല്ല. മക്കൾക്കു നൽകേണ്ട ലൈംഗിക വിജ്ഞാനവും അക്കാര്യത്തിൽ അദ്ദേഹത്തിനുള്ള കാഴ്ചപ്പാടും കാലത്തിനേർറതായി കണക്കാക്കാതെ തരമില്ല. എന്നാൽ, മക്കളെ വളർത്തലിലെ മററു പ്രായോഗിക പാഠങ്ങൾ പ്രശംസാർഹമാണു്.

കുടുംബജീവിതത്തിന്റെ സങ്കീർണ്ണങ്ങളായ ഉള്ളറകളിലേയ്ക്ക് വെളിച്ചം വീശുന്ന പ്രായോഗികനിർദ്ദേശങ്ങൾ ആധികാരികതയോടെ അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു. സന്ന്യാസജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളോട് പൂർണ്ണമായി പ്രതികരിച്ചുകൊണ്ട്, സന്ന്യാസവ്യക്തി കുടുംബജീവിതനവീകരണ പ്രോക്താവായി വർത്തിക്കണമെന്ന ആഹ്വാനമാണ് ഇതിൽനിന്നു ലഭിക്കുന്നത്. കുടുംബത്തിന്റെയും സമുദായത്തിന്റെയും ദൈനന്ദിന പ്രശ്നങ്ങളിൽ നിന്നും വെല്ലുവിളികളിൽനിന്നും ഒളിച്ചോടുകയല്ല, പ്രത്യുത,സഭാഗാത്രത്തിന്റെ വളർച്ചയിലെ ഉത്തേജകശക്തിയായി നിലകൊള്ളുകയാണ് ചാവറയച്ചൻ ചെയ്തത്.

ചുരുങ്ങിയ വാക്കുകളിൽ,ചാവറയച്ചന്റെ കുടുംബജീവിതവീക്ഷണം ഇങ്ങനെയാണ് : വ്യക്തിപരമായ ജീവിതശിക്ഷണം, സാമൂഹികമായ പ്രതിബദ്ധത, ആദ്ധ്യാത്മികമായ ജീവിതാനുഭവം—ഓരോ മനുഷ്യനും സമഗ്രമായ വ്യക്തിത്വം കൈവരിക്കാനുതകുന്ന ഈ മൂന്ന് മൂലഘടകങ്ങളേയും കുടുംബപരമായ പശ്ചാത്തലത്തിൽ വളർത്തിയെടുക്കാനാണ് ചാവറയച്ചൻ ശ്രമിച്ചത്. ആത്മാവും ശരീരവുമായ സമൂഹമനുഷ്യൻ സമഗ്രവിമോചനം സാധിക്കേണ്ടത് താൻ വളർന്നുവന്ന കുടുംബത്തിലെ പൈതൃക-പാരമ്പര്യങ്ങളുടെ ഏറ്റുവാങ്ങലിലൂടെയാണ്. തലമുറ തലമുറയായി, തായ്‌വഴി തായ്‌വഴിയായി കൈമാറിവരുന്ന ജീവിതത്തിന്റെ ഈ നല്ല അംശങ്ങളെ സ്വീകരിക്കാൻ പ്രാപ്തനാകണമെങ്കിൽ, വ്യക്തി കുടുംബത്തെ അറിയണം, പിതാമഹന്മാരെ മാനിക്കണം. മക്കളുടെ ശിക്ഷണത്തിൽ തങ്ങൾ ദത്തശ്രദ്ധരായിരിക്കണമെന്ന് ചാവറയച്ചൻ മാതാപിതാക്കളെ ഉപദേശിച്ചത് ഇക്കാരണംകൊണ്ടുതന്നെയാണ്.

# ഗ്രന്ഥസൂചി

## 1. ചാവറക്കൃതികൾ

*ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ*

| | | | | |
|---|---|---|---|---|
| വാല്യം | 1 | നാളാഗമങ്ങൾ | മാന്നാനം, | 1981 |
| ,, | 2 | സാഹിത്യകൃതികൾ | ,, | ,, |
| ,, | 3 | ആധ്യാത്മികകൃതികൾ | ,, | ,, |
| ,, | 4 | കത്തുകൾ (ചാവരുൾ ഉൾപ്പെടെ) | ,, | 1982 |

സി. എം. ഐ. പ്രസാധകസമിതി മൂലവുമായി ഒത്തു നോക്കി തെററുതിരുത്തി പ്രസിദ്ധീകരിച്ച സമ്പൂർണ്ണകൃതികൾ ചാവറയച്ചന്റെ സാഹിത്യകൃതികളുടെ വിലപ്പെട്ട സമാഹാരമാണ്.

### ഓരോ വാല്യത്തിന്റെയും ഉള്ളടക്കം

*വാല്യം-1*

മാന്നാനം നാളാഗമം ഒന്നും രണ്ടും വാല്യങ്ങൾ, പല പഴയ ചരിത്രങ്ങൾ, മന്നാനത്തു സന്ന്യാസസമൂഹത്തിന്റെ ആരംഭം, അമ്പഴക്കാട്ടുകൊവേന്ത നാളാഗമം, കൂനമ്മാവുമഠം നാളാഗമം.

*വാല്യം-2*

ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം.

*വാല്യം-3*

ധ്യാനസല്ലാപങ്ങൾ, ധ്യാനങ്ങൾ, പ്രാർത്ഥനകൾ.

*വാല്യം-4*

വിവിധതരത്തിലുള്ള 67 കത്തുകൾ, നല്ല അപ്പൻെറ ചാവരുൾ.

***പ്രസ്തുത സമ്പൂർണ്ണകൃതികൾക്കു സമീപിക്കുക:***

1. കെ.സി.എം. പ്രസ്, കാരിക്കാമുറി, കൊച്ചി-11
2. വൈസ് പോസ്റ്റുലേററർ, മാന്നാനം-686 561
3. സാൻജോസ് ബുക്ക്സ്, മാന്നാനം-686 561

## 2. ചാവറയച്ചനെ സംബന്ധിച്ച കൃതികൾ – (കാലക്രമത്തിൽ)

### a. മലയാളത്തിൽ

1. പോരുക്കര കരിയാക്കോസ് ഏലീശാച്ചൻ, *ചാവറ പെ. ബ. കുരിയാക്കോസ് മല്പാനച്ചൻെറ ചരിത്രം*, സെൻറ് ജോസഫ്സ് പ്രസ്, മാന്നാനം, 1905.

2. ക. നി. മൂ. സ. മത്യാസ്, *ഒരു വീരസന്താനം*, സെ. ജോ. പ്രസ്, മാന്നാനം, 1936.

3. ഫാ. വലേരിയൻ, സി. ഡി., *ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ*, സെ. ജോ. പ്രസ്, മാന്നാനം, 1939.

4. പ്രൊഫ. പി. ററി. തോമസ്, ***കർമ്മയോഗി***, ബുക്ക് എ മന്ത് ക്ലബ്, എറണാകുളം 1956.

5. ഫാ. ആൻസലം, ***ദൈവദാസനായ കുരിയാക്കോസ് ഏലിയാച്ചൻ***, മാന്നാനം, 1958.

6. ഫാ. ഹെർമീസ് (എഡി.), *ചാവറ ചരമശതാബ്ദി 1871-1971*, പ്രകാശം, ആലപ്പുഴ, 1971.

7. ചുമ്മാർ ടി. എം. (എഡി.), *ചാവറ ചരമശതാബ്ദ്യാഘോഷസ്മാരകം*, കൂനമ്മാവ്, 1972.

8. *ചാവറ ചരമശതാബ്ദി സുവനീർ*, തലോർ, 1972.

9. കാഞ്ഞിരത്തുങ്കൽ, *കേരളദീപം*, പ്രകാശം, ആലപ്പുഴ, 1978.

10. മാത്യു ഇടമറ്റം, *കാർത്തികനക്ഷത്രം* (കവിത) ജനത, തേവര, 1979.

### b. വിദേശഭാഷാകൃതികൾ

1. Fr. Valerian, C. D. *The Servant of God*, S. J. Press, Mannanam, 1953

2. K. C. Chacko, *Fr. Kuriakose Elias Chavara*, Mannanam, 1959

3. P. Leopoldo, *P. Ciriaco Elia Chavara* (Italian) Roma, 1974

4. Fr. Lucas, *POSITIO* (Latin) Roma, 1977

5. Sacra Congregatio Pro Causis Sanctorum, P. N. 1174, *Relatio et Vota Congressus Peculiaris Super virtutibus* (Latin) Roma, 1983

## 3. മററു കൃതികൾ

1. ഫാ. ബർണാർഡ്, *ക. നി. മൂ സ. ചരിത്രസംക്ഷേപം*, സെ. ജോ. പ്രസ്, മാന്നാനം, 1908

2. *The Carmelite Congregation of Malabar, 1831–1931* (Souvenir), Mannanam, 1931

3. ഫാ. ഗ്രിഗരി, *സി.എം.ഐ. സഭയുടെ ചരിത്രസംക്ഷേപം*, തൃശ്ശൂർ, 1970

4. പി. ജെ. സെബാസ്റ്റ്യൻ (എഡി.), *പാലാക്കന്നേൽ മത്തായിമറിയമച്ചന്റെ നാളാഗമം.*
ബീനാ പ്രിന്റേഴ്സ, ചങ്ങനാശ്ശേരി, 1972

5. ബ്ര. മത്തായി കൊച്ചുപറമ്പിൽ, *ബ്രദർ കണിയാന്താ യാക്കോബ്*, കെ.സി.എം. പ്രസ്സ്, എറണാകുളം, 1979

6. കാഞ്ഞിരത്തുങ്കൽ, *സ്ഥാപകരിൽ ഒന്നാമൻ*, പ്രകാശം, ആലപ്പുഴ, 1980

7. കാഞ്ഞിരത്തുങ്കൽ, *സ്ഥാപകയോഗി*, പ്രകാശം, ആലപ്പുഴ, 1981

അച്ചടിക്കാത്തവ

a. മാന്നാനം, വാഴക്കുളം, എൽത്തുരുത്ത്, കൂനമ്മാവ്, പുളിങ്കുന്ന്, ചെത്തിപ്പുഴ, മുത്തോലി ആശ്രമങ്ങളിലെ നാളാഗമങ്ങൾ

b. പാറപ്പുറം വക്കിയച്ചന്റെ ഡയറി—2 വാല്യങ്ങൾ

c. ചാവറയച്ചന്റെ ചരിത്രം (ക. നി. മൂ. സ. മൂലയിൽ ലെയൊനാർദ്ദ് അച്ചൻ, 1938)

---

# കേരള സഭാദീപം

## ഡി. മാണിക്കത്താൻ

പത്തൊമ്പതാം നൂററാണ്ടിലെ കേരള സഭയിലെ ഒരുജ്ജ്വല ദീപമായിരുന്ന ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ആ ബഹുമുഖപ്രതിഭയുടെ വൈവിധ്യമാന്ന വ്യക്തിത്വഭാവങ്ങളിലേക്കു പ്രകാശം വീശുന്ന പത്തു ലേഖനങ്ങളുടെ സമാഹാരമാണീകൃതി. ചാവറയുടെ ധന്യമായ ജീവിതവും, സമ്പന്നമായ സിദ്ധികളും, സാഹിത്യ കൃതികളും ഇതിൽ വിലയിരുത്തപ്പെടുന്നു.

ജ്ഞാനഭക്തികർമ്മങ്ങൾ സമന്വയിച്ചപ്പോൾ ഉരുത്തിരിഞ്ഞുവന്ന ഉൾക്കാഴ്ചകൾ, ഒരു നല്ല മനുഷ്യൻെറ ജീവിതചരിത്രത്തെ കേരളസഭയുടെതന്നെ ഒരു നിർണ്ണായക കാലഘട്ടത്തിൻെറ ചരിത്രമാക്കിപ്പകർത്തിയതെങ്ങനെയെന്ന് ഈ ചെറുകൃതി അനാവരണം ചെയ്യുന്നു.

വില – 10.00

വിതരണം

കെ. സി. എം. പ്രസ്സ്, കാരിക്കാമുറി, കൊച്ചി - 11